

# സങ്കീർത്തന കീരണങ്ങൾ

ധ്യാനിക്കാനും, പ്രസംഗിക്കാനും

സാജു

# സങ്കീർത്തന

# കിരണങ്ങൾ

ഭാഗം

# ഉള്ളടക്കം


| | | |
|---|---|---|
| 1. | ദൈവത്തോടു ചോദ്യങ്ങൾ ചോദിക്കാമോ? | 5 |
| 2. | അടിസ്ഥാനങ്ങൾ മറിഞ്ഞുപോകുമോ? | 11 |
| 3. | ദൈവം ഉണ്ടെന്ന് മൂഢൻ വിളിച്ചു പറയുന്നു | 17 |
| 4. | ഉറക്കം കെടുത്തുന്ന ദൈവം | 23 |
| 5. | ഹോ ദൈവമേ! അതെന്റെ തെറ്റാണ്! | 29 |
| 6. | കൊതി തീർക്കുന്ന ദൈവം | 35 |
| 7. | ഒന്നു മയങ്ങുക പോലും ചെയ്യാത്ത ദൈവം! | 41 |
| 8. | നിറഞ്ഞു കവിയുന്ന പാനപാത്രം | 49 |
| 9. | യഹോവയുടെ വാഴ്വ് | 55 |
| 10. | സകല ഭയങ്ങളിൽ നിന്നുമുള്ള വിടുതൽ | 63 |
| 11. | അവനിൽതന്നെ ആനന്ദിക്കുക! | 69 |
| 12. | ഒരു സ്വപ്നം പോലെ | 75 |
| 13. | ആട്ടിൻകൂട്ടത്തെപ്പോലെ യോസേഫിനെ നടത്തുന്നവൻ | 81 |
| 14. | നിന്റെ ഇഷ്ടം ചെയ്വാൻ ഞാൻ പ്രിയപ്പെടുന്നു | 87 |
| 15. | വ്യാജത്തെ നോക്കാത്ത കണ്ണ് | 95 |
| 16. | യഹോവയുടെ ഗീതം അന്യദേശത്തു പാടുന്നവർ | 101 |
| 17. | മുമ്പിൽ നിന്നു പോരാടുന്ന യഹോവ | 109 |
| 18. | കുറ്റബോധം, ഏറ്റുപറച്ചിൽ, പാപക്ഷമ! | 117 |
| 19. | തേജസ്സിന്റെ കർത്താവ് | 129 |

**Sankeerthana Kiranangal**
Malayalam

Author
**Saju John Mathew**

Published by
**SANCTUARY**
**Word Media Publishing**
**26/150A; Avees Building**
**Toll Junction, Edappally**
**Cochin_682024, Kerala, India**
**Phone- +91484-2557606**
**Email: sactuarywm@gmail.com**

Design by
**foggeneration.com**
**Cochin**

Printed at:
**Anaswara Printers, Cochin**

ISBN: 978-81-922375-2-7

Price Rs. 70/-

# ആമുഖം

“സങ്കീർത്തനകിരണങ്ങൾ” സങ്കീർത്തനങ്ങളുടെ ഒരു വ്യാഖ്യാനമല്ല. വാസ്തവത്തിൽ എബ്രായ കവികളുടെ ഓരോ കൊച്ചുകൊച്ചു പ്രസ്താവന കളുടെ ചുവടുപിടിച്ചുള്ള ചിന്തകളാണിത്. ആ പ്രസ്താവനകൾ വേദ പുസ്തകത്തിലെ സങ്കീർത്തനപുസ്തകത്തിൽ നിന്നുള്ള ഉദ്ധരണികളായതി നാൽ ഈ ശീർഷകം നൽകിയെന്നേയുള്ളൂ.

ഒരു വചനഭാഗത്തേക്ക് വെളിച്ചം പായിച്ച് അതിനെ വിശദീകരിക്കാ നാണല്ലോ വ്യാഖ്യാനത്തിൽ നാം ശ്രമിക്കുന്നത്. എന്നാൽ സങ്കീർത്തന കിരണത്തിൽ ഞാൻ തിരിച്ചുള്ള ഒരു ട്രീറ്റ്മെന്റാണ് സ്വീകരിച്ചിരിക്കുന്നത്. ഒരു കിരണം ദൂരേക്കുപോകുമ്പോൾ വികിരണത്താൽ വിശാലമാവുകയും ചെല്ലുന്നിടം ദീപ്തമാക്കുകയും ചെയ്യുംപോലെ സങ്കീർത്തനകിരണങ്ങൾ അതിന്റെ ഉറവിടത്തിൽ നിന്ന് മറ്റു പുസ്തകങ്ങളിലേക്കു സഞ്ചരിച്ച് ആ ഭാഗങ്ങളെയും പ്രകാശമാനമാക്കുകയാണ്.

സങ്കീർത്തനങ്ങളിൽ നിന്നുള്ള ‘കിരണ’ങ്ങൾ മാത്രമാണ് ഇത്. ഒരു വേദപുസ്തകഭാഗത്തെ ഒരു ഖണ്ഡമായേ കാണാവൂ എന്ന പാരമ്പര്യ വ്യാഖ്യാന ശാസ്ത്രത്തിന്റെ ലംഘനമാവാം ഞാനിവിടെ നടത്തുന്നത്. സങ്കീർത്തനങ്ങൾ കവിതകളാണ്. കവിതയുടെ പശ്ചാത്തലത്തെക്കുറിച്ചുള്ള അറിവും കവിയുടെ മനസ്സിനെപ്പറ്റിയുള്ള ബോദ്ധ്യവുമൊക്കെ കവി തയെ അറിയാൻ അത്യന്താപേക്ഷിതമാണ്. രചനാവേളയിൽ അതെന്റെ മനസ്സിലുണ്ട്. എന്നാൽ കവിതകൾക്കുള്ള ഒരു പ്രത്യേകത, അത് വെളിച്ചത്തായാൽ

പിന്നെ കവിയുടെ കൈവിട്ടുപോകുന്നു എന്നതാണ്. അതിനാൽ 'കിരണ'ത്തിന്റെ പശ്ചാത്തലമറിയാൻ ശ്രമിക്കുമ്പോഴും, അതിൽ മാത്രം ചിന്തകളെ തളച്ചിടാൻ ഞാൻ ശ്രമിച്ചിട്ടില്ല. ആത്മനിയന്ത്രിതമായി ഭാവന വളർന്നോട്ടെ എന്നു ഞാൻ ചിന്തിച്ചു. അതുകൊണ്ട് ഒരു പ്രസ്താവന യുടെ പശ്ചാത്തലത്തോട് അത്രയൊന്നും പറ്റിനിൽക്കാത്ത ചിന്തകളെയും പകർത്താൻ ഞാൻ മടികാട്ടിയില്ല. എന്നാലത് വികലമായ വിഭ്രമകൽപ്പന കളാകരുത് എന്ന് എനിക്കു നിർബന്ധമുണ്ടായിരുന്നു. ചുരുക്കത്തിൽ, പരിശീലിച്ച വ്യാഖ്യാന ശാസ്ത്രത്തിന്റെ ചട്ടക്കൂടിനാൽ ബന്ധിക്കപ്പെടാനോ, ഭ്രമാത്മകലോകത്തിൽ ശിക്ഷണമില്ലാതെ ഒഴുകി നടക്കാനോ ഞാൻ ഭീതിപ്പെട്ടു. അതുകൊണ്ട് ആത്മനിയന്ത്രിതമായ ഒരു അവസ്ഥയ്ക്കുവേണ്ടി എപ്പോഴും ഞാൻ സർവ്വേശ്വരനോടു പ്രാർത്ഥിച്ചു.

സങ്കീർത്തനം വാർത്താ പത്രികയിൽ വന്ന പരമ്പരയാണ് ഇപ്പോൾ പുസ്തകരൂപത്തിലിറങ്ങിയിരിക്കുന്നത്. ദൈവം അനുവദിക്കുന്ന പക്ഷം ഈ പുസ്തകത്തിന് ഒരു രണ്ടാം ഭാഗമുണ്ടാവും..... എല്ലാം അവിടുത്തെ കരങ്ങളിൽ.

സ്നേഹത്തോടെ

**സാജു**

വലിയവട്ടപ്പാറ വീട്
കുറിയന്നൂർ പി.ഒ.
തിരുവല്ല, കേരളം – 686 550
ഫോൺ: +91 9447172310
E-mail: jesusmission@gmail.com
Visit: www.sjmathew.com

# 1

**സങ്കീർത്തനം 22**

> **“എന്റെ ദൈവമേ എന്റെ ദൈവമേ, നീ എന്നെ കൈവിട്ടതെന്ത്? എന്നെ രക്ഷിക്കാതെയും എന്റെ ഞരക്കത്തിന്റെ വാക്കുകൾ കേൾക്കാതെയും അകന്നുനിൽക്കുന്നതെന്ത്?” (സങ്കീർത്തനം 22:1)**

# ദൈവത്തോട് ചോദ്യങ്ങൾ ചോദിക്കാമോ?

എന്റെ സുഹൃത്തായ വിജുവിന്റെ പപ്പ അദ്ധ്യാപകനായിരുന്നു. പെട്ടന്നാണ് അദ്ദേഹം കാൻസർ രോഗബാധിതനായത്. വൈദ്യശാസ്ത്രത്തിന് ഒന്നും ചെയ്യാനില്ലായിരുന്നു. എന്നാൽ സഭ ഒറ്റക്കെട്ടായി അദ്ദേഹത്തിനുവേണ്ടി പ്രാർത്ഥിച്ചു. അദ്ദേഹത്തിന്റെ ഭാര്യാസഹോദരൻ ഒരു അന്തർദ്ദേശീയ സുവിശേഷ സംഘടനയുടെ നേതൃനിരയിലുള്ള ആളാണ്. വിജുവിന്റെ പപ്പയുടെ രോഗവിവരം അദ്ദേഹത്തിലൂടെ ലോകമെങ്ങുമുള്ള ദൈവമക്കളും അറിഞ്ഞു. അവരെല്ലാം വിജുവിന്റെ പപ്പയ്ക്കുവേണ്ടി പ്രാർത്ഥിച്ചുകൊണ്ടിരുന്നു. ഇതെല്ലാമായിട്ടും ഒരു ദിവസം വിജുവിന്റെ പപ്പ മരിച്ചു.

അന്ന് ഞാൻ കേരളത്തിൽ ഇല്ലായിരുന്നു. മടങ്ങിവന്ന ഉടൻ ഞാൻ വിജുവിന്റെ ഭവനത്തിലെത്തി; ആശ്വാസവചനങ്ങൾ പറയാൻ പരിശ്രമിച്ചു.

“പപ്പ മരിച്ചു; അതിൽ എനിക്കു ദുഃഖമുണ്ട്. എങ്കിലും ആ യാഥാർത്ഥ്യം ഞാൻ അംഗീകരിച്ചു കഴിഞ്ഞു.” വിജു പറഞ്ഞു: “എന്നാൽ ഒരു സംശയം എനിക്കു ബാക്കി നിൽക്കുന്നുണ്ട്. ലോകമെങ്ങുമുള്ള വിശുദ്ധന്മാർ എന്റെ പപ്പയ്ക്കുവേണ്ടി പ്രാർത്ഥിച്ചതല്ലെ; ദൈവം എന്തുകൊണ്ട് അതിനൊരു മറുപടി കൊടുത്തില്ല?”

ഒരു നിമിഷം വിജു എന്റെ മുഖത്തു നോക്കി. എനിക്കൊന്നും പറയാനില്ലായിരുന്നു... ഒടുവിൽ വിജു തന്നെ പറഞ്ഞു: "ങ്ഹാ! നമുക്കു ദൈവത്തോടു ചോദ്യങ്ങൾ ചോദിക്കാൻ അവകാശമില്ലല്ലോ..."

പലരും ഇതേ വാചകം പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്. പൊതുവേ നമ്മുടെ മനസ്സിൽ കടന്നുകൂടിയിട്ടുള്ള ഒരു ചിന്തയാണിത്- ദൈവത്തോട് നാം ചോദ്യങ്ങൾ ചോദിച്ചുകൂടാ... നമ്മുടെ ജീവിതത്തിൽ എന്തു സംഭവിച്ചാലും, ദൈവം എന്തു ചെയ്താലും നാം ചോദ്യങ്ങൾ ചോദിക്കാൻ പാടില്ലത്രെ!

ശരിയാണോ അത്? നാം ചോദ്യങ്ങൾ ചോദിച്ചാൽ, നമ്മുടെ ഉള്ളിലെ സംശയങ്ങളും വേദനകളും ദൈവത്തോടു വിളിച്ചു പറഞ്ഞാൽ ദൈവം കോപിക്കുമോ?

മനുഷ്യർക്ക് ഉത്തരം നൽകാൻ കഴിയാത്ത ഒരു ചോദ്യം എന്റെ മനസ്സിലുദിച്ചാൽ, അതു ഞാൻ ദൈവത്തോടല്ലാതെ ആരോടു ചോദിക്കും? വേദനയും അമർഷവും എന്റെ മനസ്സിൽ നിറഞ്ഞാൽ, അത് ദൈവസന്നിധിയിലല്ലാതെ എവിടെക്കൊണ്ട് ഞാനൊന്നിറക്കിവയ്ക്കും?

ഞാൻ പറഞ്ഞു: "വിജു ദൈവത്തോട് ചോദ്യങ്ങൾ ചോദിക്കരുതെന്നൊന്നുമില്ല. ദൈവം എന്തുകൊണ്ടു പ്രവർത്തിച്ചില്ല എന്ന സംശയം നിനക്ക് ബാക്കിനിൽക്കുന്നുണ്ടോ? ധൈര്യമായി ദൈവത്തോട് അതു ചോദിച്ചുകൊള്ളൂ. ദൈവത്തിന്റെ പക്കൽ തീർച്ചയായും ഉത്തരമുണ്ടാകും. ദൈവത്തിന്റെ ഉത്തരം നമുക്കു മനസിലാക്കാൻ ഒരു പക്ഷെ സമയമെടുത്തേക്കും എന്നുമാത്രം!"

ദൈവത്തോടു ചോദ്യങ്ങൾ ചോദിച്ചാൽ അവിടുന്ന പിണങ്ങുമെങ്കിൽ ദൈവം ആദ്യം പിണങ്ങേണ്ടത് ഇയ്യോബിനോടാണ് "എന്തുകൊണ്ടു താൻ ശിക്ഷിക്കപ്പെട്ടു" എന്ന് അവൻ ദൈവത്തോടു പലവട്ടം ചോദിക്കുന്നുണ്ട്. തന്റെ ശിക്ഷയുടെ കാരണമറിയാൻ പലവട്ടം ദൈവത്തോടു സംസാരിക്കുന്നുണ്ട് (ഇയ്യോബ് 31:29-40) തന്നെയല്ല, ദൈവത്തിന്റെ സ്വന്തം പുത്രനായ യേശു കാൽവറി ക്രൂശിൽ കിടന്നു ചോദിക്കുന്ന ചോദ്യവും കേട്ടിട്ടില്ലേ? എന്റെ ദൈവമേ എന്റെ ദൈവമേ നീ എന്നെ കൈവിട്ടത് എന്ത്? (മത്തായി. 27:46)

നമ്മുടെ മനസ്സിലുള്ള ചോദ്യങ്ങൾ ദൈവത്തോടു ചോദിക്കുകതന്നെ വേണം എന്നാണ് എന്റെ ചിന്ത. ചോദ്യങ്ങളുണ്ടാക്കി ചോദിക്കണം എന്നല്ല ഇതിനർത്ഥം. നമ്മുടെ ഹൃദയത്തിന്റെ ആകുലതകൾ, വേവലാതികൾ, പരാതികൾ, സംശയങ്ങൾ... ഇതൊക്കെക്കൊണ്ടുവേണം നാം ദൈവസന്നിധിയിലേക്കു ചെല്ലാൻ. ഒന്നും മറച്ചുവെയ്ക്കേണ്ടതില്ല; ഒന്നും അടക്കി വയ്ക്കേണ്ടതുമില്ല.

"നിന്റെ ദൈവമായ യഹോവയെ നീ പൂർണ്ണഹൃദയത്തോടും പൂർണ്ണമനസ്സോടും പൂർണ്ണശക്തിയോടും കൂടെ സേവിക്കണം" എന്നാണ് ദൈവകൽപ്പന (ആവർത്തനം 6:5). പൂർണ്ണഹൃദയത്തോടെയാണ് ദൈവസന്നിധിയിൽ നമ്മളെത്തേണ്ടത്. നമ്മുടെ ഹൃദയത്തിലെ വേവലാതികളും ആവലാതികളും നാം ദൈവസന്നിധിയലെത്തുമ്പോൾ മറച്ചുവയ്ക്കുകയാണെങ്കിൽ നാം "പൂർണ്ണഹൃദയത്തോടെ" യായിരിക്കില്ലല്ലോ ദൈവസന്നിധിയിൽ ചെല്ലുന്നത്! നമ്മുടെ ഹൃദയം സന്തോഷപൂർണ്ണമാണോ? ദൈവസന്നിധിയിലെത്തുമ്പോൾ അതിന്റെ ഉച്ചസ്ഥായിയിൽ അതു പ്രദർശിപ്പിക്കാം! ദുഃഖപൂർണ്ണമാണ് ഹൃദയമെങ്കിൽ അത് കടിച്ചമർത്താതെ ദൈവസന്നിധിയിൽ അണപൊട്ടിയൊഴുകാൻ നമ്മുടെ വികാരത്തെ അനുവദിക്കണം! കോപാകുലമാണ് നമ്മുടെ ഹൃദയമെങ്കിൽ അതും നാം മറച്ചു വെയ്ക്കേണ്ടതില്ല... യോനാ പ്രവാചകൻ "ആവണക്കു നിമിത്തം" ദൈവസന്നിധിയിൽ കോപിക്കുന്നതാണ് നാം കാണുന്നത് (യോനാ 4:9)

നമ്മുടെ ശരീരം, നമ്മുടെ ബുദ്ധി, നമ്മുടെ ഹൃദയം... എല്ലാം അതിന്റെ തനിമയിൽ ദൈവസന്നിധിയിൽ എത്തണം. അവിടെ വെച്ചുകെട്ടുകൾക്കൊന്നും സ്ഥാനമില്ല. ദൈവസന്നിധിയിലെത്തുമ്പോൾ നമ്മുടെ വികാരങ്ങളെയോ വിചാരങ്ങളെയോ അൽപമെങ്കിലും മറയ്ക്കാൻ പരിശ്രമിച്ചാൽ അതൊരു വിഫലശ്രമമായിരിക്കുമെന്നുമാത്രമല്ല, കരുണാർദ്രനായ ദൈവത്തെപ്പറ്റി നമുക്കു ബോധ്യമില്ലെന്നതിന്റെ തെളിവുകൂടെയാണ് ആ പരിശ്രമം. ദൈവം ആഗ്രഹിക്കുന്നത് അവിടുത്തെ സന്നിധിയിൽ നാം 'പച്ച' മനുഷ്യരായിത്തന്നെ ചെല്ലണമെന്നാണ്.

22-ാം സങ്കീർത്തനത്തിന്റെ രചയിതാവ് ഒരു 'പച്ച'മനുഷ്യനാണ്. സംശയത്തോടെ ആവലോടെ അവൻ ദൈവത്തോട് പരാതി പറയുന്നു: എന്താ ദൈവമേ നീ ഈ കാട്ടുന്നത്? ഇതൊരിക്കലും ഞാൻ പ്രതീക്ഷിച്ചില്ല, നീ എന്നെ രക്ഷിക്കുകയും എന്റെ ഞരക്കത്തിന്റെ വാക്കുകൾ കേൾക്കുകയും എന്നോട് എപ്പോഴും അടുത്തുനിൽക്കുകയും ചെയ്യുമെന്നായിരുന്നു ഞാൻ കരുതിയത്. എന്നിട്ടിതാ ഇപ്പോൾ നീ എന്നെ കൈവിട്ടിരിക്കുന്നു... ഇതു കഷ്ടം തന്നെ (വാക്യം 1).

ജീവിതത്തിന്റെ പ്രതിസന്ധിഘട്ടങ്ങളിൽ സഹായിക്കുമെന്ന് നാം കരുതിയിരുന്ന പലരും നമ്മെ കൈവിടുന്നത് സാധാരണം. അപ്പോഴും നമ്മുടെ പ്രതീക്ഷ ദൈവത്തിലായിരുന്നു. എന്നാലൊടുവിൽ ദൈവവും കൈവിടുന്ന ഒരു അവസ്ഥ ഒന്നാലോചിച്ചു നോക്കൂ... എത്ര ഭീകരമാണത്!!

ദൈവത്തിൽ പ്രത്യാശ വച്ചിരുന്നിട്ടും പ്രതിസന്ധിയുടെ പാരമ്യതയിൽ

ദൈവത്തിൽനിന്ന് നിങ്ങൾക്ക് സഹായം ലഭ്യമാകാതിരുന്ന ഒരവസ്ഥ നിങ്ങൾക്കുണ്ടായിട്ടുണ്ടോ? "എന്റെ ദൈവം പോലും എന്നെ കൈവിട്ടു" എന്നു തോന്നിയ നിമിഷങ്ങൾ... മടിക്കാതെ പറഞ്ഞോളൂ. കാരണം; നിങ്ങൾ മാത്രമല്ല സങ്കീർത്തകനും അതേ മാനസികാവസ്ഥയിലൂടെ കടന്നു പോയിട്ടുണ്ട്! സങ്കീർത്തനക്കാരന് അത് ദൈവത്തോടുതന്നെ തുറന്നു പറയാൻ മടിയില്ലായിരുന്നുതാനും!

22-ാം സങ്കീർത്തനം വ്യാഖ്യാനിക്കാൻ തുറന്നുവെച്ചാൽ ഏത് അദ്ധ്യാപകനും ആദ്യം പറയുന്ന കാര്യം "ഇത് ഒരു മശിഹൈക സങ്കീർത്തനം!" എന്നാണ്. അതിനു കാരണമായി പറയുന്നത് കാൽവരിക്രൂശിൽ കിടന്ന് യേശു സങ്കീർത്തനത്തിന്റെ ഒന്നാംവാക്യം ഉരുവിട്ടു എന്നതാണ്.

ആയിരം വർഷത്തെ ഇടവേളയ്ക്കു ശേഷം മശിഹ സങ്കീർത്തനവാക്യം ഉരുവിട്ടുവെന്നത് ഒരു 'പ്രവചന നിവൃത്തി'യായി ചിത്രീകരിക്കപ്പെടുന്നു. ശരിയായിരിക്കാം, എന്നാൽ മശിഹയ്ക്കു മാത്രമായുള്ള ഒരു സങ്കീർത്തനമല്ല ഇത്. സങ്കീർത്തനക്കാരൻ ഈ അവസ്ഥയിലൂടെ പോയിട്ടുണ്ട്; അതുപോലെ പലരും! 'ദൈവം പോലും കൈവിട്ടു' വെന്ന സാഹചര്യത്തിലൂടെയും മാനസികാവസ്ഥയിലൂടെയും സഞ്ചരിക്കുന്നവർ ഇപ്പോഴുമുണ്ട്. എന്നാൽ ഈ സങ്കീർത്തനത്തെ 'മശിഹൈക' മാക്കുന്നത് യേശുവും ഇതേ മാനസികാവസ്ഥയിലൂടെ സഞ്ചരിച്ചുവെന്നതാണ്!

"എന്റെ ദൈവമേ, എന്റെ ദൈവമേ നീയെന്നെ കൈവിട്ടതെന്ത്" എന്ന് യേശു, ക്രൂശിൽ കിടന്നുകൊണ്ട് പരസ്യമായി ചോദിക്കുന്നു (മർക്കോസ് 15:34). അരികെ നിന്നിരുന്ന പലരും അതു കേട്ടു (വാക്യം 35). ക്രൂശിൽ കിടന്ന് വേദനയോടെ പിതാവിനോടു പരാതിപറയാൻ യേശു മടിച്ചില്ല: കാരണം, യേശു പച്ചയായ ഒരു മനുഷ്യനായിരുന്നു. ഹൃദയത്തിലുള്ളതൊന്നും മറച്ചുവയ്ക്കാതെയാകണം താതസന്നിധിയിൽ നിൽക്കേണ്ടതെന്ന് അവിടുത്തേക്ക് അറിയാമായിരുന്നു!

ദൈവം പോലും കൈവിട്ടുവെന്ന തോന്നലുണ്ടാക്കുംവിധം തീഷ്ണമായ തിരസ്കാരാവസ്ഥ സങ്കീർത്തനക്കാരനും എനിക്കും മാത്രമല്ല യേശുവിനും ഉണ്ടായിട്ടുണ്ട് എന്ന തിരിച്ചറിവ് എനിക്ക് എത്രയേറെ ആശ്വാസം പകരുന്നുവെന്നോ! ഇപ്പോൾ, തീർച്ചയായും എന്നോടു സഹതപിക്കാൻ അവിടുത്തേക്കു കഴിയും: കാരണം, എന്റെ അവസ്ഥ അവിടുത്തേക്ക് അപരിചിതമല്ല. വേദനയുള്ള, സംശയവും പരാതിയുമുള്ള എന്റെ മനസ്സ് അവിടുത്തെ സന്നിധിയിൽ ഞാൻ തുറന്നുവയ്ക്കുമ്പോൾ അവിടുന്ന് എന്നെ ഭർത്സിക്കുകയില്ല. പകരം, പുറത്തുതട്ടി ആശ്വസിപ്പിച്ചുകൊണ്ട് ഇങ്ങനെ പറയും: സാരമില്ല നിന്റെ മനസ്സ് എനിക്കു ഗ്രഹിക്കാനാകും!

ഇപ്പോൾ സങ്കീർത്തനവാക്യം എനിക്കൊരു പ്രവചനസൂക്തം മാത്രമല്ല, ആശ്വാസദൂതുമാണ്. ഇപ്പോൾ സങ്കീർത്തനം എനിക്കു 'മശിഹൈക' മായിരിക്കുന്നത്, പ്രവചനനിവൃത്തിയാൽ മാത്രമല്ല; സങ്കീർത്തനക്കാരനെയും എന്നെയും പോലെ മശിഹയും "ദൈവം കൈവിട്ട അവസ്ഥയിലൂടെ കടന്നുപോയി" എന്നതാണ്.

എന്നാൽ, 'കൈവിടപ്പെടുന്ന' അവസ്ഥ ഒരു ശാശ്വത അവസ്ഥയല്ല എന്നതും നാം അറിയണം. "പിതാവേ നീ എന്നെ കൈവിട്ടതെന്ത്?" എന്ന് കുരിശിൽ കിടന്ന് യേശു ചോദിക്കുന്നുണ്ട് എന്നതു നേര് തന്നെ, എങ്കിലും യേശു മരിക്കുന്നത് "ഇതാ ഞാൻ കൈവിടപ്പെട്ടുപോയി" എന്നു പറഞ്ഞല്ല: പ്രത്യുത, "പിതാവേ ഞാൻ എന്റെ ആത്മാവിനെ തൃക്കയ്യിൽ ഏൽപ്പിക്കുന്നു" എന്നു പറഞ്ഞു കൊണ്ടാണ് (ലൂക്കോസ് 23:46). പൂർണ്ണമായ അനുസരണത്തിന്റെയും ആശ്രയത്വത്തിന്റെയും മനഃസുഖത്തിന്റെയും വാക്കുകളാണവ.

എന്താണിത് വ്യക്തമാക്കുന്നത്? 'കൈവിടപ്പെട്ടു'വെന്ന തോന്നലുണ്ടാകുന്ന സമയം ക്ഷണികമാണ്. ദൈവം 'എന്നേക്കും കൈവിടുകയില്ല.' അവിടുന്ന് നമ്മെ സ്നേഹിക്കുകയും കരുതുകയും ചെയ്യുന്നുണ്ട്. അവന്റെ കരുതലിൻ കരം നമുക്ക് ദൃശ്യമല്ലാത്ത ചില നിമിഷങ്ങളുണ്ടാകാം. ഒരു പക്ഷെ ആ കരുതൽ നമുക്ക് ഏറ്റവും അത്യന്താപേക്ഷിതമായ നിമിഷങ്ങളും ആകാമത്! അങ്ങനെ കൈവിടപ്പെട്ടുവെന്ന തോന്നൽ നമ്മെ ഭരിക്കുമ്പോൾ, അങ്ങനെ തന്നെ ദൈവത്തിന്റെ സന്നിധിയിൽ നമുക്കു പറയാം.

കേൾക്കാൻ നമുക്കു മനസ്സുണ്ടെങ്കിൽ അവിടുന്ന് നമ്മോടു സംസാരിക്കും, നമ്മുടെ ഹൃദയത്തിന്റെ വേദനകളും സംശയങ്ങളും അവിടുന്ന് ദുരീകരിക്കും. നാം കൈവിടപ്പെട്ടുവെന്ന് നമുക്കു തോന്നിയപ്പോഴും യഥാർത്ഥത്തിൽ അവിടുന്ന് നമ്മെ കരുതുന്നുണ്ടായിരുന്നുവെന്ന് നാം അപ്പോഴറിയും. അവിടുത്തോടുള്ള സ്നേഹത്തിലും ആശ്രയത്തിലും മുന്നേറുവാൻ അവിടുന്നു നമ്മെ പഠിപ്പിക്കും.

"എന്തുകൊണ്ട് എന്നെ കൈവിട്ടു" എന്ന വിലാപത്തോടെ എഴുതിത്തുടങ്ങിയ സങ്കീർത്തനക്കാരൻ തന്റെ രചനയിൽ മുന്നേറുമ്പോൾ പരാതികൾ നിർത്തുന്നു. ദൈവം അങ്ങനെ എന്നേക്കും കൈവിടുന്നവനല്ല എന്ന് അവൻ അറിയുന്നു. ദൈവത്തിന്റെ കരുതൽ അവനു ബോധ്യപ്പെട്ടു:

"അരിഷ്ടന്റെ അരിഷ്ടത അവൻ നിരസിച്ചില്ല, വെറുത്തതുമില്ല; തന്റെ മുഖം മറച്ചതുമില്ല; തന്നെ വിളിച്ചപേക്ഷിച്ചപ്പോൾ കേൾക്കയത്രെ ചെയ്തത്" എന്നാണ് ഇപ്പോൾ കീർത്തനക്കാരൻ പറയുന്നത് (22:24).

തുടക്കത്തിൽ ദൈവം മുഖം മറച്ചുവെന്നായിരുന്നു ചിന്ത (വാക്യം 1). വിളിച്ചിട്ട് ദൈവം കേട്ടില്ലെന്നും (വാക്യം 2), എന്നാലിപ്പോൾ കാര്യങ്ങൾ വ്യക്തമാകുന്നു. ഇല്ല, ദൈവം മുഖം മറച്ചിട്ടില്ല, ദൈവം കേൾക്കാതിരിക്കുന്നുമില്ല (വാക്യം 24)

സങ്കീർത്തനക്കാരൻ ഒരു പച്ചമനുഷ്യനാണെന്ന് പറഞ്ഞല്ലോ. മുഴുഹൃദയവുമായാണ് അവൻ ദൈവത്തിന്റെ സന്നിധിയിൽ ചെല്ലുന്നത്. ദൈവസന്നിധിയിൽ പരാതിപറയാൻ അവനു മടിയില്ല. എന്നാൽ, അവൻ വെറുമൊരു പരാതിക്കാരനല്ല. ദൈവം കൈവിടാത്തവനും മുഖം മറയ്ക്കാത്തവനും വിളികേൾക്കുന്നവനുമാണെന്ന് തിരിച്ചറിഞ്ഞപ്പോൾ അതും അവൻ വിളിച്ചുപറയുകയാണ്. അപ്പോഴും അവൻ ഹൃദയം തുറക്കുകയാണ്.

“ഞാൻ നിന്റെ നാമത്തെ എന്റെ സഹോദരന്മാരോടു കീർത്തിക്കും; സഭാമദ്ധ്യേ ഞാൻ നിന്നെ സ്തുതിക്കും” (വാക്യം 22)

കൈവിടപ്പെട്ടുവെന്ന തോന്നലുണ്ടായപ്പോൾ അവൻ പരാതിപ്പെട്ടത് ദൈവത്തോടാണ് . എന്നാൽ ദൈവത്തിന്റെ കരുതലറിഞ്ഞപ്പോൾ അവൻ ദൈവത്തോടു മാത്രമല്ല മനുഷ്യനോടും സംസാരിക്കാൻ തുനിയുന്നു. “അവന്റെ ഭക്തന്മാർ കാൺകെ ഞാനെന്റെ നേർച്ചകളെ കഴിക്കും” എന്നാണവൻ പറയുന്നത് (വാക്യം 25)

സങ്കീർത്തനക്കാരനെപ്പോലെ ഒരു പച്ചമനുഷ്യനായി-പൂർണ്ണ ഹൃദയത്തോടെ-ദൈവസന്നിധിയിൽ നിൽക്കാൻ നമുക്കു കഴിയുമോ? അവിടുന്നു നമ്മെ ഭർത്സിക്കുകയില്ല; തോളിൽ തട്ടി ആശ്വസിപ്പിച്ച് അവന്റെ വഴികളെ മനസ്സിലാക്കിത്തരികയേയുള്ളൂ.

# 2

സങ്കീർത്തനം 11

**അടിസ്ഥാനങ്ങൾ മറിഞ്ഞുപോയാൽ നീതിമാൻ എന്തുചെയ്യും? (സങ്കീർത്തനം 11:3)**

# അടിസ്ഥാനങ്ങൾ മറിഞ്ഞുപോകുമോ?

"സത്യം പറയട്ടെ സഹോദരാ; വാസ്തവത്തിൽ ഇക്കാര്യം പറഞ്ഞ് പോലീസ് സ്റ്റേഷൻ കയറാൻ എനിക്ക് ആഗ്രഹമില്ലായിരുന്നു. എന്നാൽ എന്തു ചെയ്യാം! ശത്രു വളരെ ശക്തനായിപ്പോയി. ഇതല്ലാതെ വേറെ മാർഗ്ഗമില്ലായിരുന്നു. ങ്ഹാ! അടിസ്ഥാനം മറിഞ്ഞുപോയാൽ നീതിമാൻ എന്തു ചെയ്യും?"

ഇതുപോലൊരു പ്രസ്താവന പലപ്പോഴും നാം കേൾക്കാറുണ്ട്. പോലീസ് സ്റ്റേഷൻ കയറുന്നതിനു പകരം കടംവാങ്ങിയതോ, രാഷ്ട്രീയക്കാരനെ ആശ്രയിക്കുന്നതോ, കൈക്കൂലി കൊടുക്കുന്നതോ മറ്റോ ആയിരിക്കും കഥയിൽ സംഭവിക്കുന്നതെന്നു മാത്രം! എന്തായാലും, കാര്യമിങ്ങനെയാണ് നടക്കുന്നത്: ശത്രു പ്രബലനാണ്; നമുക്ക് പിടിച്ചുനിൽക്കാൻ ശക്തിയില്ല; അടിസ്ഥാനങ്ങൾ മറിഞ്ഞുപോകുന്നു... നാം ആദർശങ്ങളിൽ പിടിച്ചു നിൽക്കാൻ കഴിയാതെ അശക്തരാകുന്നു... ഒരു വിട്ടുവീഴ്ച (compromise) അനിവാര്യമാകുന്നു!!

എല്ലാ ഒത്തുതീർപ്പുകൾക്കും ന്യായീകരണത്തിനുമായി നാമെടുക്കുന്ന വാക്യമാണ്, "അടിസ്ഥാനങ്ങൾ മറിഞ്ഞുപോയാൽ നീതിമാൻ എന്തുചെയ്യും" (സങ്കീർത്തനം 11:3) എന്നത്. ('അടിസ്ഥാനങ്ങൾ മറിഞ്ഞുപോയാൽ നീതിമാൻ എന്തും ചെയ്തുപോകും' എന്നു നാം ആശ്വസിക്കുന്നു).

പലപ്പോഴും ഒരു നീതിമാൻ തന്നോടുതന്നെ പറയുന്ന ഒരു വാക്യമായാണ് നാം ഇതിനെ പ്രദർശിപ്പിക്കുന്നത്. എന്നാൽ വാസ്തവം അതല്ലെന്നു മനസ്സിലാക്കാൻ 11-ാം സങ്കീർത്തനത്തിന്റെ ആദ്യവാക്യങ്ങളുടെ ഒരു സൂഷ്മ പഠനം മതിയാവും. മലയാളത്തിൽ പരിഭാഷ അൽപം വികലമായതാണ് കാര്യങ്ങൾ അവതാളത്തിലാക്കിയത്.

11-ാം സങ്കീർത്തനം 1-3 വരെ വാക്യങ്ങളിൽ ആദ്യത്തെ ഒരു വാചകം- "ഞാൻ യഹോവയെ എന്റെ ശരണമാക്കിയിരിക്കുന്നു" എന്നിടം വരെ മാത്രം സങ്കീർത്തനക്കാരന്റെ പ്രസ്താവനയും ബാക്കി ഭാഗങ്ങൾ സങ്കീർത്തനക്കാരനോട് മറ്റുള്ളവർ പറയുന്നതുമാണ്. എന്നാൽ അതിനിടയിൽ ഒരു വാചകം മലയാളത്തിൽ വിട്ടുപോയിട്ടുണ്ട്: അതാണു കുഴപ്പം മുഴുവൻ ഉണ്ടാക്കിയത്. കുറേക്കൂടെ സൂഷ്മവും വിശദവുമായ തർജ്ജമ ശ്രദ്ധിക്കുക:

"ഇതാ ഞാൻ യഹോവയെ എന്റെ ശരണമാക്കിയിരിക്കുന്നു. പിന്നെ നിങ്ങൾക്ക് എങ്ങനെ, 'നീ പക്ഷികളെപ്പോലെ പർവ്വതങ്ങളിലേക്ക് ഓടിപ്പൊയ്ക്കോളൂ, കാരണം, ഹൃദയപരമാർത്ഥികളായവരെ ഇരുട്ടിന്റെ മറവിൽ എയ്യുവാനായി ദുഷ്ടൻന്മാർ വില്ലു കുലച്ച് അസ്ത്രം ഞാണിന്മേൽ തൊടുത്തുവെച്ചിരിക്കുന്നു; (നീ നീതിമാനെങ്കിൽത്തന്നെ) അടിസ്ഥാനങ്ങൾ നീങ്ങിപ്പോയാൽ നീതിമാന് എന്തുചെയ്യാൻ കഴിയും?' എന്നു പറയുവാൻ കഴിയും?"

ശ്രദ്ധിക്കുക ഇവിടെ നീതിമാനോട് മറ്റുള്ളവർ (അയൽക്കാരോ കൂട്ടുകാരോ ആവാം അത്) പറയുന്നു: "ഓടിപ്പൊയ്ക്കൊള്ളുക; പക്ഷികളെപ്പോലെ ഏതെങ്കിലും ദൂരെ ദിക്കിലേക്ക് രക്ഷപെട്ടുകൊള്ളുക". കാരണം ശത്രു അസ്ത്രം ഞാണിന്മേൽ തൊടുത്തുവെച്ചുകഴിഞ്ഞു. അവന്റെ ലക്ഷ്യം ഹൃദയപരമാർത്ഥികളെയാണ്. അവൻ നേർക്കുനേരെ വന്നെന്നിരിക്കില്ല ഇരുട്ടിലാണ് അവന്റെ അസ്ത്രപ്രയോഗം. നോക്കിനിൽക്കാൻ നേരമില്ല 'നീ നീതിമാനാണ്' എന്നൊന്നും പറഞ്ഞിട്ടുകാര്യമില്ല. വില്ലു കുലച്ചു നിൽക്കുന്ന ശത്രുവിന്റെ മുമ്പിൽ നീതിക്കെന്തു വില? അടിസ്ഥാനങ്ങൾ മറിഞ്ഞുപോയാൽ നീതിമാന് എന്തുചെയ്യാൻ കഴിയും? അവന് ഒറ്റ മാർഗ്ഗമേയുള്ളൂ... എങ്ങനെയും ഓടി രക്ഷപെടുക!"

മാനുഷികമായി നോക്കിയാൽ എത്രയും ബുദ്ധിപരമായ ഉപദേശം! എതിർക്കാനല്ലല്ലോ പറയുന്നത്, ഓടി രക്ഷപെടാനാണല്ലോ... അത് അത്യന്താപേക്ഷിതമായിരിക്കുന്ന സന്ദർഭം!. കാരണം ശത്രു വില്ലു കുലച്ച് അസ്ത്രം ഞാണിന്മേൽ തൊടുത്തുവെച്ചിരിക്കുകയാണ്. കയ്യൊന്നയച്ചാൽ

മാത്രം മതി, നിമിഷങ്ങൾക്കുള്ളിൽ അത് നിന്റെ നെഞ്ചിൽ തറയ്ക്കും. ഇനി ഒരു മാർഗ്ഗമേയുള്ളൂ. ആവും വേഗത്തിൽ ഓടുക!

എന്നാൽ സങ്കീർത്തനക്കാരൻ ചോദിക്കുന്നത്, "നിങ്ങൾക്ക് എങ്ങനെ അത് എന്നോടു പറയാൻ ധൈര്യം വന്നു?" എന്നാണ്. കാരണം, നിങ്ങൾ കരുതുന്ന കാര്യങ്ങളൊന്നുമല്ല എന്റെ അടിസ്ഥാനം. അതൊക്കെയായിരുന്നെങ്കിൽ ആ അടിസ്ഥാനം മറിഞ്ഞുപോകാമായിരുന്നു, എന്നാൽ ഞാൻ 'യഹോവയെ'യാണ് എന്റെ ശരണമാക്കിയിരിക്കുന്നത് അതിനാൽ എന്റെ അടിസ്ഥാനം 'മറിഞ്ഞുപോകുന്ന' പ്രശ്നമേയില്ല. വെറുതേ എന്നെ പേടിപ്പിക്കാൻ നോക്കേണ്ട, ഞാനങ്ങനെ ഓടിപ്പോകാനൊന്നും പോകുന്നില്ല.

ശത്രു നമ്മെ പേടിപ്പിക്കാൻ നോക്കും. അതവന്റെ ജോലിയാണ്, എന്നാൽ പ്രശ്നം ആവശ്യമില്ലാതെ നാം പേടിക്കുന്നുവെന്നതാണ്. എന്തു കൊണ്ടാണ് നാം പേടിക്കുന്നത്? ഉത്തരം ഒന്നേയുള്ളൂ. നമ്മുടെ അടിസ്ഥാനം കർത്താവാണ് എന്ന ബോധ്യം നമുക്കില്ല. കർത്താവാണ് യഥാർത്ഥത്തിൽ നമ്മുടെ അടിസ്ഥാനമെങ്കിൽ നാം കുലുങ്ങിപ്പോകേണ്ട ആവശ്യമില്ല. കാരണം 'കർത്താവ്' കുലുങ്ങിപ്പോകാത്ത അടിസ്ഥാനമാണ്.

എന്റെ സംരക്ഷണച്ചുമതല എനിക്കു ബോധ്യമുള്ള ഒരാളെ ഞാൻ ഭരമേൽപ്പിച്ചാൽ ഞാൻ എത്രയോ നിർഭയനായിരിക്കും...! ഞാൻ വീണ്ടും ഭയപ്പെടുന്നുവെങ്കിൽ അതിനർത്ഥം 'ശരണ'ത്തിൽ എനിക്ക് വിശ്വാസമില്ലെന്നാണ്. നാം പലപ്പോഴും ഭയക്കുന്നത്–ഓടിപ്പോകാൻ ആഗ്രഹിക്കുന്നത്– നമ്മുടെ ശരണമായ യഹോവയിൽ നമുക്ക് വേണ്ടത്ര വിശ്വാസം ഇല്ലാത്തതിനാലല്ലേ?

നെഹമ്യാവിന്റെ ജീവിതത്തിലെ ഒരു സംഭവം ശ്രദ്ധിക്കുക. യരുശ്ശലേമിന്റെ മതിൽപണിക്ക് ധീരമായി നേതൃത്വം കൊടുത്തുകൊണ്ടിരിക്കേ നെഹമ്യാവ് ഒരു ദിവസം ശെമയ്യാവ് എന്നൊരാളുടെ വീട്ടിൽ ചെന്നു. കതകിനു മുട്ടിയിട്ട് അയാൾക്ക് പുറത്തുവരാൻ ആഗ്രഹമില്ല. അയാൾ കതകടച്ച് അകത്തുതന്നെയിരിക്കുകയായിരുന്നു. ഈ ഭാഗം വായിക്കുക (നെഹമ്യാവ് 6:10–13).

നെഹമ്യാവിനെ കണ്ടതും ശെമയ്യാവ് പറഞ്ഞു: "ഞാൻ നോക്കിയിരിക്കുകയായിരുന്നു. ഏതായാലും കണ്ടതു നന്നായി. അവർ (ശത്രുക്കൾ) നിന്നെ കൊല്ലുവാൻ വരുന്നുണ്ട്, അവർ രാത്രിയിൽ വരും. ഇനിയിപ്പോൾ ഒരു കാര്യമേ നമുക്കു ചെയ്യാനാവൂ, നമുക്കൊരുമിച്ച് ദേവാലയത്തിൽ ചെന്ന് മന്ദിരത്തിനകത്തു കടന്ന് വാതിൽ അടച്ച് ഒളിച്ചിരിക്കുക."

എത്ര നല്ല ഉപദേശം... അല്ലേ? എന്നാൽ നെഹമ്യാവ് പറയുന്നത് ശ്രദ്ധിക്കുക.

"എന്താ പറയുന്നത്? ഭയപ്പെടുവാനോ? എങ്ങനെ ധൈര്യം വന്നു നിങ്ങൾക്കത് എന്നോടു പറയാൻ? എന്നെപ്പോലെയുള്ള ഒരാൾ ഓടിപ്പോകുമെന്ന് ചിന്തിച്ചോ? എന്നെപ്പോലെയുള്ള ഒരുത്തൻ ജീവരക്ഷയ്ക്കായി മന്ദിരത്തിലേക്ക് പോകുമോ? ഞാൻ പോകയില്ല, ദൈവം അവനെ അയച്ചിട്ടില്ല." (നെഹമ്യാവ് 6:11).

ജീവരക്ഷയ്ക്കായി ഓടിപ്പോകുവാൻ ശെമയ്യാവ് ഉപദേശിക്കുമ്പോൾ നെഹമ്യാവു് പറയുന്നത്, ഞാൻ ഒരിക്കലും ഓടിപ്പോകയില്ല എന്നാണ്. കാരണം പറയുന്നതു ശ്രദ്ധിക്കുക – "ദൈവം അവനെ അയച്ചിട്ടില്ല."

ദൈവം അയയ്ക്കാതെ വരുന്ന ഒരാപത്തും തന്നെ സ്പർശിക്കുകയില്ലെന്ന് നെഹമ്യാവിന് ബോധ്യമുണ്ടായിരുന്നു. തന്റെ സംരക്ഷണച്ചുമതല ദൈവത്തിനുള്ളതാണ്; അതു ദൈവം ഭംഗിയായി നിർവ്വഹിച്ചുകൊള്ളും. ദൈവം അയയ്ക്കാത്ത ഒരുവനും തന്നെ നശിപ്പിക്കാൻ കഴിയില്ല. പിന്നെ താൻ ഓടിപ്പോകുന്നത് എന്തിന്?

ഇതിനൊരു മറുവശമുണ്ട്, ദൈവം അയച്ചിട്ടില്ലാത്തതിനാൽ സൻബല്ലത്തിന്റെ പിന്നണിയാളുകൾക്ക് തന്നെ സ്പർശിക്കാൻ കഴിയില്ല. ഇനി, ദൈവം അയച്ചിട്ടുണ്ടെങ്കിൽ മന്ദിരത്തിനുള്ളിൽ കയറി വാതിലടച്ചിരുന്നാലും വിപത്തിൽനിന്നും രക്ഷപെടാൻ കഴിയുമോ? ഒരിക്കലുമില്ല, പിന്നെ ഒളിച്ചോടിയിട്ടു കാര്യമെന്ത്?

നെഹമ്യാവ് പറയുന്നു: ഞാൻ ഒളിച്ചോടുകയില്ല. കാരണം, ഞാൻ യഹോവയെ ആണ് ശരണമാക്കിയിരിക്കുന്നത്. എന്റെ അടിസ്ഥാനം മറിഞ്ഞുപോകുന്ന അടിസ്ഥാനമല്ല. ദൈവം അയയ്ക്കാത്ത ഒരുവനും എന്നെ സ്പർശിക്കുവാൻ കഴിയുകയില്ല.

'ഓടിപ്പൊയ്ക്കോള്ളൂ' എന്ന ഉപദേശം ഒരിക്കൽ യേശുകർത്താവിനും ലഭിച്ചു.

"ആ നാഴികയിൽത്തന്നെ ചില പരീശന്മാർ അടുത്തുവന്നു: ഇവിടം വിട്ടു പൊയ്ക്കൊൾക; ഹെരോദാവ് നിന്നെ കൊല്ലുവാൻ ഇച്ഛിക്കുന്നു എന്ന് അവനോടു പറഞ്ഞു" (ലൂക്കോസ് 13:31)

ഓടിപ്പൊയ്ക്കൊള്ളാനുള്ള ഉപദേശം! എന്നാൽ കർത്താവ് പറയുന്നത് 'ഞാനങ്ങനെ ഓടിപ്പോകാനൊന്നും തീരുമാനിച്ചിട്ടില്ല' എന്ന് ആ കുറുക്കനോട് പോയി പറയുക എന്നാണ് (ലൂക്കോസ് 13:32). എനിക്ക് ചില ജോലിയുണ്ട്, അതു തീർത്തിട്ടേ ഞാൻ മടങ്ങിപ്പോകൂ. കൊല്ലും

തിന്നും എന്നൊന്നും പറഞ്ഞ് എന്നെ പേടിപ്പിക്കാൻ നോക്കണ്ട. ചാകാനും എനിക്കു പേടിയൊന്നുമില്ല. യരുശലേമിനു പുറത്തുവെച്ച് ഒരു പ്രവാചകൻ നശിച്ചുപോകുന്നത് അസംഭവ്യമല്ലോ. (ലൂക്കോസ് 13:33)

അയച്ചവന്റെ പ്രവൃത്തി തികയ്ക്കുവോളം ധീരതയോടെ നിലകൊള്ളുവാനായിരുന്നു യേശുവിന്റെ തിരുമാനം. കാരണം ആത്യന്തികമായി കാര്യങ്ങൾ തീരുമാനിച്ചിരിക്കുന്നത് ദൈവമാണ്, മനുഷ്യരല്ല. സങ്കീർത്തനക്കാരൻ പറയുന്നതും അതുതന്നെയാണ്.

"യഹോവ തന്റെ വിശുദ്ധമന്ദിരത്തിലുണ്ട്; അവന്റെ സിംഹാസനം സ്വർഗ്ഗത്തിൽത്തന്നെയുണ്ട്" (സങ്കീർത്തനം 11:4)

അടിസ്ഥാനമൊന്നും മറിഞ്ഞുപോയിട്ടില്ലെന്നു ചുരുക്കം. "ഞാൻ യഹോവയെ ആണ് ശരണമാക്കിയിരിക്കുന്നത്, മറിഞ്ഞു പോകുന്ന അടിസ്ഥാനത്തിലൊന്നുമല്ല യഹോവ ഇപ്പോഴും അവന്റെ വിശുദ്ധമന്ദിരത്തിൽത്തന്നെയുണ്ട്. അവൻ തന്നെയാണ് ഇപ്പോഴും രാജാവ്, അവന്റെ സിംഹാസനത്തിന് ഇളക്കം തട്ടിയിട്ടൊന്നുമില്ല; അത് സ്വർഗ്ഗത്തിൽത്തന്നെയുണ്ട്. പിന്നെ നിങ്ങൾക്ക് എങ്ങനെ "ഓടിപ്പെയ്ക്കൊള്ളൂ" എന്ന് എന്നോടു പറയാൻ കഴിയും?"

ലോകം എപ്പോഴും ഒരു ദൈവപൈതലിനോട് ഓടിപ്പോകുവാൻ ഉപ ദേശിച്ചുകൊണ്ടിരിക്കും. അതിന് അവർ പറയുന്ന കാരണം 'നിനക്ക് പിടിച്ചുനിൽക്കാൻ അടിസ്ഥാനമില്ല' എന്നാണ്. എന്നാൽ നമുക്കറിയാം, നമ്മുടെ അടിസ്ഥാനം മറിഞ്ഞുപോകാത്ത അടിസ്ഥാനമാണ്. ഉറപ്പുള്ള പാറമേലാണ് അവൻ നമ്മെ നിർത്തിയിരിക്കുന്നത്-യുഗങ്ങളുടെ പാറയായ ക്രിസ്തുവിൽ!

എന്നെപ്പോലെ ദൈവത്തെ ശരണമാക്കിയിരിക്കുന്ന ഒരു വ്യക്തി ഓടിപ്പോകുമോ? ഒരിക്കലുമില്ല. ദൈവം അയയ്ക്കാത്ത ഒന്നിനും എന്നെ സ്പർശിക്കാൻ കഴിയുകയില്ല.

3

"ദൈവം ഇല്ല എന്നു മൂഢൻ തന്റെ ഹൃദയത്തിൽ പറയുന്നു" (സങ്കീർത്തനം 14:1)

# "ദൈവം ഉണ്ടെന്ന് മൂഢൻ വിളിച്ചു പറയുന്നു"

ദൈവം ഇല്ല എന്നുപറയുന്ന ധാരാളമാളുകളെ നിങ്ങൾ കണ്ടിട്ടില്ലേ? അവരെല്ലാം ബുദ്ധിയില്ലാത്ത വിഡ്ഢികളാണെന്നു നിങ്ങൾ ചിന്തിക്കുന്നുണ്ടോ? ഒരുപക്ഷേ നിങ്ങൾക്ക് തിരിച്ചായിരിക്കാം തോന്നിയിട്ടുള്ളത്. നിരീശ്വരവാദികളായ പലർക്കും 'തല' അൽപം കൂടുതലാണ് എന്നു നിങ്ങൾക്കു തോന്നിയിട്ടില്ലേ? വോൾട്ടയറും ഡാർവിനും നെഹ്റുവുമൊക്കെ ദൈവത്തിന്റെ അസ്തിത്വത്തെ നിഷേധിക്കുകയോ സംശയിക്കുകയോ ചെയ്തത് അവർ മന്ദബുദ്ധികളായതിനാലല്ലല്ലോ.

മനുഷ്യന്റെ ബുദ്ധിയുടെ അനുസാരത്തിലല്ല ഒരുവൻ ആസ്തികനോ നാസ്തികനോ ആകുന്നത് എന്നറിയാതെ, നിരീശ്വരവാദികളെ വിഡ്ഢികളായി ചിത്രീകരിക്കുന്നതിൽ തീർച്ചയായും ബുദ്ധിമോശമുണ്ട്. ഒരിക്കൽ ഒരു ഉപദേശിയും നാസ്തികനും തമ്മിൽ ദൈവാസ്തിക്യത്തെ ചൊല്ലി തർക്കമുണ്ടായ കഥ കേട്ടിട്ടുണ്ട്. യുക്തിവാദങ്ങൾ മുഴക്കി മുന്നേറിയ നാസ്തികനോട് സഹികെട്ട് ഉപദേശി പറഞ്ഞു: "ദൈവമില്ലെന്ന് മൂഢൻ തന്റെ ഹൃദയത്തിൽ പറയുന്നു"വെന്ന് വേദപുസ്തകത്തിൽ തന്നെ എഴുതിയിട്ടുണ്ട്.

നാസ്തികന്റെ മറുപടി എന്തായിരുന്നെന്നോ? "ശരിയാ ഉപദേശീ, മൂഢൻ അതു ഹൃദയത്തിൽ പറയും. ബുദ്ധിയുള്ളവൻ അതു വിളിച്ചു പറയും."

ശ്രദ്ധിച്ചുനോക്കിയാൽ സങ്കീർത്തനത്തിൽ 'മൂഢൻ' ദൈവമില്ലെന്നു പറയുന്നത്, അവനു 'തല'യില്ലാത്തതിനാലല്ല, 'ഹൃദയ'മില്ലാത്തതിനാലാണ് എന്നു മനസ്സിലാക്കാം. ദൈവമില്ലെന്ന് അവൻ പറയുന്നത് 'ബുദ്ധി'യിലല്ല 'ഹൃദയ'ത്തിലാണ്. 'ഒരു ദൈവമില്ല' എന്ന ബുദ്ധിപരമായ നിഗമനമല്ല, 'ഒരു ദൈവമുണ്ടാകാൻ പാടില്ല' എന്ന ഹൃദയത്തിലെ ആഗ്രഹമാണ് അവനെ മൂഢനാക്കുന്നത്.

മൂഢൻ എന്ന വാക്കിന് 'നാബാൽ' എന്നാണ് എബ്രായ ഭാഷയിൽ ഉപയോഗിച്ചിരിക്കുന്ന പദം. ധാർമ്മികബുദ്ധിയുമായി (Moral Intelligence) ബന്ധപ്പെട്ടാണ് ഈ പദം കൂടുതൽ ഉപയോഗിക്കുന്നത്. ധാർമികമായി മൂഢനായ -തലതിരിഞ്ഞ- വ്യക്തി ഒരു ദൈവമുണ്ടാകരുതെന്ന് ഹൃദയത്തിൽ ആഗ്രഹിക്കുന്നു.

'ദൈവം ഇല്ല' എന്നു ഹൃദയത്തിൽ പറഞ്ഞിട്ട് നാബാൽ തന്റെ നിഗമനം ഉറപ്പാക്കാൻ ഗവേഷണം നടത്തുകയല്ല ചെയ്യുന്നത്; "വഷളന്മാരായി മ്ലേച്ഛത പ്രവർത്തിക്കുക"യാണ് (വാക്യം. 1) അതാണു കാര്യം! ധാർമികമായി അധഃപതിച്ചവന് വഷളത പ്രവർത്തിക്കണം. എന്നാൽ ദൈവം അതിനൊരു വിലങ്ങുതടിയാണ്. ദൈവം ധർമ്മിഷ്ഠനാണ്! അധാർമികനെ ദൈവം ന്യായം വിധിക്കുന്നു. ഒരു ദൈവമുണ്ടെങ്കിൽ തങ്ങൾക്ക് അധർമ്മത്തിൽ തുടരാൻ കഴിയില്ല. അതുകൊണ്ട് ദൈവമുണ്ടാകാതിരിക്കട്ടെ... ഇതാണ് നാബാലിന്റെ ചിന്ത.

പ്രസിദ്ധനായ ഒരു ചിന്തകന്റെ വാക്കുകൾ ഓർമ്മവരുന്നു. "ദൈവമില്ലെങ്കിൽ എല്ലാം അനുവദനീയം!" ദൈവമുണ്ടെങ്കിൽ എല്ലാത്തിനും കണക്കു കൊടുക്കേണ്ടിവരും. "നമ്മിൽ ഓരോരുത്തൻ ദൈവത്തോടു കണക്കു ബോധിപ്പിക്കേണ്ടിവരും" (റോമർ 14:13) എന്ന് പൗലോസ് പറയുന്നു.

യഹോവാസാക്ഷികൾ നിത്യനരകത്തിൽ വിശ്വസിക്കുന്നില്ല. അതിന്റെ സ്ഥാപകനായ റസൽ ചെറുപ്പത്തിൽ നരകത്തെ വളരെ പേടിച്ചിരുന്ന ഒരു വ്യക്തിയായിരുന്നു എന്നു പറഞ്ഞുകേട്ടിട്ടുണ്ട്. തന്റെ നിത്യത നരകത്തിലായിരിക്കുമോ എന്ന ഭീതി കാലം ചെന്നിട്ടും വിടാതെ അയാളെ പിൻതുടർന്നു. പുതിയ മതമുണ്ടാക്കിയപ്പോൾ അയാൾ പറഞ്ഞു: "നരകം ഒരു യാഥാർത്ഥ്യമല്ല, ദൈവം ഒരാളെയും നിത്യകാലം നരകത്തിലിടാൻ പോകുന്നില്ല." നരകമില്ലെങ്കിൽ തനിക്ക് നരകത്തിൽ പോകേണ്ടി വരില്ലല്ലോ!.

തന്റെ അധാർമ്മികപ്രവൃത്തികൾക്ക് കണക്കു ബോധിപ്പിക്കേണ്ടിവരും എന്ന ചിന്ത ഏതു വഷളനുമുണ്ട്. എന്നാൽ ദൈവമുള്ളതുകൊണ്ടല്ലേ, കണക്കു ബോധിപ്പിക്കേണ്ടിവരുന്നത്? ദൈവമില്ലെങ്കിൽ എല്ലാം അനുവദനീയം. എന്നാൽ പിന്നെ ദൈവമില്ലെന്നു തന്നെയായിക്കോട്ടെ. അവൻ തന്നോടുതന്നെ (ഹൃദയത്തിൽ) പറയുന്നു: പേടിക്കേണ്ട! കണക്കു ചോദിക്കാൻ ഒരു ദൈവമില്ല വഷളത്വം തുടർന്നോളൂ.

എന്നാൽ ഈ സമാശ്വാസം കണ്ണടച്ച് ഇരുട്ടാക്കുന്നതുപോലെയുള്ളൂ എന്ന അവർ മനസിലാക്കുന്നില്ല. അവർ കണ്ണടച്ചിരിക്കുമ്പോഴും സൂര്യൻ തലയ്ക്കുമുകളിൽ കത്തിനിൽക്കുകയാണ്. ഇക്കാരണത്താൽ തന്നെ നാബാ ൽ ധാർമ്മികമായി തലതിരിഞ്ഞവൻ മാത്രമല്ല മൂഢനും കൂടെയാണ്. കാരണം, അവൻ നേരിടാൻ പോകുന്ന അപകടത്തെ -ന്യായവിധിയെ- അവൻ മുൻകൂട്ടി കാണുന്നില്ല.

വരുംവരാഴികകളെക്കുറിച്ചു ചിന്തിക്കാത്തവനെയും നാം വിഡ്ഢി എന്നു വിളിക്കാറുണ്ട്. വേദപുസ്തകത്തിൽ 'നാബാൽ' എന്നു പേരുള്ള ഒരു വ്യക്തിയെക്കുറിച്ച് 1 ശമുവേൽ 25-ാം അധ്യായത്തിൽ പ്രതിപാദിക്കുന്നുണ്ട്.

ശൗൽരാജാവിനെ പേടിച്ച് ദാവീദ് പാരാൻ മരുഭൂമിയിൽ പാർക്കുന്ന കാലം. കർമ്മേലിലെ വ്യാപാരിയായ നാബാലിനോട് ദാവീദ്, തന്റെ ദാസന്മാർക്കാവശ്യമായ ഭക്ഷണം നൽകണമെ എന്ന് അപേക്ഷിച്ചു. കാട്ടിൽ ഒളിച്ചുപാർക്കുന്ന ദാവീദിനെ ചെറുതായിക്കണ്ട നാബാൽ സഹായം നൽകാൻ കൂട്ടാക്കിയില്ല. പോരാളിയായ ദാവീദ് നാബാലിനെ കൊല്ലുവാൻ പടയൊരുക്കി. നാബാലിന്റെ ഭാര്യയായ അബീഗയിൽ വിവേകത്തോടെ പ്രവർത്തിച്ചതിനാലാണ് നാബാൽ അന്നു രക്ഷപെട്ടത്.

ദാവീദിനെപ്പോലെ ശക്തനും പടയാളികളുടെ നായകനുമായ ഒരു പോരാളിയോട് നിഷേധം കാട്ടുന്നതിലെ വിവേകശൂന്യത വിഡ്ഢിയായ നാബാലിന് ഗ്രഹിക്കാനാവുമായിരുന്നില്ല. വരുംവരാഴികകളെക്കുറിച്ച് ബോധ്യമില്ലാത്തവനായിരുന്നു അവൻ. അവന്റെ ഭാര്യ അബീഗയിൽ പറയുന്ന വാക്കുകൾ ശ്രദ്ധിക്കുക:

"ദുസ്വഭാവിയായ ഈ നാബാലിനെ യജമാനൻ ഗണ്യമാക്കരുതേ. അവൻ തന്റെ പേർ പോലെ തന്നെ ആകുന്നു. നാബാൽ എന്നല്ലോ അവന്റെ പേർ; ഭോഷത്വം അത്രെ അവന്റെ പക്കൽ ഉള്ളത്" (ശമുവേൽ 25:25)

സങ്കീർത്തനത്തിലെ നാബാലും വരുംവരാഴികകളെക്കുറിച്ചു ബോധ്യമില്ലാത്തവനാണ്. 'ദൈവം ഇല്ല' എന്ന് ഹൃദയത്തെ വിശ്വസിപ്പിച്ചാൽ വഷളത്വം പ്രവർത്തിക്കാം എന്നാണവന്റെ ചിന്ത. എന്നാൽ എല്ലാം

അനു വദനീയമല്ല; ദൈവം ന്യായം വിധിക്കുന്നവനാണ്. അതിനാലാണ് ദൈവത്തെ നിഷേധിക്കുന്നവൻ മൂഢനായിത്തീരുന്നത്

ദൈവത്തെ നിഷേധിക്കുന്ന മൂഢന്റെ എതിർദിശയിൽ നിൽക്കുന്നവൻ ആരാണ്? അടുത്തവാക്യത്തിൽ അതു കാണുന്നുണ്ട്.

"ദൈവത്തെ അന്വേഷിക്കുന്ന ബുദ്ധിമാനുണ്ടോ എന്നു കാണ്മാൻ യഹോവ സ്വർഗ്ഗത്തിൽനിന്നു മനുഷ്യപുത്രന്മാരെ നോക്കുന്നു" (സങ്കീർത്തനം 14:2)

നാബാലിന്റെ വിഡ്ഢിത്തം തലയിലല്ല, ഹൃദയത്തിലാണ് എന്നതു പോലെ ഇവിടെ ദൈവത്തെ അന്വേഷിക്കുന്നവന്റെ ബുദ്ധിയും തലയിലല്ല, ഹൃദയത്തിലാണ്, ദൈവമുണ്ടെന്നതിന്റെ തെളിവു സമ്പാദിക്കാൻ നടക്കുന്ന ആസ്തികവാദിയല്ല പ്രത്യുത, ദൈവത്തിന്റെ ഹൃദയമറിയാൻ നടക്കുന്ന നീതിമാനാണ് ഇവിടെ 'ബുദ്ധിമാൻ!' അവൻ ദൈവഹിതത്തിന്റെ തിരിച്ചറിവിനുവേണ്ടി ദൈവത്തിന്റെ പുറകെ നടക്കുന്നവനാണ് (seek after God - RSV തർജ്ജമ).

ദൈവത്തോട് ഒരു മനുഷ്യൻ എങ്ങനെ പ്രതികരിക്കുന്നു എന്നതിന്റ അടിസ്ഥാനത്തിലാണ് ഒരുവന്റെ ബുദ്ധിയും മൂഢതയും അളക്കേണ്ടത്. തങ്ങളുടെ വഷളത്വത്തിൽ തുടരേണ്ടതിന് ദൈവത്തിന്റെ അസ്തിത്വത്തെ ഹൃദയത്തിൽ നിഷേധിക്കുന്നവൻ മൂഢൻ; ദൈവഹിതം അറിഞ്ഞു ചെയ്യേണ്ടതിന് ദൈവത്തിന്റെ പുറകേ നടക്കുന്നവൻ ബുദ്ധിമാൻ!

എന്നാൽ ഈ രണ്ടു ജനുസ്സിലും പെടാത്ത മറ്റൊരു കൂട്ടരെപ്പറ്റി വേദപുസ്തകം പറയുന്നുണ്ട്. ഇക്കൂട്ടർ കാഴ്ചയിൽ വളരെ ഭക്തരാണ്. സാക്ഷി പറയുന്നവരാണ്, പ്രാർത്ഥിക്കുന്നവരാണ്! ദൈവത്തിന്റെ വളരെ വളരെ അടുത്ത ആളുകൾ എന്നുപറഞ്ഞാണ് അവർ തങ്ങളെത്തന്നെ മറ്റുള്ളവർക്കു പരിചയപ്പെടുത്തുന്നത്. എന്നാൽ അവരുടെ പ്രവൃത്തികൾ 14–ാം സങ്കീർത്തനത്തിലെ മൂഢന്റെ പ്രവൃത്തികൾപോലെ തന്നെ വഷളത്വം നിറഞ്ഞതാണ്. അവരെക്കുറിച്ചു പൗലോസ്  പറയുന്നത്.

"അവർ ദൈവത്തെ അറിയുന്നു എന്നു പറയുന്നുവെങ്കിലും പ്രവൃത്തി കളാൽ അവനെ നിഷേധിക്കുന്നു" എന്നാണ് (തീത്തോസ് 1:16).

വാക്കുകളാൽ ദൈവത്തിന്റെ പ്രചാരകരെങ്കിലും പ്രവൃത്തികളാൽ ദൈവത്തെ നിഷേധിക്കുന്ന നിരീശ്വരർ തന്നെയാണവർ.

വിശ്വാസികൾ എന്ന് അഭിമാനിക്കുന്നവർ തന്നെയും (എന്തിന് അങ്ങനെ യൊക്കെ പറയണം–നമ്മളൊക്കെത്തന്നെ) ദൈവത്തിന്റ അപദാനങ്ങളെ പാടി പുകഴ്ത്തുമ്പോഴും "ദൈവത്തിനു നിരക്കാത്ത പ്രവൃത്തികൾ"

ചെയ്യുന്നവരല്ലേ? അധരം കൊണ്ടു ദൈവസ്തുതിയും പ്രവൃത്തികൾ കൊണ്ടു ദൈവനിഷേധവുമല്ലേ നാം നടത്തുന്നത്?

എന്നാലും 'ദൈവമില്ലെന്ന്' നാം പറയുന്നില്ലല്ലോ എന്ന ആശ്വാസമായിരിക്കും നമുക്കുള്ളത്, അതത്ര ആശ്വസിക്കത്തക്ക കാര്യമായി പൗലോസ് കരുതുന്നില്ല. ദൈവത്തെ അറിയുന്നു എന്നു പറയുകയും വഷളത്വം പ്രവർത്തിക്കുകയും ചെയ്യുന്നവരെക്കുറിച്ച് 'അറപ്പുളവാക്കുന്നവർ' എന്നാണ് പൗലോസ് പറയുന്നത്. (തീത്തോസ് 1:16) അവർ അനുസരണം കെട്ടവരും, യാതൊരു നല്ല കാര്യത്തിനും കൊള്ളാത്തവരുമാകുന്നു.

സൂക്ഷ്മമായി വിശകലനം നടത്തിയാൽ നമ്മിൽ പലരും ദൈവമില്ലെന്നു പറയുന്നില്ലെങ്കിലും പ്രായോഗികമായി നിരീശ്വരരാണ്. ന്യായകർത്താവായ ഒരു ദൈവമുണ്ടെന്ന ചിന്തയിലല്ല നമ്മുടെ പ്രവൃത്തികൾ പലതും.! എന്നിട്ടും "ദൈവവിശ്വാസികൾ" എന്ന പേരിൽ നാം അഭിമാനം കൊള്ളുന്നു. എന്നാൽ, നമ്മുടെ വിശ്വാസപ്രഖ്യാപനത്തിന്റെ പേരിലല്ല, ഓരോരുത്തൻ ചെയ്തത് എന്താണ് എന്നതിന്റെ അടിസ്ഥാനത്തിലാണ് നാം പ്രതിഫലം പ്രാപി ക്കുന്നത് (2 കൊരിന്ത്യർ 5:10) എന്നതു നാം മറന്നുകൂടാ.

എന്താണിതിൽനിന്ന് വ്യക്തമാകുന്നത്? "ദൈവമുണ്ട്" എന്നു പറഞ്ഞതുകൊണ്ടുമാത്രം ആരും ബുദ്ധിമാനാകയില്ല. ന്യായകർത്താവായ ഒരു ദൈവമുണ്ട് എന്നു വെളിപ്പെടുത്തുന്ന പ്രവൃത്തികൾ കൊണ്ടാണ് ഒരുവന്റെ ധാർമികബുദ്ധി തെളിയിക്കപ്പെടുന്നത്. പ്രവൃത്തികളാൽ ദൈവത്തെ വെളിപ്പെടുത്താത്ത ആസ്തിക പ്രവാചകനും "ദൈവം ഉണ്ടെന്നു വിളിച്ചു പറയുന്ന മൂഢ"നായിരിക്കുകയേ ഉള്ളൂ.

4

**സങ്കീർത്തനം 127**

> **"തന്റെ പ്രിയനോ അവൻ അത് ഉറക്കത്തിൽ കൊടുക്കുന്നു." (സങ്കീർത്തനം 127:2)**

# ഉറക്കം കൊടുക്കുന്ന ദൈവം

മനുഷ്യന്റെ ഏറ്റവും വലിയ ലക്ഷ്വറി 'ഉറക്ക'മാണ്. എന്തുണ്ടായാലും നന്നായി ഉറങ്ങാൻ കഴിയുന്നില്ലെങ്കിൽ എന്തു പ്രയോജനം?

ധനികരും ദരിദ്രരും തമ്മിലുള്ള വ്യത്യാസത്തെപ്പറ്റി ഒരിക്കൽ ആർ. സ്റ്റാൻലി പറഞ്ഞു "ധനികർ നന്നായി ഭക്ഷിക്കുന്നു, ദരിദ്രർ നന്നായി ഉറങ്ങുന്നു" (Rich people eat well and poor people sleep well)

വളരെയേറെ അദ്ധ്വാനിക്കുന്ന ഒരു വ്യക്തിയെയാണ് 127–ാം സങ്കീർത്തനക്കാരൻ ഈ വാക്യത്തിൽ വരച്ചുകാട്ടുന്നത് "നിങ്ങൾ അതികാലത്ത് എഴുന്നേൽക്കുന്നതും നന്നാതാമസിച്ചുകിടക്കാൻ പോകുന്നതും കഠിനപ്രയത്നം ചെയ്ത് ഉപജീവിക്കുന്നതും വ്യർത്ഥമത്രെ... തന്റെ പ്രിയനോ അവൻ അത് ഉറക്കത്തിൽ കൊടുക്കുന്നു" ('ഉറക്കത്തിൽ കൊടുക്കുന്നു' എന്നത് ഉറക്കം കൊടുക്കുന്നു എന്നുമാവാം– (he gives to his beloved sleep - RSV) സങ്കീർത്തനം 127:2

അതികാലത്തെ എഴുന്നേൽക്കുന്നതും കഠിനപ്രയത്നം ചെയ്ത് ഉപ ജീവിക്കുന്നതും തെറ്റാണോ? നല്ല കാര്യമല്ലേ?

ഇവിടെ 'കഠിനപ്രയത്നം' എന്ന വാക്ക് കുറെക്കൂടെ വ്യത്യസ്തമായ അർത്ഥത്തിലാണ് ഉപയോഗിക്കപ്പെട്ടിരിക്കുന്നത്. അത് "ആകുലപ്രയത്ന

മാണ്" (anxious toil). ആകുലതയോടെയാണ് ഈ വ്യക്തി പ്രവർത്തിക്കുന്നത് അതുകൊണ്ടാണ് അത് "വ്യർത്ഥ"മാകുന്നത്.

അദ്ധ്വാനിക്കുന്നത് പാപമല്ല; നല്ല കാര്യമാണ് എന്നാൽ ആകുലതയോടെ പ്രവർത്തിക്കുന്നത് മാരകമായ പാപമാണ്. കാരണം ആകുലത ആശ്രയത്തിന്റെ വിപരീത പദമാണ്.

"അവൻ നിങ്ങൾക്കായി കരുതുന്നതാകയാൽ നിങ്ങളുടെ സകല ചിന്താകുലവും അവന്റെ മേൽ ഇട്ടുകൊൾവിൻ..." (1 പത്രൊസ് 5:7)

ആകുലത ആവശ്യമില്ലാത്ത ഒരു കാര്യമാണെന്ന് പത്രൊസ് പറയുന്നു; കാരണം, അവൻ നിങ്ങൾക്കായി കരുതുന്നുണ്ട്. ദൈവം കരുതുന്നുണ്ട് എന്ന ചിന്തയാണ് ആകുലതയിൽ നിന്ന് നമുക്ക് വിടുതൽ നൽകുന്നത്.

ദൈവത്തിന്റെ കരുതലിന്റെ മാഹാത്മ്യം യേശുകർത്താവിന്റെ വാക്കുകളിൽ തന്നെ നാം കേൾക്കുക.

"അതുകൊണ്ട് ഞാൻ നിങ്ങളോട് പറയുന്നു: എന്തു തിന്നും എന്തു കുടിക്കും എന്ന് നിങ്ങളുടെ ജീവനായിക്കൊണ്ടും എന്തു ഉടുക്കും എന്ന് നിങ്ങളുടെ ശരീരത്തിനായിക്കൊണ്ടും വിചാരപ്പെടരുത്... ആകാശത്തിലെ പറവകളെ നോക്കുവിൻ... സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവ് അവയെ പുലർത്തുന്നു. അവയെക്കാൾ നിങ്ങൾ ഏറ്റവും വിശേഷതയുള്ളവരല്ലോ." (മത്തായി 6:25-26)

രണ്ടുകാര്യങ്ങൾക്കുവേണ്ടിയാണ് മനുഷ്യൻ കൂടുതൽ ആകുലപ്പെടുന്നത്.

1. ജീവനായി-ഭക്ഷണം, പാനീയം തുടങ്ങിയ ജീവൻ നിലനിർത്താൻ അത്യന്താപേക്ഷിതമായ 'അടിസ്ഥാന' ആവശ്യങ്ങൾക്കായി.
2. ശരീരത്തിനായി-വസ്ത്രം, ചമയം, സുഖസൗകര്യങ്ങൾ, മോടി എന്നിവയ്ക്കായി.

ജീവനായുള്ള ആവശ്യങ്ങൾക്ക് ഒരു സീമയുണ്ട്. ഒരു പരിധിയിൽ കൂടുതൽ നമുക്ക് അത് ആവശ്യമില്ല ഒരു പരിധിയിൽ കൂടുതൽ എനിക്ക് കഴിക്കാൻ പറ്റില്ല വെള്ളത്തിനു പകരം പാലും ജ്യൂസുമൊക്കെ കുടിച്ചാലും അതിന് ഒരു പരിധിയില്ലേ? എന്നാൽ മോടിപിടിപ്പിക്കുന്ന കാര്യങ്ങൾക്ക് പരിധിയില്ല വരുമാനത്തിലെ വർദ്ധനവ് ഒരു മനുഷ്യന്റെ ഭക്ഷണത്തിലും പാനീയത്തിലും വസ്ത്രത്തിലും വീടിലും വാഹനത്തിലുമൊക്കെയാണ് വലിയ വ്യത്യാസമുണ്ടാക്കുന്നത്! ജീവകാര്യം, ചമയം... ഇവ രണ്ടിനായും മനുഷ്യൻ ആകുലതയോടെ അന്വേഷിക്കുന്നു. മനു ഷ്യന്റെ അദ്ധ്വാനത്തിന്റെ ലക്ഷ്യം തന്നെ മിക്കവാറും ഈ രണ്ടുകാര്യങ്ങളുടെ പൂർത്തീകരണമാണ്.

നിങ്ങൾ വിചാരപ്പെടേണ്ട ആവശ്യമില്ല എന്നു പറയാൻ കർത്താവ് ഉദാഹരണമായെടുക്കുന്നത് ആകാശത്തിലെ പറവകളെയാണ്. അവ വിതയ്ക്കുന്നില്ല, കൊയ്യുന്നില്ല, കളപ്പുരയിൽ കൂട്ടിവയ്ക്കുന്നില്ല. സ്വർഗ്ഗസ്ഥനായ പിതാവ് അവയെ പുലർത്തുന്നു. അവയെ ദൈവം പുലർത്തുന്നുവെങ്കിൽ നിങ്ങളെ ദൈവം എത്രയധികം പുലർത്തും?

ദൈവം പുലർത്തും എന്നതിനാൽ അദ്ധ്വാനിക്കേണ്ടതില്ല എന്നാണോ ഇതിനർത്ഥം? ഒരിക്കലുമല്ല. ഒരു രീതിയിൽ പറഞ്ഞാൽ പറവകൾ അദ്ധ്വാനിക്കുന്നുണ്ട്, അവ രാവിലെ എഴുന്നേറ്റ് ഭക്ഷണമുള്ള സ്ഥലത്തേക്ക് പറന്നു പോകുന്നു; ഭക്ഷണം കണ്ടെത്തി അത് അനുഭവിക്കുന്നു. തീർച്ചയായും അത് അദ്ധ്വാനമാണ്. കയ്യും കെട്ടി മടിയനായിരിക്കുന്നവന് ദൈവം അരിയും സാമാനങ്ങളും വീട്ടിലെത്തിച്ചു കൊടുക്കുമെന്നല്ല യേശുപറഞ്ഞത്. അരി വയലുകളിലുണ്ട്; ഭക്ഷണപദാർത്ഥങ്ങൾ നിലങ്ങളിലും... അദ്ധ്വാനിക്കുന്നവന് ദൈവം കൂട്ടാളിയായുണ്ട്. ദൈവം അവനാവശ്യമുള്ളതിനെ നൽകും.

എന്നാൽ അദ്ധ്വാനിക്കുന്നതുകൊണ്ടുമാത്രം എല്ലാം ലഭിക്കണമെന്നില്ല, പലപ്പോഴും നമുക്ക് പറ്റുന്ന പ്രശ്നം, നാം ദൈവത്തിൽ ആശ്രയിക്കുന്നതിന് പകരം നമ്മുടെ "അദ്ധ്വാന"ത്തിൽ ആശ്രയിക്കുന്നു എന്നതാണ്. അദ്ധ്വാനികളായ ഗുജറാത്തിലെ ജനതയ്ക്ക് ഒരു നിമിഷാർദ്ധത്തിൽ എല്ലാം നഷ്ടപ്പെട്ടത് നമ്മുടെ കൺമുമ്പിൽ കണ്ടകാഴ്ചയാണ്. എല്ലാം നഷ്ടപ്പെടാൻ ഒരു ഭൂചലനം മതി!

അദ്ധ്വാനത്തിന്റെ ഫലത്തിലും അനിശ്ചിതത്വം കിടക്കുന്നതുകൊണ്ടാണ് നന്നാ രാവിലെ എഴുന്നേറ്റ് രാത്രിമുഴുകും വരെ പണിയുന്നവനും ആകുലചിത്തനാവുന്നത് (സങ്കീർത്തനം 127:2). സ്വന്തം അദ്ധ്വാനത്തിൽ ചിലപ്പോഴൊക്കെ അവന് അഹങ്കാരം തോന്നാറുണ്ടെങ്കിലും മിക്കപ്പോഴും അവൻ നടത്തുന്നത് ആകുലപ്രവൃത്തിയാണ്. കുറെക്കൂടെ സമ്പാദിച്ചില്ലെങ്കിൽ ഒരു പ്രതിസന്ധിയുണ്ടായാൽ ആരു സഹായിക്കും? ആകുലചിന്തയാൽ അവന് ഉറങ്ങാൻ കഴിയുന്നില്ല. ഉറക്കച്ചടവോടെ രാവിലെ എഴുന്നേറ്റ് വീണ്ടുമവൻ പണിയുന്നു. നമ്മുടെ ഭാവി നമ്മൾ സുരക്ഷിതമാക്കിയാലെ പറ്റൂ എന്നാണ് അവന്റെ ചിന്ത ഒരു പക്ഷേ പ്രാകിക്കൊണ്ടായിരിക്കാം അവൻ പണിയെടുക്കുന്നത്.

എന്നാൽ യഹോവയുടെ പ്രിയൻ അങ്ങനെയല്ല. അവൻ അദ്ധ്വാനിയാണ്, അവൻ ദൈവത്തിൽ ആശ്രയിക്കുന്നവനുമാണ്. വൈകുന്നേരം ജോലിസ്ഥലത്തുനിന്ന് മടങ്ങിവന്നാൽ ഉറങ്ങാനായി അവന് ഉറക്ക ഗുളികയൊന്നും വേണ്ട. ദൈവം തനിക്കായി കരുതുന്നുണ്ട് എന്ന ബോദ്ധ്യം

അവന് സുഖനിദ്ര നൽകുന്നു. എന്തുനേടുവാനായി ദൈവാശ്രയമില്ലാത്തവൻ ആകുല പ്രയത്നം നടത്തുന്നോ, അത് ആകുലചിന്തകളില്ലാത്ത തന്റെ പ്രിയന് കർത്താവ് ഉറങ്ങിക്കിടക്കുമ്പോൾ തന്നെ നൽകുന്നു.

ഭാവിയുടെ സുരക്ഷിതത്വത്തെപ്പറ്റിയുള്ള ബോധ്യമില്ലായ്മയാണ് മിക്ക മനുഷ്യരുടെയും ആകുലതയ്ക്ക് കാരണം. എന്നാൽ കരുതുന്ന സ്വർഗ്ഗസ്ഥ പിതാവിനെക്കുറിച്ചുള്ള ബോധ്യം നമ്മെ സമാധാനചിത്തരാക്കും.

എങ്കിലും, സ്വർഗ്ഗസ്ഥ പിതാവിനെപ്പറ്റി വാചാലമായി പ്രസംഗിക്കുന്നവർ പോലും പലപ്പോഴും അവരവരുടെ ആവശ്യങ്ങൾക്കായി സ്വർഗ്ഗസ്ഥ പിതാവിനെ ആശ്രയിക്കാൻ കൂട്ടാക്കുന്നില്ല? എന്തുകൊണ്ട് ഭക്തി നടിക്കുന്ന പലരും ആകുലചിത്തരാകുന്നു?

ഒരാളിൽ പൂർണ്ണമായും ആശ്രയിക്കണമെങ്കിൽ അയാളിൽ കുറഞ്ഞത് രണ്ടു ഗുണങ്ങൾ നാം ദർശിക്കണം.

1. എന്റെ ആവശ്യങ്ങളിൽ എന്നെ സഹായിക്കത്തക്ക കരുത്ത് അദ്ദേഹത്തിനുണ്ട്.
2. എന്റെ ആവശ്യങ്ങളിൽ എന്നെ സഹായിക്കാനുള്ള മനോഭാവം (കരുണ, മനസ്സലിവ്) അദ്ദേഹത്തിനുണ്ട്.

ഞാൻ പേടിക്കുന്നെങ്കിൽ, ആകുല ചിത്തനാകുന്നെങ്കിൽ ഞാൻ എന്റെ സഹായകന്റെ കരുത്തിലും കരുതലിലും വിശ്വാസമില്ലാത്തവനാണ് എന്നാണർത്ഥം. അങ്ങനെയുള്ളവന് ഉറക്കം വരികയില്ല.

ഭൂമിയും അതിന്റെ പൂർണ്ണതയും ദൈവത്തിന്റേതാണെന്ന് നമുക്കറിയാം. സ്വർഗ്ഗവും സ്വർഗ്ഗാധിസ്വർഗ്ഗവും ദൈവത്തിന്റേത്! അവിടുത്തെ കഴിവിനെപ്പറ്റി, സമ്പത്തിനെപ്പറ്റി നമുക്ക് സംശയിക്കേണ്ടതില്ല. അങ്ങനെ യെങ്കിൽ ദൈവത്തിന്റെ കഴിവിനെപ്പറ്റി നാം ആകുലചിത്തരാ കേണ്ടതുണ്ടോ?

പിന്നെ സംശയമുണ്ടാകാനിടയുള്ളത് ദൈവത്തിന്റെ കരുതലിനെ പ്പറ്റിയാണ്.

കുരികിലുമായി ബന്ധപ്പെടുത്തി മനുഷ്യന്റെ ആകുലതകളുടെ അനാ വശ്യകതയെപ്പറ്റി യേശു മറ്റൊരിക്കൽ സംസാരിച്ചു:

"രണ്ടുകാശിന് അഞ്ച് കുരികിലിനെ വിൽക്കുന്നില്ലയോ, അവയിൽ ഒന്നിനെപ്പോലും ദൈവം മറന്നുപോകയില്ല" (ലൂക്കോസ് 12:6)

ഒരു കാശിന് രണ്ടു കുരികിൽ, രണ്ടുകാശിന് അഞ്ചുകുരികിൽ, രണ്ടുകാശിന് നാലേ കിട്ടാൻ വഴിയുള്ളൂ. ഒരുമിച്ചു വാങ്ങുന്നതിനാൽ

ഒരെണ്ണം ഫ്രീ. ആ കുരികിലിനെയും ദൈവം കരുതുന്നു, പിന്നെ ദൈവം നിങ്ങളെ കരുതുന്നു എന്ന് വിശ്വസിക്കാൻ എന്താണ് പ്രയാസം?

രണ്ടു കുരികിലുകളുടെ സംഭാഷണം ഒരു ഭാവനയായി കേട്ടിട്ടുണ്ട്. മനുഷ്യന്റെ ആകുലതകളും ന്യായികരിക്കാനാവാത്ത അദ്ധ്വാനവും കണ്ടിട്ട് ഒരു കുരികിൽ മറ്റേതിനോട് ചോദിച്ചു “എന്താണ് മനുഷ്യൻ ഉറക്കമില്ലാതെ ആകുലതയോടെ അദ്ധ്വാനിക്കുന്നത്, നമ്മളെ നോക്കൂ നാം എത്ര മനഃസ്സമാധാനത്തോടെ കഴിയുന്നു!”

അതിന് മറ്റേ കുരികിൽ പറഞ്ഞ മറുപടി എന്താണെന്നോ? “നാം മനഃസ്സമാധാനത്തോടെ കഴിയുന്നത് നമ്മെ കരുതുകയും ഓർക്കുകയും ചെയ്യുന്ന ഒരു സ്വർഗ്ഗസ്ഥ പിതാവ് നമുക്കുള്ളതിനാലാണ്. ഈ മനുഷ്യരുടെ ആകുലതകൾ കണ്ടിട്ട് എനിക്കു തോന്നുന്നത് അവർക്ക് കരുതലുള്ള ഒരു സ്വർഗ്ഗസ്ഥ പിതാവ് ഇല്ലെന്നാണ്!!”

പ്രിയമുള്ളവരെ നമ്മുടെ കർത്താവ് നമ്മെ സഹായിക്കാൻ കഴിവുള്ള വനാണ്... അവൻ നമ്മെപ്പറ്റി കരുതലുള്ളവനുമാണ്. അതിനാൽ നമുക്ക് ആകുല ചിന്തകൾ ആവശ്യമില്ല. നമ്മുടെ സകല ചിന്താകുലങ്ങളും അവന്റെ മേൽ ഇട്ടുകൊൾവാൻ അവന്റെ വചനം നമ്മെ പഠിപ്പിക്കുന്നുണ്ട് കരുതുന്ന കർത്താവായ ഒരു ദൈവത്തിൽ വിശ്വസിക്കുകയും ആശ്രയിക്കുകയും ചെയ്യുന്നവൻ സമാധാന ചിത്തനായിരിക്കും മറ്റുള്ളവർ ആകുലതയോടെ അദ്ധ്വാനിച്ച് ഉറക്കം കെടുത്തുമ്പോൾ, സ്വർഗ്ഗസ്ഥ പിതാവിൽ ആശ്രയിക്കുന്ന വ്യക്തിയ്ക്ക് ദൈവം ഉറക്കത്തെ നൽകുന്നു!

# 5

**സങ്കീർത്തനം 51**

**"എന്റെ ലംഘനങ്ങളെ ഞാൻ അറിയുന്നു. എന്റെ പാപം എപ്പോഴും എന്റെ മുമ്പിൽ ഇരിക്കുന്നു" (സങ്കീർത്തനം 51:3).**

# ഹോ ദൈവമേ അതെന്റെ തെറ്റാണ്!

"മേയാ കുൾപാ, മേയാ കുൾപാ, മേയാ മാക്സിമാ കുൾപ" (എന്റ പിഴ, എന്റെ പിഴ, എന്റെ വലിയ പിഴ).

കത്തോലിക്കാസഭയിൽ ഒരാൾ പാപമേറ്റു പറയുമ്പോൾ നടത്തുന്ന അനുതാപ പ്രാർത്ഥനയാണിത്. ചെയ്തത് തെറ്റാണെന്നും അത് യഥാർത്ഥത്തിൽ താൻ തന്നെ ചെയ്തതാണെന്നും, അതിന്റെ പൂർണ്ണ ഉത്തരവാദിത്വം അനുതാപി തന്റെ ഹൃദയത്തിന്റെ ആഴത്തിൽ നിന്ന് ഏറ്റു പറയുന്നു.

എന്നാൽ ഇക്കാലങ്ങളിൽ ആഴത്തിൽ നിന്നുള്ള അനുതാപവാക്കുകൾ തുലോം ചുരുക്കമാണ്. അതിനുള്ള പ്രധാനകാരണങ്ങളിലൊന്ന്, നാം ചെയ്യുന്ന മിക്ക പിഴകളും പാപങ്ങളാണെന്ന ബോധ്യം പോലും നമുക്കില്ല എന്നതല്ലേ?

ഒന്നാമത്, ഇന്നു നാം നമ്മുടെ പിഴവുകളെ 'പാപം' എന്നല്ല വേറെ പേരിട്ടാണു വിളിക്കുന്നത്. ഒരു രാഷ്ട്രീയക്കാരന്റെ അഴിമതിയെ നാമിന്ന് 'നയം' എന്നാണു വിളിക്കുന്നത്! 'മദ്യപാന'ത്തെ നമ്മൾ 'കമ്പനികൂടി' എന്നുപറഞ്ഞ് ലഘൂകരിക്കുന്നു. 'വ്യഭിചാരം' ഇന്നു നമുക്ക് ഒരു 'അഫയർ' മാത്രമാണ്.

അതിലും പരിതാപകരമായ അവസ്ഥ, ഇന്ന് മിക്കപ്പോഴും വ്യക്തികൾ അവർ ചെയ്യുന്ന പാപങ്ങളാൽ ത്തന്നെ ബഹുമാനിക്കപ്പെടുന്നുവെന്നതാണ്.

പണ്ടൊക്കെ അഴിമതിക്കാരായ രാഷ്ട്രീയക്കാരോട് പൊതുജനങ്ങൾക്ക് ഒരു അവജ്ഞയുണ്ടായിരുന്നു. എന്നാലിന്ന് അഴിമതിയിലൂടെ ധനികനാകുന്ന ഒരു രാഷ്ട്രീയനേതാവിനെപ്പറ്റി ജനങ്ങൾ പറയുന്നത്, "അയാളൊരു മിടുക്കനാണ്, അയാൾക്കു സ്വന്തം കാര്യം നോക്കാനറിയാം" എന്നാണ്!

മദ്യപിക്കാൻ കൂട്ടുകൂടുന്ന ഒരു വ്യക്തിയെപ്പറ്റി കൂട്ടുകാർ പറയുന്നത് "അയാൾ സാമൂഹ്യബോധമുള്ളവനാണ്, അല്ലാതെ ആദർശത്തിന്റെ പേരു പറഞ്ഞ് കടുംപിടുത്തം കാട്ടുന്ന സങ്കുചിത മനസ്കനല്ല" എന്നാണ്.

വ്യഭിചാരിയായ ഒരു വ്യക്തി ഇന്നു വിശേഷിപ്പിക്കപ്പെടുന്നത് "ഭാര്യ മക്കൾ എന്നൊക്കെപ്പറഞ്ഞ് കെട്ടിപ്പിടിച്ചിരിക്കുന്ന ആൾ അല്ല, അങ്ങേർ... എല്ലാവരുമായി 'സഹകരിക്കുന്ന' ആൾ!" എന്നാണ്.

ആരുമായും തല്ലുകൂടുന്ന വ്യക്തി ഇന്നു "പൗരുഷ"മുള്ളയാളാണ്. പണമുണ്ടാക്കാനായി ഏതു ചൂതാട്ടബിസിനസിലും ചാടിവീഴുന്നയാൾ ഇന്ന് "ഉത്സാഹി"യാണ്!!

സങ്കീർത്തകൻ പറയുന്നത്, "എന്റെ ലംഘനങ്ങളെ ഞാൻ അറിയുന്നു" എന്നാണ്. എന്നാൽ ആധുനികകാലത്ത് പാപങ്ങളെ നാം വേറെ പേരിട്ടുവിളിക്കുന്നതിനാൽ പലപ്പോഴും നാം ചെയ്യുന്നതിനെ 'ലംഘനം' എന്നറിയാൻ നമുക്കു കഴിയാതെ പോകുന്നു! പാപം മാന്യമായി കണക്കാക്കപ്പെടുന്നിടുത്ത്, അതിൽ മുങ്ങിത്തുടിക്കുന്നവനാണ് മിക്കപ്പോഴും തലയുയർത്തിപ്പിടിച്ചു നടക്കുന്നത്!!

ഇനി ആരെങ്കിലും തങ്ങളുടെ ദോഷചെയ്തികളെ ദൈവവചനത്തിന്റെ അടിസ്ഥാനത്തിൽ മനസ്സിലാക്കിയാൽപോലും അയാളതിനെ 'പാപം' എന്നല്ല "ബലഹീനത" എന്നു വിളിക്കാനാണിഷ്ടപ്പെടുന്നത്. പ്രഗത്ഭനായ ഒരു ശുശ്രൂഷകൻ അറിയപ്പെടുന്ന ദ്രവ്യാഗ്രഹിയോ കലഹക്കാരനോ, വ്യഭിചാരിയോ ആണെങ്കിൽ നാം എന്താണു പറയാറ്? "അയാൾക്ക് അങ്ങനെയൊരു 'ബലഹീനത' ഉണ്ടെങ്കിലും അയാൾക്കു നല്ല 'ശുശ്രൂഷ'യുണ്ട്!' നോക്കുക, വൈറ്റ്വാഷ് ചെയ്യാൻ ഇതിലും നല്ല പദമുണ്ടോ? "അയാൾ പാപിയാണെങ്കിലും നല്ല ശുശ്രൂഷകനാണ്" എന്നു നാം പറയാറില്ലല്ലോ; പാപിക്കു ശുശ്രൂഷിക്കാനാവില്ല എന്നു നമുക്കറിയാം. എന്നാൽ 'ബലഹീന'നു ശുശ്രൂഷിക്കാം (ക്രമേണ ശുശ്രൂഷകൻ 'ബലഹീനത' തന്റെ ശുശ്രൂഷയുടെ ഭാഗമാക്കുന്നു!).

'പാപ'ത്തെ 'ബലഹീനത' എന്നു വിളിക്കുക വഴി നാം പാപത്തിന്റെ ഗൗരവം കുറയ്ക്കുക മാത്രമല്ല, പാപിയിലുണ്ടാകേണ്ട കുറ്റബോധത്തെ ഇല്ലായ്മതന്നെ ചെയ്യുന്നു. അതുകൊണ്ട് മിക്കപ്പോഴും പാപത്തിൽ ജീവിക്കുന്നവന്റെ മുമ്പിലേക്ക് അവന്റെ ലംഘനം വന്നുനിൽക്കുകയില്ല. എന്നാൽ സങ്കീർത്തനക്കാരൻ പറയുന്നത്, "എന്റെ പാപം എപ്പോഴും എന്റെ മുമ്പിൽ ഇരിക്കുന്നു" എന്നാണ്.

ആഴമായ പാപബോധത്തിലേക്ക് ഇന്നു നാം നയിക്കപ്പെടാത്തതിന്റെ മറ്റൊരു കാരണം, പാപത്തെ നാം സാമാന്യവൽക്കരിക്കുന്നു എന്നതാണ്! ഏതു പാപത്തെപ്പറ്റി പറയുമ്പോഴും "ഓ! അത് എല്ലാവരും ചെയ്യുന്നതാണ്" എന്നു പറഞ്ഞ് ആശ്വാസിക്കുന്നു!

കൈക്കൂലിക്കാരനായ വില്ലേജ് ഓഫീസറുടെ ആശ്വാസമെന്താണ്? "താൻ മാത്രമല്ല അതു ചെയ്യുന്നത് വില്ലേജ് ഓഫീസിൽ തൂണുപോലും ഇതു ചെയ്യുന്നുണ്ട്!" കസ്റ്റംസ് ഓഫീസറുടെ കണ്ണുവെട്ടിച്ച് സ്വർണ്ണം കടത്തുന്നവന്റെയും കടയിൽ കള്ളക്കണക്കെഴുതുന്നവന്റെയുമെല്ലാം ആശ്വാസം, താൻ മാത്രമല്ല ഇക്കാര്യങ്ങളൊക്കെ ചെയ്യുന്നത് എന്നാണ്. പലരിലൊരുവൻ മാത്രമാണു താൻ! 'എല്ലാവരും മോഷ്ടിക്കുന്നിടത്ത് ഞാൻ മാത്രമൊരു നേരുകാരനായിട്ട് എന്തു കാര്യം?' ഈ ചിന്തയാണ് "എന്റെ പാപം എപ്പോഴും എന്റെ മുമ്പിൽ" ഇരിക്കാത്തതിനു കാരണം.

എന്റെ പാപത്തിന് മറ്റൊരാളാണു കാരണക്കാരൻ എന്നു പറയുന്നതാണ് നമ്മുടെ അടുത്ത പാതകം! അതു ഞാൻ ചെയ്തതായിക്കാം; എന്നാൽ കുറ്റക്കാരൻ ഞാനല്ല!

തെറ്റിനെ ന്യായീകരിക്കാനുള്ള നമ്മുടെ പ്രവണതയ്ക്ക് ആദിമനുഷ്യന്റെ ചരിത്രത്തോളം പഴക്കമുണ്ട്. ആദ്യപാപം നമ്മുടെ ആദിമാതാപിതാക്കളുടെ വകയായിരുന്നു. എന്നാലത് തങ്ങളുടെ പാപമാണെന്നു സമ്മതിക്കാൻ അവർ ഇരുവരും തയ്യാറല്ലായിരുന്നു.

ദൈവം ആദിമനുഷ്യനോടു ചോദിച്ചു "ആദമേ തിന്നരുതെന്നു ഞാൻ കൽപ്പിച്ച വൃക്ഷഫലം നീ തിന്നുവോ? (ഉൽപ്പത്തി 3:11)

"ഞാൻ തിന്നുപോയി" എന്നല്ല ആദം പറയുന്നത് " എന്നോടുകൂടെ ഇരിപ്പാൻ നീ തന്നിട്ടുള്ള സ്തീ വൃക്ഷഫലം തന്നു, ഞാൻ തിന്നുകയും ചെയ്തു" എന്നാണ്. (ഉൽപത്തി 3:12)

ഇവിടെ ആദം കുറ്റസമ്മതം നടത്തുന്നില്ലെന്നു മാത്രമല്ല, മറ്റൊരാളുടെ മേൽ കുറ്റാരോപണം നടത്തുകയും ചെയ്യുന്നു, ആരുടെമേൽ?

പ്രത്യക്ഷത്തിൽ സ്തീയുടെമേൽ എന്നു തോന്നാം. എന്നാൽ അതു ശരിയല്ല, ആദം കുറ്റാരോപണം നടത്തുന്നത് ദൈവത്തിന്റെ മേലാണ്.

"നീ തന്ന സ്ത്രീയാണ് എനിക്കു വൃക്ഷഫലം തന്നത്. എല്ലാം നീ ഒപ്പിച്ച പണിയാണ്. ഞാൻ ഏകനായിരുന്നപ്പോൾ കുഴപ്പമൊന്നുമുണ്ടായില്ലല്ലോ. നീ എനിക്കു സ്ത്രീയെ തന്നു; അവൾ എന്നെ പ്രലോഭിപ്പിച്ചു. എന്തിനാണു നീ എനിക്കു സ്ത്രീയെ തന്നത്?"

സ്ത്രീ പറയുന്നതെന്താണ്? "പാമ്പ് എന്നെ വഞ്ചിച്ചു, ഞാൻ തിന്നു പോയി" (ഉൽപത്തി 3:13). എല്ലാം നിന്റെ കുഴപ്പമാണ് എന്തിനാണ് നീ ഇങ്ങനെയൊരു ജീവിയെ സൃഷ്ടിച്ചത്? (പാവം പാമ്പുമാത്രം ആരിലും കുറ്റാരോപണം നടത്തുന്നില്ല!).

പാപത്തിൽ വീഴുമ്പോഴൊക്കെ നാം സാഹചര്യങ്ങളെ കുറ്റം പറയാറുണ്ട്. സാഹചര്യങ്ങളെ കുറ്റം പറയുമ്പോൾ യഥാർത്ഥത്തിൽ നാം ദൈവത്തെ കുറ്റം പറയുകയാണ്: "എനിക്ക് അതു ചെയ്യണമെന്നില്ലായിരുന്നു. ദൈവമെ, എന്തിനാണ് നീ എന്നെ ആ സാഹചര്യത്തിലേക്കു തള്ളിവിട്ടത്" എന്നാണു നാം ചോദിക്കുന്നത് "കർത്താവേ, എന്റെ ലംഘനങ്ങളെ ഞാൻ അറിയുന്നു; എന്റെ പാപം എപ്പോഴും എന്റെ മുമ്പിലിരിക്കുന്നു" എന്നുപറയാനുള്ള വിനയം നമുക്ക് ഇല്ലാതെ പോകുന്നു.

പ്രലോഭനങ്ങളിൽ വീണു പാപം ചെയ്യുമ്പോൾ നമുക്ക് ദൈവത്തെ കുറ്റംപറയാൻ കഴിയുമോ?

തെറ്റു ചെയ്യാനുള്ള പ്രലോഭനം ദൈവത്തിൽ നിന്നല്ല എന്ന് വേദപുസ്തകം കൃത്യമായി പഠിപ്പിക്കുന്നു.

"പരീക്ഷിക്കപ്പെടുമ്പോൾ (പ്രലോഭിപ്പിക്കപ്പെടുമ്പോൾ–എന്നതാണ് ശരി, ഇവിടെ പരീക്ഷ ദൈവം നൽകുന്ന പരിശോധനയല്ല. പരിശോധനയെയും പ്രലോഭനത്തെയും നാം വേർതിരിച്ചു കാണണം) താൻ ദൈവത്താൽ പ്രലോഭിപ്പിക്കപ്പെടുന്നു എന്ന് ആരും പറയരുത്. കാരണം ദൈവത്തിന് പാപംകൊണ്ട് (ദോഷങ്ങളാൽ) പരീക്ഷിക്കാൻ കഴിയില്ല. പാപം ചെയ്യാൻ ദൈവം ആരെയും പ്രലോഭിപ്പിക്കുകയുമില്ല. (യാക്കോബ് 1:13–R.S.V. പരിഭാഷ)

ആരെയും പാപം ചെയ്യിക്കാൻ ദൈവത്തിന് ആഗ്രഹമില്ല, അതുകൊണ്ടു തന്നെ, പാപത്തിൽ വീഴേണ്ടതിന് ദൈവം ആരേയും പ്രലോഭിപ്പിക്കുകയില്ല, പിന്നെങ്ങനെ നമുക്ക് "ദൈവമേ അങ്ങനെയൊരു സാഹചര്യത്തിലേക്ക് നീ എന്തിനെന്നെ തള്ളിവിട്ടു" എന്നു ചോദിക്കാനാവും?

പാപത്തിന്റെ സാഹചര്യത്തിലേക്ക്, പ്രലോഭനത്തിലേക്ക് നമ്മെ നയിക്കുന്നത് ദൈവമല്ലെങ്കിൽ പിന്നെ ആരാണ് അതിലേക്ക് നമ്മെ വലിച്ചിഴയ്ക്കുന്നത്?

യാക്കോബ് അപ്പോസ്തലൻ പറയുന്നത്, അത് നമ്മുടെ സ്വന്തമോഹങ്ങൾ തന്നെ എന്നാണ്. "ഓരോരുത്തൻ സ്വന്തമോഹങ്ങളാൽ (ലോകത്തിന്റെയും ജനത്തിന്റെയും ഇച്ഛകളാൽ) ആകർഷിക്കപ്പെടുകയും വലിച്ചിഴയ്ക്കപ്പെടുകയും ചെയ്യുന്ന തിനാൽ പ്രലോഭിപ്പിക്കപ്പെടുന്നു" (യാക്കോബ് 1:14)

അപ്പോൾ നമ്മുടെ പാപത്തിനു നമ്മൾ തന്നെയാണു കുറ്റക്കാരൻ. ആരെയും പഴിചാരുവാൻ നമുക്ക് അവകാശമില്ല, അതിനാൽ പാപത്തെ പാപമെന്നു വിളിച്ച് നമുക്ക് ദൈവത്തോടുപറയാൻ കഴിയണം: കർത്താവെ, അതു ഞാൻ ചെയ്തതാണ്; അതെന്റെ പിഴയാണ്.

ദാവീദ് ബത്ശേബയുമായി പാപം ചെയ്തു (അതാണല്ലോ ഈ സങ്കീർത്തനരചനയുടെ പശ്ചാത്തലമായി കുറിച്ചിരിക്കുന്നത്) എന്നാൽ ആദ്യസമയങ്ങളിൽ ദാവീദിന് കുറ്റബോധമൊന്നും ഉണ്ടായിരുന്നില്ല. "എല്ലാ രാജാക്കന്മാരും ചെയ്യുന്നത്" എന്ന് ഒരുപക്ഷെ അവൻ ആശ്വസിച്ചുകാണും; അല്ലെങ്കിൽ, "മാളികമുകളിൽ ഉലാവുവാൻ തോന്നിയ നിമിഷത്തെ അവൻ പഴിച്ചുകാണും! പെട്ടെന്ന് അവൻ തന്റെ പാതകത്തെ മറന്നു. അവന്റെ പാപം അവന്റെ മുന്നിലിരുന്നില്ല. അവൻ പാപത്തിൽ തുടരാൻ അതു കാരണമായി.

ബത്ശേബയെ പരിഗ്രഹിച്ച് അവൻ വ്യഭിചാരം ചെയ്തെങ്കിൽ അവളെ സ്വന്തമാക്കാൻ വേണ്ടി അവളുടെ ഭർത്താവായ ഊരിയാവിനെ കൊല്ലിച്ച് ദാവീദ് കൊലപാതകവും ചെയ്തു!

പാപം ഒരു വിത്തുപോലെയാണ്. അതു കിളിർത്തുതുടങ്ങിയാൽ വളർന്നുകൊണ്ടേയിരിക്കും, എന്നാൽ ദാവീദ് തന്റെ പാപത്തെ ഗൗരവമായെടുത്തില്ല. അവൻ മറ്റു പേരിട്ട് അതിനെ വിളിച്ചു; പാപത്തെ സാമാന്യവൽക്കരിച്ചു, പാപത്തെ ന്യായീകരിച്ചു.

ജനങ്ങളും അവനെ കുറ്റം വിധിച്ചില്ലായിരിക്കാം, രാജാവിന്റെ പാപത്തെ മാന്യതയായി പ്രകീർത്തിച്ചവരുമുണ്ടാകാം. കൊല്ലപ്പെട്ട ഒരു സൈനികന്റെ ഭാര്യയെ രാജ്യത്തിലെ റാണിയാക്കിയ പ്രവൃത്തിയെ പ്രകീർത്തിച്ച് പാണന്മാർ പാട്ടുണ്ടാക്കിയിരിക്കാം. എന്നാൽ ദൈവം അതിനെ പാപമായിത്തന്നെ കണ്ടു (2 ശമുവേൽ 11:27). എന്റെ പാപങ്ങൾ പാപമാകുന്നത് ജനങ്ങൾ അതിനെ പാപം എന്നു വിളിക്കുമ്പോഴല്ല ദൈവം അതിനെ പാപമെന്നു വിളിക്കുമ്പോഴാണ്!

യഹോവ നാഥാൻ പ്രവാചകനെ ദാവീദിന്റെ അടുക്കൽ അയച്ചു; നാഥാൻ കഥയിലൂടെ കാര്യം പറഞ്ഞു (2 ശമുവേൽ 12) തെറ്റു ബോധ്യപ്പെട്ടപ്പോൾ ദാവീദ് ഒരു നിമിഷംപോലും പാഴാക്കാതെ തന്റെ പാപം ഏറ്റു പറഞ്ഞു. (വാക്യം. 13)

ദാവീദ് കരയുവാൻ തുടങ്ങി... അവന്റെ കരച്ചിലാണ് 51-ാം സങ്കീർത്തനം.

അവന്റെ ലംഘനങ്ങളെ അവൻ 'അറിഞ്ഞു.' അതിനെ പാപമെന്നുതന്നെ വിളിച്ചു; ഒട്ടും ന്യായീകരണത്തിനു മുതിർന്നില്ല. "എനിക്കറിയാം കർത്താവെ, അത് എന്റെ ലംഘനമാണ്... അതെന്റെ കൺമുമ്പിൽ നിന്നു മായുന്നില്ല. ഹോ! എന്റെ പാപം എപ്പോഴും എന്റെ മുമ്പിൽ ഇരിക്കുന്നു... എന്റെ പിഴ, എന്റെ പിഴ, എന്റെ വലിയ പിഴ...!" 'ദൈവത്തിന്റെ ഹൃദയപ്രകാരമുള്ള മനുഷ്യൻ' എന്നു വിശേഷിപ്പിക്കപ്പെട്ട ദാവീദ്, ദൈവത്തിന്റെ ഹൃദയം വിട്ട് ചെയ്ത പാപം, അവന്റെ ഹൃദയത്തെ കുത്തിമുറിവേൽപ്പിച്ചപ്പോൾ ആഴമായ പാപബോധത്തോടെ, അനുതാപത്തോടെ അവൻ ദൈവസന്നിധിയിൽ കരഞ്ഞു; പാപക്ഷമയ്ക്കായി അപേക്ഷിച്ചു, ദൈവം അവന്റെ പാപത്തെ മോചിച്ചു (2 ശമുവേൽ 12:13).

ദൈവികധാരയിലാണു നാം എന്നാണ് നമ്മുടെയും ചിന്ത. പാപത്തെ വേറെ പേരിട്ടു വിളിച്ച് നാം അതിനെ താലോലിച്ചു കൊണ്ടുനടക്കുകയാണ്. എന്നാൽ ഇന്നു നമുക്ക് ഏറ്റം അത്യാവശ്യമായിരിക്കുന്നത് നമ്മുടെ പാപ ത്തെ 'അറിയുക' എന്നതാണ്; അതിനെ പാപമെന്നുതന്നെ വിളിക്കുകയാണ്; അത് കൺമുമ്പിൽ നിന്നു മായാത്തത്ര ആഴത്തിൽ പാപബോധംകൊണ്ട് മനസ്സ് നിറയുകയാണ്... എങ്കിലേ നമുക്ക് ആഴമായ അനുതാപമുണ്ടാകൂ; എങ്കിലേ നമുക്ക് ദാവീദിനെപ്പോലെ മടങ്ങിവരാനാകൂ; എങ്കിലേ നമുക്ക് ദൈവികധാരയിൽ മുന്നേറാനാകൂ!

6

സങ്കീർത്തനം 51

"അവൻ ആഗ്രഹിച്ചത് അവൻ അവർക്കു കൊടുത്തു" (സങ്കീർത്തനം 78:29)

# "കൊതി" തീർക്കുന്ന ദൈവം!

ആധുനികകാലത്ത് സമൃദ്ധിയുടെ പ്രവാചകന്മാർ നമ്മുടെ പ്രാർത്ഥനയുടെ ഋജുതയെപ്പറ്റി വാചാലരാകാറുണ്ട്.

എന്താണു നിങ്ങൾ ആഗ്രഹിക്കുന്നത്? അത് ദൈവത്തോടു പറയൂ. കാർ ആണോ, ഏതു കാർ? മോഡൽ? നിറം? എന്തും ചോദിച്ചോളൂ ദൈവത്തിന്റെ ഫാക്ടറിയിൽ എല്ലാം റെഡി.

ആഗ്രഹിക്കുന്നതെല്ലാം കിട്ടുന്ന അവസ്ഥ എത്ര രസകരമായിരിക്കും. അല്ലേ? അങ്ങനെയെങ്കിൽ ദൈവത്തെ കുറേക്കൂടെ ആരാധിക്കാനോ, വേണ്ടിവന്നാൽ ഉപവാസമെടുക്കാനോ നമുക്കു ബുദ്ധിമുട്ടുണ്ടാവുകയില്ല.

ആഗ്രഹിക്കുന്നതൊക്കെ ദൈവം തരുമോ?

"നിങ്ങൾ മോഹിച്ചിട്ടും പ്രാപിക്കുന്നില്ല" (ആഗ്രഹിച്ചിട്ടും ലഭിക്കുന്നില്ല) എന്ന് യാക്കോബ് അപ്പൊസ്തലൻ പറയുന്നുണ്ട് (യാക്കോബ് 4:2). എന്നാൽ സങ്കീർത്തനക്കാരൻ പറയുന്നത് മറ്റൊന്നാണ്,

"അങ്ങനെ അവർ തിന്നു തൃപ്തരായിത്തീർന്നു; അവർ ആഗ്രഹിച്ചത് അവൻ അവർക്കു കൊടുത്തു." (സങ്കീർത്തനം 78:9)

യിസ്രായേലിന്റെ ചരിത്രത്തിൽ ദൈവം ചെയ്ത ചില കാര്യങ്ങളുടെ വിശകലനമാണ് ഈ സങ്കീർത്തനം.

ദൈവം യിസ്രായേലിനെ മിസ്രയീമിൽ നിന്നു വിടുവിച്ച് മരുഭൂമിയിലൂടെ നടത്തി, അവർക്കു ദാഹിച്ചപ്പോൾ ദൈവം അവർക്ക് പാറയെ പിളർന്ന് വെള്ളം കൊടുത്തു. ഭക്ഷണത്തിനും അവർക്ക് വലിയ ബുദ്ധിമുട്ടില്ലായിരുന്നു എന്നുവേണം കരുതാൻ. എന്നാൽ യിസ്രായേൽ അസംതൃപ്തരായ ഒരു ജനമായിരുന്നു.

അസംതൃപ്തി നന്ദികേടിന്റെ പ്രതിഫലനമാണ്. യിസ്രായേലിന്റെ ചരിത്രം മുഴുവൻ പഠിച്ചാൽ നമുക്കറിയാവുന്ന ഒരു കാര്യം അവർ നന്ദി പ്രകാശിപ്പിക്കുന്നതിൽ വളരെ വിമുഖരായിരുന്നു എന്നാണ്. ശുദ്ധരായിത്തീർന്ന പത്തു കുഷ്ഠരോഗികളിൽ യിസ്രായേല്യരായ ഒമ്പതു പേരാണല്ലോ നന്ദികെട്ടവരായി പ്രവർത്തിക്കുന്നത്! (ലൂക്കോസ് 17:11-19). ചെങ്കടൽ കടന്നെത്തിയ ജനം ചില ദിവസങ്ങൾക്കുള്ളിൽ അശൂർ മരുഭൂമിയിൽവച്ച് ദൈവത്തോട് പിറുപിറുക്കുന്നു (പുറപ്പാട് 15:23-24). ഫറവോന്റെ സൈന്യം വേട്ടയാടിയപ്പോൾ അവരിൽനിന്നും രക്ഷിച്ച് ചെങ്കടലിലെ ഉണങ്ങിയ നിലത്തിലൂടെ ദൈവം നടത്തിയ വഴികൾക്ക് ദൈവത്തോടു നന്ദിയുള്ളവരായിരിക്കാൻ അവർക്കു കഴിഞ്ഞില്ല. മാറായിലെ മധുരവെള്ളം കുടിച്ച് എലീമിൽനിന്ന് ഈന്തപ്പഴം കഴിച്ച് സീൻ മുഭൂമിയിലെത്തിയതോടെ വീണ്ടും നന്ദികേടിന്റെ പ്രതിഫലനമായി അവർ പിറുപിറുക്കുകയാണ് (പുറപ്പാട് 16:2).

അവരുടെ ‘മത്സര’വും പിറുപിറുപ്പും പലപ്പോഴും അതിന്റെ ഉച്ചസ്ഥായിയിലെത്തുന്നത് അവർ മരുഭൂമിയിലായിരിക്കുമ്പോഴാണ് എന്നു തോന്നുന്നു. എലീമിൽവെച്ച് അവർ പിറുപിറുക്കുന്നില്ലല്ലോ. സാഹചര്യങ്ങൾ എല്ലാം അനുകൂലമായിരിക്കുമ്പോൾ പിറുപിറുപ്പില്ല. അൽപം ചൂട്... അല്ലെങ്കിൽ വിശപ്പ്... യിസ്രായേൽ തനിസ്വഭാവം പുറത്തെടുക്കുകയായി. അതുവരെ ദൈവം ചെയ്തത് എല്ലാം അവർ മറക്കുന്നു. അവർ നന്ദികെട്ടവരായിത്തീരുന്നു അവർ പിറുപിറുപ്പുള്ളവരായിത്തീരുന്നു.

യിസ്രയേൽ മിക്കപ്പോഴും ദൈവത്തോടു പിറുപിറുക്കുന്നത് അവരുടെ ആവശ്യങ്ങൾ ദൈവം നിർവ്വഹിക്കാത്തതിനാലല്ല. അവരുടെ ദുരാഗ്രഹങ്ങൾ ദൈവം നൽകാത്തതിനാലാണ്. “അവരുടെ ഇടയിലുള്ള സമ്മിശ്രജാതി ദുരാഗ്രഹികളായി” എന്നാണ് സംഖ്യാപുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത് (സംഖ്യ 11:4)

നമ്മുടെ ആവശ്യങ്ങളെ നിർവ്വഹിച്ചുതരുന്നൊരു ദൈവമാണ് നമുക്കുള്ളത്. ആവശ്യങ്ങളെ നാം സ്തോത്രത്തോടെ അറിയിച്ചാൽ

മാത്രം മതി (ഫിലിപ്യർ 4:6) നമ്മുടെ ആവശ്യങ്ങളെക്കുറിച്ച് വ്യക്തമായ അറിവുള്ളവനാണ് നമ്മുടെ സ്വർഗ്ഗസ്ഥ പിതാവ് (മത്തായി 6:33)! അവിടുന്ന് നമ്മുടെ ബുദ്ധിമുട്ട് ഒക്കെയും മഹത്വത്തോടെ തന്റെ ധനത്തിനൊത്തവണ്ണം ക്രിസ്തുയേശുവിൽ പൂർണ്ണമായി തീർത്തുതരും (ഫിലിപ്യർ 4:19)!

ആവശ്യങ്ങളെ ദൈവത്തോടു ചോദിക്കുന്നത് നല്ല കാര്യം, എന്നാൽ യിസ്രായേൽ മക്കൾ എന്താണു ചോദിച്ചത്?

"തങ്ങളുടെ കൊതിക്ക് ഭക്ഷണം ചോദിച്ചുകൊണ്ട് അവർ ദൈവത്തെ പരീക്ഷിച്ചു." (സങ്കീർത്തനം 78:18)

എന്തായിരുന്നു വാസ്തവത്തിൽ സംഭവിച്ചത്? സീൻ മരുഭൂമിയിൽ വച്ച് യിസ്രായേൽ ജനം യഹോവയോട് പിറുപിറുക്കുന്ന വാക്കുകൾ നമുക്കു ശ്രദ്ധിക്കാം.

"...യിസ്രായേൽ മക്കൾ വീണ്ടും കരഞ്ഞുകൊണ്ട് ഞങ്ങൾക്കു തിന്മാൻ ഇറച്ചി ആർ തരും? ഞങ്ങൾ മിസ്രയീമിൽവച്ചു വിലകൂടാതെ തിന്നിട്ടുള്ള മത്സ്യം, വെള്ളരിക്കാ, മത്തങ്ങ, ഉള്ളി, ചുവന്നുള്ളി, ചിറ്റുള്ളി എന്നിവ ഞങ്ങൾ ഓർക്കുന്നു. ഇപ്പോഴോ ഞങ്ങളുടെ പ്രാണൻ പൊരിഞ്ഞിരിക്കുന്നു. ഈ മന്നാ അല്ലാതെ ഒന്നും കാണ്മാനില്ല എന്നു പറഞ്ഞു" (സംഖ്യ 11:4–6).

മിസ്രയീമിലെ ഭക്ഷണത്തെപ്പറ്റി അവർ മഹിമയായി സംസാരിക്കുന്നു. മന്നായെക്കാൾ ശ്രേഷ്ഠമായിരുന്നു അത് എന്ന് അവർ പറയുന്നു. തന്നെയുമല്ല, അവർക്കത് "വിലകൊടുക്കാതെ" കിട്ടുകയും ചെയ്തിരുന്നു...

എന്നാൽ, എന്താണ് വാസ്തവം? യിസ്രായേൽ മിസ്രയീമിൽ അടിമകളായിരുന്നു എന്നോർക്കണം. അടിമപ്പണി ചെയ്തതിന് അവർക്കു കിട്ടിയ റേഷനാണ് ഈ ഉള്ളിയും ചിറ്റുള്ളിയും വെള്ളരിക്കായും മത്തങ്ങായും!! എല്ലു മുറിയെ പണിയെടുക്കുന്നതിനുള്ള കൂലി!! മിസ്രയീമിൽ ഉള്ളി സൗജന്യമായി കിട്ടി എന്നു പറയുന്നത് ജയിലിൽ ഗോതമ്പുണ്ട ഫ്രീയായിരുന്നു എന്നു പറയുന്നതുപോലേയുള്ളൂ.

ഇപ്പോൾ ഇസ്രയേൽ മക്കൾക്ക് ഭക്ഷണമായി ആവശ്യത്തിനു മന്നാ കിട്ടുന്നുണ്ട്. എന്നാൽ അവർക്കതു മടുത്തു. ഉള്ളിയായിരുന്നു ഭേദം എന്നവർ പറയുന്നു. 'മന്നാ അല്ലാതെ വേറെ ഒന്നുമില്ലേ' എന്നാണവരുടെ നിലവിളി!

മന്നാ അത്ര മോശമാണോ? എന്താണു മന്നാ? മന്നായെപ്പറ്റിയുള്ള വിവരണങ്ങൾ ശ്രദ്ധിക്കുക.

“അവൻ മീതെ മേഘങ്ങളോടു കൽപ്പിച്ചു; ആകാശത്തിന്റെ വാതിലുകളെ തുറന്നു, അവർക്കു തിന്മാൻ മന്ന വർഷിപ്പിച്ചു, സ്വർഗ്ഗീയധാന്യം അവർക്കു കൊടുത്തു. മനുഷ്യർ ശക്തന്മാരുടെ അപ്പം തിന്നു. അവൻ അവർക്കു തൃപ്തിയാകുംവണ്ണം ആഹാരം അയച്ചു” (സങ്കീർത്തനം 78:23-25)

‘ശക്തന്മാരുടെ ആഹാരം’ എന്നാൽ ദൂതന്മാരുടെ ആഹാരമാണ് (bread of the angels-RSV) അത് കുറച്ചൊന്നുമല്ല, മഴ പോലെ വർഷിപ്പിക്കുകയായിരുന്നു. (rained down) തൃപ്തിയാവോളം അതു നൽകി.

വേണ്ടുവോളം ഭക്ഷണം-ദൂതന്മാരുടെ ആഹാരം! എന്നാൽ മന്നാ കൊണ്ടു സംതൃപ്തരാകാൻ യിസ്രയേൽമക്കൾ തയ്യാറല്ലായിരുന്നു.

മന്നാ രുചിയേറിയ ഭക്ഷണവുമായിരുന്നു-എണ്ണ ചേർത്തുണ്ടാക്കിയ ദോശപോലെ! (സംഖ്യ 11:8). പോഷകസമ്പുഷ്ടവും രുചികരവുമായ ഭക്ഷണത്തിൽ അവർക്ക് തൃപ്തിപ്പെടാമായിരുന്നു എന്നാൽ യിസ്രായേൽ മക്കൾ അടിസ്ഥാനപരമായി അസംതൃപ്തരായിരുന്നു. അവർക്ക് ഇറച്ചിയോട് ‘കൊതി’ തോന്നി (പുറപ്പാട് 16:3)

നിലവിലുള്ള സൗകര്യങ്ങളിൽ അസംതൃപ്തി തോന്നുന്നതാണ് ‘കൊതി’ക്കു കാരണം. അക്കാര്യത്തിൽ യിസ്രായേൽമക്കൾ മാത്രമല്ല നമ്മളിൽ മിക്കവരും തെറ്റുകാരാണ്, പുതിയതോരോന്നു കാണുമ്പോഴും നമ്മുടെ സൗകര്യങ്ങൾ ഒന്നുമല്ലെന്ന നൊമ്പരം, പിറുപിറുപ്പ്...! “കൊതി” യാണ് എല്ലാത്തിനും പിന്നിൽ. പിന്നെ, പ്രാർത്ഥനയായി-നമ്മെ കൊതി പ്പിക്കുന്ന വസ്തുവിന്റെ ലഭ്യതയ്ക്കായി!

കൊതി മിക്കപ്പോഴും എന്നല്ല, എല്ലായ്പ്പോഴും പിറുപിറുപ്പുതന്നെയാണ് പുറത്തുകൊണ്ടുവരുന്നത്!

“ദൈവമേ എന്തൊരു കഷ്ടമാണിത്? ഇക്കാലത്ത് ഏതെങ്കിലും ഉപ ദേശി സൈക്കിളിൽ നടക്കുന്നത് നീ കണ്ടിട്ടുണ്ടോ? ഞാൻ ഇത്രയും വിശ്വസ്തതയോടെ നിന്നെ സേവിച്ചിട്ടും എന്താ നീയെനി ക്കൊരു സ്കൂട്ടർ തരാത്തത്? “ദൈവമേ തുണിയലക്കി ഞാൻ മടുത്തു ഒരു വാഷിംഗ് മെഷീൻ എനിക്കു തന്നാലെന്താ നിനക്ക്?”, “ദൈവമെ എത്ര നാളായി ഞങ്ങൾ വാടകവീടു മാറിമാറി നടക്കുന്നു. ഒരു കരുതലുമില്ലേ നിനക്ക്?” എന്നൊക്കെയാണു നാം പ്രാർത്ഥിക്കുന്നത്. കൊതിയും പിറുപി റുപ്പും ഇരട്ട സഹോദരന്മാരാണ്!

ദൈവം നമ്മെ നയിക്കുന്ന സാഹചര്യങ്ങളിൽ സംതൃപ്തരായിരിക്കാൻ കഴിയുന്നതാണ് പിറുപിറുപ്പൊഴിവാക്കാനുള്ള ഏകമാർഗം; പൗലോസ് പറയുന്നതും ശ്രദ്ധിക്കുക:

"ഏത് അവസ്ഥയിലും ഒരുപോലെ സംതൃപ്തനായിരിക്കാൻ ഞാൻ പഠിച്ചിട്ടുണ്ട്. ഒന്നുമില്ലാത്ത അവസ്ഥയിൽ എങ്ങനെ കഴിയണമെന്നു ഞാൻ പഠിച്ചിട്ടുണ്ട്. സമൃദ്ധി എങ്ങനെ കൈകാര്യം ചെയ്യണമെന്നും ഞാൻ പഠിച്ചിട്ടുണ്ട്. ഏതൊരു സാഹചര്യത്തിലും- സുഭിക്ഷതയെയും വിശപ്പിനെ യും, സമൃദ്ധിയെയും ബുദ്ധിമുട്ടിനെയും കൈകാര്യം ചെയ്യാനുള്ള വഴി എനിക്കറിയാം" (ഫിലിപ്യർ 4:11,12-RSV)

എല്ലാവരും അതു പഠിക്കുന്നില്ല. മിക്കവരും 'കൊതി' നിറഞ്ഞവരായി പിറുപിറുപ്പോടെ ദൈവത്തെ നേരിടുന്നു, ദൈവം അങ്ങനെയുള്ളവരോട് എങ്ങനെയായിരിക്കും ഇടപെടുക?

ദൈവം അവന് 'കൊതി തീരുവോളം' കൊടുക്കുന്നു, എന്നാണ് നമുക്കു കാണാൻ കഴിയുന്നത്. യിസ്രായേൽമക്കൾ കൊതിയോടെ ഇറച്ചിക്കായി ദൈവത്തോടു ചോദിച്ചു. ദൈവം പറയുന്നതു ശ്രദ്ധിക്കുക:

"നിങ്ങൾ ഇറച്ചി തിന്നും; 'ഞങ്ങൾക്കു തിന്നാൻ ഇറച്ചി ആർ തരും? മിസ്രയീമിൽ ഞങ്ങൾക്കു നന്നായിരുന്നു' എന്നു നിങ്ങൾ പറഞ്ഞ് യഹോവ കേൾക്കെ കരഞ്ഞുവല്ലോ. ആകയാൽ യഹോവ നിങ്ങൾക്ക് ഇറച്ചി തരികയും നിങ്ങൾ തിന്നുകയും ചെയ്യും... അതു നിങ്ങളുടെ മൂക്കിൽ കൂടെ പുറപ്പെട്ട് നിങ്ങൾക്ക് ഓക്കാനം വരുവോളം നിങ്ങൾ തിന്നും" (സംഖ്യാ 11:18-20).

പിറുപിറുക്കുന്നവന് ദൈവം അവൻ കൊതിക്കുന്നതു നൽകും. എന്നാൽ അത് അഭികാമ്യമായ കാര്യമാണോ?

പലരും ഞങ്ങൾ ചോദിച്ചതെല്ലാം ദൈവം നൽകി എന്നു വീമ്പിള ക്കുമ്പോൾ എനിക്ക് പേടിയാണ് തോന്നാറ്. കാരണം ദൈവം ഒരാളുടെ കൊതി മുഴുവൻ തീർത്തുകൊടുക്കുന്നുവെങ്കിൽ അയാളെ ദൈവം കൈവിട്ടുവെന്നാണ് എന്റെ ചിന്ത. പലപ്പോഴും വധിക്കപ്പെടുന്നവനു (തൂക്കിക്കൊല്ലുവാൻ കൊണ്ടുപോകുന്നവന് ലഭിക്കുന്ന കൊലച്ചോറുപോ ലെയാണ് അവൻ കൊതിച്ചത് അവനു കിട്ടുന്നത്.

"മരുഭൂമിയിൽ വെച്ച് അവർ ഏറ്റവും മോഹിച്ചു, നിർജ്ജനപ്രദേശത്ത് അവർ ദൈവത്തെ പരീക്ഷിച്ചു. അവൻ അപേക്ഷിച്ചത് അവൻ അവർക്കു കൊടുത്തു. എങ്കിലും അവരുടെ പ്രാണനു ക്ഷയം അയച്ചു..." (സങ്കീർത്തനം 106:14,15).

യിസ്രായേൽമക്കൾക്ക് ഇറച്ചി കിട്ടി... കർത്താവു പറഞ്ഞതു പോലെ, അവർ ഇറച്ചി 'മൂക്കറ്റം' തിന്നു. "എന്നാൽ ഇറച്ചി അവരുടെ പല്ലിന്നിടയിൽ ഇരിക്കുമ്പോൾ തന്നെ, അതു ചവച്ചിറക്കും മുമ്പുതന്നെ

യഹോവയുടെ കോപം ജനത്തിന്റെ നേരെ ജ്വലിച്ചു; യഹോവ ജനത്തെ ഒരു മഹാബാധകൊണ്ടു സംഹരിച്ചു" (സംഖ്യാ 11:31-34)

കൊതിവരുത്തുന്ന വിന എത്ര ഭീകരം! "ഞാൻ കൊതിച്ചതെല്ലാം ദൈവം എനിക്കു നൽകി" എന്നു വീമ്പിളക്കുന്നതിനെക്കാൾ നല്ലത്, കൊതി വിന യാകും മുമ്പ് അതിന്റെ വഴി തിരിച്ചറിഞ്ഞ് അവയെ ഉപേക്ഷിക്കുന്നതല്ലേ?

എല്ലാം ആരംഭിക്കുന്നത് അസംതൃപ്തിയിൽ നിന്നാണ്, ദൈവം നൽകുന്ന സാഹചര്യങ്ങളിൽ സംതൃപ്തനല്ലാത്തവൻ ദൈവത്തോടു നന്ദിയില്ലാത്ത വനാണ്. അവൻ കൂടുതൽ കൊതിക്കുന്നത് ദുരാഗ്രഹംകൊണ്ടാണ്. കൊതിയും പിറുപിറുപ്പും ഇരട്ടസഹോദങ്ങളായതിനാൽ കൊതിക്കു പുറകെ പിറുപിറുപ്പുണ്ടാവാതെ വരില്ല. പിറുപിറുക്കുന്നവന്റെ കൊതി ദൈവം തീർത്തു തന്നേക്കാം. എന്നാൽ അതിനു പിന്നാലെ വരുന്നത് പ്രാണന്റെ ക്ഷയമാണ്!!

7

**സങ്കീർത്തനം 121**

**"യിസ്രയേലിന്റെ പരിപാലകൻ മയങ്ങുകയില്ല, ഉറങ്ങുകയുമില്ല" (സങ്കീർത്തനം 121:4)**

# ഒന്നു മയങ്ങുകപോലും ചെയ്യാത്ത ദൈവം!

വാഴകൃഷി തകൃതിയായി നടക്കുന്ന കാലം! ഏത്തവാഴകൾ കുലച്ച് പാകമായി നിൽക്കുന്നു. ഓരോ ചന്തദിനത്തിലും കുറെയേറെ കുലകൾ വെട്ടിവിൽക്കാനുണ്ട്. ഉടമസ്ഥന്റെ മനസ്സിൽ സന്തോഷം തിരതല്ലി, ദൈവം തന്റെ അധ്വാനത്തെ മാനിച്ചിരിക്കുന്നു.

പാകമായ വാഴക്കുലകളിൽ കള്ളന്മാരും നോട്ടമിട്ടിട്ടുണ്ട്. അത് ഉടമസ്ഥനറിയാം. അതുകൊണ്ടാണ് മാടം കെട്ടി രാത്രികാലങ്ങളിൽ അയാൾ ഏത്തവാഴകൾക്കു കാവലിരിക്കുന്നത്.

ഒരു രാത്രിയിൽ കാവലിരിക്കുമ്പോൾ ഉടമസ്ഥന് വല്ലാതെ ഉറക്കം വന്നു. കണ്ണ് വലിച്ചു തുറന്നുവച്ചിട്ടും അടഞ്ഞുപോകുന്നു. അയാൾ ഇങ്ങനെ പ്രാർത്ഥിച്ചു.

"എന്റെ കർത്താവേ, 'യിസ്രയേലിന്റെ പരിപാലകൻ മയങ്ങുകയില്ല, ഉറങ്ങുകയുമില്ല' എന്നാണല്ലോ ഞാൻ പഠിച്ചിട്ടുള്ളത്. എനിക്കു വല്ലാതെ ഉറക്കം വരുന്നു, വെറുതേ നമ്മൾ രണ്ടുപേരും ഒരുമിച്ച് എന്തിന് ഉറക്കിളയ്ക്കുന്നു...? അതുകൊണ്ട് ഞാനിതാ ഉറങ്ങാൻ പോകുന്നു..."

കഥയിലെ തമാശ ആസ്വദിച്ചോളൂ, എന്നാൽ ആത്മാർത്ഥതയോടെയാണ് അയാളത് പ്രാർത്ഥിക്കുന്നതെങ്കിൽ അയാൾ നമ്മിൽ പലരെക്കാളും ആഴത്തിലുള്ള വിശ്വാസമുള്ളയാളാണ്.

ഉറങ്ങാത്ത, ഒന്നുമയങ്ങുകപോലും ചെയ്യാത്തയാളാണ് തന്റെ ദൈവം എന്ന് അയാൾ ഉറച്ചു വിശ്വസിക്കുന്നു. ദൈവം ഉറങ്ങാത്തയാളാണെന്ന വിശ്വാസം നമ്മിലെത്ര പേർക്കുണ്ട്? പലപ്പോഴും ദൈവം ഉറങ്ങിപ്പോയാലോ എന്ന ഭീതിയല്ലേ നമ്മുടെ ആധികൾക്കു കാരണം?

ഉറങ്ങാത്ത ഒരു ദൈവമുണ്ടെന്ന തിരിച്ചറിവ് നമുക്ക് വളരെ ആശ്വാസം നൽകേണ്ടതാണ്. വാസ്തവത്തിൽ നമുക്ക് ഉറങ്ങാൻ കഴിയുന്നതു തന്നെ ദൈവം ഉറങ്ങാതെയിരിക്കുന്നു എന്നതിനാലാണ്.

മതങ്ങൾ നമുക്കു പരിചയപ്പെടുത്തിത്തരുന്നത് ഉറങ്ങുന്ന ദൈവങ്ങളെയാണ്. രാജാക്കന്മാരുടെ പുസ്തകത്തിൽ അങ്ങനെയൊരു ദൈവത്തെ നാം കാണുന്നുണ്ട്.

സത്യദൈവത്തിന്റെ അത്ഭുതകരത്താൽ മിസ്രയീമിൽനിന്നു വിണ്ടെടുക്കപ്പെട്ട യിസ്രയേൽ വാഗ്ദത്തനാട്ടിൽ അന്യദൈവാരാധികളായി. ‘ബാൽ’ ആയിരുന്നു അവരുടെ ഇഷ്ടദൈവം. യഹോവയുടെ പ്രവാചകനായ ഏലിയാവ് ഒരു ദിവസം ജനത്തോടു പറഞ്ഞു: “രണ്ടു തോണിയിൽ കാൽ ചവിട്ടുന്നതു നിർത്തുവിൻ. സത്യദൈവത്തെ തിരിച്ചറിയുക-യഹോവയോ, ബാലോ... ഒരാളെ പിൻപറ്റുക!”

സത്യദൈവത്തെ തിരിച്ചറിയാനുള്ള പരീക്ഷയായിരുന്നു അടുത്തത്. ബാലിന്റെ നാനൂറ്റമ്പതു പ്രവാചകന്മാർ, യഹോവയുടെ പ്രവാചകനായ ഏലിയാവ്, രണ്ടുകൂട്ടരും യാഗമർപ്പിക്കും. തീകൊണ്ട് ഉത്തരമരുളുന്ന ദൈവം, സത്യദൈവം!

ആദ്യ അവസരം ബാലിന്റെ പ്രവാചകർക്ക്. അവർ യാഗവേദിയിൽ മൃഗത്തെ അർപ്പിച്ചു: “ബാലേ ഉത്തരമരുളണമേ” എന്ന് രാവിലെ മുതൽ ഉച്ചവരെ വിളിച്ചപേക്ഷിച്ചു. ഉത്തരമൊന്നും കിട്ടിയില്ല (1 രാജാക്കന്മാർ 18:20–26)

ഏലിയാവ് ബാലിന്റെ പ്രവാചകരെ പരിഹസിച്ചു: ഉറക്കെ വിളിപ്പിൻ, അവൻ ദേവനല്ലോ. അവൻ ധ്യാനിക്കയാകുന്നു. അല്ലെങ്കിൽ വെളിക്കു പോയിരിക്കുകയാകുന്നു അല്ലെങ്കിൽ യാത്രയിലാകുന്നു. അല്ലെങ്കിൽ പക്ഷെ ഉറങ്ങുകയാകുന്നു. അവനെ ഉണർത്തണം എന്നു പറഞ്ഞു (1 രാജാക്കന്മാർ 18:27)

ഏലിയാവിന്റെ പരിഹാസം വാസ്തവത്തിൽ ബാലിന്റെ പ്രവാചകരെയല്ല, ബാലിനെത്തന്നെയാണ് ‘അവൻ ദേവനല്ലോ’ എന്നു പറഞ്ഞ്. ബാക്കി പറയുന്നതെല്ലാം ഒരു ദൈവത്തിനു യോജിക്കാത്തതാണ്.

'അവൻ ദേവനല്ലോ' എന്നുപറയുന്നത്, അവൻ ദേവനല്ല എന്നു പറയാനാണ്. അവൻ ദേവനെങ്കിൽ അവനെ 'ഉറക്കെ വിളിക്കുന്ന'തെന്തിന്? പതിയെ പറഞ്ഞാലും അവനു കേൾക്കാം. അവൻ ദേവനെങ്കിൽ അവൻ ആരെ 'ധ്യാനിക്കാ'നാണ്? അവൻ ധ്യാനിക്കുന്നതാരെയോ അയാളായിരിക്കണമല്ലോ ദേവൻ. ദേവൻ എങ്കിൽ അവൻ മനുഷ്യൻ എന്നപോലെ 'വെളിക്കു' പോകുമോ? ദേവൻ എങ്കിൽ ആ "സർവ്വവ്യാപി" യാത്ര ചെയ്യുമോ? ദേവൻ എങ്കിൽ അവൻ ഉറങ്ങുമോ?

ഏലിയാവു പറയുന്നത് ബാലിനു ദൈവത്തിന്റെ യാതൊരു ഗുണവിശേഷങ്ങളും ചേരില്ല എന്നാണ്. ഉറക്കെ വിളിച്ചാൽ മാത്രം കേൾക്കാൻ കഴിയുന്ന, മറ്റൊരു ദേവനെ ധ്യാനിക്കുന്ന, വെളിക്കുപോകുന്ന, യാത്ര ചെയ്യേണ്ടിവരുന്ന, ഉറങ്ങുന്ന ഒരുവൻ ഒരിക്കലും ദൈവമാവുകയില്ല.

എന്തുകൊണ്ട് ഈ ബാലിന് ഈ വക കാര്യങ്ങളെല്ലാം ചെയ്യേണ്ടിവരുന്നു?

ശ്രദ്ധിച്ചുനോക്കിയാൽ, ബാലിന്റെ ചെയ്തികളെല്ലാം ഒരു മനുഷ്യന്റെ ചെയ്തികൾക്ക് സദൃശമാണ് എന്നറിയാം, ഒരിക്കലും ദൈവത്തിന്റെ സദൃശത അതിനില്ല.

വേദപുസ്തകം പഠിപ്പിക്കുന്നത്, 'ദൈവം മനുഷ്യനെ തന്റെ സ്വരൂപത്തിലും സാദൃശ്യത്തിലും സൃഷ്ടിച്ചു' എന്നതാണ്. അതിനാൽ മനുഷ്യരിൽ സത്യദൈവത്തിന്റെ സദൃശ്യത പലതും ദൃശ്യമാണ്. ചിന്തയിലും തീരുമാന ശക്തിയിലും വ്യക്തിത്വത്തിലുമെല്ലാം മനുഷ്യനിൽ ദൈവസദൃശ്യതയുണ്ട്. എന്നാൽ മനുഷ്യന്റെ പരിമിതികളാണ് അവനെ ധ്യാനത്തിലേക്കും ഉറക്കത്തിലേക്കും യാത്രയിലേക്കുമൊക്കെ നയിക്കുന്നത്.

ബാലിന് ഏലിയാവ് കൽപ്പിക്കുന്ന ഗുണവിശേഷണങ്ങൾ ദൈവത്തിന്റെ അപരിമിത അവസ്ഥയെയല്ല, മനുഷ്യന്റെ പരിമിതികളെയാണ് ദ്യോതിപ്പിക്കുന്നത്. കാരണമുണ്ട്! സർവ്വശക്തനൊഴികെ മറ്റ് 'ദൈവ'ങ്ങളെല്ലാം മനുഷ്യന്റെ ഭാവനാസൃഷ്ടികളാണ്. ദൈവം സൃഷ്ടിച്ച മനുഷ്യന് ദൈവത്തിന്റ സ്വരൂപവും സാദൃശ്യവുമുണ്ടാകും എന്നതുപോലെ, മനുഷ്യൻ സൃഷ്ടിക്കുന്ന ദൈവത്തിന് മനുഷ്യന്റെ സ്വരൂപവും സാദൃശ്യവുമുണ്ടാകും!!

മനുഷ്യൻ സൃഷ്ടിച്ച ദൈവം ഉറങ്ങും-എന്നാൽ സത്യദൈവം ഉറങ്ങുകയില്ല. അവിടുന്ന് ഏലിയാവിന്റെ ചെറിയ പ്രാർത്ഥന കേട്ടു; സ്വർഗ്ഗത്തിൽനിന്ന് അഗ്നികൊണ്ട് ഉത്തരമരുളി.

ഏലിയാവിന്റെ പരിഹാസത്തിൽ ഒരു വലിയ സത്യം ഉള്ളടങ്ങിയിട്ടുണ്ട്: ഉറങ്ങുന്ന ഒരാളാണ് നമ്മുടെ ദൈവമെങ്കിൽ ഉത്തരം കിട്ടാനായി അവനെ ഉണർത്തിയേ മതിയാകൂ.

ഉറങ്ങുന്ന ഒരു ദൈവത്തെ ഒരു പ്രതിസന്ധിയിൽ വിളിക്കേണ്ടിവരുന്ന സ്ഥിതി ആലോചിച്ചു നോക്കൂ: നാം ഓടിച്ചുകൊണ്ടിരിക്കുന്ന സ്കൂട്ടർ പെട്ടെന്നു ബ്രേയ്ക് ഫെയിൽ ആയാൽ, നടന്നുപോകുമ്പോൾ പെട്ടെന്നു മലയിടിഞ്ഞ് ഒരു കല്ലു വന്നു വീണാൽ... ഉടനടി ദൈവത്തെ വിളിക്കാൻ നമുക്കു കഴിയാതെ പോയേക്കാം; കാരണം ആ സമയത്ത് ദൈവം ഉണർന്നിരിക്കുകയാണോ എന്ന് ആർക്കറിയാം? ചുരുക്കത്തിൽ ദൈവത്തിന്റെ ഉറക്കസമയങ്ങൾ വിവരിക്കുന്ന ഒരു 'ഷെഡ്യൂൾ' കൊണ്ടു വേണം നാം യാത്ര ചെയ്യാൻ!!

പ്രാർത്ഥിക്കുന്ന സമയത്തൊക്കെയും ആ സമയം ദൈവം ഉണർന്നിരിക്കുന്നു എന്നു നാം ഉറപ്പുവരുത്തിയിരിക്കണം. ഇനി 'എമർജൻസി' യിലാണെങ്കിൽ ആദ്യം നാം ദൈവത്തെ ഉണർത്തണം, പിന്നെ വേണം നമ്മുടെ ആവശ്യമറിയിക്കാൻ! (ആ സമയം കൊണ്ട് നമ്മുടെ സ്കൂട്ടർ വല്ല തോട്ടിലുമെത്തിയിട്ടുണ്ടാവും).

ഉറക്കത്തിൽ വളിച്ചുണർത്തപ്പെടുന്നത് മിക്കവാറുമാളുകൾക്ക് ഇഷ്ടമുള്ള കാര്യമല്ല. ക്ഷീണിച്ചുകിടന്ന് നല്ല ഉറക്കത്തിലായിരിക്കുമ്പോൾ നിങ്ങളുടെ മകൻ നിങ്ങളെ വിളിച്ചുണർത്തി മിഠായി വാങ്ങാൻ അഞ്ചു രൂപാ ചോദിച്ചാൽ എന്തായിരിക്കും നിങ്ങളുടെ പ്രതികരണം? കയ്യെത്താദൂരത്താണ് നിങ്ങളുടെ മകൻ നിൽക്കുന്നതെങ്കിൽ അവൻ രക്ഷപെട്ടു!! ഉറങ്ങുന്ന ദൈവത്തിനരികിൽ പ്രാർത്ഥനയുമായി ചെന്നെത്തുന്ന നമുക്കും ഇതൊക്കെത്തന്നെയാണ് വന്നുഭവിക്കാനിട. അനുഗ്രഹമായിരിക്കും നമ്മൾ ആവശ്യപ്പെടുന്നത്. ഉണർന്നെണീറ്റുവരുന്ന ദൈവം നമ്മെ ശപിച്ചില്ലെങ്കിൽ രക്ഷപെട്ടു!

എന്നാൽ യിസ്രായേലിന്റെ ദൈവത്തിന്റെ പ്രത്യേകത അവിടുന്ന് ഒരിക്കലും ഉറങ്ങുന്നില്ല എന്നതാണ്. ദൈവത്തിന്റെ ഉറക്കത്തിന്റെ സമയം രേഖപ്പെടുത്തുന്ന 'ഷെഡ്യൂൾ' നാം പോക്കറ്റിലിട്ടു നടക്കേണ്ടതില്ല. എപ്പോൾ വേണമെങ്കിലും സഹായാഭ്യർത്ഥനയുമായി നിങ്ങൾക്ക് ദൈവത്തിന്റെ സന്നിധിയിലേക്കു പ്രവേശിക്കാം. ഉറക്കമുണരുന്ന ദൈവത്തിന്റെ ശാപത്തെക്കുറിച്ചുള്ള ഭീതി നിങ്ങളെ വേട്ടയാടേണ്ട ആവശ്യമില്ലതാനും!

യിസ്രായേലിന്റെ പരിപാലകൻ ഉറങ്ങുന്നില്ല എന്നുതന്നെയല്ല, അവിടുന്ന് 'മയങ്ങുക'യുമില്ല എന്ന് സങ്കീർത്തനരചയിതാവ് പറയുന്നു. (will neither slumber nor sleep-RSV). 'മയക്ക'മെന്നത് ഉറങ്ങാത്തതിനാലുണ്ടാകുന്ന പ്രയാസമാണ്. മനുഷ്യന് അത്യന്താപേക്ഷിതമായ ഉറക്കം അതിന്റെ അളവിൽ കിട്ടിയില്ലെങ്കിൽ അതിന്റേതായ കുഴപ്പമുണ്ടാകും

നോബൽസമ്മാനജേതാവ് ഗാബ്രിയേൽ ഗാർസിയ മാർകേസ് എഴുതിയ 'ഏകാന്തതയുടെ ഒരുന്നുറു വർഷങ്ങൾ' എന്ന പുസ്തകത്തിൽ ഉറക്കമില്ലായ്മയുടെ പ്രശ്നങ്ങളെ അറിയിക്കുന്ന ഒരു സീൻ ഉണ്ട്.

'മാൽക്കൊണ്ട' എന്നൊരു സാങ്കൽപികഗ്രാമത്തിലാണ് കാര്യങ്ങൾ നടക്കുന്നത്. ഗ്രാമം പണിതുകൊണ്ടിരിക്കുകയാണവർ. എന്തോ, ഒരു രാത്രിയിൽ ഗ്രാമത്തിലെ ഒരാൾക്കും ഉറക്കം വന്നില്ല ആർക്കും ഒന്നും മന സിലായില്ല.

പിറ്റേന്ന്, തങ്ങൾ ക്ഷീണിതരായി ഉറങ്ങിപ്പോകുമെന്നും പണിയൊന്നും നടക്കില്ലെന്നുമായിരുന്നു അവരുടെ ചിന്ത. എന്നാൽ അത്ഭുതമെന്നേ പറയേണ്ടു ആർക്കും ക്ഷീണമൊന്നും തോന്നിയില്ല; എല്ലാവരും ഉത്സാഹത്തോടെ പണിയെടുത്തു.

അന്നുരാത്രിയിലും അവർ ഉറങ്ങിയില്ല, അതിന്റെ പിറ്റേന്നും, അതിന്റെ പിറ്റേന്നും... ഉറങ്ങാത്തതിന്റെ പ്രയാസമൊന്നും അവരറിഞ്ഞില്ല–ക്ഷീണവും തോന്നിയില്ല. കാര്യങ്ങൾ നിരീക്ഷിച്ച ഗ്രാമത്തലവൻ ജോസ് ആർക്കേലിയാ ബുവാന്തിയ പറഞ്ഞു: നല്ല കാര്യം, ഇനി നമ്മൾ പകലും രാത്രിയും ഒന്നു പോലെ പണിയെടുക്കാൻ പോകുന്നു!

ആഴ്ചകൾ ചിലതു കഴിഞ്ഞു. ഗ്രാമത്തിലാരും ഉറങ്ങുന്നില്ല, ഉറങ്ങാത്തതിന്റെ ക്ഷീണവുമില്ല... പകലും രാത്രിയും അവർ ഗ്രാമത്തിന്റെ നിർമാണത്തിനു സമയം ചെലവഴിച്ചു.

ഒരുദിവസം ഗ്രാമത്തിലെ ഉർസുല എന്ന സ്ത്രീ ചെറുമകളോടു പറഞ്ഞു: "കുട്ടി, നീ അടുക്കളയിൽ ചെന്ന് 'അത്' ഇങ്ങെടുത്തുകൊണ്ടുവരൂ."

'ഏത്?' കുട്ടി ചോദിച്ചു.

'അത്' എന്നു മാത്രമായിരുന്നു ഉർസുലയുടെ ഉത്തരം. കാരണം, എന്താണു വേണ്ടത് എന്നത് ഉർസുല മറന്നുപോയിരുന്നു.

വാസ്തവത്തിൽ ഒരു ചൂലിനുവേണ്ടിയായിരുന്ന ഉർസുല അന്വേഷണം നടത്തിയത്. ഒരു വീട്ടമ്മ ചൂലിന്റെ കാര്യ മറന്നുപോകുന്നത് ആലോചിച്ചു നോക്കൂ!

അതൊരു തുടക്കം മാത്രമായിരുന്നു. മാൽക്കൊണ്ട ഗ്രാമത്തിന്റെ ശാപം ആരംഭിക്കുകയായിരുന്നു. ഉർസുലയെ മാത്രമല്ല ഗ്രാമത്തിലെ എല്ലാവരെയും 'മറവിഭൂതം' പിടികൂടി. എല്ലാവരും അവരുടെ നിത്യോപ യോഗവസ്തുക്കളുടെ പോലും പേരു മറന്നു. നിവൃത്തികേടുകൊണ്ട് അവർ ഓരോ വസ്തുവിൻമേലും അതിന്റെ പേരെഴുതിവെച്ചു: കസേര, കട്ടിൽ, പിച്ചാത്തി, കോടാലി, തവി...

ചില ദിവസങ്ങൾ കഴിഞ്ഞപ്പോൾ അവർ വസ്തുക്കളുടെ മാത്രമല്ല, തങ്ങളുടെ വളർത്തുമൃഗങ്ങളുടെയും പേരു മറന്നു. പിന്നെയവർ മൃഗങ്ങളുടെമേലും പേരുകൊത്തി: പശു, ആട്, പട്ടി, പൂച്ച...

പിന്നെയും പ്രശ്നങ്ങൾ കൂടിവന്നു. ഇപ്പോൾ പശുവിനെ കണ്ടാൽ പേരുകൊത്തിയിട്ടുള്ളതുകൊണ്ട് അതു പശുവാണെന്ന് അവർക്കറിയാം. എന്നാൽ, പശുവിനെക്കൊണ്ട് എന്താണു പ്രയോജനം?

അവർ മേലെഴുത്തിനു നീളം കൂട്ടി: ഇതു പശു. പശുവിനെ കറന്നാൽ പാലു കിട്ടും. പാൽ കൊണ്ടു ചായയുണ്ടാക്കാം. ചായ ഉന്മേഷമുണ്ടാക്കും...

എല്ലാം എന്തുകൊണ്ടു വന്നു ഭവിച്ചു? ഉറക്കമില്ലായ്മ കൊണ്ടുമാത്രം! ഉറങ്ങിയില്ലെങ്കിൽ മനുഷ്യന് അതിന്റെ വില കൊടുത്തേ പറ്റൂ.

എന്നാൽ യിസ്രായേലിന്റെ പരിപാലകന് ഉറങ്ങാത്തതിനാലുള്ള പ്രശ്നങ്ങളൊന്നുമില്ല. അവൻ ഉറങ്ങുന്നില്ലെന്നുതന്നെയല്ല, ഉറക്കം തൂങ്ങുന്നുമില്ല-ഒന്നു മയങ്ങുന്നു പോലുമില്ല! അവിടുത്തേയ്ക്ക് അതിന്റെ ആവശ്യവുമില്ല. കാരണം, അവിടുന്ന് മനുഷ്യൻ സൃഷ്ടിച്ച ദൈവമല്ല, മനുഷ്യനെ സൃഷ്ടിച്ച ദൈവമാണ്!!

യിസ്രായേലിന്റെ ദൈവം ഉറങ്ങാതെ, മയങ്ങാതെ ശ്രദ്ധാലുവായിരിക്കുന്നത് എന്തിനുവേണ്ടിയാണ്? അതറിയുന്നിടത്താണ് ദൈവത്തിന്റെ മഹത്വവും കരുതലും നമ്മെ വിസ്മയിപ്പിക്കുന്നത്! നമ്മെ സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനും വേണ്ടിയാണ് അവിടുന്ന് കണ്ണിമ ചിമ്മാതെ കാത്തിരിക്കുന്നത്!!

അവിടുന്ന് നമ്മുടെ പരിപാലകനാണ്-സൂക്ഷിപ്പുകാരൻ, കാവൽക്കാരൻ എന്നൊക്കെ വേണമെങ്കിൽ പറയാം! കണ്ണിമ ചിമ്മാത്ത ഒരു കാവൽക്കാരനെ ഒരു മനുഷ്യനിൽ ഒരിക്കലും നമുക്കു കണ്ടെത്താൻ കഴിയില്ല. എന്നാൽ യഹോവ നമ്മെ പരിപാലിക്കുന്നത് അത്ര കൃത്യതയോടെയാണ്. നേരിട്ടെതിർക്കുന്ന ശത്രുവിനെ മാത്രമല്ല ഒളിയമ്പെയ്യുന്ന പേരാളികളെയും അവൻ തിരിച്ചറിയുന്നു. അവന്റെ കണ്ണുകൾ ശോധന ചെയ്യുന്നു... "ഒരു ദോഷവും തട്ടാതെ അവിടുന്നു നമ്മെ പരിപാലിക്കും" (വാക്യം 7).

'ഒരു ദോഷവും' എന്നതിൽ എല്ലാ നിലകളിലുമുള്ള സർവ്വ അനർത്ഥങ്ങളും ഉൾക്കൊണ്ടിരിക്കുന്നു. ശത്രുവിന്റെ എല്ലാവിധ ആക്രമണങ്ങളിൽനിന്നും (അവന്റെ ഒളിയമ്പുകളിൽ നിന്നുപോലും) നമ്മെ വിടുവിക്കുന്നുവെന്നു മാത്രമല്ല, പ്രകൃതിശക്തികളുടെ കെടുതികളേൽക്കാതെയും അവിടുന്നു നമ്മെ സംരക്ഷിക്കുന്നു. "പകൽ സൂര്യനെങ്കിലും രാത്രി ചന്ദ്രനെങ്കിലും നിന്നെ ബാധിക്കയില്ല" എന്നാണ് അവിടുത്തെ വാഗ്ദത്തം! (വാക്യം 6).

നാൽപതുവർഷം മരുഭൂമിയിലൂടെ നടത്തപ്പെട്ട യിസ്രായേൽ മക്കളിൽ പലരും അവരുടെ മത്സരത്താൽ മരണമടഞ്ഞെങ്കിലും ലക്ഷക്കണക്കായ ആ ജനങ്ങളിൽ ഒരാളെങ്കിലും 'സൂര്യാഘാത'ത്താൽ മരിച്ചതായി ചരിത്രമില്ല. യഹോവ അവർക്ക് വലതുഭാഗത്ത് 'തണലായി' എപ്പോഴും കൂടെ പാർത്തു (വാക്യം 5) കണ്ണിമ ചിമ്മാതെ അവിടുന്ന് അവരെ പരിപാലിച്ചു!.

ഉറങ്ങാതെ, മയങ്ങാതെ നമ്മെ കാവൽ ചെയ്തു പരിപാലിക്കുന്ന ഒരു യഹോവ നമുക്കുണ്ട് എന്ന തിരിച്ചറിവ് നമ്മെ സകലഭയങ്ങളിൽനിന്നും ആകുലചിന്തകളിൽനിന്നും വിടുവിക്കേണ്ടതാണ്. ഒരു ദൈവം ഉറങ്ങാതെ നമ്മെ കാവൽ ചെയ്യുന്നുണ്ട് എന്ന ബോധ്യമാണ് നമുക്ക് ഉറക്കം നൽകുന്നത്!

എന്നാൽ, പലപ്പോഴും ഒന്നുറങ്ങാൻ കഴിയാതെവിധം നാം ഭീതിതരും ആകുലചിത്തരുമാകുന്നു! അത് ദൈവാശ്രയത്തിന്റെ കുറവല്ലാതെ മറ്റൊന്നുമല്ല. ഒന്നു മയങ്ങുകപോലും ചെയ്യാതെ നമ്മെ പരിപാലിക്കേണ്ടതിന് ഉണർന്നിരിക്കുന്ന ദൈവത്തിൽ വിശ്വസിക്കുകയും ആശ്രയിക്കുകയും ചെയ്യുന്നുവെങ്കിൽ തീർച്ചയായും നമുക്ക് സമാധാനത്തോടെ കിടന്നുറങ്ങാനാവും!!.

# 8

“എന്റെ പാനപാത്രം നിറഞ്ഞു കവിയുന്നു”
(സങ്കീർത്തനം 23:5)

# നിറഞ്ഞുകവിയുന്ന പാനപാത്രം

‘അബ്രഹാമിനെ അനുഗ്രഹിച്ച ദൈവം നിങ്ങളെയും അനുഗ്രഹിക്കുമാറാകട്ടെ' എന്നൊരു അനുഗ്രഹവചനം ആരെങ്കിലും നിങ്ങളോടു പറഞ്ഞാൽ എന്താവും ‘അനുഗ്രഹമായി' നിങ്ങളുടെ മനസ്സിൽ വരുന്നത്?

വിശാലമായ തോട്ടങ്ങൾ, ആടുമാടുകൾ, കൂടാരങ്ങൾ, ദാസീദാസന്മാർ...

ഒരു പക്ഷെ ഇതൊന്നുമായിരിക്കില്ല ഇന്നത്തെ നമ്മുടെ സ്വപ്നങ്ങൾ. അബ്രഹാമിന്റെ അനുഗ്രഹത്തെ ഇക്കാലത്തേയ്ക്ക് ഇറക്കിക്കൊണ്ടുവന്നാൽ വലിയ വീടുകൾ, കാറുകൾ, മാർക്കറ്റിൽ എപ്പോഴും ഉയർന്ന നിരക്കു കിട്ടുന്ന ഷെയറുകൾ, എത്ര എടുത്താലും തീരാത്ത അക്ഷയപാത്രമായി ബാങ്ക് അക്കൗണ്ട്... ഇവയൊക്കെയാവും ആധുനികസ്വപ്നങ്ങൾ.

അബ്രഹാമിന്റെ അനുഗ്രഹങ്ങളൊക്കെ കിട്ടുമെങ്കിൽ അബ്രഹാമിന്റെ ദൈവത്തെ അനുഗമിക്കുന്നതിന് ആർക്കാണു പ്രയാസം? അതിനു വേണ്ടിത്തന്നെയാണ് ഇന്ന് മിക്കവരും ദൈവത്തെ അനുഗമിക്കുന്നതും. പ്രസംഗങ്ങളും അതൊക്കെത്തന്നെയാണല്ലോ!

നിനക്കു കാറുവേണോ, നീ ദൈവത്തെ സ്തുതിക്കൂ; വീടു വേണോ, ജോലി വേണോ, പണം വേണോ... ദൈവത്തെ സ്തുതിക്കൂ. ദൈവം അനുഗ്രഹങ്ങളുടെ ദൈവമാണ്...

സാക്ഷ്യങ്ങളും അതൊക്കെത്തന്നെയാണ്: “കടം കയറി ജീവനൊടുക്കുവാൻവേണ്ടി കയ്യിൽ വിഷക്കുപ്പികരുതി. ദൈവം പറഞ്ഞു, ഞാൻ നിന്നെ അനുഗ്രഹിക്കും. ഞാൻ ദൈവത്തെ സ്തുതിച്ചു. ഇന്ന് ഫാക്ടറി എന്റെ സ്വന്തമാണ്; വീടും കാറും എനിക്കു സ്വന്തമാണ്... നിനക്ക് അനുഗ്രഹം വേണോ, നീയും ദൈവത്തെ സ്തുതിക്കൂ!!”

ഇതൊക്കെ തെറ്റാണോ എന്നു ചോദിച്ചേക്കാം. പ്രാർത്ഥിച്ചപ്പോൾ ഇതൊക്കെ ലഭിച്ചില്ലെ? അനുഗ്രഹിക്കപ്പെട്ടില്ലേ?

ശരിയായിരിക്കാം, സാക്ഷ്യങ്ങൾ അതാണല്ലോ പറയുന്നത്! എന്നാൽ, ഗതിയില്ലാതെ കിടന്നവനെ ദൈവം എന്തിന് അനുഗ്രഹിച്ചു എന്ന ചോദ്യത്തിന് ഉത്തരം കണ്ടെത്താൻ നാം പരിശ്രമിക്കുന്നില്ല. ഇവിടെയാണ് നാം കണ്ട സങ്കീർത്തനഭാഗം പ്രസക്തമാവുന്നത്:

“എന്റെ ശത്രുക്കൾ കാൺകെ നീ എനിക്ക് വിരുന്നൊരുക്കുന്നു, എന്റെ തലയെ എണ്ണകൊണ്ട് അഭിഷേകം ചെയ്യുന്നു; എന്റെ പാനപാത്രം നിറഞ്ഞുകവിയുന്നു”. (സങ്കീർത്തനം 23:5)

“യഹോവ എന്റെ ഇടയനാകുന്നു” എന്നു പറഞ്ഞാണ് സങ്കീർത്തകൻ തന്റെ കാവ്യം തുടങ്ങുന്നത് (വാ.1). ഇടയന്റെ കാരുണ്യത്തിൽ അവൻ പച്ചയായ പുൽപുറത്തെ മേച്ചിലും സ്വസ്ഥതയുള്ളവെള്ളവും... എല്ലാം അനുഭവിക്കുന്നു.

യഹോവയെ ഇടയനാക്കിയ സങ്കീർത്തനക്കാരൻ പെട്ടെന്നുതന്നെ ദൈവത്തെ ആതിഥേയനായും തന്നെത്തന്നെ അതിഥിയായും കാണുന്നു. ദൈവം വിരുന്നൊരുക്കുന്നു. അവിടുന്ന് നമ്മുടെ തലയെ എണ്ണകൊണ്ട് അഭിഷേകം ചെയ്യുന്നു; നമ്മുടെ പാനപാത്രം നിറഞ്ഞുകവിയുന്നു.

‘നിറഞ്ഞുകവിയുന്ന’ പാനപാത്രം ഇവിടെ നമുക്ക് പുതിയൊരു ദർശനം നൽകുന്നുണ്ട്. ‘നിറയുക’ മാത്രമായിരുന്നെങ്കിൽ അത് നമുക്കായുള്ളത് എന്ന് ആശ്വസിക്കാമായിരുന്നു. ‘കവിയുന്നത്’ ആർക്കുവേണ്ടിയാണ്?

അതു തീർച്ചയായും മറ്റുള്ളവർക്കുവേണ്ടിയാണ്, ദൈവത്തിന്റെ അനുഗ്രഹങ്ങൾ ഒരിക്കലും കൂട്ടിവയ്ക്കാനുള്ളതല്ല. അത് മറ്റുള്ളവർക്കു പകർന്നുകൊടുക്കാനുള്ളതാണ്. ആത്മിക അനുഗ്രഹമാണെങ്കിലും ഭൗതിക അനുഗ്രഹമാണെങ്കിലും അത് പകർന്നുകൊടുക്കാനായുള്ളതാണ്. കാരണം അത് നിറയുകയും കവിയുകയും ചെയ്യുംവിധം സമൃദ്ധമാണ്. യേശുവിന്റെ വാക്കുകൾ ശ്രദ്ധിക്കുക: “എന്നിൽ വിശ്വസിക്കുന്നവന്റെ ഉള്ളിൽ നിന്നും തിരുവെഴുത്തു പറയും പോലെ ജീവജലത്തിന്റെ നദികൾ ഒഴുകും” (യോഹന്നാൻ 7:38).

വിശ്വസിക്കുന്നവന്റെ ഉള്ളിലേക്കല്ല, ഉള്ളിൽ നിന്ന് നദികൾ ഒഴുകും. ദൈവത്തിന്റെ അനുഗ്രഹങ്ങൾ നമ്മിലേക്ക് ഒതുക്കുവാനുള്ളതല്ല, നമ്മിൽ നിന്ന് ഒഴുകുവാനുള്ളതാണ്. നമുക്കത് ആസ്വദിക്കാൻ കഴിഞ്ഞേക്കാമെങ്കിലും അന്തിമമായി അത് മറ്റുള്ളവർക്ക് ഒഴുക്കിക്കൊടുക്കാനുള്ളതാണ്.

ഈ സത്യം അറിഞ്ഞില്ലെങ്കിൽ- അനുഗ്രഹങ്ങൾ ഒരിക്കലും നമുക്കായി കരുതിവയ്ക്കാനുള്ളതല്ലെന്നും അത് മറ്റുള്ളവരിലേക്ക് പകർന്നു കൊടുക്കാനുള്ളതാണെന്നുമുള്ള സത്യം നാം അനുസരിച്ചില്ലെങ്കിൽ- അനുഗ്രഹം ശാപമാകാനാണു സാധ്യത!

പാലസ്തീൻനാടിനെ നടുവേ മുറിച്ചുകൊണ്ടാണ് യോർദ്ദാൻനദി ഒഴുകുന്നത്. ഹെർമ്മോനിലെ മഞ്ഞുരുകി വരുന്ന തെളിനീരാണ് യോർദ്ദാനിലെ ജലസ്രോതസ്

യോർദ്ദാനിൽ പല തടാകങ്ങളുമുണ്ട് ഒന്നാമത് 'ഹ്യൂളെ' തടാകം, അവിടെ പരന്നുകിടക്കുന്ന ജലം യോർദ്ദാനെ തടഞ്ഞുനിർത്തുന്നില്ല. അതു വീണ്ടുമൊഴുകുന്നു. പിന്നീട് ഗലീലാ തടാകം, വലിപ്പം കുറേ കൂടുമെങ്കിലും ഗലീലതടാകവും താഴേക്കൊഴുകുന്നു. ഒടുവിൽ അത് 'ചാവുകടലിൽ' എത്തിച്ചേരുന്നു. അവിടെനിന്നും അത് എങ്ങോട്ടും ഒഴുകുന്നില്ല.

യോർദ്ദാനുമായി ബന്ധപ്പെട്ട് മൂന്നു തടാകങ്ങളുണ്ടെങ്കിലും ആദ്യത്തെ രണ്ടു തടാകങ്ങൾ മാത്രമാണ് ശുദ്ധജലതടാകങ്ങൾ. കാരണം അവ യോർദ്ദാനെ സ്വീകരിച്ച്, അതിനെ വിട്ടുകൊടുക്കുന്നു; വീണ്ടുമൊഴുകാൻ അതിനെ സഹായിക്കുന്നു. എന്നാൽ യോർദ്ദാനെ 'പിടിച്ചടക്കിയ' ചാവുകടൽ മരണത്തിന്റെ പ്രതീകമായിത്തീരുന്നു. അതിനുമുകളിലൂടെ പറക്കാൻ പക്ഷികൾപോലും ഭയക്കുന്നു. ലവണത്തിന്റെ സാന്ദ്രത അത്രയും കൂടുതൽ ലോകത്തൊരു ജലാശയത്തിലുമില്ല. അനുഗ്രഹങ്ങൾ പിടിച്ചു വയ്ക്കുന്നതിന്റെ അനന്തരഫലം!!

നിറഞ്ഞു 'കവിയുന്ന' പാനപാത്രത്തിന് ഈ ദുര്യോഗം ഒരിക്കലുമുണ്ടാവില്ല. അവിടെ ലഭിക്കുന്ന അനുഗ്രഹങ്ങൾ പങ്കുവയ്ക്കപ്പെടുകയാണ്. പുതിയ അനുഗ്രഹങ്ങളാൽ നാം വീണ്ടും നിറയപ്പെടുകയാണ്.

നമുക്കു ലഭിക്കുന്ന അനുഗ്രഹങ്ങൾ എങ്ങനെ വിനിയോഗിക്കപ്പെടണം എന്നതിനെപ്പറ്റി നമുക്കു ബോധ്യമുണ്ടായിരിക്കണം. "കൊടുപ്പിൻ എന്നാൽ നിങ്ങൾക്കു കിട്ടും; അമർത്തി കുലുക്കി കവിയുന്ന ഒരു നല്ല അളവ് നിങ്ങളുടെ മടിയിൽ തരും" (ലൂക്കോസ് 6:36) എന്ന വാക്യം നാം ആവേശത്തോടെ പറയുന്നു. എന്നാൽ കൊടുത്തിട്ടു കിട്ടുന്നത്-അമർത്തി കുലുക്കി കവിയുന്ന അളവ്-എന്തിനുവേണ്ടിയാണെന്ന് നാം ആലോചിച്ചിട്ടുണ്ടോ? അതും വിതരണം ചെയ്യാൻ വേണ്ടിത്തന്നെയാണ്.

നിറഞ്ഞു കവിയുന്ന പാനപാത്രത്തിലെ വീഞ്ഞ് എന്തുചെയ്യണം? നാളേക്കു സൂക്ഷിക്കണോ? ഒരിക്കലും പാടില്ല, അത് മറ്റുള്ളവർക്കു വേണ്ടിയാണ്. ദരിദ്രരായ യരുശ്ശലേംസഭകളെ സഹായിക്കാൻ കൊരിന്ത്യ സഭയിലെ വിശ്വാസികളെ ഉത്ബോധിപ്പിക്കുമ്പോൾ പൗലോസ് അവരോടു പറയുന്നത്, "...ദൈവം നിങ്ങളുടെ നീതിയുടെ വിളവ് വർദ്ധിപ്പിക്കും... വീണ്ടും ഔദാര്യം കാണിക്കേണ്ടതിന് നിങ്ങൾ എല്ലാ രീതിയിലും സമ്പന്നരായിത്തീരും" (2 കൊരിന്ത്യർ 9:10–11. ആർ.എസ്.വി. പരിഭാഷ). എന്നാണ്

കൂടുതൽ കിട്ടുന്നത് കൂടുതൽ ഔദാര്യം കാണിക്കാനാണ്. അത് ദൈവത്തിനു പുകഴ്ചയ്ക്ക് കാരണമായിത്തീരും. ദൈവത്തിൽനിന്നു ലഭിക്കുന്ന അനുഗ്രഹങ്ങളെല്ലാം ഔദാര്യമായി മറ്റുള്ളവർക്കു കൊടുക്കാനുള്ളതാണ്; അല്ലാതെ കൂട്ടിവയ്ക്കാനുള്ളതല്ല.

കൂട്ടിവയ്ക്കാൻ പരിശ്രമിച്ച വിഡ്ഢിയായ ഒരു ധനവാനെപ്പറ്റി യേശുകർത്താവ് പറയുന്നുണ്ട്:

"ധനവാനായൊരു മനുഷ്യന്റെ ഭൂമി നന്നായി വിളഞ്ഞു, അപ്പോൾ അവൻ ഞാൻ എന്തു ചെയ്യേണ്ടു? എന്റെ വിളവ് കൂട്ടിവെപ്പാൻ സ്ഥലം പോരാ എന്ന് ഉള്ളിൽ വിചാരിച്ചു. പിന്നെ അവൻ പറഞ്ഞത്: ഞാൻ ഇതു ചെയ്യും; എന്റെ കളപ്പുരകളെ പൊളിച്ച് അധികം വലിയവ പണിത് എന്റെ വിളവും വസ്തുവകകളും എല്ലാം അതിൽ കൂട്ടിവയ്ക്കും, എന്നിട്ട് എന്നോടുതന്നെ; നിനക്ക് ഏറിയ ആണ്ടുകൾക്കു മതിയായ അനവധി വസ്തുവക സ്വരൂപിച്ചു വച്ചിരിക്കുന്നു, ആശ്വസിക്കുക, തിന്നുക, കുടിക്കുക എന്നു പറയും" (ലൂക്കോസ് 12:16–20).

ഒരു മനുഷ്യന് ആവശ്യമുള്ളതിനേക്കാൾ വളരെ കൂടുതൽ ആ മനുഷ്യനു ലഭിച്ചു, അവനു വേവലാതിയായി. "ഞാൻ എന്തു ചെയ്യണം" എന്ന് അവൻ തന്നോടുതന്നെ ചോദിക്കുന്നു.

'വിളവ്' എന്നത് എല്ലാക്കൊല്ലവും ഉണ്ടാകുന്നതാണ്, അവന് ഇങ്ങനെ ചിന്തിക്കാമായിരുന്നു. "എന്തിനാണ് എനിക്ക് ഇത്രയധികം, അടുത്ത വർഷവും വിളവു ലഭിക്കും. ഈ വർഷത്തേക്ക് ആവശ്യമുള്ളത് എടുത്തിട്ട് ബാക്കി ഇല്ലാത്തവർക്കായി പങ്കുവയ്ക്കാം.

എന്നാൽ ആ വിഡ്ഢി പറയുന്നത്: "ഞാൻ എല്ലാം കൂട്ടിവയ്ക്കും" എന്നാണ്. അതാണ് അവന്റെ ആദ്യത്തെ പാപം. പിന്നെ അവൻ അവനോടുതന്നെ "നിനക്ക്" ഏറിയനാളുകൾക്കുള്ളതാണിത് എന്നു പറഞ്ഞു. കൂട്ടിവച്ചത് എനിക്കുള്ളതാണ് എന്നു പറഞ്ഞാതാണ് അവന്റെ രണ്ടാമത്തെ

തെറ്റ്. കർത്താവും അതുതന്നെ പറയുന്നു: "ദൈവവിഷയമായി സമ്പന്നനാകാതെ തനിക്കുതന്നെ നിക്ഷേപിക്കുന്നവന്റെ കാര്യം ഇങ്ങനെയാകും" (ലൂക്കോസ് 12:21).

തനിക്കുതന്നെ നിക്ഷേപിക്കുന്നത് ഒരു മഹാവിഡ്ഢിത്തമായി യേശു പറയുന്നു. അങ്ങനെയുള്ളവന് ദൈവവിഷയമായി സമ്പന്നനാകാനാവില്ല. ദൈവവിഷയമായി എങ്ങനെ സമ്പന്നനാകാം? യേശു ധനികനായ പ്രമാണിയോടു പറയുന്നതു ശ്രദ്ധിക്കുക: "നിനക്കുള്ളത് ഒക്കെയും വിറ്റ് ദരിദ്രരുമായി അതു പങ്കുവയ്ക്കുക. എന്നാൽ സ്വർഗത്തിൽ നിനക്ക് നിക്ഷേപമുണ്ടാകും." (മർക്കോസ് 10:21).

അനുഗ്രഹം-സമ്പത്ത് പങ്കുവയ്ക്കുമ്പോഴാണ് സ്വർഗ്ഗത്തിൽ നിക്ഷേപം ഉണ്ടാവുന്നത് (കൂട്ടിവയ്ക്കുമ്പോൾ അത് ഭൂമിയിലെ നിക്ഷേപമാണ്) പാനപാത്രത്തിൽ നിറഞ്ഞു കവിയുന്ന വീഞ്ഞ് സൂക്ഷിച്ചുവയ്ക്കാനുള്ളതല്ല, ദാഹിക്കുന്നവനു പകർന്നുകൊടുക്കുവാനുള്ളതാണ്.

അബ്രഹാമിനു ദൈവം നൽകുന്ന അനുഗ്രഹവചസ്സുകൾ ശ്രദ്ധിച്ചിട്ടുണ്ടോ? "ഞാൻ നിന്നെ വലിയൊരു ജാതിയാക്കും, നീ ഒരു അനുഗ്രഹമായിരിക്കേണ്ടതിന് ഞാൻ നിന്നെ അനുഗ്രഹിച്ച് നിന്റെ പേർ വലുതാക്കും" (ഉൽപത്തി 12:3 ആർ.എസ്.വി. പരിഭാഷ).

ദൈവം നമ്മെ അനുഗ്രഹിക്കുന്നത് നാം ഒരു അനുഗ്രഹമായിരിക്കേണ്ടതിനായാണ്. അല്ലാതെ അനുഗ്രഹം നമ്മിൽ ഒതുക്കിവയ്ക്കാനായല്ല. നിറയുന്ന പാനപാത്രം നിങ്ങൾക്ക് അനുഗ്രഹമായേക്കാം. എന്നാൽ കവിയുന്ന പാനപാത്രം മറ്റൊരാൾക്കുള്ള അനുഗ്രഹമാകാനാണ്. നമ്മുടെ പ്രവർത്തനങ്ങളെ മാറ്റിമറിക്കുന്ന ഒരു അറിവാണിത്. അനുഗ്രഹങ്ങൾ മറ്റുള്ളവർക്കു പങ്കുവയ്ക്കാനുള്ളതാണ്, അതിനാൽ "ദൈവമേ എന്നെ അനുഗ്രഹിക്കേണമേ" എന്നു പ്രാർത്ഥിക്കുന്നതിനു പകരം "കർത്താവേ എന്നെ മറ്റുള്ളവർക്ക് ഒരു അനുഗ്രഹമാക്കണമെ" എന്ന് ആത്മാർത്ഥതയോടെ നമുക്കു പ്രാർത്ഥിക്കാം.

# 9

**സങ്കീർത്തനം 93, 97, 99**

> **"യഹോവ വാഴുന്നു, അവൻ മഹിമ ധരിച്ചിരിക്കുന്നു" (സങ്കീർത്തനം 93:1)**
> **"യഹോവ വാഴുന്നു, ഭൂമി ഘോഷിച്ചാനന്ദിക്കട്ടെ, ബഹുദ്വീപുകളും സന്തോഷിക്കട്ടെ'' (സങ്കീർത്തനം 97:1)**
> **യഹോവ വാഴുന്നു, ജാതികൾ വിറയ്ക്കട്ടെ,**
> **അവൻ കെരൂബുകളുടെ മീതെ വസിക്കുന്നു; ഭൂമി കുലുങ്ങട്ടെ..." (സങ്കീർത്തനം 99:1)**

# യഹോവയുടെ വാഴ്വ്

ആരാണ് ഇപ്പോൾ ഭരിക്കുന്നത് എന്നു ചോദിച്ചാൽ നിങ്ങൾക്കൊരു ഉത്തരമുണ്ട്. കേരളത്തിൽ മുഖ്യമന്ത്രി, ഭാരതത്തിൽ പ്രധാന മന്ത്രി. ഓരോ തവണ ഭരണം മാറുമ്പോഴും നിങ്ങൾ പറയും ഇത്തവണ ഭരിക്കുന്നത്- വാഴുന്നത് ഇദ്ദേഹമാണ്!

ഭരണം- വാഴ്വ് കേന്ദ്രതലത്തിലോ സംസ്ഥാനതലത്തിലോ മാത്രമല്ല: എല്ലാ തലത്തിലുമുണ്ട്. നിങ്ങളുടെ കമ്പനിയിൽ, സ്കൂളിൽ, പഞ്ചായത്തിൽ... എല്ലാം 'വാഴ്വ്' ഉണ്ട്, വഴുന്നവർ നമുക്ക് പരിചിതരും നമ്മോട് അനുകൂല മനോഭാവമുള്ളവരുമാണെങ്കിൽ നമുക്കു സന്തോഷമായിരിക്കും: നമുക്കു വിരോധികളാണെങ്കിൽ നാം ഭീതിതരായിരിക്കും.

ഈയൊരു സാഹചര്യത്തിൽ സങ്കീർത്തനക്കാരന്റെ "യഹോവ വാഴുന്നു" എന്ന പ്രസ്താവനയ്ക്ക് വളരെ പ്രസക്തിയുണ്ട്. പ്രത്യക്ഷത്തിൽ വാഴ്വ് നടത്തുന്നത് പരിമിതരായ മനുഷ്യരാണ്, എന്നാൽ യഥാർത്ഥ വാഴ്വ് യഹോവയുടേതാണ്.

യഹോവയുടെ വാഴ്ച, അവിടുത്തെ പരമാധികാരത്തിന്റെ തിരിച്ചറിവ് ആത്മീയജീവിതത്തിന്റെ ആണിക്കല്ലാണ്. പലപ്പോഴും 'ബുദ്ധി'യിൽ നാമത് അറിയുന്നുണ്ടെങ്കിലും യഹോവയുടെ പരമാധികാരത്തിന്റെ ദർശനം മിക്കവർക്കും മനസ്സിലും ആത്മാവിലും ഏറെ താമസിച്ചാണു കയറിക്കൂടുന്നത്.

യെശയ്യാവിന്റെ ദർശനം ഒന്നു വിശകലനം ചെയ്യുക.

"ഉസ്സിയാരാജാവു മരിച്ച ആണ്ടിൽ കർത്താവ്, ഉയർന്നും പൊങ്ങിയുമുള്ള സിംഹാസനത്തിൽ ഇരിക്കുന്നത് ഞാൻ കണ്ടു." (യെശയ്യാവ് 6:1)

ദർശനത്തിലെ കാലം വിവരിക്കാനാണ് "ഉസ്സിയാരാജാവിന്റെ മരണ ആണ്ട്" പരിചയപ്പെടുത്തുന്നത്. അന്ന് ഇന്നത്തേപ്പോലെ കലണ്ടറുകളും മറ്റും പ്രചാരത്തിലില്ലായിരുന്നുവല്ലോ. ഭരണാധികാരികളുടെ സ്ഥാനാരോഹണവും. മരണവും മറ്റു പ്രധാനസംഭവങ്ങളുമായി ബന്ധപ്പെടുത്തിയാണ് ഓരോ സംഭവങ്ങളും ഏതു കാലത്തു നടന്നുവെന്നു പറഞ്ഞിരുന്നത്.

എന്നാൽ, കാലത്തിനപ്പുറത്ത് മറ്റൊരു വസ്തുതയും കൂടെ ഓർത്തിരിക്കത്തക്കതായി ആ പ്രസ്താവനയിലുണ്ട്, അതറിയാൻ അൽപമൊരു ചരിത്രാവലോകനവും ആവശ്യമാണ്.

യെശയ്യാവു പ്രവചിച്ചുതുടങ്ങുന്നത് യഹൂദരാജാവായ ഉസ്സിയാവിന്റെ ഭരണകാലത്താണ് (യെശയ്യാവ് 1:1). ഉസ്സിയാവിനെ നാം മിക്കപ്പോഴും ഓർക്കുന്നത് യഹോവയുടെ ആലയത്തിൽ അനധികൃതമായി ധൂപം കാട്ടിയതിനാൽ കുഷ്ഠരോഗിയായിത്തീർന്ന ചരിത്രത്തിലൂടെയാണ് (2 ദിനവൃത്താന്തം 26:16–21). സംഗതി ശരിതന്നെ. എന്നാൽ ഭരിച്ചിരുന്ന കാലത്ത് ഉസ്സിയാവ് എല്ലാത്തരത്തിലും യഹൂദാരാജ്യത്തെ പ്രശസ്തിയുടെ കൊടുമുടിയിലെത്തിച്ചു. ദാവീദിനുശേഷം ഇത്ര പ്രഗത്ഭനായ ഒരു രാജാവ് യഹൂദയ്ക്കുണ്ടായിട്ടില്ല എന്നവിധമായിരുന്നു ഉസ്സിയാവിന്റെ വാഴ്‌വ്.

16–ാം വയസിൽ ഭരണം തുടങ്ങിയ ഉസ്സിയാവ് 68 വയസ്സുവരെ (അമ്പത്തിരണ്ടു വർഷം) പ്രാഗത്ഭ്യത്തോടെ യഹൂദ ഭരിച്ചു. ഫെലിസ്ത്യരും, അമ്മോന്യരുമുൾപ്പെടെയുള്ള ശത്രുക്കളെ അവൻ ആക്രമിച്ചു കീഴടക്കി; അവന്റെ യുദ്ധശ്രുതി വിദൂരനാടായ ഈജിപ്തുവരെ മുഴങ്ങി. മൂന്നുലക്ഷത്തേഴായിരത്തഞ്ഞൂറുപേരുടെ ഒരു സൈന്യം അവനുണ്ടാ യിരുന്നു (2 ദിനവൃത്താന്തം 26:6–8, 11–15).

ഉസ്സിയാവ് വെറുമൊരു യുദ്ധവീരൻ മാത്രമായിരുന്നില്ല, കൃഷിയിലും വ്യവസായത്തിലും വാസ്തുശിൽപത്തിലും മൃഗപരിപാലനത്തിലുമെല്ലാം അവന്റെ കണ്ണു പതിഞ്ഞു. ഒരുതരത്തിൽ ദാവീദിന്റെ യുദ്ധചാതുരിയും ശലോമോന്റെ ഭരണസാമർത്ഥ്യവും ഒത്തിണങ്ങിയ വ്യക്തിത്വമായിരുന്നു ഉസ്സിയാവിന്റേത്. 2 ദിനവൃത്താന്തം 26–ാം അദ്ധ്യായത്തിൽ ഇതു വിവരിച്ചിട്ടുണ്ട്. യഹൂദയുടെ സുവർണ്ണകാലമായിരുന്നു ഉസ്സിയാവിന്റെ ഭരണകാലം

ഉസ്സിയാവ് നിഗളിച്ചു; എന്നാൽ യഹോവ തന്നെ ബാധിച്ചു എന്നറിയുമ്പോൾ പിൻവാങ്ങുവാനും അവൻ തയ്യാറായി (2 ദിനവൃത്താന്തം 26:20). ഒരു നിമിഷത്തേക്ക് നിഗളിച്ചെങ്കിലും അവനിൽനിന്ന് വിനയവും ദൈവഭയവും വിട്ടുപോയിരുന്നില്ല എന്നതിന്റെ തെളിവല്ലേ അത്?

അമ്പത്തിരണ്ടു വർഷങ്ങൾ പ്രാഗത്ഭ്യത്തോടെ യഹൂദ ഭരിച്ച രാജാവാണ് ഇപ്പോൾ നാടുനീങ്ങിയിരിക്കുന്നത്. അവന്റെ മകൻ യോഥാം ആകട്ടെ കഴിവു തെളിയിച്ചിട്ടുമില്ല. എന്തുചെയ്യും? ഉസ്സിയാവിന്റെ കൈക്കരുത്തിനു മുമ്പിൽ മുട്ടുമടക്കിയിരുന്ന ശത്രുരാജാക്കന്മാർ ഇപ്പോൾ അവന്റെ മരണം മുതലെടുക്കുമോ? കൂട്ടം ചേർന്ന് അവർ യരുശ്ശലേമിനെ ആക്രമിക്കുമോ? രാജ്യത്തിനുള്ളിലെതന്നെ ഛിദ്രശക്തികൾ രാജാവിന്റെ മരണം മുതലാക്കുമോ? ഞാഞ്ഞൂലുകൾ പാമ്പുകളായി ഫണം വിടർത്തുമോ?

യഹൂദയുടെ പ്രവാചകൻ യെശയ്യാവിന്റെ മനസ്സിലും ഉസ്സിയാവിന്റെ മരണം ഒരു ആഘാതം നൽകിയിരിക്കണം. തന്റെ രാജ്യത്തിന്റെ സ്ഥിതി ഇനി എന്താകും?

ഹൃദയങ്ങളെ അറിയുന്നവനാണു ദൈവം. അവിടുത്തെ ദർശനങ്ങൾ നമ്മുടെ ഹൃദയത്തിൽ ആകുലതകൾക്കുള്ള ഉത്തരമായിരിക്കും. യെശയ്യാവിന് ദൈവം നൽകുന്ന ദർശനവും അവന്റെ ഹൃദയത്തിന്റെ ആശങ്കകളെ അകറ്റുന്നതായിരുന്നു...

ഇപ്പോൾ യഹോവ യെശയ്യാവിനു പ്രത്യക്ഷപ്പെടുന്നത്, ആട്ടിൻകുട്ടിയെ തോളിലേറ്റി നടക്കുന്ന ഇടയനായല്ല, ആശ്വസിപ്പിക്കുന്ന തള്ളയായല്ല, ക്രൂശിതനായുമല്ല; അവിടുന്ന് ഉയർന്നും പൊങ്ങിയുമുള്ള സിംഹാസനത്തിൽ ഇരിക്കുന്നതായാണ് വെളിപ്പെടുന്നത്. എന്താണ് ഈ ദർശനത്തിലൂടെ കർത്താവ് നൽകാനുദ്ദേശിക്കുന്ന സന്ദേശം?

“ഞാൻ രാജാവാണ്!” അവിടുന്നു പറയുന്നു. “ഉയർന്നും പൊങ്ങി യുമുള്ള സിംഹാസനം എന്റേതുമാത്രമാണ്!” സിംഹാസനങ്ങൾ പലതുമുണ്ടായേക്കാം, ഭരിക്കുന്നവർ ധാരാളമുണ്ടാവാം, എന്നാൽ എല്ലാ സിംഹാസനങ്ങൾക്കും മുകളിൽ, ഉയർന്ന സിംഹാസനത്തിലിരുന്നു വാഴുന്നത് യഹോവ മാത്രമാണ്!

“യഹോവ വാഴുന്നു” എന്നതിന്റെ വാഗ്മയചിത്രമാണ് നാം യെശയ്യാവിന്റെ ദർശനത്തിൽ കാണുന്നത്. ഉസ്സിയാവിന്റെ ഭരണത്തിൽ സംതൃപ്തനായിരുന്ന യോഥാമിന്റെ ഭരണത്തിൽ ആശങ്കയുമുള്ള യെശയ്യാവിനോട് കർത്താവ് പറയുന്നു: “ഉസ്സിയാവു ഭരിച്ചപ്പോഴും ഉയർന്നും പൊങ്ങിയുമുള്ള

സിംഹാസനത്തിൽ വാണിരുന്നത് ഞാൻ തന്നെയായിരുന്നു. ഇപ്പോഴും അങ്ങനെതന്നെ. പ്രത്യക്ഷത്തിൽ നീ കാണുന്നത് ഉസ്സിയാവിന്റെയും യോഥോമിന്റെയുമൊക്കെ സിംഹാസനങ്ങളാണെങ്കിലും യഥാർത്ഥത്തിൽ വാഴ്ച നടത്തുന്നത് ഞാൻ തന്നെയാണ്!"

യഹോവയുടെ വാഴ്വിന്റെ മറ്റൊരു പ്രതേകത, അതിന് രാജ്യങ്ങളുടെ പരിധിയില്ലെന്നതാണ്. ഉസ്സിയാവിന്റെ ശ്രുതി മിസ്രയിംദേശം വരെയെത്തി യിരുന്നുള്ളുവെങ്കിൽ. യഹോവയുടെ വാഴ്വിനെപ്പറ്റി സറാഫുകൾ പറയുന്നത് "സർവ്വഭൂമിയും അവന്റെ മഹത്വം കൊണ്ടു നിറഞ്ഞിരിക്കുന്നുവെന്നാണ്" (യെശയ്യാവ് 6:3). അതുകൊണ്ട് ഭൂമി ഘോഷിച്ചാനന്ദിക്കട്ടെ (സങ്കീർ ത്തനം 97:1) അതുകൊണ്ട് ഭൂമി കുലുങ്ങി വിറയ്ക്കട്ടെ (സങ്കീർത്തനം 99:1)

യഹോവയുടെ വാഴ്ച ചിലർക്ക് ആനന്ദത്തിനും മറ്റുചിലർക്ക് ഭീതിക്കുമുള്ളതാണ്. യഹോവയുടെ വാഴ്ച നീതിമാൻമ്മാർക്ക് ജയഘോഷം നൽകുന്നു, യഹോവയുടെ വാഴ്ച ദുഷ്ടരെ പേടിപ്പിച്ചു വിറപ്പിക്കുന്നു!!

യഹോവയാണ് യഥാർത്ഥത്തിൽ വാഴുന്നത് എന്ന തിരിച്ചറിവ് നമുക്ക് ആത്മാവിൽ അനുഭവിക്കാനാകുന്നുണ്ടോ? എങ്കിൽ എത്ര വ്യത്യസ്തമായാകും നമ്മൾ കാര്യങ്ങളെ കാണുന്നത്!!

1987–ൽ ഞാൻ ഓപ്പറേഷൻ മൊബിലൈസേഷന്റെ ഡൂലോസ് കപ്പലിൽ പ്രവർത്തിക്കുകയാണ്. കപ്പൽ മംഗലാപുരം തുറമുഖത്ത് അടുപ്പിച്ചിട്ടിരിക്കുന്നു. ഒരുമാസത്തിലേറെ അവിടെ കാണും.

വ്യാഴാഴ്ചകളിൽ ഞങ്ങളുടെ പ്രാർത്ഥനാദിനമാണ്. എല്ലാവരും അന്ന് ഒത്തുകൂടും. രാത്രി 12 വരെ ഓരോരോ വിഷയങ്ങൾ പറഞ്ഞ് പ്രാർത്ഥിച്ചു കൊണ്ടിരിക്കും.

അന്ന് കപ്പലിന്റെ ഡയറക്ടർ മൈക് സ്റ്റാറ്റ്യൂറ വന്ന് ഒരു പ്രത്യേക പ്രാർത്ഥനാപേക്ഷ നടത്തി:

മംഗലാപുരത്ത് ഡൂലോസിനു ലഭിച്ച ബർത്ത് വാസ്തവത്തിൽ ഒരു റഷ്യൻ കാർഗോ കപ്പൽ നേരത്തെ ബുക്കു ചെയ്തിരുന്നതാണ്. അവരുടെ കൺഫർമേഷൻ കിട്ടാത്തതിനാൽ ഒരു അഡ്ജസ്റ്റ്മെന്റ് എന്നനിലയിൽ ബർത്ത് ഡൂലോസിന് അനുവദിച്ചു നൽകിയതാണ്. റഷ്യൻ കപ്പൽ വരികയില്ലെന്നായിരുന്നു പോർട്ട് അധികാരികളുടെ കണക്കുകൂട്ടൽ. എന്നാലിതാ ഇപ്പോൾ റഷ്യൻ കപ്പൽ വരുന്ന വിവരം കാണിച്ച് കമ്പിസന്ദേശം ലഭിച്ചിരിക്കുന്നു. നേരത്തെ ബുക്കു ചെയ്തത് റഷ്യക്കാരാണെന്നും അതി നാൽ ഡൂലോസ് മാറ്റിക്കൊടുക്കണമെന്നുമാണ് പോർട്ട് അധികൃതരുടെ നിലപാട്. വേറെ ബർത്ത് ഒന്നും കാലിയില്ലതാനും.

എന്തുചെയ്യാനാവും? ഒരുമാസത്തേയ്ക്കുള്ള എല്ലാ പരിപാടികളും ഒരുക്കിക്കഴിഞ്ഞു. ലക്ഷക്കണക്കിനു രൂപയുടെ പരസ്യങ്ങൾ നൽകി, ഓരോ ദിവസങ്ങളിലും കപ്പലിനുള്ളിൽ സമ്മേളനങ്ങളുണ്ട്, അതിനുള്ള ടിക്കറ്റുകൾ കർണാടക സംസ്ഥാനത്തുടനീളം വിറ്റുകഴിഞ്ഞു. ദിവസവും ആയിരക്കണക്കിന് ആളുകളാണ് കർണാടകത്തിൽനിന്നും കേരളത്തിന്റെ വടക്കൻജില്ലകളിൽ നിന്നുമായി ഡൂലോസ് കാണാൻ മംഗലാ പുരത്തെത്തുന്നത്. അവരൊക്കെ തുറമുഖത്തെത്തുമ്പോൾ ഡൂലോസ് അവിടെയില്ലാത്ത അവസ്ഥ ഒന്ന് ആലോചിച്ചുനോക്കൂ!! റഷ്യ അന്ന് കമ്യൂണിസ്റ്റു റഷ്യയാണ്. ഒരു ക്രിസ്തീയകപ്പലിനുവേണ്ടി, അവരുടെ മതപ്രചരണത്തിനുവേണ്ടി വഴിമാറിക്കൊടുത്തേക്കാമെന്ന് അവരൊരിക്കലും ചിന്തിക്കില്ല! ഒന്നും ചെയ്യാനാവാത്ത അവസ്ഥ!!

മറ്റൊരു ദുര്യോഗവും ഡൂലോസ് പ്രവർത്തനത്തെ ഗ്രസിക്കാനൊരുങ്ങി നിൽക്കുകയായിരുന്നു. കപ്പൽ മംഗലാപുരത്തുനിന്ന് കൊച്ചിയിലേക്കാണ് പോകേണ്ടത്, അവിടെ നിന്ന് മദ്രാസിലേക്ക്, മദ്രാസിൽ നിന്ന് പിന്നെ ശ്രീലങ്കയിലേക്ക്.

ശ്രീലങ്കയിലും എല്ലാ പരിപാടികളും അറേഞ്ച് ചെയ്തുകഴിഞ്ഞു. അപ്പോഴാണ് തുറമുഖ അധികാരികൾ തടസ്സം നിൽക്കുന്നത്. നേരത്തെ ബർത്ത് ബുക്ക് ചെയ്തിരുന്നെങ്കിലും കപ്പൽ മദ്രാസ്സിൽ നിന്നാണു വരുന്നത് എന്ന് അവർ ഏറെ താമസിച്ചാണ് അറിയുന്നത്. അന്ന് തമിഴ് പുലികളുടെ പ്രശ്നം കൊടുമ്പിരി കൊണ്ടിരിക്കുകയാണ്. ഇന്ത്യയിൽ നിന്ന് പ്രത്യേകിച്ച് മദ്രാസ്സിൽ നിന്നുവരുന്ന ഒരു കപ്പലിനെ സ്വീകരിക്കാൻ പോർട്ട് അധികാരികൾ ഒരു രീതിയിലും സമ്മതിക്കുന്നില്ല. മദ്രാസ്സിൽ പരിശീലനം ലഭിച്ച ഒളിപ്പോരാളികൾക്ക് അതിൽ കടന്നുകൂടാൻ എന്താണ് പ്രയാസം എന്നാണ് അവരുടെ ചോദ്യം!

വിഷമം പിടിച്ച രണ്ട് സഹചര്യങ്ങൾ, മാനുഷികമായി ഒന്നും ചെയ്യാനാവാത്ത അവസ്ഥ! എന്തുചെയ്യും?

സാഹചര്യങ്ങൾ വിവരിച്ചശേഷം മൈക് സ്റ്റാറ്റ്യൂറ പറഞ്ഞു: ഭീതിപ്പെടുത്താനല്ല ഞാൻ കാര്യങ്ങൾ വിശദീകരിച്ചത്. മംഗലാപുരത്തെയും കൊളംബോയിലെയും തുറമുഖ അധികാരികൾ കൈമലർത്തിയിരിക്കയാണ്. 'അസാധ്യം' എന്നാണ് അവർ പറയുന്നത്. അങ്ങനയേ ബുദ്ധിയിൽ വിശ്വസിക്കാൻ കഴിയൂ. എന്നാൽ ഈ കാർമേഘങ്ങൾക്കിടയിലും നമ്മെ ആശ്വസിപ്പിക്കുന്ന ഒരു പ്രകാശകിരണമുണ്ട്, മറ്റൊന്നുമല്ല അത് "യഹോവ വാഴുന്നു!" എന്ന സത്യമാണ്.

അദ്ദേഹം 93-ാം സങ്കീർത്തനം 1-ാം വാക്യം വായിച്ചു, പിന്നെ പറഞ്ഞു "പ്രത്യക്ഷത്തിൽ മംഗലാപുരത്തെ തുറമുഖ അധികാരികളാണ് വാഴ്ച നടത്തുന്നത് പ്രത്യക്ഷത്തിൽ ശ്രീലങ്കൻ ഭരണകൂടമാണ് അധികാരം നടത്തുന്നത്, എന്നാൽ യാഥാർത്ഥ്യം അതല്ല അവർക്കെല്ലാം മുകളിൽ യഹോവയാണ് വാഴുന്നത്! അവിടുത്തെ പ്രജകളാണ് നാം, അവിടുത്തെ സന്താനങ്ങളാണ് നാം! അവിടുന്നാണ് വാഴ്ച നടത്തുന്നത് എന്നതിനാൽ നമുക്ക് അവനെ സ്തുതിക്കാം!!"

പിന്നെ അദ്ദേഹം 'യഹോവ വാഴുന്നു' എന്നർത്ഥം വരുന്ന 'അവർ ഗോഡ് റെയ്ൻസ്' എന്ന ഗാനം പാടി. ഞങ്ങൾ ഏറ്റുപാടി. രണ്ടുപേർ പ്രാർത്ഥിച്ചു... ഞങ്ങൾ ചേർന്നു പ്രാർത്ഥിച്ചു!

കുറേ കഴിഞ്ഞപ്പോൾ നീളമുള്ള ഒരാൾ ഒരു ബ്രീഫ്കേസുമായി പ്രാർത്ഥനാഹാളിലേക്കു നടന്നുവരുന്നത് ഞാൻ കണ്ടു, അയാൾ നേരെ മൈക് സ്റ്റാറ്റ്യൂറായുടെയടുത്തുപോയിരുന്ന് ചിലതൊക്കെ പറഞ്ഞു. മൈക്ക് എഴുന്നേറ്റ് മൈക്കിനടുത്തേക്കു ചെന്നു.

"പ്രയ്സ് ദ ലോർഡ്! യഹോവ വാഴുന്നു... ഇപ്പോൾ വന്നത് ശ്രീലങ്കയിലെ നമ്മുടെ ലൈനപ്പ് മെമ്പറാണ്! അദ്ദേഹം പറഞ്ഞത്, നമ്മുടെ കപ്പൽ ശ്രീലങ്കൻ തുറമുഖത്തോടടുക്കുന്നതിനുള്ള തടസങ്ങൾ മാറിയിരിക്കുന്നു എന്നാണ്. ശ്രീലങ്കൻ ഭരണാധികാരികളല്ല, യഹോവയാണു വാഴുന്നത് എന്നതിനാൽ നമുക്ക് അവിടുത്തേക്കു സ്തുതികളർപ്പിക്കാം!'

പ്രാർത്ഥനയ്ക്കായി ഇരുന്ന സ്ഥലത്തുനിന്ന് എഴുന്നേറ്റിട്ടുപോലുമില്ല... ദൈവം പ്രാർത്ഥനയ്ക്കു മറുപടി നൽകിയിരിക്കുന്നു. തന്റെ വാഴ്വ് അവൻ തെളിയിച്ചിരിക്കുന്നു!

അന്ന് എല്ലാവരും കിടന്നുറങ്ങി. അങ്ങുദൂരെയുള്ള ശ്രീലങ്കൻ പ്രശ്നം അവസാനിച്ചെങ്കിലും ഇങ്ങു മംഗലാപുരത്തെ പ്രശ്നങ്ങൾ തീർന്നിട്ടില്ല. റഷ്യൻ ഷിപ്പിന്റെ വരവ് എന്തായി?

കപ്പൽ വരുന്നുണ്ട്, ഉടനെ ഇങ്ങെത്തും, തുറമുഖ അധികാരികൾക്ക് അറിവുകിട്ടി. എന്നാൽ റഷ്യൻ കപ്പൽക്കാർ മറ്റൊന്നുകൂടെ പറഞ്ഞു: "ഞങ്ങൾ മുൻകൂട്ടി റിസർവ് ചെയ്തിരുന്ന ബർത്ത് നിങ്ങൾ മറ്റൊരു കപ്പലിനു കൊടുത്തത് നിങ്ങളുടെ തെറ്റ്. എന്നാൽ റീകൺഫേം ചെയ്യാതിരുന്നതിൽ ഞങ്ങളും തെറ്റുകാരാണ്. ഒരു അഡ്ജസ്റ്റ്മെന്റ്! അവർ കപ്പൽ ഒരു ദിവസത്തേക്ക് പുറം കടലിലേക്കു കൊണ്ടുപോകട്ടെ. ഞങ്ങൾ ആ ഒരു ദിവസംകൊണ്ട് കാർഗോ പുറത്തിറക്കി മടങ്ങിപ്പൊയ്ക്കൊള്ളാം!"

പ്രയ്സ് ദ ലോർഡ്! ഞങ്ങൾ കപ്പൽ ഒരു ദിവസത്തേക്കു പുറംകടലിലേക്കു മാറ്റി, പിറ്റേന്നു രാവിലെ തിരിച്ച് ബർത്തിലെത്തി. എല്ലാം പ്രോഗ്രാം ചെയ്തതു പോലെ നടന്നു.

മംഗലാപുരത്തെ പോർട്ട് അധികാരികളുടെ നിസ്സഹായതയിലും യഹോവയുടെ വാഴ്വ് ഞങ്ങൾക്കു തുണയായി.

യഹോവയുടെ വാഴ്വ് എല്ലാ നമ്മുടെ എല്ലാ ആകുലതകൾക്കുമുള്ള പരിഹാരമാണ്. അസാധ്യമെന്നായിരിക്കാം എല്ലാവരും പറയുന്നത്. സാഹചര്യ ങ്ങളെ നോക്കി നമുക്കും പലപ്പോഴും അങ്ങനെയേ പറയാനാവൂ.

ഈ രോഗം ഭേദമാവുകയോ? അസാധ്യം!

ഈ സ്ഥലത്ത് ആരാധന തുടങ്ങുകയോ അസാധ്യം!

ഈ കരുത്തന്റെ കൈകളിൽ നിന്നു രക്ഷപ്പെടുകയോ, അസാധ്യം!

ഈ സാഹചര്യത്തെ മറികടക്കാനാവുകയോ, അസാധ്യം!!!

അതെ, മാനുഷികമായി അസാധ്യം. എന്നാൽ ദൈവത്താൽ സാധ്യം, കാരണം, യഹോവയാണു വാഴുന്നത്!!

# 10

**സങ്കീർത്തനം 34**

> **"അവങ്കലേക്കു നോക്കിയവർ പ്രകാശിതരായി. അവരുടെ മുഖം ലജ്ജിച്ചുപോയതുമില്ല,"**
> **(സങ്കീർത്തനം 34:5)**

# സകല ഭയങ്ങളിൽ നിന്നും ഉള്ള വിടുതൽ

ഗ്രീസിലെ അലക്സാണ്ടർക്ക് അന്നു പന്ത്രണ്ടു വയസ്സേയുള്ളു. അദ്ദേഹത്തിന്റെ പിതാവ് ഫിലിപ്പ് മാസിഡോണിയയിലെ രാജാവാണ്. ഫിലിപ്പ് രാജാവ് വലിയ കുതിരപ്രിയനായിരുന്നു (ഫിലിപ്പ് എന്ന വാക്കിന് കുതിരകളെ സ്നേഹിക്കുന്നവൻ എന്ന അർത്ഥവുമുണ്ട്.)

ഫിലിപ്പിന്റെ ലായത്തിൽ ധാരാളം കുതിരകൾ! നല്ല കുതിരകളെ കണ്ടാൽ എവിടെ നിന്നാണെങ്കിലും ഫിലിപ്പ് രാജാവ് അതിനെ വാങ്ങിക്കൂട്ടും.

രാജാവിന്റെ കുതിരപ്രേമം അറിയാവുന്ന കച്ചവടക്കാർ നല്ല കുതിരകളെ എപ്പോഴും രാജാവിനായി മാറ്റിവെയ്ക്കും. ഇഷ്ടപ്പെട്ടാൽ അതിന് മറ്റുള്ളവർ കൊടുക്കുന്നതിന്റെ ഇരട്ടിവില കൊടുക്കാനും ഫിലിപ്പിനു മടിയില്ല!

കരുത്തുള്ള ഒരു ഇളം കുതിരയുമായി ഒരു കച്ചവടക്കാരൻ ഒരു ദിവസം രാവിലെ ഫിലിപ്പിന്റെ രാജകൊട്ടാരത്തിലെത്തി. ഒറ്റ നോട്ടത്തിൽ രാജാവിനു കുതിരയെ ഇഷ്ടപ്പെട്ടു, എങ്കിലും അത് ഇണക്കമുള്ള കുതിരയാണോ എന്നറിയണമല്ലോ. കുതിയരയുടെ മെരുക്കം പരിശോധിക്കാൻ ലായത്തിന്റെ നടത്തിപ്പുകാരനെത്തി, പിന്നിലൂടെ നടന്നുവന്ന് അതിന്റെ പുറത്തു കയറാൻ തുടങ്ങിയതാണയാൾ! കുതിര ഒറ്റത്തൊഴി! ലായം നടത്തിപ്പുകാരൻ മലർന്നടിച്ചു താഴെ!!

പിന്നീട് കുതിരയുടെ മെരുക്കം പരിശോധിക്കാനെത്തിയത് പരിചയ സമ്പന്നനായ പരിശീലകനായിരുന്നു. അയാളെയും കുതിര തൊഴിച്ചുവീഴ്ത്തി. കുതിരയെ മെരുക്കുന്നതിൽ സൈന്യാധിപനും പരീക്ഷിച്ചു പരാജയപ്പെട്ടു. കുതിരയുടെ ഉടമസ്ഥൻ തന്നെ അടുത്തുചെന്നിട്ടും അതു വഴങ്ങിയില്ല.

എന്തുചെയ്യാം! ശക്തിയും സൗന്ദര്യവും നിറഞ്ഞു തുളുമ്പി നിന്നാലും മെരുക്കമില്ലാത്ത കുതിരയെക്കൊണ്ട് എന്തു പ്രയോജനം?! അതിനെ വാങ്ങേണ്ടതില്ലെന്ന് രാജാവു തീരുമാനിച്ചു.

എല്ലാം കണ്ടുകൊണ്ടു നില്ക്കുകയായിരുന്നു അലക്സാണ്ടർ രാജകുമാരൻ!

“കുതിരയുടെ മെരുക്കം ഞാനൊന്നു പരീക്ഷിച്ചുനോക്കട്ടെ' ആ പന്ത്രണ്ടു വയസ്സുകാരൻ പിതാവിനോടു ചോദിച്ചു.

“സൈന്യാധിപനും പരീക്ഷിച്ചു പരാജയപ്പെട്ടതാണ്” രാജാവു പറഞ്ഞു. “എങ്കിലും മനോധൈര്യം ഉണ്ടെങ്കിൽ നിനക്കും പരീക്ഷിക്കാം!”

അതായിരുന്നു ഫിലിപ്പിന്റെ പ്രത്യേകത! സാഹസ്സങ്ങളെ പ്രോത്സാഹിപ്പിക്കുന്ന മനസ്സ്!!

അലക്സാണ്ടർ രാജകുമാരൻ കുതിരയോട് മുഖാമുഖം നടന്ന് അടുത്തുചെന്നു; തലോടി... പതിയെ അതിനെ തിരിച്ചുനിർത്തി... പിന്നെ സാവധാനം പുറത്തുകയറി ഓടിച്ചുപോയി!

എല്ലാവർക്കും അത്ഭുതമായി! കുതിരയുടെ ഉടമസ്ഥനുപോലും കഴിയാത്തത്!! രാജകുമാരൻ കുതിരയുമായി മടങ്ങിയെത്തിയപ്പോൾ ഫിലിപ്പ് പറഞ്ഞു “കുതിരയുടെ ഉടമസ്ഥന് അയാൾ ചോദിക്കുന്ന വില കൊടുത്തേക്ക്!”

എന്താണ് സംഭവിച്ചത്? കുതിരയുടെ പരിശീലകർക്കും സൈന്യാധിപനും ഉടമസ്ഥന് തന്നെയും കഴിയാത്തതിനെ പന്ത്രണ്ടുവയസ്സുകാരൻ അലക്സാണ്ടർ എങ്ങനെ സാധിച്ചെടുത്തു? എന്തു മാജിക്കാണ് ആ പന്ത്രണ്ടു വയസ്സുകാരൻ പയറ്റിയത്?

അലക്സാണ്ടറുടെ നിരീക്ഷണ പാടവമാണ് അവന്റെ രക്ഷയ്ക്കെത്തിയത്. അല്ലാതെ മാജിക്കൊന്നുമല്ല ഇക്കാര്യങ്ങളൊക്കെ നടക്കുന്നത് രാവിലെ നേരമാണ്, സൂര്യൻ ഉദിച്ചുയർന്നിരുന്നതേയുള്ളൂ. കുതിര സൂര്യനു പുറം തിരിഞ്ഞാണു നിന്നിരുന്നത്, അതിന്റെ തന്നെ നിഴൽ അതിനെ ഭീതിപ്പെടുത്തിയിരുന്നു. അപ്പോഴാണ് പരിശീലകരും സൈന്യാധിപനും കുതിരയുടെ പുറകുവശത്തൂടെയാണ് നടന്നു വന്നത്, അപ്പോൾ അവരുടെ നിഴലുകൾ കുതിരയുടെ മുന്നിൽ

നീണ്ടുനീണ്ടു വന്നു. അവരുടെ ഓരോ ചുവടുവെയ്പ്പുകളിലും നീണ്ടു നീണ്ടു വരുന്ന നിഴലുകൾ കണ്ട് കുതിര ഭീതിപ്പെട്ടു. അവരടുത്തുവന്നപ്പോൾ കുതിര വിറളിപിടിച്ച് അവരെ തൊഴിച്ചു.

അലക്സാണ്ടർ കുമാരനാകട്ടെ കുതിരയ്ക്ക് അഭിമുഖമായാണ് നടന്നുചെന്നത്... അതിനാൽ അവന്റെ നിഴലുകൾ കുതിരയെ ഭീതിപ്പെടുത്തിയില്ല. പിന്നെയുള്ളത് കുതിരയുടെ തന്നെ നിഴലാണ്. അത് മാറ്റുവാനാണ് കുമാരൻ കുതിരയെ തിരിച്ച് സൂര്യനഭിമുഖമായി നിർത്തിയത്, അതോടെ നിഴൽ പിന്നിലായി; കുതിരയുടെ ഭീതി മാറുകയും ചെയ്തു.

അലക്സാണ്ടർ കുമാരൻ ആ കുതിരയെ സ്വന്തമാക്കി സ്നേഹിച്ചു; 'ബ്യൂസിഫാലസ്' എന്നു പേരിട്ടു. മിക്ക യുദ്ധങ്ങളിലും ബ്യൂസിഫാലസിന്റെ പുറത്തേറിയാണ് അലക്സാണ്ടർ പോരാടി ലോകം കീഴടക്കിയത്. ഒടുവിൽ ഇന്ത്യയിലേക്കുള്ള യാത്രയിൽ ഉയരത്തിൽനിന്നു ചാടി പരിക്കുപറ്റിയ ബ്യൂസിഫാലസ് മരണമടയുകയായിരുന്നു. അതുവരെയും അലക്സാണ്ടറിന്റെ സന്തതസഹചാരിയായിരുന്നു ബ്യൂസിഫാലസ്.

സൂര്യനു പുറം തിരിഞ്ഞു നിന്നിരുന്ന കുതിരയെ നിഴലുകൾ ഭീതിപ്പെടുത്തി, സൂര്യനഭിമുഖമായി നിൽക്കുമ്പോൾ നിഴലുകൾ മാറിപ്പോകുന്നു.

"അവങ്കലേക്കു നോക്കിയവർ പ്രകാശിതരായി, അവരുടെ മുഖം ലജ്ജിച്ചുപോയതുമില്ല" (സങ്കീർത്തനം 34:5) ഈ വാക്യം എഴുതുമ്പോൾ സങ്കീർത്തനക്കാരൻ അർത്ഥമാക്കുന്നതും ഇതു തന്നെ. യേശുകർത്താവിന് പുറംതിരിഞ്ഞുനിൽക്കുന്നവരെ നിഴൽ ഭീതിപ്പെടുത്തുന്നു. യേശുവിന് അഭിമുഖമായി നിൽക്കുന്നവർ പ്രകാശിതരാകുന്നു. അവർ ഭീതിപ്പെടുന്നില്ല, ശരിയല്ലെ ഇത്?

പത്രോസിന്റെ കടൽ യാത്രാനുഭവം ഉദാഹരണമായെടുക്കാം. (മത്തായി 12:22–33)

അഞ്ചപ്പം കൊണ്ട് അയ്യായിരം പേരെ പോഷിപ്പിച്ച സംഭവത്തിനുശേഷം യേശു ശിഷ്യന്മാരെ പടകിൽ അക്കരയ്ക്കു പറഞ്ഞയച്ചു: യേശു പ്രാർത്ഥിക്കാനായി പോയി. ശിഷ്യരുടെ യാത്രയിൽ കാറ്റിലും കോളിലും പെട്ട് പടക് ആടിയുലഞ്ഞു.

നേരത്തെയൊരിക്കൽ അവർ കയറിയ പടക് ഇതുപോലെ കാറ്റിലും കോളിലും പെട്ട് ആടിയുലഞ്ഞതാണ്. (മത്തായി 8:23–27) അന്ന് കർത്താവ് പടകിലുണ്ടായിരുന്നു. ഉറങ്ങിക്കിടന്ന യേശുവിനെ അന്ന് ശിഷ്യന്മാർ

ഉണർത്തി. അവിടുന്ന് കാറ്റിനേയും കടലിനെയും ശാസിച്ചമർത്തിയിരുന്നു. അന്നും അവർക്ക് ഭീതിയുണ്ടായി. എങ്കിലും വിളിച്ചുണർത്തുവാനാവും വിധം കർത്താവ് പടകിൽത്തന്നെയുണ്ടായിരുന്നു.

ഇന്നിപ്പോൾ അതല്ല സ്ഥിതി. കർത്താവിന്റെ സാമിപ്യം അവർക്കില്ല അവർ ഭീതിതരായി. എന്നാൽ അവരെ അത്ഭുതപ്പെടുത്തിക്കൊണ്ട് ഒരു ആൾരൂപം കടലിലൂടെ നടന്നുവരുന്നത് അവർ കണ്ടു. ആരാണത്? ഭൂതമോ?

കർത്താവ് അവർക്ക് അരികിലെത്തി. 'പേടിക്കേണ്ട, ഭൂതമൊന്നുമല്ല... ഞാൻ തന്നെയാണ്' അവിടുന്നു പറഞ്ഞു. ശിഷ്യന്മാർക്ക് സന്തോഷമായി, ഹോ! യേശു എത്തിയല്ലോ!

പത്രോസിനായിരുന്നു ഏറ്റം കൂടുതൽ സന്തോഷം എന്നു തോന്നുന്നു... ഇനിയിപ്പോൾ കാറ്റിനെ ഭയപ്പെടേണ്ടല്ലോ! പെട്ടന്നവനു തോന്നി... യേശു വെള്ളത്തിനുമീതെ നടക്കുകയാണ്, ഒന്നു നടന്നു നോക്കിയാലോ? "അങ്ങനെയെങ്കിൽ ഞാൻ വെള്ളത്തിനുമീതെ നടന്ന് നിന്റെ അടുക്കൽ വരേണ്ടതിന് എന്നോടു കൽപ്പിക്കേണമെ..." പത്രോസ് പറഞ്ഞു.

യേശുകർത്താവിലുള്ള പത്രോസിന്റെ ബോധ്യം ഇവിടെ എടുത്തു പറയേണ്ടതുണ്ട്. അത് അവിടുന്നു തന്നെയാണോ? എങ്കിൽപ്പിന്നെ എനിക്കു തീർച്ചയായും വെള്ളത്തിൻമീതെ നടക്കാൻ കഴിയും. നീയാണ് എന്നറിയാൻ എനിക്ക് നിന്റെ കൽപന ഒന്നു കേട്ടാൽ മാത്രം മതി!

കർത്താവ് കൽപിച്ചാൽ തനിക്ക് കടലിൻമീതെ നടക്കാനും കഴിയുമെന്നതിന് പത്രോസിനു സംശയമൊന്നുമില്ല! എന്തൊരു വിശ്വാസം!!

"വരിക!" കർത്താവു കൽപിച്ചു.

പത്രോസ് യേശുവിന്റെ മുഖത്തേക്കു നോക്കിക്കൊണ്ട് പടകിൽ നിന്നു വെള്ളത്തിലേക്കിറങ്ങി നടന്നു. വെള്ളം ഇപ്പോൾ പാറപോലെ... ചില ചുവടുകൾ വച്ചപ്പോൾ അവൻ "കാറ്റുകണ്ടു" (വാക്യം 30) "പേടിച്ചു."

യേശുവിന്റെ മുഖത്തുനിന്നു നോട്ടം മാറ്റിയതുകൊണ്ടു മാത്രമാണ് അവന് "കാറ്റുകാണാൻ" കഴിഞ്ഞത്. കാറ്റുകണ്ടപ്പോൾ അവൻ പേടിച്ചു. വേറൊരു രീതിയിൽ പറഞ്ഞാൽ, യേശുവിന്റെ മുഖത്തുനിന്ന് നോട്ടം പിൻവലിച്ചപ്പോൾ അവൻ പേടിച്ചു ഭയപ്പെട്ടപ്പോൾ അവൻ മുങ്ങുവാൻ തുടങ്ങി. ഇപ്പോൾ അവൻ വെള്ളത്തിൽ പാറപോലെ...

കാറ്റ് നേരത്തെയും അവിടെയുണ്ടായിരുന്നു. അത് പെട്ടെന്നു വന്നതൊന്നുമല്ല എന്നാൽ യേശുവിന്റെ മുഖത്തുനോക്കി നടന്ന പത്രോസിന് കാറ്റുകാണാനായില്ല. നമ്മുടെ ജീവിതത്തിലും ഇതുത

ന്നെയാണ് സംഭവിക്കുന്നത്. യേശുവിന്റെ മുഖത്തുതന്നെയാണ് നമ്മുടെ കണ്ണുകളെങ്കിൽ, സാഹചര്യങ്ങളെ നാം ഭീതിയോടെ കാണുകയില്ല!

പത്രോസ് കടലിൻമീതെ നടക്കുമ്പോൾ അവൻ കാറ്റുകണ്ട് ഭയപ്പെടുന്നു; നിലവിളിക്കുന്നു. നിലവിളിച്ചപ്പോൾ പെട്ടെന്ന് കർത്താവ് കാറ്റിനെ ഇല്ലാതെയാക്കിയില്ല. അവർ പടകിൽ കയറിക്കഴിഞ്ഞാണ് കാറ്റ് അമർന്നത് എന്നതു ശ്രദ്ധിക്കണം (വാക്യം 32) എന്നാൽ കാറ്റ് നിലനിൽക്കുമ്പോൾത്തന്നെ പത്രോസ് ഭീതിയകന്നവനായി... എങ്ങനെ?

"യേശുകർത്താവ് കൈനീട്ടി അവനെ പിടിച്ചു." (വാക്യം 31) അവനെ സാന്ത്വനിപ്പിച്ചു, അവന്റെ ഭീതിയെല്ലാം മാറിപ്പോയി!! കാറ്റു മാറിയില്ലെങ്കിലും ഭീതിമാറി! അവങ്കലേക്കു നോക്കുന്നവരുടെ ഭീതിയെല്ലാം മാറിപ്പോകുന്നു! അവിടുന്ന് അവരെ അവരുടെ സകല ഭയങ്ങളിൽ നിന്നും വിടുവിക്കുന്നു!!

സാഹചര്യങ്ങളിൽ നിന്നല്ല 'ഭീതി'യിൽ നിന്നാണ് കർത്താവു നമ്മെ വിടുവിക്കുന്നത്. സങ്കീർത്തനക്കാരൻ അതുതന്നെയാണു പറയുന്നത്.

"ഞാൻ യഹോവയോട് അപേക്ഷിച്ചു; അവൻ എനിക്ക് ഉത്തരമരുളി, എന്റെ സകലഭയങ്ങളിൽനിന്നും എന്നെ വിടുവിച്ചു." (സങ്കീർത്തനം 34:4)

യഹോവ ഉത്തരമരുളുന്നത്, നമ്മുടെ പ്രതികൂലസാഹചര്യങ്ങളെ ഇല്ലായ്മ ചെയ്തുകൊണ്ടല്ല, പ്രത്യുത ഭയം ഇല്ലായ്മ ചെയ്തുകൊണ്ടാണ്. സാഹചര്യം അതുപോലെ തന്നെ നിലനിൽക്കുന്നു. എന്നാൽ നമ്മിൽനിന്ന് ഭയം മാറിപ്പോകുന്നു.

ഇതിനർത്ഥം, യഹോവ അവരെ കഷ്ടങ്ങളിൽ നിന്നു വിടുവിക്കയില്ലെന്നല്ല. "എന്റെ സകലഭയങ്ങളിൽ നിന്നും യഹോവ എന്നെ വിടുവിച്ചു" (സങ്കീർത്തനം 34:4) എന്നു സാക്ഷിപറഞ്ഞ സങ്കീർത്തനരചയിതാവ് അടുത്തതായി പറയുന്നത്. "അവൻ എന്റെ സകല കഷ്ടങ്ങളിൽ നിന്നും എന്നെ വിടുവിച്ചു" എന്നാണ്. (സങ്കീർത്തനം 34:6) എന്നാൽ കഷ്ടങ്ങളിൽ നിന്നു വിടുവിക്കുന്നതിനു മുമ്പ് അവൻ ഭയങ്ങളിൽ നിന്നാണു വിടുതൽ നൽകുന്നത്.

പലപ്പോഴും നാം ദൈവത്തോട് ആവശ്യപ്പെടുന്നതു തിരിച്ചാണ്. "ദൈവമെ, എന്റെ കഷ്ടങ്ങളിൽ നിന്ന് നീയെന്നെ ഒന്നു വിടുവിക്കൂ, എന്റെ ഭീതി മാറട്ടെ!" എന്നാൽ കർത്താവു പറയുന്നത് തിരിച്ചാണ്; "ആദ്യം നിന്റെ ഭീതിമാറട്ടെ, പിന്നെ ഞാൻ നിന്നെ നിന്റെ കഷ്ടങ്ങളിൽ നിന്നു വിടുവിക്കാം.

പത്രോസ് കാറ്റുകണ്ട് പേടിച്ചു നിലവിളിക്കുമ്പോൾ കർത്താവ് ചോദിക്കുന്നത്, എന്തിനാണ് നീ സംശയിക്കുന്നത്? എന്തിനാണു നീ ഭയപ്പെടുന്നത്? എന്നാണ്.

"കർത്താവേ, ഞാൻ എങ്ങനെ ഭയപ്പെടാതിരിക്കും? കാറ്റ് കാണുന്നില്ലേ നീ?" എന്നാണ് പത്രോസിന്റെ മറുചോദ്യം. കർത്താവ് ചിരിച്ചു കാണണം!!

"കൊള്ളാം പത്രോസേ, നിന്റെ വിശ്വാസം കൊള്ളാം. കാറ്റില്ലെങ്കിൽ കടലിനു മുകളിലൂടെ നടക്കാം, കാറ്റുണ്ടെങ്കിൽ താണുപോകും... ഇതാണോ നിന്റെ ചിന്ത? പത്രോസേ, ഞാൻ കൽപ്പിക്കുന്നില്ലെങ്കിൽ കാറ്റില്ലെങ്കിലും നിനക്ക് കടലിലൂടെ നടക്കാനാവില്ല. ഞാൻ കൽപ്പിച്ചാൽ, കാറ്റുണ്ടെങ്കിലും നിനക്ക് കടലിന്മീതെ നടക്കാം. എന്റെ നിയോഗമാണ് കാര്യങ്ങളെ വ്യത്യസ്തമാക്കുന്നത്. സാഹചര്യങ്ങൾ അനുകൂലമാണെങ്കിലേ എനിക്കു പ്രവർത്തിക്കാൻ കഴിയൂ എന്നാണോ നിന്റെ ചിന്ത? എനിക്കു നിന്നെ ശാന്തമായ കടലിന്മീതെ മാത്രമല്ല, അലറി മറിയുന്ന കടലിൻമീതെയും നടത്താൻ കഴിയും." അൽപ വിശ്വാസിയേ , നീ എന്തിനു സംശയിച്ചു?" (മത്തായി 14:31)

പലപ്പോഴും നാം പത്രോസിൽ നിന്നു വ്യത്യസ്തരല്ല ചെറിയ ചെറിയ കാര്യങ്ങളൊക്കെ ചെയ്യാൻ ദൈവത്തിനു കഴിയും, എന്നാൽ കാറ്റും കോളും നിറഞ്ഞ സാഹചര്യങ്ങളിൽ, പ്രതികൂലത്തിന്റെ പാരമ്യതയിൽ... ദൈവത്തിന്റെ ശക്തിയെയും കരുതലിനെയും നാം സംശയിക്കുന്നു. അൽപം വിശ്വസിക്കുന്നു, അധികം വിശ്വസിക്കുന്നില്ല!!

സാഹചര്യങ്ങളെ മാറ്റാതെ തന്നെ, പ്രതികൂല ഘടകങ്ങളെ ഇല്ലായ്മ ചെയ്യാതെ തന്നെ കർത്താവു പറയുന്നു: "വിശ്വാസിയാവുക... എനിക്ക് എല്ലാം കഴിയുമെന്നു നീ വിശ്വസിക്കുക... നിന്റെ ഭീതിമാറട്ടെ."

അവിടുന്ന് പത്രോസിന്റെ കരം പിടിച്ചു "പത്രോസേ നീയങ്ങനെ താണുപോകാനൊന്നും ഞാൻ അനുവദിക്കില്ല" കർത്താവു പറഞ്ഞു. "നീ എന്തിനാണു നിലവിളിച്ചത്? നിന്റെ കാര്യത്തിൽ ഞാൻ കരുതലില്ലാത്തവനാണെന്നു നീ കരുതിയോ? ആരാണ് നിന്നെ വിളിച്ചിറക്കിയത്? ഞാനല്ലേ? നിന്നെ നടത്തുവാൻ എനിക്കു കഴിവുണ്ടെന്നു മാത്രമല്ല, നിന്നെപ്പറ്റി എനിക്കു കരുതലുമുണ്ട്. പിന്നെ നീ എന്തിനു ഭയപ്പെടണം?"

വാസ്തവത്തിൽ നമ്മെ ഭയരഹിതരാക്കുന്നത് ആ രണ്ടു കാര്യങ്ങളാണ്! ദൈവത്തിനു കഴിയുമെന്ന ബോധ്യവും, ദൈവം കരുതലുള്ളവനാണെന്ന തിരിച്ചറിവും!! അതറിയാൻ നാം സാഹചര്യങ്ങളെ നോക്കുന്നതു നിർത്തി, അവങ്കലേക്കു തന്നെ നോക്കിയാലേ മതിയാകൂ. അതറിഞ്ഞുകഴിഞ്ഞാൽ നാം സകല ഭയങ്ങളിൽ നിന്നും വിടുവിക്കപ്പെട്ടവരായി!! അവിടുന്നു നമ്മെ ആദ്യം ഭയത്തിൽ നിന്നു വിടുവിക്കുന്നു, പിന്നെ പടകിലേക്ക് കൂട്ടിക്കൊണ്ടുപോകുന്നു... ഒടുവിൽ കഷ്ടങ്ങളിൽ നിന്നും വിടുവിക്കുന്നു.

# 11

**സങ്കീർത്തനം 85**

**“നിന്റെ ജനം നിന്നിൽ ആനന്ദിക്കേണ്ടതിന്
നീ ഞങ്ങളെ വീണ്ടും ജീവിപ്പിക്കയില്ലയോ?”
(സങ്കീർത്തനം 85:6)**

# അവനിൽതന്നെ ആനന്ദിക്കുക!!

ഉണർത്തപ്പെടുവാനുള്ള, ഒരു പരിധികൂടെ കടത്തിപ്പറഞ്ഞാൽ, ഉയിർപ്പിക്കപ്പെടുവാനുള്ള ഒരു അഭിവാഞ്ഛ ഈ സങ്കീർത്തന ഭാഗത്തുണ്ട്. അതാകാം, ഉണർവ്വുയോഗങ്ങൾക്ക് ഈ വാക്യം പലപ്പോഴും കുറിവാക്യമാകുന്നത്.

എന്തിനുവേണ്ടി വീണ്ടും ജീവിപ്പിക്കപ്പെടണം എന്നും സങ്കീർത്തന ക്കാരൻ പറയുന്നുണ്ട്: “നിന്റെ ജനം നിന്നിൽ ആനന്ദിക്കേണ്ടതിന്!”

ഈ സങ്കീർത്തനം ഒരു പ്രവാസാനന്തര (Post-exilic) കാവ്യമാണെന്ന് ഒന്നാം വാക്യത്തിൽ നിന്നുതന്നെ മനസ്സിലാക്കാവുന്നതേയുള്ളൂ. “യാക്കോ ബിന്റെ പ്രവാസികൾ തിരിച്ചു വന്നിരിക്കുന്നു” (വാക്യം 1)

ദൈവത്തിന്റെ യഥാസ്ഥാപന പ്രവൃത്തിയെപ്പറ്റി സങ്കീർത്തകന് സംതൃ പ്തിയുണ്ട്. ജനത്തിന്റെ അകൃത്യം മോചിക്കപ്പെട്ടിരിക്കുന്നു, അവരുടെ പാപം ഒക്കെയും ദൈവം മൂടിക്കളഞ്ഞിരിക്കുന്നു... (വാക്യം 2,3) എങ്കിലും ഇപ്പോഴും ജനം അവിടുത്തെ നീരസത്തിൻ കീഴിലാണെന്ന് കവി ഭയപ്പെടുന്നു (വാക്യം 4) അതുകൊണ്ട്, ദൈവമെ നീ ഞങ്ങൾക്ക് പുതുജീവൻ നൽകണം. (Revive us O' Lord!) നിന്റെ ജനത്തിന്റെ ആനന്ദം നിന്നിൽ തന്നെയായിരിക്കട്ടെ!

വലിയൊരു അപകടത്തെക്കുറിച്ചുള്ള സൂചന ഈ വാക്കുകളിൽ ഒളിഞ്ഞുകിടപ്പുണ്ട്. ഉണർത്തപ്പെടുന്നവന്റെ ആനന്ദം ദൈവത്തിൽ അല്ലാതെയുമാകാം!

നിസ്വാർത്ഥ സ്നേഹവും മറ്റും പഴങ്കഥയാകുന്ന ഇക്കാലത്ത് സ്നേഹം പലപ്പോഴും 'ലഭിക്കുന്ന'തിന്റെ അടിസ്ഥാനത്തിലാവുന്നത് സ്വാഭാവികം. ദാതാവിനെക്കാൾ ദാനത്തെ സ്നേഹിക്കുന്നത് ഒരു വ്യാവഹാരിക യാഥാർത്ഥ്യമാണല്ലോ. ദാതാവിനെ സ്നേഹിക്കുന്നെങ്കിൽതന്നെ അത് വീണ്ടും ദാനങ്ങൾ തരേണ്ടതിന് അയാളുടെ സൗഹൃദം അത്യന്താപേക്ഷിതമാണല്ലോ എന്നു ചിന്തിച്ചുമാകാം. ഭർത്താവു നൽകുന്ന സുരക്ഷിതത്തിൽ ഭാര്യ ഭർത്താവിനോട് പറ്റിച്ചേർന്നിരിക്കുന്നു; ഭാര്യ നൽകുന്ന സേവനത്തിൽ ഭർത്താവ് സംതൃപ്തനാകുന്നു; അപ്പൻ നൽകുന്ന ദാനങ്ങൾക്കായി മക്കൾ അപ്പനെ പ്രസാദിപ്പിക്കുന്നു... ഇവിടുത്തെയൊക്കെ ചോദ്യം ഇക്കൂട്ടർ യഥാർത്ഥത്തിൽ ആനന്ദിക്കുന്നത് എന്തിലാണ്, എന്നതാണ്!

ആത്മീയതയിലും നാം ഈ ചോദ്യം ചോദിക്കേണ്ടതുണ്ട് പലപ്പോഴും നാം ആനന്ദിക്കുന്നത് ദൈവത്തിലല്ല, ദൈവത്തിന്റെ ദാനങ്ങളിലാണ്. എന്നതല്ലെ വാസ്തവം? നമ്മുടെ 'സാക്ഷ്യ'ങ്ങൾ പരിശോധിച്ചു നോക്കുക-ദൈവം നമുക്കു ചെയ്ത 'ഉപകാരങ്ങ'ളായിരിക്കും അതിലെ പ്രതിപാദ്യം. നമ്മുടെ പ്രാർത്ഥനകളും ദൈവം നമുക്കു ചെയ്തുതരേണ്ട 'ഉപകാരങ്ങ'ളുടെ ലിസ്റ്റ് ആയിരിക്കും. ഇനി ഒരു നന്ദിപ്രകടനം ഉണ്ടായാലോ, (അതു കുറവാണ്) ദൈവം ചെയ്ത ഉപകാരങ്ങൾക്ക് സ്തുതി കരേറ്റുകയാവും അതിലൂടെ നാം ചെയ്യുക!

ഇതെല്ലാം നല്ല കാര്യങ്ങൾ തന്നെ! എന്നാൽ യഥാർത്ഥത്തിൽ ദൈവത്തെത്തന്നെ കാണുവാനും അവനിൽ ആനന്ദിക്കുവാനും നമുക്കു കഴിയുന്നില്ലെങ്കിൽ ദൈവം നമ്മിൽ ചെയ്ത യഥാസ്ഥാനപ്രവൃത്തി നിഷ്ഫലമാവുകയാണ്. "അവനിൽ ആനന്ദിക്കുവാൻ" വേണ്ടിയാവണം നാം വീണ്ടും ജീവിപ്പിക്കപ്പെടേണ്ടത്.

യിസ്രായേലിന്റെ ജീവിതത്തിൽ ദൈവം തന്റെ എല്ലാ നല്ല ദാനങ്ങളെയും അവർക്ക് വാഗ്ദാനം ചെയ്ത ഒരു സന്ദർഭമുണ്ടായി. അതും അതിലൊന്നിനുപോലും അവർ യോഗ്യരല്ലാതിരിക്കുന്ന ഒരു സന്ദർഭത്തിൽ!

യിസ്രയേൽ അവരുടെ ജീവതത്തിലെ ഏറ്റവും നികൃഷ്ടമായ പാപം ആഘോഷമാക്കിയ സമയം (പുറപ്പാട് 32)! മോശെ പർവ്വതത്തിൽ ദൈവത്തിൽ നിന്ന് ഉടമ്പടിയുടെ കൽപ്പലക വാങ്ങുമ്പോൾ, താഴ്‌വരയിൽ ജനം ഉടമ്പടിയുടെ കൽപ്പനകളിൽ മിക്കതും തെറ്റിച്ച്, കാളദൈവത്തെ

വാർത്തുണ്ടാക്കി, 'യഹോവ' എന്നു പേരിട്ട് ഉത്സവം കൊണ്ടാടി! മോശെ ഇടിവിൽ നിന്ന് ദൈവത്തിന്റെ കോപത്തെ മൃദുലപ്പെടുത്തിയതിനാൽ മാത്രം യിസ്രായേൽ കത്തിക്കരിഞ്ഞു പോയില്ല. (പുറപ്പാട് 32:9-12)

അതിന്റെശേഷം ദൈവം മോശെയോട് പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കുക. (പുറപ്പാട് 33) "... ഞാൻ വാഗ്ദാനം ചെയ്ത ഭൂമിയിലേക്ക് നിങ്ങൾ പൊയ്ക്കൊൾവിൻ, അവിടെ പാലും തേനും ഒഴുകും. ഞാൻ ഒരു ദൂതനെ നിങ്ങൾക്കു മുമ്പായി അയച്ച് നിങ്ങളെ സംരക്ഷിക്കും. അവിടുത്തെ ദേശനിവാസികൾ നിങ്ങളെ തൊടാതിരിക്കേണ്ടതിന് ഞാൻ അവരെ ഓടിച്ചുകളയും..." (പുറപ്പാട് 33:1,2) എന്നാൽ "വഴിയിൽ വെച്ച് ഞാൻ നിങ്ങളെ നശിപ്പിക്കാതിരിക്കേണ്ടതിന് ഞാൻ നിങ്ങളുടെ മദ്ധ്യത്തിൽ നടക്കുകയില്ല." (വാക്യം 3)

ദൈവം, അബ്രഹാമിനും അവന്റെ സന്തതിക്കും താൻ വാഗ്ദാനം ചെയ്തതിനെ എല്ലാം ഈ ജനത്തിനു നൽകാൻ തയ്യാറാകുന്നുണ്ട്.

1. പാലും തേനും ഒഴുകുന്ന ദേശം
2. ദിവ്യമായ സംരക്ഷണം (ദൂതൻ)
3. ശത്രുസംഹാരം

ആനന്ദലബ്ധിക്കിനിയെന്തുവേണം! എന്നാൽ, എല്ലാ വാഗ്ദാനങ്ങൾക്കുമൊടുവിൽ ദൈവം പറയുന്നു; "ഞാൻ നിങ്ങളുടെ മദ്ധ്യത്തിൽ നടക്കുകയില്ല."

ഒരു പക്ഷെ നാം പറഞ്ഞേക്കാം: ദൈവം എത്ര കരുണയുള്ളവൻ! അവന് നമ്മുടെയിടയിൽ നടക്കാൻ കഴിയാതവണ്ണം ദുഃശാഠ്യമുള്ളവരായിരുന്നിട്ടുകൂടെ, അവൻ നമുക്ക് പാലും തേനും ഒഴുകുന്ന ദേശവും ദൂതന്റെ സംരക്ഷണവും ശത്രുസംഹാരവും കൽപ്പിച്ചു നൽകിയല്ലോ. നമുക്കാവശ്യമുള്ളതെല്ലാം അവൻ നമുക്കു നൽകുന്നു. പിന്നെ, അവൻ നമ്മോടു കൂടെ നടക്കുന്നില്ല എന്നല്ലേയുള്ളൂ, അതു സാരമില്ല. അവൻ കൂടെ നടന്നാലും ഇത്രയൊക്കെയല്ലേ അവൻ നമുക്കു തരാനിടയുള്ളൂ? നമുക്കു സന്തോഷമായി മുന്നോട്ടു പോകാം!

പലരും പ്രത്യക്ഷത്തിൽ അങ്ങനെ പറഞ്ഞില്ലെങ്കിലും മനോഭാവം അതുതന്നെയാണ്. കാരണം, നാം ആനന്ദിക്കുന്നത് അവനിലല്ല, അവന്റെ ദാനങ്ങളിലാണ്.

എന്നാൽ മോശെയ്ക്ക് 'ദാന'ങ്ങളിൽ സംതൃപ്തനായി ആനന്ദിക്കാൻ കഴിയുമായിരുന്നില്ല. സമാഗമനകൂടാരത്തിൽ കമിഴ്ന്നുകിടന്ന് അവൻ ദൈവത്തോടു നിലവിളിക്കുന്നു...

"തിരുസാന്നിധ്യം എന്നോടുകൂടെ പോരുന്നില്ലെങ്കിൽ ഞങ്ങളെ ഇവിടെ നിന്നും പുറപ്പെടുവിക്കരുതേ!" (പുറപ്പാട് 33:15) ഞങ്ങൾക്കു വലുത് പാലും തേനും ഒഴുകുന്ന ദേശമല്ല; ഞങ്ങൾക്ക് വലുത് ദൂതന്റെ സംരക്ഷണമോ ശത്രുസംഹാരമോ അല്ല... ഞങ്ങൾക്കാവശ്യം നിന്റെ സാന്നിധ്യം തന്നെയാണ്!

ദൈവത്തിന്റെ സാന്നിധ്യത്തിലൊഴികെ മറ്റൊന്നിലും സംതൃപ്തി കണ്ടെത്താൻ മോശെയ്ക്കു കഴിഞ്ഞില്ല. അതാണ് തങ്ങളെ വ്യത്യസ്തരാക്കുന്നത് എന്നു തന്നെയായിരുന്നു മോശെയുടെ അഭിപ്രായം. "എന്നോടും നിന്റെ ജനത്തോടും കൃപയുണ്ടെന്നുള്ളത് ഏതിനാൽ അറിയും? നീ ഞങ്ങളോടുകൂടെ പോരുന്നതിനാലല്ലയോ?" (പുറപ്പാട് 33:16)

തിരുസാന്നിദ്ധ്യമാണു വലുത്, ദാനങ്ങളല്ല, ദാനങ്ങളിൽ നിന്നുവേറിട്ട് ദൈവത്തെ ഒരു യാഥാർത്ഥ്യമായി മനസ്സിലാക്കാൻ നമുക്കു പലപ്പോഴും കഴിയുന്നില്ല. ദൈവത്തിൽ തന്നെ സന്തോഷിക്കണമെങ്കിൽ ദൈവം നമുക്ക് ദാനങ്ങളിൽ നിന്നു വേറിട്ടൊരു യാഥാർത്ഥ്യമായിരിക്കണം. എന്നാൽ മിക്കപ്പോഴും ദാനങ്ങൾ മാത്രമാണ് നമ്മുടെ യാഥാർത്ഥ്യം.

സൂര്യൻ നമുക്കു വെളിച്ചവും ചൂടും നൽകുന്നു. എന്നാൽ സൂര്യനെന്നാൽ വെളിച്ചവും ചൂടുമല്ല. അജ്ഞനായ മനുഷ്യൻ സൂര്യനെ ചൂടിലും വെളിച്ചത്തിലുമൊതുക്കുന്നു. എന്നാൽ സൂര്യനെന്നത് ചൂടിൽ നിന്നും വെളിച്ചത്തിൽ നിന്നും വേറിട്ടൊരു യാഥാർത്ഥ്യമാണ്.

ഇതുപോലെയാണ് ദൈവത്തിന്റെ ദാനങ്ങളും. മനുഷ്യൻ ദൈവത്തിന്റെ ദാനങ്ങൾ അനുഭവിക്കുന്നു. അതവന്, ചൂടും വെളിച്ചവും പോലെ ഒരു വ്യാവഹാരിക യാഥാർത്ഥ്യമാണ്. എന്നാൽ ആത്മരൂപിയായ ദൈവം മറ്റൊരു തലത്തിലെ യാഥാർത്ഥ്യമാണ്. പാവം മനുഷ്യന് ദാനങ്ങളിലൂടെയേ ദൈവത്തെ അറിയുവാൻ കഴിയുന്നുള്ളൂ. ആത്മതലത്തിലേക്കു പ്രവേശിക്കുന്നില്ലെങ്കിൽ അവന് ദാനങ്ങളിലേ ആനന്ദിക്കുവാൻ കഴിയൂ.

പ്രവാസാനന്തരകാലത്തെ ജനങ്ങളും ദൈവത്തിന്റെ ചെയ്തികളെ മാത്രം അറിഞ്ഞു; അതിൽ ആനന്ദിച്ചു. എന്നാൽ സങ്കീർത്തനക്കാരൻ പറയുന്നത്; "ദൈവമെ, ഞങ്ങളുടെ ആനന്ദം നിന്നിലാകേണ്ടതിന് നീ ഞങ്ങളെ വീണ്ടും ജീവിപ്പിക്കേണമേ" എന്നാണ്. (സങ്കീർത്തനം 85:6)

മറ്റൊരു സത്യംകൂടെ ഈ വാക്യത്തിൽ അന്തർലീനമാണ്. "നിന്റെ ജനം നിന്നിൽ ആനന്ദിക്കേണ്ടതിന് നീ ഞങ്ങളെ വീണ്ടും ജീവിപ്പിക്കണം."

ദൈവത്താൽ ഉണർത്തപ്പെട്ട്, അവന്റെ ജീവൻ നമ്മിൽ പ്രവേശിക്കുമ്പോഴേ, അവനിൽ നമുക്ക് ആനന്ദിക്കുവാൻ കഴിയൂ. ദൈവത്തിന്റെ

ദാനങ്ങൾ നാം അനുഭവിക്കുന്നു എങ്കിലും, ദൈവത്തിന്റെ ജീവൻ അനുഭവിക്കാത്ത ഒരുവന് ദൈവത്തിൽ സന്തോഷിക്കാൻ കഴിയണമെന്നില്ല.

പ്രവാസാനന്തരകാലത്തെ ജനങ്ങൾ ദൈവത്തിന്റെ നന്മകളെ അനുഭവിക്കുന്നു. എന്നാൽ സങ്കീർത്തനക്കാരൻ പറയുന്നത്, കർത്താവേ, നിന്റെ ജനത്തിലേക്ക് നിന്റെ ജീവനെ നൽകണമെ... ഇപ്പോൾ അവർ ആനന്ദിക്കുന്നത് അവർ സ്വദേശത്തേക്കു മടങ്ങി വന്നതിനാലും, നിന്റെ ദാനങ്ങൾ അവരെ സമൃദ്ധരാക്കിയതിനാലുമാണ്. എന്നാൽ കർത്താവേ, അവർ നിന്നെ അറിയുന്നതിനും നിന്നിൽ ആനന്ദിക്കേണ്ടതിനുമായി നിന്റെ ജീവനിലേക്ക് അവരെ മടക്കിക്കൊണ്ടു വരണമെ!

അവനിൽ ആനന്ദിക്കേണ്ടതിന് നാം അവന്റെ ജീവനിലേക്കു മടങ്ങി വരണം. അവന്റെ ജീവനിൽ ജീവിക്കുന്നവന് അവനിൽ സന്തോഷിക്കാൻ കഴിയും–അവർക്കേ കഴിയൂ! അതു തന്നെയല്ല. അവനിൽ ആനന്ദിച്ചു പഠിച്ചവന് മറ്റൊന്നിലും ആനന്ദിക്കാൻ കഴിയുകയുമില്ല!

12

**സങ്കീർത്തനം 126**

**“യഹോവ സീയോന്റെ പ്രവാസികളെ മടക്കിവരുത്തിയപ്പോൾ ഞങ്ങൾ സ്വപ്നം കാണുന്നവരെ പോലെയായിരുന്നു.” (സങ്കീർത്തനം 126:1)**

# ഒരു സ്വപ്നം പോലെ

“അതൊരു സ്വപ്നം പോലെയായിരുന്നു” എന്നു നാം സാധാരണ പറയാറില്ലെ? ഒരിക്കലും നടക്കാൻ സാധ്യതയില്ലെന്നു കരുതിയിരുന്ന ഒരു കാര്യം അവിശ്വസനീയമായ രീതിയിൽ നിർവ്വഹിക്കപ്പെടുമ്പോഴാണ് സാധാരണ നാം അങ്ങനെ പറയാറ്!

യിസ്രായേൽമക്കൾ പ്രവാസത്തിൽ നിന്നുള്ള തങ്ങളുടെ മടങ്ങിവരവിനെപ്പറ്റി പറയുന്നതും അതുതന്നെയാണ്.

“യഹോവ സീയോന്റെ പ്രവാസികളെ മടക്കിവരുത്തിയപ്പോൾ, അതൊരു സ്വപ്നം പോലെയായിരുന്നു” (സങ്കീർത്തനം 126:1) ഒരിക്കലും നടക്കുകയില്ല എന്നു ചിന്തിച്ച കാര്യമാണ് അവിശ്വസനീയമായ രീതിയിൽ യാഥാർത്ഥ്യമായിത്തീർന്നത്.

എന്തുകൊണ്ടായിരുന്നു, യരുശ്ശലേമിന്റെ യഥാസ്ഥാപനം-യിസ്രായേൽ പ്രവാസികളുടെ മടങ്ങിവരവ്-അസാധ്യമായി കരുതപ്പെട്ടത്?

കാരണമുണ്ട്, ബാബേൽരാജാവായ നെബുഖദ്നേസറിന്റെ രണ്ടുവട്ടത്തെ ആക്രമണത്തിൽ യിസ്രായേൽ അത്രയ്ക്കും തകർക്കപ്പെട്ടിരുന്നു.

യഥാസ്ഥാപനപ്പെടുത്താൻ കഴിയാത്തത്ര ആഴത്തിലായിരുന്നു അതിന്റെ തകർച്ച!

അതിന്റെ ഏകദേശ വിവരണം ദിനവൃത്താന്തപുസ്തകത്തിലുണ്ട്: (2 ദിനവൃത്താന്തം 36:16–21)

“അവരോ ദൈവത്തിന്റെ ദൂതന്മാരെ പരിഹസിച്ചു. അവന്റെ വാക്കുകളെ നിരസിച്ചു ഉപശാന്തിയില്ലാതാകുംവണ്ണം യഹോവയുടെ കോപം തന്റെ ജനത്തിനു നേരെ ഉജ്ജ്വലിക്കുവോളം അവന്റെ പ്രവാചകന്മാരെ നിന്ദിച്ചുകളഞ്ഞു. അതുകൊണ്ടു അവൻ കൽദയരുടെ രാജാവിനെ അവരുടെ നേരെ വരുത്തി; അവൻ അവരുടെ യൗവ്വനക്കാരെ അവരുടെ വിശുദ്ധമന്ദിരമായ ആലയത്തിൽവെച്ചു വാൾകൊണ്ടു കൊന്നു; അവൻ യൗവ്വനക്കാരനെയോ കന്യകയെയോ വൃദ്ധനെയോ കിഴവനെയോ ആദരിക്കാതെ അവരെ ഒക്കെയും അവന്റെ കയ്യിൽ ഏൽപ്പിച്ചുകൊടുത്തു. ദേവാലയത്തിലെ ചെറിയതും വലിയതുമായ ഉപകരണങ്ങളൊക്കെയും യഹോവയുടെ ആലയത്തിലെ ഭണ്ഡാരവും രാജാവിന്റെയും അവന്റെ പ്രഭുക്കന്മാരുടെയും ഭണ്ഡാരങ്ങളുമെല്ലാം അവൻ ബാബേലിലേക്കു കൊണ്ടുപോയി, അവർ ദൈവാലയം ചുട്ടു, യെരുശലേമിന്റെ മതിൽ ഇടിച്ചു. അതിലെ അരമനകൾ എല്ലാം തീയ്ക്കിരയാക്കി. അതിലെ മനോഹരസാധനങ്ങളൊക്കെയും നശിപ്പിച്ചുകളഞ്ഞു. വാളിനാൽ വീഴാതെ ശേഷിച്ചവരെ അവൻ ബാബേലിലേക്കു കൊണ്ടുപോയി; പാർസിരാജ്യത്തിന് ആധിപത്യം സിദ്ധിക്കും വരെ അവർ അവിടെ അവനും അവന്റെ പുത്രന്മാർക്കും അടിമകളായിരുന്നു. യിരെമ്യാ മുഖാന്തരം ഉണ്ടായ യഹോവയുടെ വചനം നിവൃത്തിയാകേണ്ടതിനു ദേശം അതിന്റെ ശബ്ബത്തുകളെ അനുഭവിച്ചുകഴിയുവോളം തന്നേ; എഴുപതു സംവത്സരം തികയുവോളം അതു ശൂന്യമായി കിടന്ന കാലമൊക്കെയും ശബ്ബത്തു അനുഭവിച്ചു.”

ഒരു യുദ്ധത്തിൽ തകർക്കപ്പെടുന്ന രാജ്യം വീണ്ടും അതിന്റെ പ്രതാപം വീണ്ടെടുക്കുന്നത് അത്ര അസാധ്യമൊന്നുമല്ല. നമ്മുടെ കാലയളവിൽ രണ്ടാം ലോകമഹായുദ്ധകാലത്ത് തകർന്നു തരിപ്പണമായ ജപ്പാന്റെ യഥാസ്ഥാപനം തന്നെ ഉദാഹരണമായെടുക്കുക. എത്ര പെട്ടെന്ന് അവർ എല്ലാം നേരെയാക്കി? ഇന്നവർ ലോകത്തിലെതന്നെ ഒന്നാംകിട രാഷ്ട്രമാണ്. എന്തുകൊണ്ട് അവർക്ക് ഇത്രപെട്ടെന്ന് തകർച്ചയിൽ നിന്നു കരേറാൻ കഴിഞ്ഞു?

കഠിനാദ്ധ്വാനികളായ അവരുടെ യുവാക്കൾ തങ്ങളുടെ രാഷ്ട്രത്തിന്റെ യഥാസ്ഥാപനത്തിനായി അഹോരാത്രം പണിയെടുത്തു. ബുദ്ധിരാക്ഷസന്മാരായ സാങ്കേതിക വിദഗ്ധർ അവരുടെ വൈഭവംകൊണ്ട് തങ്ങളുടെ രാജ്യത്തെ ലോകത്തിന്റെ നെറുകയിലെത്തിച്ചു.

എന്നാൽ യിസ്രയേലിന്റെ കാര്യത്തിൽ ഈവിധ അനുകൂല ഘടകങ്ങളൊന്നും പ്രവർത്തിച്ചില്ല. പുതുക്കിപ്പണിയാനാവാത്ത തരത്തിലുള്ള എല്ലാ തലത്തിലുള്ള ഒരു സമ്പൂർണ്ണനാശമാണ് അവിടെ നടന്നത്.

യുവാക്കളെ–കായബലമുള്ളവരെ–നെബുഖദ്നേസർ വാൾകൊണ്ടു കൊന്നു. ബാക്കി ശേഷിച്ചവർ യുദ്ധംചെയ്യാൻ കഴിവില്ലാത്ത നിർബലർ!

ട്രഷറികൾ കൊള്ളയടിച്ചു. ആലയത്തിലെയും രാജാവിന്റെയും പ്രഭുക്കന്മാരുടെയും ഭണ്ഡാരങ്ങൾ അവൻ ബാബേലിലേക്കു കൊണ്ടുപോയി. അക്ഷരാർത്ഥത്തിൽ രാജ്യത്തെ സകലസമ്പത്തും അപഹരിക്കപ്പെട്ടു. കേന്ദ്രട്രഷറിയും സംസ്ഥാന ട്രഷറികളും അതിനും താഴെ ജില്ലാ ട്രഷറികളും കൊള്ളയടിക്കപ്പെട്ട ഒരു രാജ്യത്തിന്റെ സ്ഥിതി എന്തായിരിക്കും? അഫ്ഗാൻ യുദ്ധത്തിന്റെ ഭാഗമായി എതിർചേരി ചെയ്ത ആദ്യകാര്യം അവരുടെ പണവിനിമയ സാധ്യത നശിപ്പിക്കുകയായിരുന്നല്ലോ.

ദേവാലയം ചുട്ടു, മതിൽ ഇടിച്ചു, മനോഹരസാധനങ്ങൾ നശിപ്പിച്ചു; അന്ന് മതകേന്ദ്രങ്ങളായിരുന്നു ജനതയുടെ ആത്മവീര്യത്തിന്റെ സ്രോതസ്. ദേവാലയം യരുശ്ശലേമിലെ ഓരോ യുവാവിനെയും ത്രസിപ്പിച്ചിരുന്നു. അതിന്റെ നാശം ജനങ്ങളുടെ മനോവീര്യം തകർത്തു. അവരുടെ പൈതൃകത്തിന്റെ ഓർമ്മകളുണർത്തുന്ന ഒന്നും നെബുഖദ്നേസർ ശേഷിപ്പിച്ചില്ല.

വാളിനാൽ വീഴാതെ നിന്നവരെ ബാബേൽരാജാവ് അടിമകളായി കൊണ്ടുപോയി. അവർ ശക്തരായിരുന്നു! ബുദ്ധിമാന്മാരുമായിരുന്നു ഈ ജനങ്ങൾ (2 രാജാക്കന്മാർ 24:14–16). അതിനർത്ഥം “തലച്ചോറുള്ള”വരെല്ലാം പ്രവാസത്തിൽ പോകേണ്ടിവന്നു എന്നാണ്. ഒരു തരം ബ്രെയ്ൻ ട്രാൻസ്ഫർ!

പേശീബലമുള്ള യുവാക്കളും തലച്ചോറുള്ള കുലീനരും സാങ്കേതിക വിദഗ്ധരുമെല്ലാം യിസ്രയേലിന് നഷ്ടപ്പെട്ടു. ചുരുക്കത്തിൽ ദേശത്ത് “എളിയജനം മാത്രം ശേഷിച്ചു” (2 രാജാക്കന്മാർ 24:14).

അവർക്ക് എന്തുചെയ്യാൻ കഴിയും? ദുർബലരായ ആ ജനം വിലപിച്ചുകഴിഞ്ഞു. പ്രവാസത്തിൽ പോയവരെക്കാൾ വളരെ അരിഷ്ടമായ അവസ്ഥയായിരുന്നു അവരുടേത്. പ്രവാസത്തിലായിരുന്ന യഹൂദർ. ബുദ്ധിമാന്മാരും ശക്തരുമൊക്കെയായിരുന്നെങ്കിലും അവർ അടിമകളായിരുന്നു. അവർക്കും യരുശലേമിന്റെ യഥാസ്ഥാപനത്തിനായി ഒന്നും ചെയ്യാനാവുമായിരുന്നില്ല

ഒന്നും സംഭവിക്കാതെ എഴുപതുവർഷങ്ങൾ കടന്നുപോയി!

യെരുശ്ശലേമ്യരുടെ സ്ഥിതി പഴയതിലും ശോചനീയമായിത്തീർന്നു. അക്കാലത്ത് ശൂശൻ രാജധാനിയിൽ രാജാവിന്റെ പാനപാത്രവാഹകനായിരുന്ന (പാനപാത്രവാഹകൻ അന്ന് ഉപദേഷ്ടാവുമാണ്) നെഹമ്യാവ് യെരുശലേമിൽനിന്നു വന്ന തന്റെ ചില സഹോദരന്മാരോട് പ്രവാസത്തിൽ പെടാത്ത ജനങ്ങളുടെ അവസ്ഥയെപ്പറ്റി ചോദിച്ചു. ഉത്തരം വളരെ പരിതാപകരമായിരുന്നു.

“അതിനു അവർ എന്നോടു പ്രവാസത്തിൽനിന്നു തെറ്റിഒഴിഞ്ഞു പോയ ശേഷിപ്പ് അവിടെ ആ സംസ്ഥാനത്തു മഹാകഷ്ടത്തിലും അപമാനത്തിലും ഇരിക്കുന്നു. യെരുശലേമിന്റെ മതിൽ ഇടിഞ്ഞും അതിന്റെ വാതിലുകൾ തീവെച്ചു ചുട്ടും കിടക്കുന്നു എന്നു പറഞ്ഞു” (നെഹമ്യാവ് 1:3).

യെരുശലേമിന്റെ യഥാസ്ഥാപനത്തെപ്പറ്റി ഇനി വലിയ പ്രതീക്ഷയൊന്നും വേണ്ടന്നേ മാനുഷികമായി ചിന്തിക്കാനാവുമായിരുന്നുള്ളൂ. ഒരു പ്രതീക്ഷ കൊടുക്കാൻ കഴിയുന്ന ആരും ഉണ്ടായിരുന്നില്ല. “ഇത് എത്രത്തോളം എന്ന് അറിയുന്നവൻ ആരും ഞങ്ങളുടെ ഇടയിൽ ഇല്ല” (സങ്കീർത്തനം 74:9) എന്ന് അവർ വിലപിച്ചു.

എന്നാൽ ദൈവം പ്രവർത്തിക്കാൻ തുടങ്ങി, ദൈവത്തിന്റെ സമയത്ത് ദൈവം പ്രവർത്തിച്ചു എന്നു പറഞ്ഞാൽ മതിയല്ലോ, പ്രവാസികളെ എഴുപതു സംവത്സരത്തിനുശേഷം മടക്കി വരുത്തുമെന്ന് യിരെമ്യാ പ്രവാചകൻ മുഖാന്തരം യഹോവ അരുളിചെയ്തിരുന്നു (യിരെമ്യാവ് 29:10). ദൈവപ്രവൃത്തി നിർവ്വഹിക്കാൻ ദൈവം അയച്ചവനായി നെഹമ്യാവ് യരുശലേമിലെത്തി. (നെഹമ്യാവ് 2:11) ഇടിഞ്ഞുകിടന്ന മതിൽ പുതുക്കിപ്പണിയുകയായിരുന്നു നെഹമ്യാവിന്റെ ആദ്യ ദൗത്യം.

നെഹമ്യാവ് മതിൽ പണിയാൻ പോകുന്നു എന്നറിഞ്ഞപ്പോൾ യഹൂദരുടെ എതിരാളികൾ അവരെ പരിഹസിക്കുകയാണ്.

“എന്താ ഇവർ ചെയ്യാൻ പോകുന്നത്? ഈ ദുർബ്ബലന്മാരായ (നിസ്സാരന്മാരായ) യഹൂദർ കാര്യങ്ങൾ നേരെയാക്കുമെന്നോ? അവർ ആലയം പണിതു യാഗം കഴിക്കുമെന്നോ? തീർത്തും അസാധ്യം! ചണ്ടിക്കൂമ്പാരത്തിനു തീയിട്ട് അതിൽ നിന്ന് കല്ല് ഉണ്ടാക്കും പോലെ അസാധ്യമാണത്” അവർ പറഞ്ഞു (നെഹമ്യാവ് 4:2).

അവരുടെ പരിഹാസം ഒരു പരിധിവരെ യാഥാർത്ഥ്യം പറഞ്ഞുകൊണ്ടുള്ളതായിരുന്നു. യഹൂദർ നിസ്സാരരായിരുന്നു. അവർക്ക് ആളും അർത്ഥവും ഉണ്ടായിരുന്നില്ല. മാനുഷികമായി നോക്കിയാൽ അവർ യരുശലേമിനെ യഥാസ്ഥാനപ്പെടുത്തുമെന്നു പറയുന്നത് വിശ്വസിക്കാനാ

വുന്ന കാര്യമല്ല. ചപ്പുചവറുകളുടെ കൂനയ്ക്ക് തീയിട്ടാൽ അതിൽ നിന്ന് ചാരത്തിനു പകരം കല്ല് ഉണ്ടായിവരുന്നതുപോലെ അസാധ്യമായിരുന്നു ആ കാര്യം.

എന്നാൽ യഹൂദർ സ്വന്തശക്തിയിൽ ആശ്രയിച്ചല്ല യഥാസ്ഥാപനത്തിന്റെ പണി തുടങ്ങിയത്. അവരുടെ സമ്പൂർണ്ണമായ ആശ്രയം ദൈവത്തിൽ തന്നെയായിരുന്നു. യഥാസ്ഥാപനം ദൈവം നടത്തുന്ന ഒരു പ്രവൃത്തി യായാണ് അവർ മനസ്സിലാക്കിയത്. അതുകൊണ്ട് അവർ പറയുന്നത് "സ്വർഗ്ഗത്തിലെ ദൈവം ഞങ്ങൾക്കു കാര്യം സാധിപ്പിക്കും" എന്നാണ് (നെഹമ്യാവ് 2:20) നെഹമ്യാവിന്റെ പുസ്തകത്തിലുടനിളം ദൈവാശ്ര യത്തിന്റെ ഈ വാക്കുകൾ കേൾക്കാം! അതെ, യഥാസ്ഥാപനം അവരുടെ പ്രവൃത്തിയല്ല- അതു ദൈവത്തിന്റെ പരിപാടിയാണ്. അവർ അതിന്റെ പങ്കാളികൾ മാത്രം!

മാനുഷികമായി അസാധ്യമായതിനെ ദൈവം സാധിപ്പിക്കുന്നതാണ് നാം പിന്നീടു കാണുന്നത്. യഹൂദൻ മതിൽ പണിതാൽ അത് വെന്തുകിടക്കുന്ന ചണ്ടിക്കൂമ്പാരങ്ങളിൽ നിന്ന് കല്ലു ജീവിപ്പിക്കുന്നതുപോലെയാണെന്നു പറഞ്ഞ ശത്രുക്കളെ അമ്പരിപ്പിച്ചുകൊണ്ട്, മതിൽ അമ്പത്തിരണ്ടു ദിവസങ്ങൾ കൊണ്ട് പണിതുതീർത്തു (നെഹമ്യാവ് 6:15).

ഏറെത്താമസിയാതെ യരുശലേമിൽ ദേവാലയവും പണിയപ്പെട്ടു. നല്ലൊരു ശതമാനം യഹൂദർ യരുശലേമിലേക്കു വന്നു. കർത്താവ് അവരെ അനുഗ്രഹിച്ചു, അവർക്ക് നല്ല വിളകളെ നൽകി, നല്ല ജീവിതത്തെ നൽകി, പാലസ്തീൻ വീണ്ടും "പാലും തേനും ഒഴുകുന്ന" ദേശമായി.

എല്ലാം യഥാസ്ഥാനപ്പെട്ടപ്പോൾ നന്ദിനിറഞ്ഞ ഹൃദയത്തോടെ കവി ഒരു വിഹഗ വീക്ഷണം നടത്തുന്നു! കവിയുടെ ഹൃദയത്തിൽ നിന്ന് കവിത വിരിഞ്ഞു: "ഹോ! ഒരു സ്വപ്നത്തിന്റെ പൂർത്തീകരണം പോലെയുണ്ടിത്. സ്വപ്നത്തിന്റെ പൂർണതയിലുള്ള ഒരു യഥാസ്ഥാപനം (സങ്കീർത്തനം 126:1)!

രാത്രി കാണുന്ന സ്വപ്നമല്ലിത്, പകൽ കാണുന്ന സ്വപ്നം! എപ്പോഴും ഏറ്റവും മെച്ചമായത്-പൂർണ്ണമായത് ആയിരിക്കും എന്റെ സ്വപ്നം; അത് എന്റെ കഴിവുകളുടെ പരിധിക്ക് വളരെ അപ്പുറത്തുള്ളതാകാനാണു സാധ്യത.

നമുക്ക്എളുപ്പത്തിൽസ്വന്തമാക്കാനാവുന്നകാര്യങ്ങൾ"സ്വപ്നം"കാണണ്ട കാര്യമൊന്നുമില്ലല്ലോ. ഒരു കാർ ആഗ്രഹിക്കുന്ന ഒരു സ്കൂളദ്ധ്യാപകൻ പഴയൊരു മോഡൽ മാരുതികാർ "സ്വപ്നം" കാണേണ്ട കാര്യമൊന്നുമില്ല. വിലക്കുറവിൽ സെക്കന്റ് ഹാൻഡ് കാറുകൾ സുലഭമായിരിക്കുന്ന

ഇക്കാലത്ത് അതിലൊരെണ്ണം അയാളങ്ങു വാങ്ങിയാൽ മതി. അയാളുടെ "സ്വപ്നം" അയാളുടെ വിനിമയശേഷിയേക്കാൾ വളരെ ഉയരത്തിൽ നിൽക്കുന്ന ഒരു ലക്ഷ്വറികാർ തന്നെയായിരിക്കണം. അങ്ങനെ യിരിക്കെ അയാൾ സ്വപ്നം കണ്ട ലക്ഷ്വറികാർ അയാൾക്ക് സമ്മാന മായി ലഭിച്ചാൽ അയാൾ പറയാനിടയുള്ള വാചകമാണിത്: "ഹോ!, ഒരു സ്വപ്നം കാണുന്നതുപോലെയിരിക്കുന്നു." യരുശലേമിനെ ദൈവം യഥാസ്ഥാപനപ്പെടുത്തിയപ്പോഴും ദൈവം അത് ഒരു പരുവത്തിൽ ഒപ്പിച്ചെടുക്കുകയൊന്നുമായിരുന്നില്ല. അതിന്റെ പൂർണ്ണതയിലാണതു ചെയ്തത്-ഒരു സ്വപ്നത്തിൽ മാത്രം കാണാവുന്നത്ര പൂർണ്ണതയിൽ!

ദൈവത്തിന്റെ യഥാസ്ഥാപനപ്രവൃത്തി അങ്ങനെയാണ്, അത് പൂർണ്ണതയുള്ളതായിരിക്കും. നാം ഒരുപക്ഷെ പ്രാർത്ഥിക്കുന്നതുപോലും ദൈവമെ, ഇത് എങ്ങനെയെങ്കിലും ഒന്ന് ശരിയാക്കിത്തരണമെ, അത്ര മനോ ഹരമായില്ലെങ്കിലും വേണ്ടില്ല എന്നൊക്കെയായിരിക്കും. നാം അങ്ങനെ പറയുന്നുവെങ്കിൽ അത് നാം ദൈവത്തെ പരിമിതപ്പെടുത്തുന്നതിനു തുല്യമാണ്. "ദൈവം എപ്പൊഴും എല്ലാം നന്നായി (മനോഹരമായി) ചെയ്യുന്നു."

തകർന്ന ഒരു ജീവിതമാണ് നമ്മുടേതെങ്കിൽ, പ്രതേകിച്ചും യിസ്രയേലിന്റെ ജീവിതത്തിലെന്നപോലെ ദൈവം ഒരു പ്രത്യേക ലക്ഷ്യത്തോടെ തകർത്ത ജീവിതമാണ് നമുക്കുള്ളതെങ്കിൽ, നമ്മുടെ യഥാസ്ഥാപനം സ്വപ്നത്തിന്റെ പൂർണ്ണതയുള്ളതായിരിക്കും. പുതുക്കിപ്പണിയാൻ നാം ദൈവത്തെ അനു വദിക്കണമെന്നുമാത്രം!

# 13

**സങ്കീർത്തനം 80**

**"ആട്ടിൻകൂട്ടത്തെപ്പോലെ യോസേഫിനെ നടത്തുന്നവനായി യിസ്രയേലിന്റെ ഇടയാനായുള്ളോവേ, ചെവിക്കൊള്ളേണമെ"
(സങ്കീർത്തനം 80:1)**

# ആട്ടിൻകൂട്ടത്തെപ്പോലെ യോസേഫിനെ നടത്തുന്നവൻ

അനേകം ആടുകളെ നയിച്ചുകൊണ്ട് ഒരു ഇടയൻ നടക്കുന്ന കാഴ്ച പലസ്തീനിലെ ഒരു സാധാരണ ദൃശ്യമാണ്. അടിസ്ഥാനപരമായി 'ഇടയന്മാർ' എന്നതിൽ സ്വന്ത ആസ്തിത്വത്തിന് വിലകാണുന്നവരായിരുന്നു യിസ്രായേല്യർ (ഉൽപത്തി 46:32, 34;47:3)! അങ്ങനെയൊരു സമൂഹത്തിൽ തങ്ങളുടെ ദൈവത്തിന് തങ്ങളോടുള്ള ഉടമ്പടിബന്ധത്തെ ഇതിലും മെച്ചപ്പെട്ടൊരു സാദൃശമുപയോഗിച്ച് വിവരിക്കുക പ്രയാസം!

യിസ്രായേലിന്റെ ചരിത്രവിവരണത്തിലുടനീളം ഈ സാദൃശ്യപ്പെടുത്തൽ നാം കാണുന്നുണ്ട്. പ്രതേകിച്ചും അവരുടെ ഹൃദയശബ്ദമായ സങ്കീർത്തനത്തിൽ പലപ്പോഴും അവർ അവരെത്തന്നെ ദൈവത്തിന്റെ ആടുകളായി കാണുന്നു.

"നാമോ, അവൻ മേയിക്കുന്ന ജനവും അവന്റെ കൈക്കലെ ആടുകളും തന്നെ" (സങ്കീർത്തനം 96:7)

"എന്നാൽ നിന്റെ ജനവും നിന്റെ മേച്ചിൽപുറത്തെ ആടുകളുമായ ഞങ്ങൾ എന്നേക്കും നിനക്കു സ്തോത്രം ചെയ്യും" (സങ്കീർത്തനം 79:13).

ദൈവം അവരെ രക്ഷിച്ചതും വിടുവിച്ചതുമെല്ലാം ഒരു ഇടയൻ ആടുകളെയെന്നതുപോലെയാണെന്ന് യിസ്രായേൽ ജനത സാക്ഷ്യപ്പെടു ത്തുന്നുണ്ട്:

"എന്നാൽ തന്റെ ജനത്തെ അവൻ ആടുകളെപ്പോലെ പുറപ്പെടുവിച്ചു. മരുഭൂമിയിൽ ആട്ടിൻകൂട്ടത്തെപ്പോലെ അവരെ നടത്തി." (സങ്കീർത്തനം 78:52, സങ്കീർത്തനം 74:1, 77:20 എന്നീ ഭാഗങ്ങളും വായിക്കുക.) ഏറ്റവും കൂടുതൽ വായിക്കപ്പെടുന്ന 23–ാം സങ്കീർത്തനത്തിന്റെ പ്രതിപാദ്യവും ആടിനെ പച്ചയായ പുൽപ്പുറങ്ങളിൽ മേയിക്കുന്ന ഇടയനെന്നതാണ്.

80–ാം സങ്കീർത്തനത്തിൽ ഇടയനായ ദൈവത്തെ സങ്കീർത്തനക്കാരൻ വിളിച്ചപേക്ഷിക്കുകയാണ്. "ആട്ടിൻകൂട്ടത്തെപ്പോലെ യോസേഫിനെ നടത്തുന്നവനായി യിസ്രായേലിന്റെ ഇടയനായുള്ളോവേ..." എന്നു പാടു മ്പോൾ, യഹോവ ഇടയനാണ് എന്നത് സങ്കീർത്തനക്കാരന് ഒരു പ്രസ്താവന യല്ല, ജീവിതാനു ഭവമാണ്, എന്നാൽ ശ്രദ്ധിച്ചാൽ ഒരു വ്യത്യസ്തത ഈ സന്ദർഭത്തിനുണ്ട് എന്നു നമുക്കു മനസ്സിലാകും.

23–ാം സങ്കീർത്തനത്തിൽ ഇടയൻ ആടുകളെ പച്ചയായ പുൽപ്പുറങ്ങളിൽ നടത്തുകയും സ്വസ്ഥതയുള്ള വെള്ളം കുടിപ്പിക്കുകയുമൊക്കെ ചെയ്യുന്നുണ്ട്. എന്നാൽ 80–ാം സങ്കീർത്തനത്തിൽ ഇടയൻ ആടുകളെ പോറ്റുകയല്ല, അവയെ ചിതറിച്ചിരിക്കുകയാണ്.

ഈ സങ്കീർത്തനത്തിന്റെ ഉത്ഭവം വടക്കെ രാജ്യം ആയിരുന്നിരിക്കണം. "യോസേഫിനെ നടത്തുന്നവൻ" എന്ന പ്രയോഗം അതാണു നമ്മെ മനസ്സിലാക്കുന്നത്. (യോസേഫിന്റെ മക്കളായ എഫ്രയീമും മനശ്ശെയും വടക്കേ രാജ്യമായ യിസ്രയേലിലായിരുന്നു വാസം ചെയ്തിരുന്നത് എന്നോർക്കുക.) ദൈവം യോസേഫിന്റെ ഇടയനാണ്. എന്നാൽ ആളുകൾ ഇടയന്റെ വാക്കുകളനുസരിച്ചില്ല. ഇടയൻ ഇപ്പോൾ ആടുകളോടു കോപിച്ചിരിക്കയാണ് (വാക്യം 4) ഒരു യഥാസ്ഥാപനം അത്യാവശ്യം (വാക്യം 3) നീ അതു ചെയ്യുകയില്ലേ, എന്ന് സങ്കീർത്തനക്കാരൻ യഹോവയോടു വിലപിക്കുന്നു. കരുണ തോന്നി നീ ഞങ്ങളെ യഥാസ്ഥാനപ്പെടുത്തണം; കാരണം ഞങ്ങൾ നിന്റെ ആടുകളും നീ ഞങ്ങളുടെ ഇടയനുമാണല്ലോ. ആടുകൾ വഴിതെറ്റിപ്പോയാൽ യഥാസ്ഥാനപ്പെടുത്തുവാൻ ഇടയനല്ലാതെ മറ്റാരാണുള്ളത്?

ആട്ടിൻകൂട്ടത്തെ ഇടയൻ എന്നതുപോലെ കർത്താവ് നമ്മെ വഴി നടത്തുന്നു. നാം അവനെ പൂർണ്ണമായി അനുസരിച്ച് അവന്റെ മേച്ചിൽ പുറത്തു നടക്കുമ്പോൾ മാത്രമല്ല, നാം വഴിതെറ്റി പോയപ്പോഴും അവൻ ഇടയന്റെ മനസ്സലിവോടെ നമ്മെ തേടിവരുന്നു. അനുസരിക്കുന്ന

ആടുകൾക്കു തീറ്റികൊടുക്കുക മാത്രമല്ല അവിടുന്നു ചെയ്യുന്നത്. വഴിതെറ്റിപ്പോയതിനെ മടക്കിക്കൊണ്ടു വരുത്തുന്നതും (യഥാസ്ഥാപന പ്പെടുത്തുന്നതും) അവിടുന്നു തന്നെയാണ്.

കർത്താവാം ഇടയൻ, വഴിതെറ്റിപ്പോയവരും എന്നാൽ യഥാസ്ഥാപനം കൊതിക്കുന്നതുമായ തന്റെ ആടുകളെ എങ്ങനെ പരിപാലിക്കും എന്നതിനെപ്പറ്റി വളരെ ശ്രേഷ്ഠമായ ഒരു വിവരണം യെഹസ്ക്കേൽ പ്രവചനത്തിൽ കാണുന്നുണ്ട്. (യെഹസ്ക്കേൽ 34-ാം അദ്ധ്യായം) ഓരോ ആടുകളുടെയും അവസ്ഥകളെ അറിഞ്ഞ് പരിഹരിച്ച് അവയെ മേയ്ക്കുന്ന ഒരു ഇടയനായാണ് കർത്താവ് തന്നെത്തന്നെ അവിടെ പരിചയപ്പെടുത്തുന്നത്.

“കാണാതെ പോയതിനെ ഞാൻ അന്വേഷിക്കുകയും ഓടിച്ചു കളഞ്ഞതിനെ തിരിച്ചുവരുത്തുകയും ഒടിഞ്ഞതിനെ മുറിവുകെട്ടുകയും ദീനം പിടിച്ചതിനെ ശക്തീകരിക്കുകയും ചെയ്യും. എന്നാൽ കൊഴുത്ത തിനും ഉരത്തതിനെയും ഞാൻ നശിപ്പിക്കും. ഞാൻ ന്യായത്തോടെ അവയെ മേയിക്കും” (യെഹസ്ക്കേൽ 34:16)

ഒരിക്കൽ തന്റെ വഴിവിട്ടു താന്താന്റെ വഴിക്കു തിരിഞ്ഞവരെങ്കിലും യഥാസ്ഥാപനം കൊതിക്കുമ്പോൾ തന്റെ ആടുകളോട് എത്ര ശ്രദ്ധയോടെയാണ് ഈ ഇടയൻ ഇടപെടുന്നത് എന്നു നോക്കുക!

### a) കാണാതെ പോയതിനെ ഞാൻ അന്വേഷിക്കും

കാണാതെപോയ ആടിനെപ്പറ്റി പറയുമ്പോൾ പെട്ടെന്ന് നമ്മുടെ മനസ്സിൽ വരുന്നത് കർത്താവ് പറഞ്ഞ നഷ്ടപ്പെട്ട ആടിന്റെ ഉപമയാണ് (ലൂക്കോസ് 15:4-7). തൊണ്ണൂറ്റിഒൻപത് ആടുകൾ ആലയിലുണ്ടായിരുന്നിട്ടും അതിൽ സംതൃപ്തനാകാൻ കഴിയാതെ രാത്രിയിലെ ഭയത്തെ അവഗണിച്ച് നഷ്ടപ്പെട്ട ഒരു ആടിനെ തിരക്കിയിറങ്ങുന്ന നല്ല ഇടയൻ! ജീവൻ കൊടുത്തും അതിനെ നേടുവാൻ ആ ഇടയൻ തയ്യാറാണ് (യോഹന്നാൻ 10:11).

“ഞാൻ, ഞാൻ തന്നെ അവയെ തിരക്കിയിറങ്ങും, അവയെ ഞാൻ കണ്ടെത്തും എന്ന് യഹോവയായ കർത്താവ് അരുളിച്ചെയ്യുന്നു. തന്റെ ആടുകളിൽ കുറെയെണ്ണം ചിതറി കൂട്ടംവിട്ടു പോയാൽ, ഇടയൻ അവയെ അന്വേഷിച്ചെത്തുന്നതുപോലെ ഞാൻ എന്റെ ആടുകളെ അന്വേഷിച്ചു കണ്ടെത്തും. കാർമേഘവും ഇരുട്ടുമുള്ള ദിനങ്ങളിൽ അവ എവിടേക്കൊക്കെ ചിതറിപ്പോയോ, അവിടങ്ങളിൽനിന്ന് ഞാൻ അവയെ വിടുവിച്ചു കൊണ്ടുവരും.” (യെഹസ്ക്കേൽ 34:12,12 RSV പരിഭാഷ)

"ഞാൻ, ഞാൻ തന്നെ ആടുകളെ അന്വേഷിച്ചിറങ്ങും" എന്നു കർത്താവ് പറയുന്നത് ആടുകളോടുള്ള അവന്റെ കരുതലിന്റെ ശബ്ദമാണ്. അവരെ മേയിക്കുവാൻ കൂലിക്കാരായ മറ്റ് ഇടയന്മാരെ ഇനി ഞാൻ അനുവദിക്കുകയില്ല (യെഹസ്‌ക്കേൽ 34:9,10). "ഇടയനും ആടുകളുടെ ഉടമസ്ഥനുമല്ലാത്ത കൂലിക്കാരൻ ചെന്നായ് വരുന്നതു കണ്ട് ആടുകളെ വിട്ട് ഓടിക്കളയുന്നു" (യോഹന്നാൻ 10:12) എന്ന് യേശുവും പറയുന്നുണ്ട്. അതുകൊണ്ടാണ് ആടുകളെക്കുറിച്ചു കരുതലുള്ള ഇടയനും ഉടമസ്ഥനുമായവൻ ജീവൻ വകവയ്ക്കാതെ നഷ്ടപ്പെട്ട ആടുകളെ തിരക്കിയിറങ്ങുന്നത്.

കർത്താവിന് നമ്മെക്കുറിച്ച്– അവിടുത്തെ ആടുകളെക്കുറിച്ച്, ഒടുങ്ങാത്ത കരുതലുണ്ട്. ആലയുടെയുള്ളിൽ ഒതുങ്ങിക്കഴിയുന്ന ആടുകളെപ്പറ്റി മാത്രമല്ല, അവിടുത്തെ വഴികളെ അവഗണിച്ച് ചിതറിപ്പോയ ആടുകളെക്കുറിച്ചു പോലും അവിടുത്തേക്കു കരുതലുണ്ട്. ഓരോ പാപിയുടെയും മാനസാന്തരത്തിനുവേണ്ടി സ്വർഗ്ഗം ആവലോടെ കാത്തിരിക്കുന്നു (2 പത്രോസ് 3:9,10; ലൂക്കോസ് 15:20). ഓരോ പാപിയും കണ്ടെത്തപ്പെടുമ്പോൾ, മടങ്ങി വരുമ്പോൾ സ്വർഗ്ഗം സന്തോഷിക്കുന്നു (ലൂക്കോസ് 15:10).

### b) ഓടിച്ചുകളഞ്ഞതിനെ തിരിച്ചുവരുത്തും

കാണാതെപോയ ആടുകളെപ്പറ്റിയല്ല ഇവിടെ കർത്താവു പറയുന്നത്. സ്വാഭാവികമായി നഷ്ടപ്പെട്ടു പോയവയല്ല ഇവ. ചിതറിക്കപ്പെട്ടവ (strayed) ആണിവ. തെറ്റിപ്പോയ ആടുകൾ (gone astray) എന്നു ഇവയെ പറഞ്ഞുകൂടാ. "ഓടിച്ചുകളഞ്ഞ" എന്ന മലയാള പരിഭാഷ തന്നെയാണ് ഉത്തമം. ദൈവം തന്റെ ആടുകളെ ഓടിച്ചു കളഞ്ഞു. അവ ഇപ്പോൾ ഇടയന്റെ ആലയ്ക്കു പുറത്തായെങ്കിൽ അതും ഇടയന്റെ പദ്ധതിയാണ്.

"നീ അവർക്ക് കണ്ണുനീരിന്റെ അപ്പം തിന്മാൻ കൊടുത്തിരിക്കുന്നു; അനവധി കണ്ണുനീർ അവർക്കു കുടിപ്പാനും കൊടുത്തിരിക്കുന്നു" (സങ്കീർത്തനം 80:5).

എന്തുകൊണ്ട് ദൈവം തന്റെ ആടുകളെ ചിതറിച്ചുകളയുന്നു? എന്തുകൊണ്ട് ദൈവം അവർക്ക് കണ്ണുനീർ കുടിക്കാൻ കൊടുക്കുന്നു? അവരെ ദൈവം വെറുക്കുന്നുണ്ടോ? നശിപ്പിക്കാൻ ഉദ്ദേശിക്കുന്നുമുണ്ടോ?

ഒരിക്കലുമില്ല. ദൈവിക ശിക്ഷണത്തിന്റെ ഭാഗമാണ് ഈ പ്രവൃത്തികൾ, സങ്കീർത്തനം 80–ൽ ആടുകൾ 'ഓടിച്ചുവിടപ്പെട്ടി'രിക്കുകയാണ്, ചിതറിക്കപ്പെട്ടിരിക്കുകയാണ്, എന്നാൽ യോസേഫ് ഇപ്പോഴും അവിടുത്തെ ആട്ടിൻകൂട്ടം തന്നെയാണ്. അതിനെ യഥാസ്ഥാനപ്പെടുത്താൻ വേണ്ടി

സങ്കീർത്തനക്കാരൻ പ്രാർത്ഥിക്കുന്നു (വാക്യം 7). ഓടിച്ചുകളഞ്ഞതിനെ ഞാൻ തിരിച്ചുവരുത്തും എന്ന് കർത്താവും പറയുന്നു (യെഹസ്കേൽ 34:16)

### c) ഒടിഞ്ഞതിനെ മുറികെട്ടും

എങ്ങനെയാണ് ആടുകളുടെ അസ്ഥികൾ ഒടിഞ്ഞത്? വഴിതെറ്റിയുള്ള യാത്രയിൽ അവയ്ക്ക് വീണു പരിക്കുപറ്റിയതാണോ? അങ്ങനെയുണ്ടാവാം. എന്നാൽ ഈ അസ്ഥികൾ ഇടയൻ തന്നെ ഒടിച്ചതാണോ? ഇടയൻ അങ്ങനെ ചെയ്യുമോ?

അങ്ങനെയും വരാനിടയുണ്ട് എന്നുവേണം കരുതാൻ, അവിടുത്തെ വാക്കുകൾ ശ്രദ്ധിക്കുക:

“ഞാൻ കൊല്ലുന്നു, ഞാൻ ജീവിപ്പിക്കുന്നു, ഞാൻ തകർക്കുന്നു, ഞാൻ സൗഖ്യമാക്കുന്നു” (ആവർത്തനം 32:39).

ഇവിടെ കൊല്ലുന്നവനും ജീവിപ്പിക്കുന്നവനും യഹോവയാണ്. തകർക്കുന്നവനും സൗഖ്യമാക്കുന്നവനും യഹോവയാണ്. ജീവിപ്പിക്കാൻ കഴിയുന്നതുകൊണ്ടാണ് അവൻ കൊല്ലുന്നത്. സൗഖ്യമാക്കാൻ കഴിയുന്നതുകൊണ്ടാണ് അവൻ തകർക്കുന്നത്.

ഒടിക്കുന്നത് ഒരു ദണ്ഡനമെന്നതിനേക്കാൾ ശിക്ഷണമാണെന്നാണ് നാം അറിയേണ്ടത്. യോസേഫെന്ന ആട്ടിൻകൂട്ടം വഴിതെറ്റിപ്പോയി. അതിന് ശിക്ഷണം ആവശ്യമുണ്ട്. എന്നാൽ മടങ്ങിവരുന്ന യോസേഫിന് ശിക്ഷയല്ല സ്നേഹമാണാവശ്യം. അതിനാൽ മടങ്ങിവരുന്ന ആടിന്റെ മുറിവ് ഇടയൻ വെച്ചുകെട്ടുകയാണ്. ശിക്ഷണവും സാന്ത്വനവും അവിടുന്നു നിർവ്വഹിക്കുന്നത് അവിടുത്തെ കരുണയുടെ പ്രതിഫലനമാണ്.

“അവൻ മുറിവേൽപിക്കുകയും മുറിവുകെട്ടുകയും ചെയ്യുന്നു. അവൻ ചതെയ്ക്കയും തൃക്കൈ പൊറുപ്പിക്കുകയും ചെയ്യുന്നു” (ഇയ്യോബ് 5:18).

“വരുവിൻ നാം യഹോവയുടെ അടുക്കലേക്കു ചെല്ലുക. അവൻ നമ്മെ കടിച്ചുകീറിയിരിക്കുന്നു, അവൻ സൗഖ്യമാക്കും അവൻ നമ്മെ അടിച്ചിരിക്കുന്നു അവൻ മുറിവുകെട്ടും” (ഹോശേയ 6:1)

### d) ദീനം പിടിച്ചതിനെ ശക്തീകരിക്കും

‘ദീനം പിടിച്ച’തിനെ എന്നതിനെക്കാൾ ‘ബലഹീന’മായതിനെ എന്ന പരിഭാഷയാണ് കൂടുതൽ ഉത്തമം. ബലഹീനതയുള്ള ആടുകളെ ഇടയൻ തള്ളിക്കളയുന്നില്ല. “ഇതിന് ഇനി ആഹാരവും വെള്ളവും കൊടുത്ത് വെറുതെ നഷ്ടം വരുത്തിവെയ്ക്കേണ്ട” എന്ന് ബലഹീനമായ ഒരു ആടിനെപ്പറ്റി ഒരു നല്ല ഇടയൻ പറയുകയില്ല “താന്താന്റെ വഴിക്കുപോയ”

മത്സരിയായ ആടിനെപ്പറ്റി (യെശയ്യാവ് 53:6) കരുതലുള്ള ഇടയന് ബലഹീനതയുള്ള ഒരു ആടിനെപ്പറ്റി കരുതലില്ലാതിരിക്കുമോ?

"ചതഞ്ഞ ഓടയെ അവൻ ഒടിച്ചുകളയുകയില്ല, പുകയുന്ന തിരിയെ അവൻ കെടുത്തിക്കളയുകയില്ല" (യെശയ്യാവ് 42:3).

**e) കൊഴുത്തതിനെയും ഉരത്തതിനെയും ഞാൻ നശിപ്പിക്കും (ശ്രദ്ധിക്കും)**

കൊഴുത്തതിനെയും ഉരത്തതിനെയും ഞാൻ നശിപ്പിക്കും എന്നാണ് മലയാളത്തിൽ കാണുന്നത്. എബ്രായഭാഷയിലും ഏകദേശം അർത്ഥമതാണ്. എന്നാൽ ഗ്രീക്ക് ബൈബിൾ, സുറിയാനി, ലത്തീൻ ഭാഷകളിൽ "ശ്രദ്ധിക്കും" (watch over) എന്നാണു കാണുന്നത്.

ആട്ടിൻകൂട്ടത്തിലെ കൊഴുത്തതിനെയും ഉരത്തതിനെയും ദൈവം ഒറ്റയടിക്ക് നശിപ്പിക്കും എന്നു വിശ്വസിക്കുന്നതിൽ പ്രയാസമുള്ളതിനാലാകാം ശ്രദ്ധിക്കും എന്ന് ഭാഷാന്തരം ചെയ്തത്. അത് കൂടുതൽ അർത്ഥവത്താണുതാനും.

എന്തുകൊണ്ട് ചില ആടുകൾ ബലഹീനവും ചിലവ കൊഴുത്തതും ഉരത്തതുമായിത്തീർന്നു? ഒരു പരിധിവരെ ബലഹീനമായവയുടെ വക കൊഴുത്തത് അപഹരിച്ചിട്ടുള്ളതിനാലാകാം. എന്നാൽ ഇനി അതു നടക്കില്ല, കാരണം യോസേഫിന്റെ ഉടമസ്ഥൻ കൂലിക്കാരായ ഇടയന്മാരിൽ നിന്ന് ആടുകളെ തിരികെ വാങ്ങിയിരിക്കയാണ്. ഇതുവരെ കൊഴുത്തതിനും ഉരത്തതിനുമുണ്ടായിരുന്ന പ്രാമാണ്യം ഇതാ നഷ്ടപ്പെട്ടിരിക്കുന്നു. യഹോവ മേയിക്കുന്നത് "ന്യായത്തോടെ" ആയിരിക്കും. ബലഹീനമായ ആടുകളുടെമേൽ കുതിരകയറുവാൻ ഇനി കൊഴുത്ത ആടുകളെ നല്ല ഇടയൻ അനുവദിക്കുകയില്ല. ഞാൻ അവയെ "സൂക്ഷിക്കും." "ആടിനും ആടിനും മദ്ധ്യേ യഹോവ ന്യായം വിധിക്കും" (യെഹസ്ക്കേൽ 34:16,17)

യഥാസ്ഥാപനം കൊതിക്കുന്ന ആടുകളോട് യോസേഫിന്റെ ഇടയൻ കരുണയുള്ളവനാണ്. മടങ്ങി വരുവാനാഗ്രഹിക്കുന്നവർക്ക് മറവിടമൊരുക്കുന്നവനാണ് കർത്താവ്. അവിടുന്നു തന്നെ ഇറങ്ങിവന്ന് വഴി തെറ്റിപ്പോയ നമ്മെ ആലയത്തിലേക്കു മടക്കിക്കൊണ്ടുപോകും.

യോസേഫിനെപ്പോലെ തന്റെ ഇടയന്റെ ആടുകളുമായി നമുക്കു മേയാം. വഴിതെറ്റുവാനും, മത്സരിക്കാനുമല്ല അനുസരിക്കാനും അനുഗമിക്കാനും നമുക്കു നമ്മെ ഏൽപ്പിക്കാം. അനുഗമിക്കുന്നതിൽ പാളിച്ച പറ്റിയിട്ടുണ്ടെങ്കിൽ "ആട്ടിൻകൂട്ടത്തെ പോലെ യോസേഫിനെ നടത്തുവാനായി യിസ്രായേലിന്റെ ഇടയനായുള്ളോവേ, എന്നെ യഥാസ്ഥാനപ്പെടുത്തണമെ" എന്നു പ്രാർത്ഥിക്കാം.

# 14

സങ്കീർത്തനം 40

**"എന്റെ ദൈവമെ, നിന്റെ ഇഷ്ടം ചെയ്‌വാൻ ഞാൻ പ്രിയപ്പെടുന്നു" (സങ്കീർത്തനം 40:8).**

# നിന്റെ ഇഷ്ടം ചെയ്‌വാൻ ഞാൻ പ്രിയപ്പെടുന്നു

വളരെ ദരിദ്രരായ ദമ്പതികളുടെ സ്നേഹത്തിന്റെ കഥയാണിത്. അവരുടെ ഒന്നാം വിവാഹവാർഷികം! അന്യോന്യം എന്തെങ്കിലും സമ്മാനങ്ങൾ കൊടുക്കണമെന്ന് അവർ ആഗ്രഹിച്ചു. എന്നാൽ ഒരു സമ്മാനത്തിനായി ചെലവഴിക്കാനുള്ള പണം ഇരുവരുടെ കയ്യിലുമില്ലായിരുന്നു.

തന്റെ പ്രിയതമയ്ക്ക് എന്തു സമ്മാനമാണ് കൊടുക്കാനാവുക? ഭർത്താവ് ആലോചിച്ചു. നീണ്ടുചുരുണ്ട മുടിയുള്ളവളാണു ഭാര്യ. അവൾക്ക് അത് വിലയുറ്റതായിരുന്നു. അതിന്റെ പരിചരണത്തിനുവേണ്ടി അവൾ വളരെ ശ്രദ്ധിച്ചിരുന്നു. എന്നാൽ മുടി ഒതുക്കി കെട്ടിവെയ്ക്കാൻ നല്ല ഒരു ഹെയർ ബാൻഡ് അവൾക്കില്ലായിരുന്നു. ഒരിക്കൽ കടയിൽ കണ്ട ഒരു മെറ്റൽ ഹെയർ ബാൻഡ് അവൾ കൊതിയോടെ നോക്കിയത് അയാളോർത്തു. അന്ന് അതു വാങ്ങിക്കൊടുക്കാൻ തന്റെ കയ്യിൽ പണ മില്ലായിരുന്നു. വിവാഹ വാർഷിക സമ്മാനമായി അതു നൽകിയാൽ തന്റെ ഭാര്യയ്ക്ക് സന്തോഷമാകുമെന്ന് അയാൾക്കു തോന്നി.

എന്നാൽ ഇപ്പോഴും അതു വാങ്ങാൻ അയാളുടെ കയ്യിൽ പണമില്ല, എന്തുചെയ്യും?

അയാളുടെ കയ്യിൽ ഒരു വാച്ചുണ്ട്. 'വാച്ച്' എന്നു തീർത്തുപറയാനാവില്ല കാരണം, കയ്യിൽ കെട്ടാനായി അതിന് ചെയ്ൻ ഇല്ല. എങ്കിലും അത് അയാൾക്ക് ഉപയുക്തവും പ്രിയപ്പെട്ടതുമായിരുന്നു. അയാളത് വിൽക്കാൻ തിരുമാനിച്ചു. വിറ്റ്, ഭാര്യ കണ്ണുവെച്ചിരുന്ന മനോഹരമായ ഹെയർ ബാൻഡ് അയാൾ വാങ്ങി. ഇതു ധരിച്ചാൽ തന്റെ ഭാര്യയുടെ മുടിക്ക് ഇരട്ടി സൗന്ദര്യമുണ്ടാവുമെന്ന് അയാൾ കണക്കുകൂട്ടി.

ഭാര്യയും ഭർത്താവിനൊരു സമ്മാനം കൊടുക്കാനുള്ള ആഗ്രഹത്തിലായിരുന്നു, എന്താവും മെച്ചപ്പെട്ട സമ്മാനം?

പെട്ടെന്നവൾ ഭർത്താവിന്റെ വാച്ചിനെകുറിച്ചോർത്തു. അത് അദ്ദേഹത്തിന് പ്രിയപ്പെട്ടതാണ്. അതിൽ സമയം നോക്കിയാണ് അദ്ദേഹം കൃഷിയിടത്തിൽ പണിയാൻ പോകുന്നത്. കൃത്യസമയത്ത് വായനശാലയിൽ പോകാനും ആരാധനാലയത്തിൽ പോകാനും അയാളെ സഹായിക്കുന്നതും ആ വാച്ചുതന്നെ. എന്നാൽ കഷ്ടംതന്നെ അത് കയ്യിൽ കെട്ടുവാൻ അദ്ദേഹത്തിനു കഴിയുന്നില്ല. അതിന് കയ്യിൽ കെട്ടുവാനുള്ള ചെയ്ൻ ഇല്ല. പാവം അത് പോക്കറ്റിലിട്ടുകൊണ്ടാണ് നടപ്പ്! ചെയ്ൻ വാങ്ങി അദ്ദേഹത്തിന് സമ്മാനിക്കാൻ കഴിഞ്ഞിരുന്നെങ്കിൽ! അവൾ ആഗ്രഹിച്ചു.

എന്നാൽ എവിടെ പണം? ആലോചിച്ചിട്ട് ഒരു വഴിയും കണ്ടില്ല. ഒടുവിൽ അവൾ ചെയ്തതെന്തെന്നോ? താൻ താലോലിച്ചു വളർത്തിയ മുടി അവൾ മുറിച്ചുവിറ്റു ആ പണം കൊടുത്ത് വാച്ചിന്റെ ചെയ്ൻ വാങ്ങി.

വീട്ടിലെത്തിയ ഇരുവരും പരസ്പരം സമ്മാനം കൈമാറിയെങ്കിലും ചെയ്നിലിടാൻ വാച്ചോ ഹെയർ ബാൻഡു കെട്ടാൻ മുടിയോ അവശേഷിച്ചിരുന്നില്ല. എങ്കിലും ദുഃഖത്തിനിടയിലും തീർച്ചയായും അവരിരുവരും സന്തോഷിച്ചുകാണണം! ഇരുവരും കൂട്ടാളിയുടെ ഇഷ്ടത്തിന്റെ പൂർത്തീകരണത്തിനായി പ്രിയപ്പെട്ടു. അതിനു വിലകൊടുക്കാനും അവർ തയ്യാറായിരുന്നു.

ഇതൊക്കെ ഇന്നും നടന്നുകൂടായ്കയില്ല, എങ്കിലും ഇത്തരമൊരനുഭവം ഇന്ന് വിരളമാവും. ഇന്ന് ഓരോരുത്തരും സ്വന്തം ഇഷ്ടങ്ങളുടെ പൂർത്തീകരണത്തിനാണ് പ്രാധാന്യം കൊടുക്കുക. വിലകൊടുക്കേണ്ടതില്ലെങ്കിൽ– അപരന്റെ ഇഷ്ടങ്ങളുടെ പൂർത്തീകരണത്തിനു തടസ്സമുണ്ടാവുകയില്ലെങ്കിൽ– അപരന്റെ ഇഷ്ടങ്ങൾ കൂടെ നടക്കുന്നതിൽ ആളുകൾക്കു വിരോധമുണ്ടാവാൻ സാധ്യതയില്ല. എന്നാൽ സ്വന്തം ഇഷ്ടങ്ങളും താൽപര്യങ്ങളും ത്യജിച്ച് അപരന്റെ ഇഷ്ടങ്ങളുടെ പൂർത്തീകരണത്തിൽ പ്രിയപ്പെടുന്നവർ ഇന്നു സാധാരണമല്ല.

ദാമ്പത്യബന്ധങ്ങളിലെ, കുടുംബബന്ധങ്ങളിലെ, സഭാബന്ധങ്ങളിലെ ഒക്കെ ഇന്നത്തെ തകർച്ചയ്ക്കു പ്രധാന കാരണമെന്താണ്? ഓരോരുത്തരും സ്വന്ത ഇഷ്ടങ്ങളുടെ പൂർത്തീകരണത്തിനായി കടുംപിടിത്തം പിടിക്കുന്നു എന്നതല്ലേ? വീടിനു പെയ്ന്റടിക്കുന്ന നിറം മുതൽ കുഞ്ഞുങ്ങൾ പഠിക്കേണ്ട സ്കൂൾ വരെയുള്ള കാര്യങ്ങളിൽ മാതാപിതാക്കൾക്ക് അഭിപ്രായ വ്യത്യാസമുണ്ട്, ഓരോരുത്തർക്കും അവരുടെ ഇഷ്ടം നിർവ്വഹിക്കപ്പെടുന്നതിനായി എന്തു പുക്കാറുണ്ടാക്കാനും മടിയില്ലതാനും.

കുഞ്ഞുങ്ങൾക്ക് അവരുടെ താൽപര്യങ്ങൾ നടക്കണം. ഭവിഷ്യത്തുക്കളെപ്പറ്റിയൊന്നും ചിന്തിക്കാൻ അവർ തയ്യാറല്ല. എന്നാൽ മാതാപിതാക്കൾ ചിന്തിക്കുന്നത് അവരുടെ ഇഷ്ടങ്ങൾ പൂർണമായി നിർവ്വഹിക്കപ്പെട്ടില്ലെങ്കിൽ അവർ തോറ്റുപോയെന്നാണ്. അതിനാൽ സ്വന്ത ഇഷ്ടങ്ങൾ അവർ മക്കളുടെമേൽ അടിച്ചേൽപ്പിക്കാൻ പരിശ്രമിക്കുന്നു. സഭാ സെക്രട്ടറിക്കും പ്രസിഡന്റിനും രണ്ടിഷ്ടം, രണ്ടുപേർക്കും മറ്റൊരാളുടെ ഇഷ്ടം നടക്കുന്നതു കണ്ടുകൂടാ. ഫലം? ബന്ധങ്ങളുടെ തകർച്ച!

ദൈവവും മനുഷ്യനും തമ്മിലുള്ള ബന്ധത്തിലും ഇത്തരത്തിലുള്ള ഇഷ്ടങ്ങളുടെ പൂർത്തീകരണം ഒരു വിഷയമാകാറുണ്ട്. ദൈവ ഇഷ്ടങ്ങളുടെ പൂർത്തീകരണത്തിന് മനുഷ്യൻ തന്നെത്തന്നെ ഏൽപ്പിച്ചു കൊടുക്കുന്നതാണ് ബുദ്ധി. കാരണം ദൈവത്തിന്റെ ഇഷ്ടം എപ്പോഴും മനുഷ്യന്റെ ആത്യന്തിക നന്മക്കുവേണ്ടിയുള്ളതാണ്. (അതു മനുഷ്യനു പലപ്പോഴും മനസ്സിലാകാറില്ലെന്നതു നേരുതന്നെ. ആത്യന്തികത മുൻകൂട്ടിക്കാണാൻ മനുഷ്യനു കഴിയില്ലല്ലോ).

മനുഷ്യരിൽ ദൈവ ഇഷ്ടങ്ങളുടെ സമ്പൂർണ്ണമായ പൂർത്തീകരണം പലപ്പോഴും ഒരു ദൈവസങ്കൽപ്പം മാത്രമായിപോകുന്നു. അജ്ഞാനിയായ മനുഷ്യൻ ദൈവാധിപത്യത്തെ അംഗീകരിച്ച് ദൈവ ഇഷ്ടങ്ങളുടെ നിർവ്വഹണത്തിനായി തങ്ങളെത്തന്നെ ഏൽപ്പിച്ചുകൊടുക്കുന്നില്ല. ദൈവികതയ്ക്കു വില കൊടുക്കാത്തവരുടെ ലോകത്തിൽ മാത്രമല്ല "നിന്റെ ഇഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമെ" എന്നു പ്രാർത്ഥിക്കുന്ന ജനങ്ങളുടെ ഇടയിൽ പോലും ദൈവയിഷ്ടത്തിന്റെ സമ്പൂർണ്ണ നിർവ്വഹണത്തിനായുള്ള അഭിവാഞ്ഛ കാണുന്നില്ല.

ദൈവം നമ്മെ കരുതുന്നുവെന്നും അവന്റെ ഇഷ്ടങ്ങൾ നമ്മുടെ ആത്യന്തിക നന്മയ്ക്കായുള്ളതാണെന്നും ബോധ്യമുള്ളവർ അവിടുത്തെ ആധിപത്യത്തിൻ കീഴിൽ തങ്ങളെത്തന്നെ ഏൽപ്പിച്ചുകൊടുക്കുന്നു. എന്നാൽ ദൈവ ഇഷ്ടം നാം നമ്മുടെ സ്വന്ത ഇഷ്ടപ്രകാരം തെരഞ്ഞെടുക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നു. മറ്റൊരു രീതിയിൽ പറഞ്ഞാൽ, ദൈവത്തിന്റെ

ഇഷ്ടം നമ്മുടെ ഇഷ്ടമാക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നു. അത് നമ്മെ ആത്യന്തിക നന്മയിലേക്കു നയിക്കുമെന്നതാണ്.

സങ്കീർത്തനക്കാരൻ പറയുന്നത് "എന്റെ ദൈവമെ, നിന്റെ ഇഷ്ടം ചെയ്‌വാൻ ഞാൻ പ്രിയപ്പെടുന്നു" (സങ്കീർത്തനം 40:8) എന്നാണ്. വെറുമൊരു 'അനുസരണം' അല്ലിത്. ദൈവ ഇഷ്ടം ചെയ്യാൻ കഴിയുന്നത് ഒരു പദവിയായി കരുതി അതിൽ സന്തോഷിക്കുകയാണ് ഇവിടെ സങ്കീർത്തകൻ ചെയ്യുന്നത്.

പലപ്പോഴും ആളുകൾ ദൈവ ഇഷ്ടം ചെയ്യുന്നത് നിവൃത്തികേടു കൊണ്ടാണ് എന്നു തോന്നും വിധമാണ് അവരുടെ ഇടപെടൽ. "ദൈവത്തിന്റെ ഇഷ്ടം" അവർക്കൊരു 'ഭാര'മാണ് പിന്നെ 'ദൈവമക്കളായിപ്പോയില്ലെ, അനുസരിക്കാതെ പറ്റുമോ' എന്നാണ് അവരുടെ മനോഭാവം. ചിലർ അങ്ങനെയുമല്ല; ദൈവത്തെക്കൊണ്ട് തങ്ങളുടെ ഇഷ്ടം നിർവ്വഹിപ്പിച്ചെടുക്കുവാനാണ് അവർ പരിശ്രമിക്കുന്നത്!

ദൈവഹിതവുമായി ബന്ധപ്പെട്ട് ദൈവമക്കൾ തന്നെ മൂന്ന് തരത്തിലുള്ള പ്രാർത്ഥനകൾ നടത്താറുണ്ട് എന്ന് വായിച്ചതോർക്കുന്നു.

1. **"കർത്താവെ, എന്റെ ഇഷ്ടം നടക്കണമെ"** ("Lord, let my will be done")

ഇക്കൂട്ടർ ദൈവസന്നിധിയിലേക്കു ചെല്ലുന്നത് അവരുടെ ഇഷ്ടങ്ങളുടെ ഒരു വലിയ പട്ടികയുമായാണ്. അതിൽ ദൈവം സാധിപ്പിച്ചുതരേണ്ടതായ ഒരു നൂറുകാര്യങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ടാവും. അവർ ഇഷ്ടപ്പെടുന്ന വീട്, ഇഷ്ടപ്പെടുന്ന വാഹനം, ഇഷ്ടപ്പെടുന്ന ജോലി, ഇഷ്ടപ്പെടുന്ന ഭക്ഷണം, ഇഷ്ടപ്പെടുന്ന ജീവിതരീതി... അവർ കർത്താവിനോടു പറയുന്നത് ഇങ്ങനെയാണ്. "കർത്താവേ, നിനക്ക് എന്നെപ്പറ്റി ചില ഇഷ്ടങ്ങളൊക്കെയുണ്ടാകാം. അത് ആത്യന്തികമായി നന്മയുമായിരിക്കും, എന്നാൽ എന്നോടു ക്ഷമിക്കണം. നിന്റെ ഇഷ്ടങ്ങൾക്കുവേണ്ടി ചെലവഴിക്കാൻ എനിക്കു സമയമില്ല, നോക്കൂ ഇതൊക്കെയാണ് എന്റെ ഇഷ്ടങ്ങൾ. എല്ലാം ലിസ്റ്റു ചെയ്തിട്ടുണ്ട്. ദയവായി ഈ ലിസ്റ്റിന്റെ താഴെ നിന്റെ ഒരു ഒപ്പിട്ടേക്കൂ."

യിസ്രായേൽ മക്കൾക്ക് ദൈവം വാഗ്ദത്തം ചെയ്ത നാട് യോർദ്ദാൻ നദിയ്ക്ക് അക്കരെയുള്ള പാലസ്തീന്റെ ഭാഗങ്ങളായിരുന്നു. എന്നാൽ യോർദ്ദാൻ നദിക്കിക്കരെയുള്ള യസേർ ദേശവും ഗിലയാദ് ദേശവും കണ്ടപ്പോൾ രുബേന്യർക്കും, ഗാദ്യർക്കും ഒരു ആഗ്രഹം, ഈ സ്ഥലം ആടുമാടുകൾക്കു പറ്റിയതാണ്. ദൈവം നമുക്ക് യോർദ്ദാനക്കരെയുള്ള സ്ഥലം തരുമായിക്കാം. എന്നാൽ ആ സ്ഥലം ഇതിനെക്കാൾ നല്ലതായിരിക്കുമെന്ന് എന്താണുറപ്പ്? ഈ സ്ഥലവും തങ്ങൾക്കു കിട്ടിയാൽ എത്ര

നന്ന്? ഈ സ്ഥലവും തങ്ങൾ യുദ്ധം ചെയ്തു നേടിയതാണ്. ഇതെന്തിനു വെറുതെ കളയണം? (സംഖ്യാ പുസ്തകം 32:1,2)

അവർ മോശെയുടെ അടുത്തുചെന്നു പറഞ്ഞു: "ഈ ദേശം ആടുമാടുകൾക്കു കൊള്ളാവുന്ന ദേശം, അടിയങ്ങൾക്കോ ആടുമാടുകളുണ്ട്. അതുകൊണ്ട് നിനക്ക് അടിയങ്ങളോടു കൃപയുണ്ടെങ്കിൽ ഈ ദേശം അടിയങ്ങൾക്ക് അവകാശമായി തരണം, ഞങ്ങളെ യോർദ്ദാനക്കരെ കൊണ്ടു പോകരുതേ" എന്നു പറഞ്ഞു (സംഖ്യാപുസ്തകം 32:1,2).

നോക്കുക, യോർദ്ദാനക്കരെയുള്ള ദേശമാണ് ദൈവം തങ്ങൾക്കൊരുക്കിയിരിക്കുന്ന അവകാശം എന്ന് ഇവർക്കറിയാം, എന്നാൽ അവർക്ക് 'ഇഷ്ടപ്പെട്ടത്' യോർദ്ദാനിക്കരെയുള്ള നാടും! അവർ പ്രാർത്ഥിക്കുന്നത് ശ്രദ്ധിക്കൂ: "ദൈവമെ നിന്റെ ഇഷ്ടത്തിലേക്കു പ്രവേശിക്കാൻ ഞങ്ങൾക്ക് അത്ര താൽപര്യമില്ല, ഈ നാടാണ് ഞങ്ങൾക്കിഷ്ടം, "നിനക്കു കൃപയുണ്ടെങ്കിൽ" ദയവായി ഞങ്ങൾക്ക് ഈ നാടിനെ തന്നാലും. കർത്താവേ, ഞങ്ങളുടെ ഇഷ്ടം നടക്കുമാറാകട്ടെ!"

2. **"കർത്താവേ, നിന്റെ ഇഷ്ടം വ്യത്യാസപ്പെടുത്തണമെ"** ("Lord change Thy will")

ആദ്യത്തെക്കൂട്ടർ സ്വന്ത ഇഷ്ടങ്ങളുടെ പൂർത്തീകരണത്തിനായി പ്രത്യക്ഷത്തിൽ പ്രാർത്ഥിക്കുന്നുവെങ്കിൽ, രണ്ടാം കൂട്ടരുടെ പ്രാർത്ഥന-ഫലത്തിൽ ഒന്നുതന്നെയാണെങ്കിലും- പ്രത്യക്ഷത്തിൽ വ്യത്യസ്തമാണ്: അവർ പറയുന്നത് "കർത്താവേ, നിന്റെ ഇഷ്ടം തന്നെ നടക്കുന്നത് കാണാനാണ് ഞങ്ങൾ താൽപര്യപ്പെടുന്നത്, എന്നാൽ നിന്റെ ഇഷ്ടം അൽപം ബുദ്ധിമുട്ടുണ്ടാക്കുന്നതാണ്. അത് അൽപം വ്യത്യാസപ്പെടുത്തിക്കൂടേ നിനക്ക്? നിന്റെ ഇഷ്ടം എന്തായിരിക്കണമെന്ന് ഞങ്ങൾ പറയാം. "Lord, change Thy will." ഇക്കൂട്ടർക്ക് ദൈവഇഷ്ടം അനുസരിച്ചെന്ന് ആശ്വസിക്കുകയും വേണം, എന്നാൽ സ്വന്ത ഇഷ്ടം നടക്കുകയും വേണം!

ബിലെയാമിന്റെ കഥയെടുക്കുക (സംഖ്യാപുസ്തകം 22): യിസ്രായേലിന്റെ അസ്തിത്വം തന്നെ മോവാബ് രാജ്യത്തെ വിറപ്പിച്ചിരുന്ന കാലം. അവരുടെ രാജാവ് ബാലാക്ക് യഹോവയുടെ പ്രവാചകനായ ബിലെയാമിന്റെ അരികിൽ ആളയച്ചു പറയിച്ചു: "നീ വന്ന് യിസ്രയേൽ ജനതയെ ഒന്നു ശപിക്കണം. ഞങ്ങൾ നോക്കിയിട്ട് അവരോടെതിർത്തുനിൽക്കാൻ മാർഗ്ഗമൊന്നുമില്ല. അറ്റ കയ്യാണിത്. നീ ശപിക്കുന്നവർ ശപിക്കപ്പെട്ടവരാകും എന്നു ഞങ്ങൾക്കറിയാം."

യിസ്രായേലിനെ ശപിക്കുന്നതിനു പ്രതിഫലമായി രാജാവ് ബലെയാമിന് വലിയ ധനസമൃദ്ധി വാഗ്ദാനം ചെയ്തു. ബിലയാമിന്റെ കണ്ണഞ്ചിച്ചു

പോയി... അവൻ പറയുന്നതു ശ്രദ്ധിക്കുക. "ഇന്നു രാത്രി നിങ്ങൾ ഇവിടെ പാർക്കുക. യഹോവയോടു ഞാൻ ഒന്നു ചോദിച്ചോട്ടെ. ദൈവഹിതത്തിന നുസരിച്ചേ എനിക്കു കാര്യങ്ങൾ ചെയ്യാനാവൂ" (സംഖ്യാപുസ്തകം 22:8). ധനമോഹിയായിരുന്നെങ്കിലും 'ദൈവഹിതമെ ചെയ്യൂ' എന്ന പിടി വാശിയായിരുന്നു ബിലെയാമിന്...

അന്നു രാത്രി ദൈവം ബിലെയാമിനോടു പറഞ്ഞു "നീ പോകരുത്, അതെന്റെ ഇഷ്ടമല്ല." (വാക്യം 12)

ബിലെയാം ഞെട്ടിപ്പോയിക്കാണണം... ഇങ്ങനെയൊരു 'ചതി'ദൈവ ത്തിന്റെ ഭാഗത്തുനിന്ന് അവൻ പ്രതീക്ഷിച്ചില്ല... എന്തുമാത്രം പണമാണ് ഒറ്റയടിക്കു നഷ്ടമാകുന്നത്... കഷ്ടം തന്നെ... ങ്ഹാ ദൈവത്തിന്റെ പ്രവാചകനായിപ്പോയില്ലെ... 'ദൈവഹിത'മല്ലെ ചെയ്യാൻ പറ്റൂ പിറ്റേന്നു ബിലെയാം രാജാവിന്റെ പ്രതിനിധികളോടു പറഞ്ഞു "ക്ഷമിക്കണം ദൈവം അതിന് എന്നെ അനുവദിക്കുന്നില്ല. ഞാൻ ദൈവത്തിന്റെ ഇഷ്ടമേ ചെയ്യൂ." (വാക്യം 12)

ബാലാക്ക് രാജാവ് വീണ്ടും ആളുകളെ അയച്ചു, കൂടുതൽ പണം വാഗ്ദാനം ചെയ്തു. ദൈവത്തിന്റെ ഇഷ്ടം തിരിച്ചറിഞ്ഞുകഴിഞ്ഞ നിലയ്ക്ക് ബിലെയാമിന് അവരെ പറഞ്ഞു വിടാനുള്ളതേ ഉണ്ടായിരുന്നുള്ളൂ. എന്നാൽ ധനമോഹം അവനെ വല്ലാതെ ഞെരുക്കി... അവൻ പറയുന്നത് ഇപ്ര കാരമാണ്: "ദൈവത്തിന്റെ ഇഷ്ടമേ എനിക്കു ചെയ്യാൻ പറ്റൂ. ദൈവത്തിന്റെ ഇഷ്ടം നിങ്ങളോടുകൂടെ വരുന്നതല്ല എന്ന് അവിടുന്നു പറഞ്ഞു കഴിഞ്ഞു. എങ്കിലും ഈ രാത്രി നിങ്ങൾ ഇവിടെ താമസിക്കൂ. ദൈവം തന്റെ ഇഷ്ടം ഒന്നു വ്യതാസപ്പെടുത്താൻ ഞാൻ പറഞ്ഞു നോക്കാം. എന്തായാലും ദൈവത്തിന്റെ ഇഷ്ടമേ ഞാൻ ചെയ്യൂ." (വാക്യം 18.19).

ദൈവത്തിന്റെ ഇഷ്ടം ചെയ്യണമെന്ന് ആഗ്രഹമുള്ളയാളാണ് ബിലെയാം. എന്നാൽ, അവൻ സ്വന്ത ഇഷ്ടം നടന്നുകാണാൻ കൂടുതൽ പ്രിയപ്പെടുന്നു. "കർത്താവേ, എന്റെ ഇഷ്ടം നിന്റെ ഇഷ്ടമാക്കാൻ പറ്റുമോ?" എന്നാണവന്റെ ചോദ്യം. അവന്റെ ഇഷ്ടത്തിനു യാത്ര ചെയ്യുമ്പോഴും അവൻ ദൈവത്തോടു പറയുന്നു: "ഇതു നിനക്ക് അനിഷ്ടമെന്നു വരികിൽ ഞാൻ മടങ്ങിപ്പൊയ്ക്കൊള്ളാം" (വാക്യം 34). എന്നാൽ, ദൈവത്തിന്റെ ഇഷ്ടം ചെയ്യാൻ ബിലെയാം "പ്രിയപ്പെടു"ന്നില്ല.

3. **"കർത്താവേ, നിന്റെ ഇഷ്ടം നടക്കണമെ"** ("Lord, let Thy will be done.")

മൂന്നാമത്തെ കൂട്ടർ ദൈവത്തിന്റെ ഇഷ്ടത്തിനുമാത്രം പ്രാധാന്യം കൊടുക്കുന്നവരാണ് അതിന്റെ അർത്ഥം അവർക്ക് സ്വന്ത ഇഷ്ടങ്ങൾ ഇല്ല എന്നല്ല. നാം ആദ്യം പറഞ്ഞ കഥയിലെ നായകന് വാച്ച് ഇഷ്ടമില്ലാഞ്ഞല്ല

അയാളതു വിറ്റത്. തന്റെ പ്രിയതമയുടെ ഇഷ്ടത്തിന്റെ പൂർത്തീകരണത്തിനായി അയാൾ സ്വന്ത ഇഷ്ടം ബലികഴിക്കുകയാണ്. ഭാര്യ മുടി ഉപേക്ഷിക്കുന്നതും അങ്ങനെതന്നെ. സ്നേഹഭാജനത്തിന്റെ ഇഷ്ടങ്ങളുടെ പൂർത്തീകരണത്തിന് അനിവാര്യമായിത്തീരുന്ന ത്യാഗം നാം ഇവിടെ കാണുന്നു... ഇരുവരും അപരന്റെ ഇഷ്ടത്തിനാണ് പ്രിയപ്പെടുന്നത്!

സങ്കീർത്തകൻ പറയുന്നു: "ദൈവമെ, നിന്റെ ഇഷ്ടം ചെയ്‌വാൻ ഞാൻ പ്രിയപ്പെടുന്നു."

ദൈവ ഇഷ്ടം സങ്കീർത്തകന് ഒരു ഭാരമല്ല. അതവന് ജീവാമൃതമാണ്. ദൈവത്തിന്റെ ഇഷ്ടത്തിന്റെ പൂർത്തീകരണമാണ് തന്റെ ആത്യന്തിക നന്മയുടെ സുരക്ഷിതമാർഗ്ഗം എന്ന് അവനറിയാം. അത് ചെയ്യാൻ അവൻ കണ്ണും കാതും കരളും കൊടുത്തിരിക്കുന്നു. അതിനായി സ്വന്ത ഇഷ്ടങ്ങൾ ബലികഴിക്കേണ്ടി വരുന്നത് അവനൊരു വിഷയമേയല്ല.

പാരമ്പര്യമനുസരിച്ച് 40-സങ്കീർത്തനം ഒരു 'മശിഹൈക' സങ്കീർത്തനമാണ്. (അതിനർത്ഥം ഈ സങ്കീർത്തനം മശിഹയ്ക്കേ പ്രസക്തമാകൂ എന്നല്ല. മശിഹയുടെ ജീവിതത്തിൽ ഈ സങ്കീർത്തനം അനുവർത്തിച്ചുകൊണ്ട് അവിടുന്നു നമുക്കു മാതൃകയായിത്തീർന്നു എന്നു ചിന്തിച്ചാൽ മതി.) "ദൈവമെ നിന്റെ ഇഷ്ടം ചെയ്‌വാൻ ഞാൻ വരുന്നു" എന്ന പ്രാർത്ഥന യേശുവിന്റേതായി എബ്രായ ലേഖനകാരൻ രേഖപ്പെടുത്തുന്നു (എബ്രായർ 10:5-7).

സ്വന്ത ഇച്ഛയും ദൈവ ഇഷ്ടവും തമ്മിലുള്ള ഏറ്റുമുട്ടൽ യേശുവിന്റെ ജീവിതത്തിൽ വ്യക്തമാകുന്ന സന്ദർഭം ലൂക്കോസ് വിവരിക്കുന്നതു ശ്രദ്ധിക്കുക. "പിതാവേ, നിനക്കു മനസ്സുണ്ടെങ്കിൽ ഈ പാനപാത്രം എങ്കൽ നിന്നു നീക്കണമെ. എങ്കിലും എന്റെ ഇഷ്ടമല്ല നിന്റെ ഇഷ്ടം തന്നെ ആകട്ടെ എന്നു പ്രാർത്ഥിച്ചു" (ലൂക്കോസ് 22:42).

ക്രൂശ് എന്നത് പിതാവിന്റെ ഇഷ്ടമാണ്, എന്നാൽ ക്രൂശ് വേദനയുള്ളതാണ്. ക്രൂശ് ഒഴിവായിക്കിട്ടിയെങ്കിൽ എന്നു ചിന്തിക്കുന്നത് മാനുഷികം. എന്നാൽ അത് ദൈവത്തിന്റെ ഇച്ഛയല്ലെങ്കിൽ അങ്ങനെയൊരു കാര്യത്തെപ്പറ്റി ചിന്തിക്കാനേ യേശു ആഗ്രഹിക്കുന്നില്ല. യേശു പൂർണ്ണമായും പ്രിയപ്പെട്ടത് പിതാവിന്റെ ഇഷ്ടം നിർവ്വഹിക്കുന്നതിനാണ്. എന്റെ ഇഷ്ടം നടക്കണം എന്ന് യേശു പറയുന്നില്ല. അവിടുന്ന് പറയുന്നത് ഒന്നുമാത്രം: അവിടുത്തെ ഇഷ്ടം മാത്രം നടക്കട്ടെ. (Let thy will be done!)

സ്വന്ത ഇഷ്ടത്തെ നിരാകരിച്ചുകൊണ്ടാണ് യേശു പിതാവിന്റെ ഇഷ്ടത്തിനായി തന്നെത്തന്നെ സമർപ്പിച്ചത്. ദൈവം നമ്മിൽ നിന്നു

പ്രതീക്ഷിക്കുന്നതും അതു തന്നെ. ഭാരമെന്ന നിലയിലല്ല, പദവിയെന്ന നിലയിൽ നമ്മൾ ദൈവ ഇഷ്ടത്തെ സ്വീകരിക്കണം.

ഒരു വലിയ ആത്മീക സത്യം കൂടെ ലൂക്കോസ് വിവരിക്കുന്നുണ്ട്. യേശുകർത്താവ് സ്വന്ത ഇഷ്ടത്തെ വെടിഞ്ഞ് പിതാവിന്റെ ഇഷ്ടത്തിന്റെ പൂർത്തീകരണത്തിനായി തന്നെത്തന്നെ സമർപ്പിച്ചു. എന്നാൽ, അടുത്തതായി കാണുന്നത് “അവനെ ശക്തിപ്പെടുത്താൻ സ്വർഗ്ഗത്തിൽ നിന്ന് ഒരു ദൂതൻ അവനു പ്രത്യക്ഷനായി” എന്നാണ് (ലൂക്കോസ് 22:34).

നമ്മുടെ ഇഷ്ടങ്ങളെ ത്യജിച്ച് ദൈവ ഇഷ്ടം ചെയ്യാൻ പ്രിയപ്പെട്ടുകൊണ്ട് അതിനു തുനിഞ്ഞിറങ്ങുമ്പോഴും ഒരു കാര്യം നാമറിയണം. അതിന്റെ നിർവ്വഹണത്തിനായുള്ള ശക്തി മാനുഷികമായി നമ്മിൽ ഇല്ല. എന്നാൽ അങ്ങനെ നാം ചെയ്യുമ്പോൾ, ദൈവേഷ്ടം നമ്മിൽ നിർവ്വഹിക്കപ്പെടേണ്ടതിനാ വശ്യമായ ശക്തി നമുക്കു ലഭിക്കേണ്ടതിന് സ്വർഗ്ഗത്തിന്റെ സഹായം നമുക്കുണ്ടാവും. പ്രകൃത്യാതീതമായ നിലയിൽ നമ്മെ സഹായിക്കാൻ പോലും പിതാവു തയ്യാറാകും. എന്നാൽ, ദൈവേഷ്ടത്തിന്റെ പൂർത്തീകരണത്തിനാ യുള്ള തീരുമാനം നമ്മുടെ ഭാഗത്തുനിന്നാണുണ്ടാവേണ്ടത്.

എന്താണു നമ്മുടെ പ്രാർത്ഥന? “ദൈവമെ, എന്റെ ഇഷ്ടം നടക്കട്ടെ’’ എന്നോ? “ദൈവമെ, നിന്റെ ഇഷ്ടം വ്യത്യാസപ്പെടുത്തിയാലും, അത് എന്റെ ഇഷ്ടത്തിനു തുല്യമാക്കിയാലും” എന്നോ? അതോ, “കർത്താവേ, എന്റെ ഇഷ്ടമല്ല നിന്റെ ഇഷ്ടം തന്നെ നടക്കട്ടെ’’ എന്നോ?

ദൈവ ഇഷ്ടത്തിനായി നമ്മെത്തന്നെ സമർപ്പിക്കുമ്പോഴും അതിൽ പ്രിയപ്പെടുവാൻ നമുക്കു കഴിയുന്നുണ്ടോ എന്നും നാം ചിന്തിക്കേണ്ടി യിരിക്കുന്നു.

# 15 സങ്കീർത്തനം 119

**"വ്യാജത്തെ നോക്കാതെവണ്ണം എന്റെ കണ്ണുകളെ തിരിച്ച്, നിന്റെ വഴികളിൽ എന്നെ ജീവിപ്പിക്കണമെ." (സങ്കീർത്തനം 119:37)**

# വ്യാജത്തെ നോക്കാത്ത കണ്ണ്

ഒരു ശീതളപാനീയ കമ്പനിയുടെ പരസ്യത്തിൽ, ദാഹാർത്തനായി ഒരുവൻ ബഹുനില കെട്ടിടത്തിന്റെ മുകളിൽ നിന്നും പറന്നിട്ടെന്ന പോലെ ചാടി ഒരു കുപ്പി കോള കൈക്കലാക്കുന്ന ഒരു സീനുണ്ട്. അയഥാർത്ഥമായ ആ സീൻ അനുകരിച്ച് ചില കുട്ടികൾ അതുപോലെ ചാടി മരണപ്പെട്ടുവത്രെ!

ഭ്രമാത്മകവും അതേസമയം അയഥാർത്ഥവുമായ കാഴ്ചകളാൽ നമ്മുടെ മാധ്യമലോകം മലീമസമായിരിക്കുന്നു. ടി.വി., ഇന്റർനെറ്റ്, പത്രികകൾ, പോസ്റ്ററുകൾ... എല്ലായിടത്തും അയഥാർത്ഥമായ കാഴ്ചകൾ തന്നെ. പട്ടാപ്പകൽ ബാങ്കിൽ കയറി ജീവനക്കാരെ ബോംബുകാട്ടി ഭീഷിണിപ്പെടുത്തി പണം കൊള്ളയടിക്കാൻ പരിശ്രമിച്ചു പിടിക്കപ്പെട്ട യുവാവ്, അതിനു തന്നെ പ്രേരിപ്പിച്ചത് സിനിമയാണെന്ന് ഏറ്റുപറയുന്നു. സന്തുഷ്ടമായ കുടുംബജീവിതത്തിനിടയ്ക്ക് ഭർത്താവിനെയും ഇഷ്ടസന്താനത്തെയുമുപേക്ഷിച്ച് കരുത്തനും സുന്ദരനുമായ അന്യപുരുഷന്റെ പുറകെ ഒരുമ്പെട്ടിറങ്ങിപ്പോയ യുവതിയും പറയുന്നത് സിനിമ അവൾക്കു ധൈര്യം നൽകിയെന്നാണ്.

സിനിമ മാത്രമല്ല ജീവിതവും മായക്കാഴ്ചകൾകൊണ്ട് നിറയുന്നു. ഒരുകാലത്ത് ആദരിക്കപ്പെട്ടിരുന്ന ധാർമ്മികമൂല്യങ്ങൾ ഇന്ന് ത്യാജകോടിയിലാണ്. നിലനിൽക്കുന്നതിനോടല്ല നിമിഷ സുഖങ്ങളോടാണ് മനുഷ്യന് ആഭിമുഖ്യം! ഒരിക്കൽ സിനിമയിൽ മാത്രം കണ്ടിരുന്നത് ഇന്ന് ജീവിതത്തിൽ നിത്യകാഴ്ചയാകുന്നു. സത്യമായതും ഘനമായതും സൽകീർത്തിയായതും അപമാനിക്കപ്പെടുന്നു... സുഖദായകമായതെന്തും അനുകരണീയമായത് എന്നു ധരിക്കപ്പെടുന്നു!!

കൊള്ളക്കാരൻ ഇന്നു ഹീറോയായി വാഴ്ത്തപ്പെടുന്നു. ലഹരിയുടെ ഉപയോഗം ഫാഷനായിത്തീരുന്നു. ലജ്ജയായതിൽ ജനം മാനം കണ്ടെത്തുന്നു. ഇത്തരുണത്തിൽ, സങ്കീർത്തനക്കാരന്റെ പ്രാർത്ഥന ഇക്കാലത്തിൽ കൂടുതൽ പ്രസക്തിയുള്ളതായി നമുക്ക് അനുഭവപ്പെടുന്നില്ലേ? "വ്യാജത്തെ നോക്കാതെവണ്ണം എന്റെ കണ്ണുകളെ തിരിച്ച് നിന്റെ വഴികളിൽ എന്നെ ജീവിപ്പിക്കണമെ." (സങ്കീർത്തനം 119:37)

'വ്യാജ'ത്തെ എന്ന മലയാള പരിഭാഷയെക്കാൾ ഒന്നുകൂടെ മെച്ചപ്പെട്ട തർജ്ജമയാണ് ആർ.എസ്.വി.യിൽ! "മായ"യെ (vanities) എന്നാണ് അവിടെ കാണുന്നത്. "യാഥാർത്ഥ്യമെന്നു തോന്നിപ്പിക്കുന്ന അയഥാർത്ഥമായ കാഴ്ചകൾ" എന്നാണ് ഇവിടെ വിവക്ഷ! വഞ്ചകൻ വിജയിക്കുന്നതായി നാം കാണുന്നു, ആത്മാർത്ഥത കാട്ടുന്നവൻ ചവിട്ടി താഴ്ത്തപ്പെടുന്നു. അതൊരു മായക്കാഴ്ചയാണ്, എന്നാൽ സത്യം, സനാതനം എന്നൊക്കെ നമ്മെ വിശ്വസിപ്പിക്കുംവിധം അവ പ്രകടമാണ്. അതാണ് നമുക്കു ചുറ്റുമുള്ള കാഴ്ചകൾ!

കാഴ്ചകൾ നിരുപദ്രവകാരികളല്ല, കാഴ്ചയുടെ ശക്തിയെപ്പറ്റി അറിവുള്ളതിനാലാണ് സങ്കീർത്തനക്കാരൻ തന്റെ കണ്ണുകളുടെ നിയന്ത്രണത്തിനായി സർവ്വേശ്വരന്റെ ശക്തി തിരയുന്നത്. ഇന്ദ്രിയങ്ങൾ മനസ്സിലേക്കുള്ള വാതിലുകളാണ്. ഇന്ദ്രിയാനു ഭൂതികളാണ് (കാഴ്ചയും കേൾവിയും ഗന്ധവും രുചിയും സ്പർശവും) നമ്മിൽ ഇഷ്ടങ്ങളും ഇഷ്ടക്കേടുകളും ഉണ്ടാക്കുന്നത്. ഇന്ദ്രിയങ്ങളിൽ എറ്റവും ശക്തവും തീഷ്ണവും കണ്ണുകളാണെന്നതിനു സംശയം വേണ്ട. കാഴ്ചകളോളം നമ്മെ സ്വാധീനിക്കുന്ന മറ്റൊന്നുമില്ല. സംശുദ്ധമായ കാഴ്ചകൾ നമ്മെ പവിത്രീകരിക്കുന്നു. വ്യാജമായ കാഴ്ചകൾ മനസ്സിനെ മലിനീകരിക്കുന്നു.

ഇന്ദ്രിയങ്ങൾ മനസ്സിലേക്കുള്ള വാതിലുകളാണെങ്കിൽ ശരീരം മനസ്സിന്റെ ഉപകരണമാണ്. കണ്ണിന്റെ കാര്യം തന്നെയെടുക്കാം. കണ്ണ് കാഴ്ചകളെ മനസ്സിലേക്കു പ്രവേശിപ്പിക്കുന്നു. മനസ്സ് കാഴ്ചകളാൽ സ്വാധീനിക്കപ്പെട്ട്

തീരുമാനമെടുക്കുന്നു. മനസ്സിന്റെ തീരുമാനം പ്രവൃത്തിപഥത്തിലേക്കു കൊണ്ടുവരുന്നത് ശരീരത്തിലെ അവയവങ്ങളാണ്.

അധാർമ്മികനായ ഒരു വ്യക്തി അധർമ്മ മാർഗ്ഗത്തിൽ പണം നേടി ആർഭാടം കാട്ടുന്ന കാഴ്ച കണ്ണ് മനസ്സിനു നൽകി എന്നു ചിന്തിക്കുക. ഇന്ദ്രിയങ്ങൾ (കണ്ണ്) മനസ്സിലേക്കുള്ള വാതിലായി പ്രവർത്തിക്കുന്നു. 'പണമാണു വലുത്' എന്നു മനസ്സു പറയുന്നു. അധാർമികന്റെ ആർഭാടം എന്ന മായക്കാഴ്ച മനസ്സിനെ സ്വാധീനിച്ചുകഴിഞ്ഞു. ഇനി, പണമുണ്ടാക്കണം, അതിനെന്തുവേണം എന്ന് മനസ്സ് ചിന്തിക്കുന്നു, എന്തു വഴിയിലൂടെയും പണമുണ്ടാക്കാൻ മനസ്സ് ശരീരത്തെ ഉപകരണമാക്കുന്നു. എല്ലാത്തിന്റെയും തുടക്കം കണ്ണു നൽകിയ ഒരു മായക്കാഴ്ചയാണ്. അതു മായയാണെന്ന് മാനുഷികമായി നാം അറിയുന്നില്ല. അതാണ് "പ്രകടമായ യാഥാർത്ഥ്യം" അതുകൊണ്ടാണ് വളരെയെളുപ്പത്തിൽ അതിനു മനസ്സിനെ സ്വാധീനിക്കാൻ കഴിഞ്ഞത്.

ലോകത്തിന്റെ മോഹക്കാഴ്ചകൾ നിലനിൽക്കുന്നതല്ലെന്നും അവ യാഥാർത്ഥ്യമല്ലെന്നും യോഹന്നാൻ അപ്പൊസ്തലൻ പറയുന്നുണ്ട്.

"ലോകവും അതിന്റെ മോഹവും ഒഴിഞ്ഞുപോകും, ദൈവേഷ്ടം ചെയ്യുന്നവനോ എന്നേക്കും ഇരിക്കും" (1 യോഹന്നാൻ 2:17). അതുകൊണ്ട് ലോകത്തെയും ലോകത്തിലുള്ളതിനെയും സ്നേഹിക്കരുത്, അവയാൽ സ്വാധീനിക്കപ്പെടുകയുമരുത്. അവ ഒരുപക്ഷെ ജഡത്തെ കൊതിപ്പിക്കുന്നതാവാം, കണ്ണുകൾക്ക് ഇമ്പം നൽകുന്നതാവാം, ജീവിതത്തിനു പ്രതാപം വാഗ്ദാനം ചെയ്യുന്നതാവാം. എന്നാൽ അവയെല്ലാം ഒഴിഞ്ഞുപോകുന്നതാണ് – മായക്കാഴ്ചകളാണ്! നിലനിൽക്കുന്നത് ദൈവേഷ്ടത്തിന്റെ വഴിമാത്രമാണ് (1 യോഹന്നാൻ 2:15–17).

ഈ സത്യം അറിയാവുന്നതിനാലാണ് സങ്കീർത്തനക്കാരൻ അതുതന്നെ പ്രാർത്ഥിക്കുന്നത്: നോക്കൂ അത് എത്ര ചേർന്നു നിൽക്കുന്നു! "വ്യാജത്തിലേക്ക് (മായക്കാഴ്ചകളിലേയ്ക്ക്) എന്റെ കണ്ണുതിരിയരുതേ, നിന്റെ വഴി (ദൈവേഷ്ടം) കളിൽ എന്നെ നടത്തേണമെ."

എന്തുകൊണ്ട് നിന്റെ വഴികളിൽ എന്നെ നടത്തണം? കാരണം നിലനിൽക്കുന്നത് അതുമാത്രമാണ്.

മായക്കാഴ്ചകൾ മനസ്സിനെ മലിനപ്പെടുത്തുന്നതിന്റെ നല്ലൊരുദാഹരണമാണ് ആഖാന്റെ കഥ.

യിസ്രായേൽ മക്കൾ യോശുവയുടെ നേതൃത്വത്തിൽ കനാൻ നാടു പിടിച്ചടക്കി. എന്നാൽ, ആ പട്ടണത്തിലുള്ള വിലപിടിപ്പുള്ളതിനെ

കൊള്ളയടിക്കുവാൻ യോശുവ ജനങ്ങളെ അനുവദിച്ചിരുന്നില്ല. അവ യഹോവയ്ക്ക് 'ശപഥാർപ്പിതം' ആയിരുന്നു (യോശുവ 6:18,19). ഇതറിഞ്ഞിരുന്നിട്ടും ആഖാൻ എന്നൊരു യോദ്ധാവ് ശപഥാർപ്പിത വസ്തു മോഷ്ടിച്ചു. അക്കാരണത്താൽ യിസ്രായേലിന് അവരുടെ രണ്ടാം പട്ടണമായ ഹായി പിടിച്ചടക്കാനായില്ലെന്നു മാത്രമല്ല, അവർക്ക് പിൻതിരിഞ്ഞോടേണ്ടിയും വന്നു. (യോശുവ 7:1–13).

കുറ്റക്കാരനായി പിടിക്കപ്പെട്ട ആഖാൻ തനിക്കുപറ്റിയ പരാജയത്തെപ്പറ്റി ഏറ്റുപറയുന്ന ഭാഗം വളരെ ശ്രദ്ധേയമാണ്. "ഞാൻ കൊള്ളയുടെ കൂട്ടത്തിൽ വിശേഷമായൊരു ബാബിലോന്യ മേലങ്കിയും ഇരുന്നൂറു ശേക്കൽ വെള്ളിയും അമ്പതു ശേക്കൽ തൂക്കമുള്ള ഒരു പൊൻകട്ടിയും കണ്ടു, മോഹിച്ചു, എടുത്തു" (യോശുവ 7:21)

കണ്ടു, മോഹിച്ചു, എടുത്തു... ഇത് ഒരു പ്രക്രിയമാണ്. തുടക്കം കാഴ്ചയിൽ നിന്നാണ്. കാഴ്ച മനസ്സിന്റെ വാതിൽ തുറന്നു. മനസ് പ്രവർത്തിക്കാൻ തുടങ്ങി. മോഹം ഉരുവായി. പിന്നെ പ്രവൃത്തി നടക്കാതെ വയ്യാതായി. മനസ്സ് ശരീരത്തെ ഉപകരണമാക്കി... പാപം പിറവിയെടുത്തു. "മോഹം ഗർഭം ധരിച്ച് പാപത്തെ പ്രസവിച്ചു" (യാക്കോബ് 1:15). പതനം അനിവാര്യമാക്കുന്നൊരു കെണിയാണ് മോഹക്കാഴ്ചകൾ! കാഴ്ചയിൽ നിന്നു മോഹത്തിലേക്കു കടന്നാൽ പിന്നെ മോഹത്തിൽ നിന്നു പാപത്തിലേക്കു വീണുപോകും. അതാകട്ടെ, മരണത്തിന്റെ തുറന്ന വായാണ് (യാക്കോബ് 1:15). ഈ സത്യമറിഞ്ഞാണ് സങ്കീർത്തനക്കാരന്റെ പ്രാർത്ഥന. "വ്യാജത്തെ നോക്കാതെവണ്ണം എന്റെ കണ്ണുകളെ തിരിച്ച് നിന്റെ വഴികളിൽ എന്നെ ജീവിപ്പിക്കണമെ."

നിന്റെ വഴി ജീവനാണ് എന്നു പറയുന്നതിലൂടെ സങ്കീർത്തനക്കാരൻ മറ്റൊരു സത്യം വ്യംഗ്യമായി പറയുന്നുണ്ട്. "വ്യാജക്കാഴ്ചകൾ മരണമാണ്." (വിപരീത സമാന്തരകത്വമാണ് സങ്കീർത്തകൻ ഇവിടെ ഉപയോഗിച്ചിരിക്കുന്നത്).

വ്യാജമായ കാഴ്ചകൾ ദർശിച്ചാൽ, അതിനു മനസ്സു കുടുങ്ങിപ്പോയാൽ എന്റെ വഴി തെറ്റിപ്പോകും. മായക്കാഴ്ചകൾ നയനാനന്ദകരമെങ്കിലും അത് മോഹത്തിലേക്കും ആത്യന്തികമായി മരണത്തിലേക്കുമാണ് എന്നെ കൊണ്ടുപോകുക. എന്നാൽ ദൈവമെ, അതിൽ നിന്നു കണ്ണുതിരിച്ച് എന്നെ നിന്റെ വഴികഴിലൂടെ നടത്തണമെ. എന്തുകൊണ്ടെന്നാൽ, നിന്റെ വഴി യഥാർത്ഥമാണ്, അതു ജീവനാണ്. വ്യാജമായ കാഴ്ചകൾ ഒരാളെ മോഹത്തിലേക്കു നയിക്കുന്നു. മോഹം (lust) എപ്പോഴും കൈക്കലാക്കാനായുള്ളതാണ്. അതിൽ എപ്പോഴും സ്വാർത്ഥതയുടെ കാളിമ പരന്നിട്ടുണ്ടാവും.

മോഹം ആദായത്തിനായുള്ളതാണ്. സ്വാർത്ഥമായ ആദായത്തിന്- ദുരാദായത്തിന് – നമ്മെ നിർബന്ധിക്കുന്നതാണു മോഹം. അതിനാൽ സങ്കീർത്തകൻ പ്രാർത്ഥിക്കുന്നത്, "ദുരാദായത്തിലേക്കല്ല, നിന്റെ സാക്ഷ്യങ്ങളിലേക്കുതന്നെ എന്റെ ഹൃദയം ചായുമാറാകട്ടെ' എന്നാണ് (സങ്കീർത്തനം 119:36).

മായക്കാഴ്ചകളിൽ കുടുങ്ങി അതിന്റെ വഴിയിൽ മുന്നേറുന്നവർക്ക് എന്തെങ്കിലും ആദായം ഉണ്ടാകാതെ വരില്ല. ലോകം തരുന്ന നൈമിഷിക സുഖങ്ങളായിരിക്കും അവരുടെ ആദായം. എന്നാൽ അതു മരണത്തിലേക്കുള്ളതാണ്. അതിലേക്കു തന്റെ ഹൃദയം ചായരുതേ എന്നാണ് സങ്കീർത്തനക്കാരൻ പ്രാർത്ഥിക്കുന്നത്. പകരം എന്റെ ചായ്‌വ് "നിന്റെ സാക്ഷ്യങ്ങ"ളിലേക്കായിരിക്കണം.

കർത്താവിന്റെ സാക്ഷ്യങ്ങൾ! അതു ചരിത്രത്തിലെ കർത്താവിന്റെ പ്രവൃത്തികളാണ്, എന്റെ ജീവിതത്തിലെ പ്രവൃത്തികളാണ്! എന്റെ ഹൃദയം എപ്പോഴും യഹോവയുടെ പ്രവൃത്തികളോട്, അവിടുത്തെ സാക്ഷ്യങ്ങളോട് ചായ്‌വുള്ളതായിരിക്കണം. എന്റെ കണ്ണുകൾ ദുരാദായത്തിനായി വ്യാജവഴികളെ നോക്കാൻ പാടില്ല. ശുദ്ധീകരിക്കപ്പെട്ട കണ്ണുകളും ശുദ്ധീകരിക്കപ്പെട്ട ഹൃദയവുമായിരിക്കണം എന്റേത്.

ദുരാദായത്തിലേക്കും അവന്റെ സാക്ഷ്യങ്ങളിലേക്കും ഒരുമിച്ചു തിരിയാൻ നമുക്കു കഴിയില്ല. ലോകത്തിന്റെ കാഴ്ചകളിലേക്കും ദൈവത്തിന്റെ വഴിയിലേക്കും ഒരുമിച്ചുനോക്കാനും നമുക്കു കഴിയില്ല ഒരേസമയം രണ്ടിടങ്ങളിലേക്കു നോക്കിയാൽ അതിനർത്ഥം നമ്മുടെ കണ്ണ് 'ചൊവ്വു'ള്ളതല്ല എന്നാണ് (മത്തായി 6:22). നോട്ടം എപ്പോഴും ഏതെങ്കിലും ഒന്നിലേക്കായിരിക്കണം. ഒന്നുകിൽ ദൈവത്തിന്റെ വഴിയിലേക്ക് അല്ലെങ്കിൽ ദുരാദായത്തിലേക്ക്! "ശരീരത്തിന്റെ വിളക്ക് കണ്ണാകുന്നു. കണ്ണു ചൊവ്വുള്ളതെങ്കിൽ നിന്റെ ശരീരം മുഴുവൻ പ്രകാശിതമായിരിക്കും. കണ്ണു കേടുള്ളതെങ്കിലോ, നിന്റെ ശരീരം മുഴുവനും ഇരുണ്ടതായിരിക്കും" (മത്തായി 6:22,23) എന്നു കർത്താവ് പറയുന്നു. കണ്ണാണ് എല്ലാത്തിനും കാതൽ. കാഴ്ചയാണ് എല്ലാം മാറ്റിമറിക്കുന്നത്.

വ്യതിചലിച്ച നോട്ടം (distorted vision) എല്ലാം തകർക്കും. അതിനാലാണ് ഏകതയുള്ള ദൃഷ്ടി (single vision) അത്യാവശ്യമെന്നു കർത്താവു പറയുന്നത്. (if thine eye be single, thy whole body shall be full of light-KJV)

വ്യാജത്തെ നോക്കാത്ത കണ്ണ്- ദുരാദായത്തിലേക്കു ചായാത്ത ഹൃദയം! അതാണു നമുക്കാവശ്യം. മായക്കാഴ്ചകൾ മോഹം ജനിപ്പിക്കുന്നു, മരണത്തെ പ്രദാനം ചെയ്യുന്നു. എന്നാൽ ദൈവേഷ്ടത്തിന്റെ വഴി ജീവന്റെ വഴിയാണ്.

# 16

സങ്കീർത്തനം 137

"ഞങ്ങൾ യഹോവയുടെ ഗീതം അന്യദേശത്തു പാടുന്നതെങ്ങനെ?" (സങ്കീർത്തനം 137:4)

# യഹോവയുടെ ഗീതം അന്യദേശത്തു പാടുന്നവർ

'പ്രവാസികൾ' എന്ന വാക്ക് ഇന്ന് പരക്കെ ഉപയോഗിക്കപ്പെടുന്നുണ്ട്. 'പ്രവാസി മലയാളികൾ', പ്രവാസി ഗവൺമെന്റ്' എന്നൊക്കെ പത്രത്തിൽ വായിക്കാറില്ലേ? സ്വന്തം നാടുവിട്ട് മറ്റൊരു നാട്ടിൽ താമസിക്കേണ്ടി വരുന്നവരെയാണ് 'പ്രവാസികൾ' എന്നു വിളിക്കാറ്.

സ്വന്തം നാടുവിട്ടു താമസിക്കുന്ന എല്ലാവരും പ്രവാസികളല്ല. കുടിയേറ്റക്കാരെയും പ്രവാസികളെയും വ്യത്യസ്തരായി കാണേണ്ടിവരും. കുടിയേറ്റക്കാർ സ്വന്തം നാട് ഉപേക്ഷിച്ച് മറ്റൊരു നാട്ടിലേക്ക് ചേക്കേറുന്നവരാണ്. അവർ ഒരു മടങ്ങിവരവ് പ്രതീക്ഷിക്കുന്നില്ല. അവർ തങ്ങളുടെ ഭാവി മറ്റൊരു രാജ്യത്തേക്ക് പറിച്ചുനടുകയാണ്. എന്നാൽ പ്രവാസികൾ അങ്ങനെയല്ല. സ്വന്തനാട്ടിലേക്കുള്ള തിരിച്ചുവരവ് എന്നും അവനിലെ മായാത്ത പ്രതീക്ഷയാണ്.

പ്രവാസവും കുടിയേറ്റവും പലപ്പോഴും ഒരേ കാരണങ്ങളാലാണു നടക്കുന്നത്. സ്വന്തം നാട്ടിലെ ക്ഷാമമോ തൊഴിലില്ലായ്മയോ ഒക്കെക്കൊണ്ട് മെച്ചപ്പെട്ട ജീവിത സാഹചര്യത്തിനായി മറ്റൊരു നാടിനെ ആശ്രയിക്കേണ്ടിവരികയാണ്, പലപ്പോഴും. എന്നാൽ മറ്റു ചിലപ്പോൾ, ആഭ്യന്തരവും രാജ്യാന്തരവുമായ യുദ്ധങ്ങൾ മൂലം കൂട്ടമായ പലായനങ്ങളുമുണ്ടാവാം.

യുദ്ധകാലത്ത് പലരും മിത്രരാജ്യങ്ങളിലേക്ക് പലായനം ചെയ്യാറുണ്ട്. പ്രവാസികളെങ്കിലും അവരെ നാം അഭയാർത്ഥികൾ എന്നാണു വിളിക്കാറ്. എന്നാൽ യുദ്ധകാലത്ത് ശത്രുരാജ്യങ്ങളിലേക്കു തന്നെ പ്രവാസികളായി പോകേണ്ടിവരുന്നവരുണ്ട്: തടവുകാരാണവർ! അവരുടെ പ്രവാസം അവരുടെ ഇഷ്ടത്താൽ അവർ തെരഞ്ഞെടുത്തതല്ല, നിർബന്ധിത പ്രവാസ മാണവരുടേത്!

യിസ്രായേല്യരുടെ ജീവിതത്തിലുണ്ടായത് ഇപ്രകാരമൊരു നിർബ ന്ധിത പ്രവാസമാണ്! ബാബിലോൺ യെരുശ്ശലേമിനെ ആക്രമിച്ചു. വലിയ നഷ്ടങ്ങളാണ് നെബുഖദ്നേസർ ബാബിലോണിനു വരുത്തിവെച്ചത്. (2 ദിനവൃത്താന്തം 36:17-20) വലിയൊരു കൂട്ടത്തെ വാൾകൊണ്ടു കൊന്നു. “വാളിനാൽ വീഴാതെ ശേഷിച്ചവരെ അവൻ ബാബേലിലേക്കു കൊണ്ടു പോയി, പാർസിരാജ്യത്തിന് ആധിപത്യം സിദ്ധിക്കും വരെ അവർ അവിടെ അവനും അവന്റെ പുത്രന്മാർക്കും അടിമകളായിരുന്നു” (2 ദിനവൃത്താന്തം 36:20).

ബി.സി. 597-ലും 587-ലുമായാണ് നെബുഖദ്നേസർ യെരുശലേമിന്റെ മേൽ ആക്രമണം നടത്തിയത്. യിരെമ്യാ പ്രവാചകന്റെ കണക്കനുസരിച്ച് പ്രവാസത്തിലേക്കു പോയവർ നാലായിരത്തിയറുന്നൂറുപേർ മാത്രമായിരുന്നു (യിരെ. 52:28-3). എന്നാൽ രാജാക്കന്മാരുടെ പുസ്തകത്തിൽ ബി.സി. 597-ൽ മാത്രം പ്രവാസികളായി പോയവർ പതിനായിരത്തിലേറെയാണെന്നു കാണുന്നു. ഒരുപക്ഷെ യിരെമ്യാവ് പ്രവാസത്തിലേക്കു പോയവരിൽ കുടുംബനാഥന്മാരുടെ പേരുമാത്രമേ കണക്കാക്കിക്കാണൂ.

യിസ്രായേലിന്റെ ജീവിതത്തിലെ ഏറ്റവും ദുഃഖകരമായ ദിനങ്ങളാ യിരുന്നു അവരുടെ പ്രവാസദിനങ്ങൾ എന്നുവേണം കരുതാൻ. അവരുടെ ദുഃഖഗീതങ്ങളിലൊന്നാണ് 137-ാം സങ്കീർത്തനം.

എന്നാൽ എന്തായിരുന്നു അവരുടെ ദുഃഖത്തിന്റെ പ്രധാന കാരണം? നമ്മെ അത്ഭുതപ്പെടുത്തുന്ന കാര്യം, അവരുടെ വിലാപം ബാബിലോണിലെ അവരുടെ ദുരിതത്താലുളവായതല്ല എന്നതാണ്. ബാബിലോണിൽ അവർക്ക് കഷ്ടപ്പാടുണ്ടായിരുന്നിരിക്കാം. എന്നാൽ അതത്ര വലുതൊന്നുമല്ലായിരുന്നു. ചരിത്ര വിശകലനത്തിൽ നമുക്കു മനസ്സിലാവുന്നത്, പ്രവാസത്തിലേക്കു പോകാതെ യെരുശ്ശലേമിൽ കഴിഞ്ഞവരാണ്, ബാബിലോണിൽ പ്രവാസി കളായി കഴിഞ്ഞവരെക്കാൾ കഷ്ടമനുഭവിച്ചത് എന്നാണ്. അത് അങ്ങനെ തന്നെയായിരിക്കുമെന്ന് യിരെമ്യാവ് പ്രവചിച്ചിരുന്നു.

"യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു: ഈ നഗരത്തിൽ (യെരുശ്ശലേമിൽ) പാർക്കുന്നവൻ വാൾകൊണ്ടും ക്ഷാമം കൊണ്ടും മഹാമാരി കൊണ്ടും മരിക്കും, കൽദയരുടെ (ബാബിലോണ്യർ) അടുക്കൽ ചെന്നു ചേരുന്നവനോ, ജീവനോടെയിരിക്കും. അവന്റെ ജീവൻ അവന് കൊള്ള കിട്ടിയതുപോലെയിരിക്കും, അവൻ ജീവനോടിരിക്കും" (യിരെ. 38:1). യിരെമ്യാവ് പ്രവചിച്ചതുപോലെ തന്നെ കാര്യങ്ങൾ നടന്നു എന്നാണ് നമുക്കറിയാൻ കഴിയുന്നത്.

തടവുകാരായാണ് പിടിക്കപ്പെട്ടതെങ്കിലും നെബുഖദ്നേസർ പ്രവാസികളായി കൊണ്ടുപോയ യരുശലേമ്യർ ദേശത്തെ സാധാരണക്കാര ല്ലായിരുന്നു; പ്രത്യുത, സമൂഹത്തിലെ പ്രഗത്ഭരായിരുന്നു.

''എല്ലാ യെരുശ്ശലേമ്യരിലും സകല പ്രഭുക്കന്മാരും സകല പ രാക്രമ ശാലികളുമായി പതിനായിരം പേരെയും എല്ലാ ആശാരിമാരെയും കൊല്ലന്മാരെയും അവൻ ബദ്ധരാക്കി കൊണ്ടുപോയി. ദേശത്ത് എളിയജനം അല്ലാതെ ആരും അവശേഷിച്ചിരുന്നില്ല... ഷണ്ഡന്മാരെയും (ഭരണ തന്ത്രജ്ഞർ) ദേശത്തിലെ പ്രധാനികളെയും കൊണ്ടുപോയി. സകല ബലവാന്മാരുമായ ഏഴായിരം പേരെയും ആശാരിമാരും കൊല്ലന്മാരുമായ ആയിരം പേരെയും ഇങ്ങനെ യുദ്ധപ്രാപ്തന്മാരായ സകല വീരന്മാരെയും ബാബേൽ രാജാവ് ബദ്ധരാക്കി ബാബേലിലേക്കു കൊണ്ടുപോയി" (2 രാജാ. 24:14-16)

എന്തിനാണ് ബാബേൽ രാജാവ് സമൂഹത്തിലെ പ്രാഗത്ഭ്യം തെളിയിച്ച ബലവാന്മാരെയും പ്രഭുക്കന്മാരെയും ബുദ്ധിമാൻന്മാരെയും ബാബേലിലേക്കു കൊണ്ടുപോയത്? അവരുടെ ബുദ്ധിയും ശക്തിയും കഴിവും ബാബിലോ ണിനുവേണ്ടി പ്രയോജനപ്പെടുത്താൻ!

പ്രഭുക്കന്മാർ ഭരണപാരമ്പര്യമുള്ളവരാണ്. പ്രശ്നങ്ങളെ പ്രായോഗിക മായി കൈകാര്യം ചെയ്യാൻ അവർക്കു പ്രത്യേക കഴിവുണ്ട്. യുദ്ധനൈ പുണ്യമുള്ളവരെ ആ മേഖലയിൽ ഉപയോഗിക്കാം. ആശാരിമാരും കൊല്ലന്മാരും അക്കാലത്തെ വിദഗ്ധരായ പണിക്കാരാണ്. ഇക്കാലത്തെ മെച്ചപ്പെട്ട മെക്കാനിക്കുകൾ എന്നു കൂട്ടിക്കൊള്ളൂ. ആശാരിമാർ വീട്ടു പകരണങ്ങൾ മാത്രമല്ല യുദ്ധത്തിനാവശ്യമായ രഥങ്ങളും പണിയും. കൊല്ലന്മാർ കൃഷിയുപകരണങ്ങൾ മാത്രമല്ല യുദ്ധോപകരണങ്ങളും പണിയും. അതിനാൽ അക്കാലത്ത് കൊല്ലന്മാർ രാഷ്ട്രത്തിന്റെ വിശേഷ സമ്പത്തായി കണക്കാക്കപ്പെട്ടിരുന്നു. ( 1 ശമു. 13:19 ചേർത്തു വായിക്കുക).

നെബുഖദ്നേസർ ബുദ്ധിമാനായ ഒരു രാജാവായിരുന്നു. താൻ അടിമകളായി പിടിച്ചുകൊണ്ടുവന്ന തടവുകാരെ ഫലപ്രദമായി ഉപ

യോഗിക്കുന്നതിന് അവരെ പീഡിപ്പിച്ചാൽ സാധിക്കുകയില്ലെന്ന് അദ്ദേഹത്തിനറിയാമായിരുന്നു. അതിനാൽ ബാബിലോണിൽ അദ്ദേഹം പ്രവാസികൾക്ക് വളരെ സ്വാതന്ത്ര്യം നൽകി. യെരുശ്ശലേമിനേക്കാൾ മെച്ചപ്പെട്ട സാഹചര്യമാണ് അവർക്കു ലഭിച്ചതെന്നു പറയാം. ദാനി യേലിന്റെയും സുഹൃത്തുക്കളുടെയും അനുഭവം മതി ഇതറിയാൻ. കുലീന കുടുംബത്തിൽ ജനിച്ചവരും ഭരണരംഗത്ത് ഭാവിയിൽ ഉപയോഗിക്കാനാ വുന്നവർ എന്നു ചിന്തിക്കപ്പെടുന്നവരുമായ യുവാക്കൾക്ക് ബാബി ലോണിൽ ഏറ്റവും മെച്ചപ്പെട്ട വിദ്യാഭ്യാസവും, രാജഭോജനത്തിൽ നിന്നു ഭക്ഷണവുമാണ് ലഭിച്ചത് (ദാനി. 1:35)

താരതമ്യേന ചെറിയൊരു പട്ടണമായിരുന്ന യെരുശ്ശലേമിൽ നിന്നും വിശാല നഗരമായ ബാബിലോണിലേക്കുള്ള മാറ്റം പ്രവാസികളെ സന്തോഷിപ്പിക്കേണ്ടതാണ്. പ്രത്യേകിച്ചും അവർക്ക് പ്രത്യക്ഷത്തിൽ വലിയ പീഢകളൊന്നും നേരിടേണ്ടിവരാതിരുന്ന സാഹചര്യത്തിൽ! വിശാലമായ റോഡുകൾ, ബഹുനില കെട്ടിടങ്ങൾ, നിരത്തിലോടുന്ന മനോഹരമായ വണ്ടികൾ, ഉദ്യാനങ്ങൾ, വിനോദ കേന്ദ്രങ്ങൾ... സ്വപ്ന തുല്യമായ അനുഭവങ്ങളാണ് ബാബിലോണിൽ അവർക്കു കിട്ടിയത്. മിക്കവർക്കും നല്ല ജോലികൾ കിട്ടി. ചിലർക്ക് രാജസന്നിധിയിൽ ശുശ്രൂഷ ചെയ്യാനുള്ള അവസരം പോലും ലഭിച്ചു. ദാനിയേൽ, ഹന ന്യാവ്, മീശായേൽ, അസര്യാവ് (ദാനി. 1:19), നെഹമ്യാവ് (1:11) എന്നിവർ ചില ഉദാഹരണങ്ങൾ. ചുരുക്കത്തിൽ പ്രവാസികളുടെ ജീവിതം ബാബി ലോണിൽ സരളവും സമൃദ്ധവുമായിരുന്നു.

എന്നാൽ അതേസമയം യെരുശ്ശലേമിന് എന്തുഭവിച്ചുവെന്നു നോക്കാം. പ്രവാസികൾ ബാബിലോണിൽ സുഖമായി വാഴുമ്പോൾ, പ്രവാസത്തിൽ നിന്നു തെറ്റി ഒഴിഞ്ഞ ജനം യെരുശ്ശലേമിൽ മഹാകഷ്ടത്തിലും അപ മാനത്തിലുമായിരുന്നു. യെരുശ്ശലേമിന്റെ മതിൽ ഇടിഞ്ഞും അതിന്റെ വാതിൽ തീവെച്ചു ചുട്ടും കിടന്നു (നെഹ. 1:3).

ഒരേ ജനം രണ്ടവസ്ഥകളിൽ! സ്വന്തദേശത്ത് യെരുശ്ശലേമിൽ കഴിയുന്ന യിസ്രയേല്യർ മഹാകഷ്ടത്തിൽ... പ്രവാസികളായി, അടിമകളായി പിടിക്കപ്പെട്ടവർ വിദേശത്ത് സുഖസമൃദ്ധിയിൽ!

പ്രവാസികൾക്ക് വേണമെങ്കിൽ ദൈവത്തെ സ്തുതിക്കാനുള്ള എല്ലാ കാരണങ്ങളുമുണ്ട്. ‘ദൈവമേ, നീ എത്ര നല്ലവൻ; ആ നശിച്ച നാട്ടിൽ നിന്ന് അതിന്റെ നാശത്തിനുമുമ്പ് നീ ഞങ്ങളെ വിടുവിച്ച് ഈ വിശാലനഗരത്തിലേക്കു കൊണ്ടുവന്നുവല്ലോ എന്നു പറഞ്ഞ് അവർക്കു വേണമെങ്കിൽ സ്തോത്രം ചെയ്യാം. എന്നാൽ, പ്രവാസത്തിൽ കഴിയുന്ന

യിസ്രായേൽ ഒരു സ്തോത്രപ്രാർത്ഥന നടത്തുന്നതല്ല നാം കാണുന്നത്. പകരം അവരൊരു വിലാപയോഗം കൂടുകയാണ്. ബാബേൽ നദിയുടെ തീരത്ത് അവരിരുന്നു (സങ്കീർത്തനം 137:1). പിന്നെയൊരു കൂട്ടക്കരച്ചിലായിരുന്നു.

അവർ കരഞ്ഞത് സ്വന്തം ദുരിതമോർത്തല്ല, പ്രത്യുത, സീയോനെ -യരുശലേമിനെ-ഓർത്തായിരുന്നു. സ്വന്തനാടിന്റെ ഇന്നത്തെ പരിതാപ കരമായ നിലയോർത്ത് അവർ പൊട്ടിക്കരഞ്ഞു.

അവരുടെ കരച്ചിൽ കണ്ടിട്ട് ബാബിലോണ്യർക്ക് ഒന്നും മനസിലായില്ല അവർ ആകെ ആശയക്കുഴപ്പത്തിലായി. എന്തുകാര്യത്താലാണ് ഇവർ കരയുന്നത്? ബാബിലോണ്യരുടെ നോട്ടത്തിൽ ഈ യിസ്രായേല്യർക്ക് സന്തോഷിക്കാനുള്ളതെല്ലാമുണ്ട്. നല്ല ജോലി. നല്ല ശമ്പളം, നല്ല ജീവിത സാഹചര്യങ്ങൾ, നല്ല ആരോഗ്യം, ഭാര്യമാർ, മക്കൾ, വീടുകൾ, തോട്ടങ്ങൾ... (യിരെ. 29:4–7).

ഹേയ്, നിങ്ങളെന്തിനാണു കരയുന്നത്? നിങ്ങൾക്കു സന്തോഷിക്കാനു ള്ളതെല്ലാമുണ്ടല്ലോ. കരച്ചിൽ നിർത്തൂ, സന്തോഷിക്കൂ (സങ്കീർത്തനം 137:3)

എന്നാൽ അവർ പറയുന്നു: ഞങ്ങൾക്കതിനു കഴിയില്ല. കാരണം ഞങ്ങളുടെ മുഖ്യസന്തോഷം യെരുശ്ശലേമാണ് (വാക്യം 6). ഇവിടെ ബാബിലോണിൽ ഞങ്ങൾക്ക് എന്തെല്ലാം സൗഭാഗ്യങ്ങളുണ്ടെങ്കിലും അതിലൊന്നിലും ഞങ്ങൾക്കു സന്തോഷിക്കാൻ കഴിയില്ല. കാരണം ഞങ്ങളുടെ നാട്-യെരുശ്ശലേം കേഴുകയാണ്. ഞങ്ങളുടെ പിതാക്കന്മാരുടെ കല്ലറകൾ ഉള്ള പട്ടണം ശൂന്യമായും അതിന്റെ വാതിലുകൾ തീ കൊണ്ടു വെന്തും കിടക്കെ ഞങ്ങൾക്ക് എങ്ങനെ ദുഃഖിക്കാതിരിക്കാനാകും? (നെഹ. 2:3).

“ഹേയ്! അതൊക്കെ മറക്കൂ!” ബാബിലോണ്യർ പറഞ്ഞു. ഇത്രയും സുഖമായി അല്ലലില്ലാതെ കഴിയുന്ന സമയത്ത് നിങ്ങളല്ലാതെ ആരെങ്കിലും പിതാക്കന്മാരുടെ കല്ലറയുടെ കാര്യം ചിന്തിച്ചിരിക്കുമോ? നോക്കൂ; ദൈവം നൽകിയ സൗഭാഗ്യങ്ങളോർത്ത് നിങ്ങൾ ദൈവത്തെ സ്തുതിക്കണ്ടെ? കരയുന്നതിനു പകരം നിങ്ങൾ സന്തോഷിച്ചു പാടുകയല്ലെ വേണ്ടത്? വരൂ, അലരി വൃക്ഷത്തിൽ തൂക്കിയിട്ടിരിക്കുന്ന കിന്നരങ്ങളെ താഴെയിറക്കൂ, യെരുശ്ശലേമിനെ മറക്കൂ, ജീവതം ആസ്വദിക്കൂ, നിങ്ങളുടെ പഴയ പാട്ടുകളൊന്നു പാടൂ.

എന്നാൽ പ്രവാസികൾക്കതു കഴിയില്ല. കാരണം, ബാബിലോണിൽ എന്തെല്ലാമുണ്ടെങ്കിലും അത് അവരുടെ അടിമവീടാണ്. അടിമവീട്ടിൽ

സീയോൻഗീതം പാടുവാൻ അവർ തയ്യാറല്ല. യഹോവയുടെ ഗീതം ഞങ്ങൾ അന്യദേശത്തു പാടുന്നതെങ്ങനെ? (സങ്കീർത്തനം 137:4). ഞങ്ങൾ പാട്ടു നഷ്ടപ്പെട്ടവരാണ്.

പ്രവാസികളായ യിസ്രായേല്യർക്ക് തങ്ങൾ പരദേശികളാണെന്നും ബാബിലോണിന്റെ സൗഭാഗ്യങ്ങളിൽ തങ്ങൾ മയങ്ങിപ്പോകരുതെന്നും നിർബന്ധമുണ്ടായിരുന്നു. എന്നാൽ ഇന്ന് ലോകത്തിൽ പ്രവാസികളായി കഴിയുന്ന നമ്മുടെ ചിന്ത എന്താണ്?

നാം ലോകത്തിന്റെ സൗഭാഗ്യങ്ങൾ അനുഭവിക്കുന്നുവെന്നു മാത്രമല്ല, അതിൽ സന്തോഷിക്കുകയും ചെയ്യുന്നു. ലോകത്തിൽ അവർ നേടിയ വിജയങ്ങൾക്കെല്ലാം അവർ ദൈവത്തിനു നന്ദി കരേറ്റുന്നു. എങ്ങും സ്തോത്രപ്രാർത്ഥനകൾ മാത്രം! ഒരിടത്തും സീയോനെ ഓർത്തു കരയുന്ന വിലാപഗീതങ്ങളില്ല.

ഓർക്കുക, ലോകം നിങ്ങൾക്ക് ഒത്തിരി സൗഭാഗ്യങ്ങൾ തന്നുകാണും, എന്നാൽ ലോകം നിങ്ങൾക്കു തരുന്നത് എത്രമെച്ചപ്പെട്ടതായാലും അത് അടിമത്തത്തിന്റെ കൂലിയാണ്. അതിൽ സന്തോഷിക്കുന്നവൻ, സ്തോത്രഗീതം പാടുന്നവൻ, അടിമദേശത്ത് സ്വാതന്ത്ര്യഗീതം പാടുന്നവനാണ്. ലോകത്തിന്റെ സൗഭാഗ്യങ്ങളിൽ സന്തോഷിക്കാനും, ലോകം നൽകിയ മഹിമകളിൽ മതിമറന്ന് 'യരുശലേമിനെ' മറക്കുവാനും ഒരു ദൈവപൈതലിനു കഴിയില്ല. "അന്യദേശത്ത് യഹോവയുടെ ഗീതം പാടുന്നത്" ഒരു ദൈവപൈതൽ ചെയ്യുന്ന കാര്യമല്ല.

ലോകം നമ്മുടെ ശത്രുവാണ് എന്നു വേദപുസ്തകം പഠിപ്പിക്കുന്നു. ലോകസ്നേഹം ദൈവത്തോടു ശത്രുത്വമാകുന്നു. ദൈവിക പാതകളെ മറന്ന് ദൈവിക നഗരത്തെ മറന്ന് ലൗകിക സുഖങ്ങൾ ആസ്വദിച്ച് മുന്നോട്ടുപോകുന്നവരോട് പ്രവാസികളായ യിസ്രായേല്യർ പറയുന്നു:

"യെരുശ്ശലേമിനെ ഞാൻ മറന്നു പോയാൽ

യെരുശ്ശലേമിനെ എന്റെ മുഖ്യസന്തോഷത്തെക്കാൾ

ഞാൻ വിലമതിക്കാതെ പോയാൽ എന്റെ നാവ് അണ്ണാക്കോടു പറ്റിപ്പോകട്ടെ." (സങ്കീർത്തനം 137:5)

സീയോൻ മാത്രമാകട്ടെ നമുടെ പ്രമോദം! യെരുശ്ശലേമിനെക്കാൾ, ദൈവിക നഗരത്തെക്കാൾ നമ്മെ സന്തോഷിപ്പിക്കുന്നതൊന്നും ലോകത്തിൽ നമുക്കുണ്ടാകാതിരിക്കട്ടെ.

17

സങ്കീർത്തനം 16

**"ഞാൻ യഹോവയെ എപ്പോഴും എന്റെ മുമ്പിൽ വെച്ചിരിക്കുന്നു; അവൻ എന്റെ വലതുഭാഗത്തുള്ളതുകൊല്പ് ഞാൻ കുലുങ്ങി പ്പോകയില്ല" (സങ്കീർത്തനം 16:8)**

# മുമ്പിൽ നിന്നു പോരാടുന്ന യഹോവ

"ഞാൻ യഹോവയെ എപ്പോഴും എന്റെ മുമ്പിൽ വെച്ചിരിക്കുന്നു" എന്ന സങ്കീർത്തന വാക്യം വായിച്ച് ഒരു പ്രസംഗകൻ, 'ഞാൻ യഹോവയെ എന്റെ പുറകിലല്ല, വശങ്ങളിലല്ല, മുമ്പിൽത്തന്നെ വെച്ചിരിക്കുന്നു; നിങ്ങളും യഹോവയെ വശങ്ങളിലല്ല, മുമ്പിൽത്തന്നെ വെയ്ക്കുവിൻ' എന്നു പ്രസംഗിച്ചത് കഴമ്പില്ലാത്ത പ്രസംഗങ്ങൾക്ക് ഉദാഹരണമായി പറഞ്ഞുകേട്ടിട്ടുണ്ട്. എന്നാൽ അദ്ദേഹം പ്രസംഗിച്ചത് അത്ര കഴമ്പില്ലാത്ത കാര്യമാണോ?

യഹോവ നമ്മുടെ വശങ്ങളിലുണ്ട് എന്നത് ഒരു യാഥാർത്ഥ്യമാണ്. ആ വാക്യത്തിൽത്തന്നെ, "യഹോവ എന്റെ വലതുഭാഗത്തുള്ളതു കൊണ്ട് ഞാൻ കുലുങ്ങിപ്പോകയില്ല" എന്നു പറഞ്ഞിട്ടുള്ളതു ശ്രദ്ധിക്കുക. വലതുഭാഗത്ത് യഹോവയുള്ളപ്പോൾത്തന്നെ സങ്കീർത്തകൻ യഹോവയെ എപ്പോഴും 'മുമ്പിൽ' നിർത്തുന്നതിൽ പ്രത്യേകിച്ചു കാര്യമില്ലേ?

മുമ്പിൽ പോകുന്ന വ്യക്തിയാണ് നമുക്കു വഴി കാണിച്ചുതരുന്നത്–പാതയൊരുക്കുന്നത്! എതിരായി വരുന്ന ശത്രുക്കളിൽ നിന്നു സംരക്ഷണം നൽകുന്നതും മുമ്പിൽ പോകുന്ന വ്യക്തിയാണ്. "ഞാൻ സഹേവയെ എപ്പോഴും എന്റെ മുമ്പിൽ വെച്ചിരിക്കുന്നു" എന്നു സങ്കീർത്തകൻ

പാടുമ്പോൾ ഇക്കാര്യങ്ങളൊക്കെ അയാളുടെ മനസ്സിൽ നിറഞ്ഞു നിൽക്കുന്നുണ്ടാവണം.

യഹോവ യിസ്രായേൽ മക്കളെ മിസ്രയീമിൽ നിന്നു വീണ്ടെടുത്ത് മരുഭൂമിയിലൂടെ നടത്തുമ്പോൾ, അവിടുന്ന് അവർക്കു "മുമ്പായി" നടന്നു എന്നാണ് പുറപ്പാടു ചരിത്രകാരൻ രേഖപ്പെടുത്തുന്നത്.

"അവർ പകലും രാവും യാത്രചെയ്‌വാൻ തക്കവണ്ണം അവർക്കു വഴി കാണിക്കേണ്ടതിന് പകൽ മേഘസ്തംഭത്തിലും, അവർക്കു വെളിച്ചം കൊടുക്കേണ്ടതിന് രാത്രി അഗ്നിസ്തംഭത്തിലും യഹോവ അവർക്കു മുമ്പായി പൊയ്ക്കൊണ്ടിരുന്നു." (പുറപ്പാട് 13:21)

യിസ്രായേൽജനം അവരുടെ ഭാഗധേയം നിർണ്ണയിക്കുന്നൊരു യാത്രയിലാണിപ്പോൾ. നല്ലതും വിശാലവുമായ, പാലും തേനും ഒഴുകുന്ന ഒരു നാട്ടിലേക്കാണു തങ്ങളുടെ യാത്ര (പുറപ്പാട് 3:8) എന്നു ദൈവം പറഞ്ഞിട്ടുണ്ട്. അവർ ആ ദേശം കണ്ടിട്ടില്ല. പരിചിതരായ 'ഗൈഡുകൾ' അവർക്കു വഴികാട്ടികളായില്ല. എന്നാൽ, അവർ വ്യാകുലപ്പെടേണ്ടതില്ല; കാരണം, യഹോവ പകൽ മേഘസ്തംഭത്തിലും രാത്രി അഗ്നിസ്തംഭത്തിലുമായി അവർക്കു മുമ്പായി നടന്നുകൊണ്ട് അവർക്കു വഴികാട്ടിയാവുന്നുണ്ട്.

"ഞാൻ യഹോവയെ എപ്പോഴും എന്റെ മുമ്പിൽ വെച്ചിരിക്കുന്നു" എന്നു സങ്കീർത്തകൻ പറയുമ്പോൾ, അതൊരു മനഃപൂർവ്വമായ പ്രവൃത്തിയാണ്. യഹോവ തന്റെ മുമ്പിൽത്തന്നെയുണ്ടാവണമെന്ന് കവിക്കു നിർബന്ധമുണ്ട്. അവനായിരിക്കണം എന്റെ വഴികാട്ടി. മറ്റൊരാളെ എന്റെ വഴികാട്ടിയാക്കാൻ എനിക്കു മനസ്സില്ല.

ഈയൊരു നിർബന്ധബുദ്ധി ഇന്നു നമുക്കു നഷ്ടപ്പെട്ടുപോയില്ലേ? യഹോവ തന്നെയായിരിക്കണം എന്റെ വഴികാട്ടി എന്ന് ഉറപ്പിക്കാൻ സങ്കീർത്തകനെപ്പോലെ ഇന്നു നാം ആഗ്രഹിക്കുന്നില്ലെന്നു തോന്നുന്നു. ഒരു പരിധിവരെ വഴികാട്ടുവാൻ യഹോവ മുന്നിലുണ്ടാവരുത് എന്നല്ലേ, നമ്മുടെ ആഗ്രഹം? കാരണം. നമുക്കിന്ന് നമ്മുടേതായ വഴികളുണ്ട്. അതിലെ സഞ്ചരിക്കുവാനാണ് നമുക്കിഷ്ടം. അതിനിടയിൽ യഹോവ വന്ന് "വഴിമുടക്കി" നിൽക്കുന്നത് നാം ആശ്വാസമായല്ല അലോസരമായാണു കാണുന്നത്. എന്നാൽ സങ്കീർത്തകൻ പറയുന്നത് എനിക്ക് എന്റെ വഴിയേ നടക്കേണ്ട; ഞാൻ യഹോയെ എന്റെ മുന്നിൽ വെച്ചിരിക്കുന്നു. എന്റെ വഴിയേ പോകാൻ എന്നെ സമ്മതിക്കാതെ അവിടുന്നു "വഴിമുടക്കുന്ന"തു കാണാൻ ഞാൻ ആഗ്രഹിക്കുന്നു; പകൽ മേഘസ്തംഭത്തിലും രാത്രി അഗ്നിസ്തംഭത്തിലുമായി അവൻ എനിക്കു വഴികാട്ടിയായിരുന്നാൽ മതി.

മുമ്പിൽ നടക്കുന്ന യഹോവ നമ്മുടെ വഴികാട്ടി മാത്രമല്ല, സംരക്ഷകനു മാണ്. നാം വായിച്ച സങ്കീർത്തനഭാഗത്ത് ഈ ചിന്തയ്ക്കാണു കൂടുതൽ ഊന്നൽ.

“ഞാൻ യഹോവയെ എപ്പോഴും എന്റെ മുമ്പിൽ വെച്ചിരിക്കുന്നു, അവൻ എന്റെ വലതുഭാഗത്തുള്ളതുകൊണ്ട് ഞാൻ കുലുങ്ങിപ്പോകയില്ല.”

യഹോവ എന്റെ മുമ്പിൽ പരിചയായും വലത്ത് ശക്തിയായും നില കൊള്ളുന്നു, അതുകൊണ്ട് എനിക്ക് ആകുലതയില്ല.

യഹോവ എന്റെ സംരക്ഷകനായി മുമ്പിലുണ്ടെങ്കിൽ ശത്രു വരുമ്പോൾ ആദ്യം ആക്രമിക്കപ്പെടുന്നത് ഞാനല്ല, എന്റെ മുമ്പിൽ നിൽ ക്കുന്ന യഹോവയാണ്. യഹോവ പരാജയപ്പെടുന്നുവെങ്കിലേ എനിക്ക് ഭീതിപ്പെടേണ്ടതുള്ളൂ; എങ്കിലേ ശത്രുവിന് എന്നെ തൊടാൻ കഴിയൂ, യുദ്ധവീരനായ യഹോവയുടെ പരാജയമാകട്ടെ അസാദ്ധ്യമാണുതാനും!

‘ശത്രുവിൽനിന്നുള്ള സംരക്ഷണം’ എന്നതാണ് യഹോവ മുമ്പിൽ നിൽക്കുന്നതുകൊണ്ട് എനിക്കുണ്ടാകുന്ന ഗുണം. ഇനി, ശത്രു പിന്നിൽ നിന്നാണു വരുന്നതെങ്കിലോ? അപ്പോഴും എനിക്കു ഭീതിപ്പെടേണ്ടതില്ല... കാരണം എനിക്കു സഹായകനാവാൻ എന്നെ സംരക്ഷിക്കുവാൻ അവൻ പിന്നിലെത്തും. അതാണ് യിസ്രയേലിന്റെ ചരിത്രത്തിൽ നാം കാണുന്നത്.

തങ്ങളുടെ അടിമകളായ യിസ്രയേൽമക്കൾ രക്ഷപെട്ടുവെന്നറിഞ്ഞ മിസ്രയീമ്യർ അവരെ പിൻതുടർന്നു ചെല്ലുന്നത് ചെങ്കടലിനടുത്തുവെച്ചാണ്. തങ്ങൾ പെട്ടുപോയി എന്നുതന്നെ യിസ്രയേൽമക്കൾ ചിന്തിച്ചു. എന്നാൽ മോശെ പറയുന്നത്, “നിങ്ങൾ വിഷമിക്കേണ്ട കാര്യമില്ല, യഹോവ നിങ്ങൾക്കുവേണ്ടി യുദ്ധം ചെയ്യും” എന്നാണ് (പുറപ്പാട് 14:14) യുദ്ധവീരനായ യഹോവ തങ്ങളുടെ മുമ്പിലുണ്ടല്ലോ!

യഹോവ അതുതന്നെ ചെയ്തു, “അനന്തരം യിസ്രയേല്യരുടെ സൈന്യ ത്തിനു മുമ്പായി നടന്ന ദൈവദൂതൻ അവിടെനിന്നുമാറി അവരുടെ പിന്നാലെ നടന്നു. മേഘസ്തംഭവും അവരുടെ മുമ്പിൽ നിന്നുമാറി പിമ്പിൽ പോയിനിന്നു. രാത്രി മുഴുവനും മിസ്രയീമ്യരുടെ സൈന്യവും യിസ്രയേല്യരുടെ സൈന്യവും തമ്മിൽ അടുക്കാതെവണ്ണം അത് അവരുടെ മദ്ധ്യേ നിന്നു... പ്രഭാതയാമത്തിൽ യഹോവ അഗ്നിമേഘസ്തംഭത്തിൽ നിന്ന് മിസ്രയീമ്യസൈന്യത്തെ നോക്കി അവരെ താറുമാറാക്കി... മിസ്രയീമ്യർ: നാം യിസ്രയേലിനെ വിട്ട് ഓടിപ്പോക; യഹോവ അവർക്കുവേണ്ടി യുദ്ധം ചെയ്യുന്നു എന്നു പറഞ്ഞു” (പുറപ്പാട് 14:19–25)

യഹോവ യുദ്ധവീരനായി ജനത്തിനു മുമ്പിൽ നടക്കുമ്പോൾ ശത്രുവിന് അവനെ സ്പർശിക്കുവാൻ കഴിയുകയില്ല. എന്നാൽ ജനം യഹോവയെ മുമ്പിൽ തന്നെ നിറുത്തേണ്ടിയിരിക്കുന്നു. യിസ്രയേൽമക്കൾ അതിനു തയ്യാറായിരുന്നില്ല.

ചില നാളുകൾക്കുശേഷം യിസ്രയേൽ മക്കളുടെ ഭാവി നിർണ്ണയിക്കുന്ന ഉടമ്പടി ബന്ധത്തിന് ദൈവവുമായി മോശെ പർവ്വതത്തിൽ സംവദിച്ചുകൊണ്ടിരിക്കുമ്പോൾ, താഴ്‌വരയിൽ ജനം ദൈവസാന്നിദ്ധ്യം അറിയാതെ വലഞ്ഞു. അവർ അഹരോന്റെ അടുക്കൽ വന്നുകൂടി. "ഞങ്ങളുടെ മുമ്പിൽ നടക്കേണ്ടതിന് ഒരു ദൈവത്തെ ഉണ്ടാക്കിത്തരിക" എന്ന് ആവശ്യപ്പെട്ടു. ഞങ്ങളെ മിസ്രയീംദേശത്തു നിന്ന് പുറപ്പെടുവിച്ചുകൊണ്ടുവന്ന പുരുഷനായ മോശെയ്ക്ക് എന്തുഭവിച്ചു എന്ന് അറിയുന്നില്ല (പുറപ്പാട് 32:1) എന്നതാണ് അതിനു കാരണമായി അവർ പറഞ്ഞത്.

ജനത്തിന് എപ്പോഴും അവരുടെ മുമ്പിൽ നടക്കാൻ ആരെങ്കിലും വേണം. അത് ഇതുവരെ 'മോശയുടെ ദൈവ'മായിരുന്നു. ഇപ്പോൾ മോശെയുടെ ദൈവത്തെ പോയിട്ട് മോശെയെത്തന്നെ കാണാനില്ല. മോശെയുടെ ദൈവമില്ലെങ്കിൽ വേറെ ഏതെങ്കിലും ഒരു ദൈവത്തെ ഉണ്ടാക്കിത്തരിക എന്നാണ് ജനത്തിന്റെ ഡിമാന്റ്!

ജനത്തിനു പലപ്പോഴും ഏതെങ്കിലും ഒരു ദൈവത്തെ മതി. തങ്ങളുടെ വീണ്ടെടുപ്പും സംരക്ഷണവും ആ ദൈവത്തിന്റെ ചുമതലയാണ്. അങ്ങനെയൊരു ദൈവത്തെ- മോശയുടെ ദൈവത്തെ- അവർക്ക് ചക്കാത്തിന് (ചെലവില്ലാതെ) കിട്ടിയതായിരുന്നു. ആ ദൈവമില്ലെങ്കിൽ ചെലവുചെയ്താണെങ്കിലും (കുണുക്കുകൾ നഷ്ടപ്പെടുത്തിയാണെങ്കിലും) തങ്ങൾക്കു മുമ്പിൽ നടക്കാൻ ഒരു ദൈവം വേണം. യഹോവയാം ദൈവത്തെ മാറ്റി പുതിയൊരു കാളദൈവത്തെ മുമ്പിൽ പ്രതിഷ്ഠിക്കാനാണ് അവരുടെ ഒരുക്കം.

ദൈവം അത് വളരെ ഗൗരവമായാണെടുക്കുന്നത്. ചക്കാത്തിൽ സംരക്ഷണം ലഭിക്കുന്നുവെന്നതല്ലെ, യഹോവയെ അനുഗമിക്കുന്നതിന് നമ്മിൽ പലരെയും പ്രേരിപ്പിക്കുന്നത്? അതു പ്രത്യക്ഷത്തിൽ ലഭിക്കാതിരിക്കുമ്പോൾ നാം മറ്റുപലതിനെയും പലരെയും 'മുമ്പിൽ' നിർത്തുന്നത് സാധാരണമല്ലെ? "ഒത്തിരി പ്രാർത്ഥിച്ചു, മറുപടിയില്ല. നേരത്തെ പ്രാർത്ഥനയ്ക്കു മറുപടി നൽകിക്കൊണ്ടിരുന്ന യഹോവയ്ക്ക് ഇപ്പോൾ എന്തുസംഭവിച്ചുവെന്ന് അറിയുന്നില്ല, അതുകൊണ്ട് ഇനിയിപ്പോൾ മറ്റാരെയെങ്കിലും ആശ്രയിച്ചേ മതിയാകൂ" എന്നല്ലെ നാം പലപ്പോഴും

പറയുന്നത്? തന്റെ ജനം തനിക്കു പകരം മറ്റൊരു ദൈവത്തെയോ, മറ്റെന്തിനെയെങ്കിലുമോ മുമ്പിൽ നിർത്തുന്നത് ദൈവത്തിനു സഹിക്കാവുന്ന കാര്യമല്ല. “യഹോവയുടെ പക്ഷ”ത്തുള്ളവരുടെ സമ്പൂർണ്ണ സമർപ്പണമാണ് ദൈവം എപ്പോഴും ആവശ്യപ്പെടുന്നത്. (പുറപ്പാട് 32:26)

യിസ്രയേൽമക്കളിൽ നിന്ന് തന്റെ സാന്നിധ്യം പൂർണ്ണമായി പിൻവലിക്കാൻ ഒരുങ്ങിയതാണ് യഹോവ (പുറപ്പാട് 33:3). എന്നാൽ ദൈവദാസനായ മോശെയുടെ തിരുസാന്നിധ്യത്തിനായുള്ള നിർബന്ധപൂർവ്വമായ അപേക്ഷ ദൈവത്തെ വീണ്ടും യിസ്രയേല്യരുടെ മുന്നണിപ്പോരാളിയാക്കി. പുറപ്പാട് 33:14) പിന്നീടുള്ള കാലത്ത് യഹോവ യിസ്രയേലിനുവേണ്ടി യുദ്ധം ചെയ്തു. കനാന്യദേശങ്ങൾ അവർ പിടിച്ചടക്കിയത് സ്വന്ത ശക്തി കൊണ്ടായിരുന്നില്ല. യഹോവ അത് അവർക്കു നൽകുകയായിരുന്നു. (യോശുവ 6:16) തന്റെ ജനത്തിന്റെ സംരക്ഷകനായി യുദ്ധവീരനായി യഹോവ അവർക്കു മുമ്പായി നടന്നു. രാജാവില്ലാതിരുന്ന അക്കാലത്ത് യഹോവയായിരുന്നു അവരുടെ രാജാവ്. (ന്യായാധിപന്മാർ 8:23) അവർ യുദ്ധങ്ങൾ ജയിക്കുകയും ചെയ്തു.

എന്നാൽ യിസ്രായേൽ മക്കൾക്ക് ‘യഹോവ രാജാവ്’ എന്ന ആത്മീയ യാഥാർത്ഥ്യം മനസ്സിലാക്കാൻ ബുദ്ധിമുട്ടായിരുന്നു. അതുകൊണ്ട് അവർ പറയുന്നത് ശേഷമുള്ള സകല ജാതികളെപ്പോലെയും ഞങ്ങൾക്കൊരു രാജാവിനെ വേണമെന്നാണ്. (1 ശമുവേൽ 8:5)

യഹോവയാണ് അവരുടെ രാജാവ് എന്ന യാഥാർത്ഥ്യം യിസ്രയേൽ മക്കൾ മറന്നു. അതിനു കാരണമുണ്ട്. “യഹോവ രാജാവ്” എന്നത് ഒരു ‘അദൃശ്യയാഥാർത്ഥ്യ’മാണ്. ആത്മീയർക്കുമാത്രം മനസ്സിലാക്കാൻ കഴിയുന്ന ഒരു ആത്മീയ യാഥാർത്ഥ്യം. പുറംകണ്ണുകൾ മാത്രമുള്ള യിസ്രായേല്യർക്ക് ‘യഹോവയുടെ രാജത്വം’ ഒരു യാഥാർത്ഥ്യമല്ല. അവരുടെ നോട്ടത്തിൽ അവർ നാഥനില്ലാത്തവരാണ്. മറ്റുജാതികൾക്കെല്ലാം നായകരുണ്ട്, അവരുടെ പ്രവർത്തനങ്ങൾ ദൃശ്യവുമാണ്. യിസ്രയേലിൽ അങ്ങനെയല്ല.

ഈ ദൃശ്യതയുടെ അഭാവം കൂടുതൽ പ്രകടമാകുന്നത് യുദ്ധങ്ങളിലാണ്. മറ്റുജനതകൾക്ക് യുദ്ധത്തിൽ സൈനികരെ നയിക്കാൻ ശക്തരായ രാജാക്കന്മാരുണ്ട്. യിസ്രയേല്യർക്കാകട്ടെ, സുശക്തമായ ഒരു സൈന്യം പോലുമില്ല. ഒരു യുദ്ധം വന്നാൽ എന്തു തന്ത്രങ്ങളാണ് ഉപയോഗിക്കേണ്ടതെന്നു നിശ്ചയിക്കാൻ, യുദ്ധത്തിൽ നായകനായി പുറപ്പെടാൻ– മുമ്പിൽ നിൽക്കാൻ– അവർക്കൊരു രാജാവില്ല. സുശക്തമായ ഒരു സൈന്യം ശക്തനായ ഒരു നേതാവിന്റെ കീഴിൽ ആക്രമണം നടത്തുമ്പോൾ അശക്തരായ സിവിലിയൻ ജനങ്ങൾക്ക് എന്തുചെയ്യാൻ പറ്റും?

'യുദ്ധം നയിക്കാൻ ഒരു നായകനില്ല' എന്ന ദൃശ്യയാഥാർത്ഥ്യമാണ്, "മറ്റു സകല ജാതികളെയുംപോലെ ഞങ്ങളും ആകേണ്ടതിന്, ഞങ്ങളുടെ രാജാവ് ഞങ്ങളെ ഭരിക്കയും ഞങ്ങൾക്കു നായകനായി പുറപ്പെടുകയും ഞങ്ങളുടെ യുദ്ധങ്ങളെ നടത്തുകയും വേണം" (1 ശമുവേൽ 8:20) എന്ന് നിർബന്ധം പിടിക്കാൻ യിസ്രയേൽമക്കളെ പ്രേരിപ്പിച്ചത്. വ്യംഗ്യമായി അവർ പറയുന്നത് അവരുടെ പിതാക്കന്മാർ മരുഭൂമിയിൽ വെച്ചു പറഞ്ഞതു തന്നെയാണ്. പിതാക്കന്മാർ പറഞ്ഞത് "ഞങ്ങൾക്കുമുമ്പിൽ നടക്കേണ്ടതിന് ഒരു ദൈവത്തെ ഉണ്ടാക്കിത്തരിക" എന്നായിരുന്നു. തലമുറകൾ പറയുന്നത് "ഞങ്ങളുടെ യുദ്ധങ്ങളിൽ ഞങ്ങൾക്ക് നായകനായിരുന്ന് ഞങ്ങൾക്കുമുമ്പായി നടക്കേണ്ടതിന് ഒരു രാജാവിനെ വാഴിച്ചുതരിക" എന്നാണ്.

പിതാക്കന്മാരുടെ ഡിമാന്റിന്റെ ആധുനിക വേർഷൻ എന്നേയുള്ളൂ ഇത്. രണ്ടുസ്ഥലങ്ങളിലും അവർ യഹോവയ്ക്കു പകരം മറ്റൊന്നിനെ ആവശ്യപ്പെടുകയാണ്, കാലോചിതമായി ഇന്നു നാമും ഇങ്ങനെയൊക്കെ പറയാറുണ്ട് അല്ലെങ്കിൽ ശ്രദ്ധിക്കൂ:

"ദൈവം നടത്തുമെന്നൊക്കെ പറയുന്നതു ശരിയാ ബ്രദറെ. എന്നാലും നമ്മുടെ കാര്യം നമ്മൾ നോക്കണം. ഒരാവശ്യം വരുമ്പോൾ ആരും കാണത്തില്ല. ഇക്കാര്യത്തിൽ ഒരു മുൻകരുതൽ അത്യാവശ്യമാണെന്നാ എന്റെ ചിന്ത!" എന്നൊരാൾ പറയുമ്പോൾ അത് മരുഭൂമിയിൽ യിസ്രയേൽ മക്കൾ ചെയ്തതും പലസ്തീനിൽ പറഞ്ഞതുമായ തെറ്റിന്റെ തനിയാവർത്തനമാണെന്നു നമ്മൾ വിശ്വസിക്കുമോ? 'ദൈവം മുമ്പിലുണ്ട്' എന്ന അദൃശ്യയാഥാർത്ഥ്യത്തെ അറിയാത്തതുകൊണ്ടു മാത്രമല്ലേ നാം അങ്ങനെ പറയുന്നത്?

ദൈവത്തിന്റെ ഭരണത്തെ അറിയുവാനുള്ള ആത്മീയ കാഴ്ചപ്പാടില്ലാത്ത ജനം സംരക്ഷണത്തിനും പ്രതിരോധത്തിനുമായി മറ്റാരെയെങ്കിലും ആശ്രയിക്കുമ്പോൾ യഹോവ വേദനിക്കുകയാണ്. "ഞാൻ അവരെ ഭരിക്കാതെവണ്ണം അവർ എന്നെ ത്യജിച്ചിരിക്കുന്നു; അതിനാലാണ് അവർ മറ്റൊരു രാജവിനെ തിരയുന്നത്" (1 ശമുവേൽ 8:7) എന്ന് യഹോവ വില പിക്കുന്നു.

ഈ വിലാപം ഇന്നും ദൈവം നടത്തുന്നുണ്ട്- ഓരോ പ്രാവശ്യവും യഹോവയ്ക്കു പകരം മറ്റാരെയെങ്കിലും മറ്റെന്തിനെയെങ്കിലും നാം മുമ്പിൽ പ്രതിഷ്ഠിക്കുമ്പോൾ!

രാജാവുണ്ടായാൽ എല്ലാം നേരെയാകും എന്നായിരുന്നു യിസ്രായേൽ ജനങ്ങളുടെ ചിന്ത. യുദ്ധത്തിൽ നായകനായി പുറപ്പെടാൻ

തങ്ങൾക്കുമിപ്പോൾ ഒരു നായകനുണ്ട്. ഇനി വിജയം തങ്ങൾക്ക്!

ആദ്യയുദ്ധത്തിൽ (അമ്മോന്യരുമായുള്ള യുദ്ധം- 1. ശമുവേൽ 11) യിസ്രായേൽ ജയിക്കുകയും ചെയ്തു. ആ യുദ്ധത്തിന്റെ മുഴുവൻ ക്രെഡിറ്റും യഹോവയ്ക്കു കൊടുക്കാൻ ശൗൽ തയ്യാറായിരുന്നു. "യഹോവ വരുത്തിയ രക്ഷ" ( 1 ശമുവേൽ 11:13) എന്നാണ് വിജയത്തെപ്പറ്റി ശൗൽ പറയുന്നത്.

എന്നാൽ പിന്നീട് പതിയെ യിസ്രായേൽ പരാജയത്തിന്റെ കയ്പറിഞ്ഞു തുടങ്ങി. പടനായകനായി ഒരു രാജാവുണ്ടാവുന്നതുകൊണ്ടു മാത്രം എല്ലാമാവുകയില്ല എന്നു യിസ്രായേൽ മനസ്സിലാക്കിത്തുടങ്ങി. "യഹോവ രാജാവായിരുന്ന" കാലത്തെക്കാൾ ഭീതിതമായ ദിനങ്ങൾ പിന്നീടുണ്ടായി. ഫെലിസ്ത്യമല്ലനായ ഗോല്യാത്തിനു മുമ്പിൽ നായകനായ രാജാവുതന്നെ വിറച്ചു നിൽക്കുകയാണ്. (1 ശമുവേൽ 17) ഒടുവിൽ യഹോവയെ മുന്നിൽ നിർത്തി യുദ്ധം ചെയ്യുന്ന ദാവീദു വേണ്ടിവന്നു (1 ശമുവേൽ 17:45-47) യിസ്രായേലിനെ വിടുവിക്കുവാൻ! അങ്ങനെ "യുദ്ധം യഹോവയ്ക്കുള്ളത്" എന്ന് ഒരിക്കലൂടെ തെളിഞ്ഞു.

"യഹോവയെ എപ്പോഴും മുമ്പിൽ വെയ്ക്കുന്ന" സങ്കീർത്തകൻ പറയുന്നത്, അവൻ എന്റെ വലതുഭാഗത്തുള്ളതുകൊണ്ട് ഞാൻ കുലുങ്ങിപ്പോകയില്ല എന്നാണ്. അതെത്ര ശരി! ഇന്നും യഹോവയെ മുമ്പിൽ നിർത്തുന്നവനെ അദൃശ്യമായ പരിചയായി ദൈവം പരിരക്ഷിക്കുന്നു.

ബ്രിട്ടീഷ് കൊളംബിയയിലെ ഉൾപ്രദേശങ്ങളിലൊന്നിൽ പ്രവർത്തിച്ചിരുന്ന മിഷനറിയുടെ ഒരനുഭവം അദ്ദേഹം വിവരിച്ചതിങ്ങനെയാണ്: "ഞാൻ പരസ്യയോഗം നടത്തിക്കൊണ്ടിരിക്കുകയായിരുന്നു. ആ സമയത്താണ് ക്രൂരനായ ഒരു കൊള്ളക്കാരൻ കൗബോയ് കുതിരപ്പുറത്ത് അതുവഴി വന്നത്. നന്നായി മദ്യപിച്ചിരുന്ന അയാൾക്ക് എന്റെ യോഗത്തിൽ ആളുകൾ കൂടിനിൽക്കുന്നതു കണ്ടത് സഹിക്കാനായില്ല. ക്രുദ്ധനായി അയാൾ മുമ്പോട്ടുകുതിച്ചു. ആളുകൾ അയാളുടെ കുതിരയ്ക്ക് വഴിമാറിക്കൊടുത്തു. കുതിരയെ എന്റെ മുകളിലൂടെ വേഗത്തിലോടിച്ചു കയറ്റുകയായിരുന്നു അയാളുടെ ലക്ഷ്യം. കൗബോയ്സിന്റെ ഒരു യുദ്ധതന്ത്രമാണത്.

അതിവേഗത്തിലോടിവരുന്ന കുതിരയെക്കണ്ട് ഒരു നിമിഷാർദ്ധത്തിൽ ഞാൻ കണ്ണടച്ചു. കർത്താവേ, എന്നെ രക്ഷിക്കാൻ നിനക്കു കഴിയും. എന്നാൽ അതാണോ നിന്റെ ഇഷ്ടം എന്നെനിക്കറിയില്ല. നിന്റെ ഹിതത്തിനായി ഞാൻ എന്നെ സമർപ്പിക്കുന്നു.

കൺമുമ്പിൽ അപ്പോൾ ഞാൻ കണ്ട ദൃശ്യം അത്ഭുതപ്പെടുത്തുന്നതായിരുന്നു, ഓടിക്കുതിച്ചെത്തിയ കുതിര മുൻകാലുകളുയർത്തി

എന്നെ ചവിട്ടുവാൻ ഭാവിച്ചെങ്കിലും പെട്ടെന്ന് അദൃശ്യമായ ഒരു ഭിത്തിയിൽ ചെന്ന് ഇടിച്ചാലെന്നപോലെ പുറകോട്ടു മലച്ചു, കൗബോയ് താഴെ വീണില്ലെന്നേയുള്ളൂ. കൂടുതൽ ക്രൂദ്ധനായ അയാൾ കുതിരയെ പുറകോട്ടു കൊണ്ടുപോയി. രണ്ടാമതൊരിക്കൽകൂടെ അതേവേഗത്തിൽ ഓടിച്ചുകൊണ്ടുവന്നു. ഇപ്രാവശ്യവും 'അദൃശ്യഭിത്തി' കുതിരയ്ക്കു തടസ്സമായി. മൂന്നാംപ്രാവശ്യം അദൃശ്യഭിത്തിയുടെ പ്രഹരം കൗബോയ്യെയും കുതിരയെയും തള്ളിത്താഴെയിട്ടു. ഇളിഭ്യത മറയ്ക്കാൻ കൂടുതൽ ക്രൂദ്ധത മുഖത്തുവരുത്തി അയാൾ കുതിരയെ ദൂരേയ്ക്ക് ഓടിച്ചുകൊണ്ടുപോയി.

യഹോവയെ മുമ്പിൽ വെച്ചിരുന്ന ആ മിഷനറിക്ക് "അദൃശ്യഭിത്തി"യായി നിന്ന് സംരക്ഷണം നൽകിയത് യഹോവ തന്നെയാണെന്ന് നിങ്ങൾ ചിന്തിക്കുന്നില്ലേ? യഹോവയെ മുമ്പിൽത്തന്നെ വെയ്ക്കുന്നവന്റെ സംരക്ഷണം യഹോവ ഏറ്റെടുക്കുന്നു!

# 18

**സങ്കീർത്തനം 32**

**"ലംഘനം ക്ഷമിച്ചും പാപം മറച്ചു കിട്ടിയവൻ ഭാഗ്യവാൻ; യഹോവ അകൃത്യം കണക്കിടാതെയും ആത്മാവിൽ കപടമില്ലാതെയും ഇരിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ...' (സങ്കീർത്തനം 32:1, 2)**

# കുറ്റബോധം, ഏറ്റുപറച്ചിൽ പാപക്ഷമ!

പാപത്തിനു ലഭിക്കുന്ന വേദനാജനകമായ ശിക്ഷ ജയിലല്ല. അഴികൾക്കുപുറകിൽ അടയ്ക്കപ്പെടുന്നതിനു മുമ്പെതന്നെ പാപി അവന്റെ ശിക്ഷ അനുഭവിച്ചുതുടങ്ങുന്നു. ജീവിതത്തിലേക്ക് സാധാരണനിലയിൽ ഇറങ്ങിവരാൻ കഴിയാത്ത നിലയിൽകുറ്റബോധ ത്തിന്റെ തടവറയിൽ അവൻ അടയ്ക്കപ്പെടുന്നു.

തിരുവനന്തപുരം സെൻട്രൽ ജയിൽ സന്ദർശിച്ച ചില സുഹൃത്തുക്കളോട് വനിതാ ജയിലിൽ കണ്ട ഒരു കുറ്റവാളി അവരുടെ വേദനകളെ വിവരിച്ചത് അവർ എന്നോട് പങ്കുവെയ്ക്കുകയുണ്ടായി, അവിഹിത മാർഗ്ഗത്തിൽ അവർക്കു പ്രസവിക്കേണ്ടിവന്ന കുഞ്ഞിനെ കഴുത്ത് ഞെരിച്ചു കൊന്നതി നാണ് അവർ ജയിൽശിക്ഷ അനുഭവിക്കുന്നത്!

"സാറന്മാരേ എനിക്കുറങ്ങാൻ കഴിയുന്നില്ല, എന്റെ സെല്ലിൽ കിടന്ന് ഞാൻ കണ്ണടയ്ക്കുമ്പോൾ എന്റെ കുഞ്ഞിന്റെ കണ്ണുകൾ ഭിത്തിയിൽ നിന്ന് എന്നോടു ദയയ്ക്കായി അപേക്ഷിക്കുന്നു. എനിക്ക് ഒന്നും കഴിക്കാ നും കഴിയുന്നില്ല. ഭക്ഷണപാത്രം എന്റെ മുമ്പിലിരിക്കുമ്പോൾ ഞാനതിൽ എന്റെ ഓമനക്കുഞ്ഞിന്റെ കണ്ണുകൾ എഴുന്നു നിൽക്കുന്നതു കാണുന്നു." മനഃസാക്ഷിയുടെ ഈ പീഡനത്തിന് മുമ്പിൽ ജയിലറുടെ ബന്ധനം ആ യുവതിക്ക് ഒന്നുമല്ല.

പാപത്തിന്റെ പരമാവധിശിക്ഷ ജീവപര്യന്തം തടവോ, വധശിക്ഷയോ അല്ലെന്നും മനസ്സിലാക്കണം. അത്, ദൈവത്തിൽ നിന്നുള്ള നിത്യമായ വേർപാടാണ്. ജയിലിലെ പീഡനമല്ല, നിത്യമായ വധശിക്ഷയാണവരെ കാത്തിരിക്കുന്നത്. വധശിക്ഷയ്ക്കു വിധിക്കപ്പെട്ടവനെ പിന്നെ പീഡിപ്പിക്കാറില്ലല്ലോ. അവന് ഇഷ്ടപ്പെട്ട ഭക്ഷണം കൊടുക്കുകയാണു പതിവ്. കൊലച്ചോറാണെന്ന് തിരിച്ചറിയാത്തവൻ അത് സംതൃപ്തിയോടെ കഴിച്ചുരസിക്കും. മനസാക്ഷിയുടെ കുറ്റാരോപണം ശ്രദ്ധിക്കാതെ ലോകത്തിൽ രസിക്കുന്നവനും അങ്ങനെ തന്നെ കൊലച്ചോറിൽ രസിക്കുകയാണ്

പാപം ചെയ്താൽ കുറ്റബോധമുണ്ടാകുന്നവൻ ഭാഗ്യവാൻ: കാരണം, കുറ്റബോധമുള്ളവനേ അനുതാപമുണ്ടാവൂ, അനുതാപമുള്ളവനേ പാപമേറ്റു പറയൂ അവനുമാത്രമെ പാപക്ഷമയുണ്ടാവൂ. പാപക്ഷമ പ്രാപിക്കുന്നവനേ ശിക്ഷാവിമുക്തനാവുന്നുള്ളൂ, അവനെ മാത്രമേ അനുഗ്രഹീതൻ എന്നു വിളിക്കാനാവൂ.

'അനുതാപ സങ്കീർത്തന'ങ്ങളുടെ കൂട്ടത്തിലാണ് 32-ാം സങ്കീർത്തനം. അനുതാപത്തിന്റെ പരിണിതഫലം പാപമോചനവും ഇതിൽ വിഷയമാണ്. ആദ്യ രണ്ടു വാക്യങ്ങളിൽ പാപമോചനത്തിന്റെ അനുഗ്രഹീതാവസ്ഥ വിവരിക്കുമ്പോൾ പിന്നീടുള്ള രണ്ടുവാക്യങ്ങൾ പാപമേറ്റു പറയാൻ വിസമ്മതിച്ചു കുറ്റബോധംകൊണ്ടു പുളയുന്ന ഒരുവന്റെ അരിഷ്ടാവസ്ഥയാണ് വിവരിക്കുന്നത്. അഞ്ചാം വാക്യമാകട്ടെ, ഈ രണ്ട് അവസ്ഥകൾക്കിടയിൽ നടക്കുന്ന ഏറ്റുപറച്ചിലിന്റെയും പാപക്ഷമയുടെയും വിവരമാണ്.

പാപത്തെയും കുറ്റബോധത്തെയും അനുതാപത്തെയും പാപക്ഷമ യെയും പാപമോചിതന്റെ അനുഗൃഹീത അവസ്ഥയെയും, ദുഷ്ടന്റെ അരക്ഷിതാവസ്ഥയെയും നീതിമാന്മാരുടെ ദൈവസംരക്ഷണത്തെയുമെല്ലാം വിവരിക്കുന്ന ഈ സങ്കീർത്തനം, ഒരു ഉപദേശകാവ്യം (didachic psalm) കൂടെയാണ്.

ആദ്യ രണ്ടു വാക്യങ്ങളിൽ 'പാപ'ത്തെ വിവരിക്കാൻ നാല് വാക്കുകൾ ഉപയോഗിച്ചിട്ടുണ്ട്. ദൈവവിരുദ്ധമായ എല്ലാ പ്രവൃത്തിയെയും 'പാപം' എന്ന് വിളിക്കാമെങ്കിലും, സങ്കീർത്തകൻ ഇവിടെ ഉപയോഗിക്കുന്ന വാക്കുകൾ പാപത്തിന്റെ വ്യത്യസ്ത മുഖങ്ങളെ തെളിവാക്കുവാൻ പോന്നതാണ്.

"ലംഘനം ക്ഷമിച്ചും പാപം മറച്ചും കിട്ടിയ മനുഷ്യൻ ഭാഗ്യവാൻ. യഹോവ അകൃത്യം കണക്കിടാതെയും ആത്മാവിൽ കപടം ഇല്ലാതെയും ഇരിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ" (വാക്യം 1, 2)

ഇവിടെ പാപത്തെ കാണിക്കാൻ ഉപയോഗിക്കുന്ന വാക്കുകൾ– ലംഘനം, പാപം, അകൃത്യം ആത്മാവിലെ കപടം എന്നിവയാണ്.

ലംഘനം: (peh'-shah) അതിർത്തികടക്കുന്നതിനുപയോഗിക്കുന്ന ഒരു വാക്കാണിത്. ദൈവം ഓരോ കാര്യങ്ങൾക്കും വെച്ചിരിക്കുന്ന അതിർത്തിയെ മനഃപ്പൂർവ്വം മറികടക്കുന്നുവെന്നതിനാൽ ലംഘനം എന്നാൽ മത്സരവുമാണ്– ദൈവത്തോട് മറുതലിക്കുന്ന പാപം, നിയമലംഘനം!

പാപം: (khat-aw-aw) പാപത്തിനു സാധാരണയായി ഉപയോഗിക്കുന്ന പദമാണിത്. 'ലക്ഷ്യം തെറ്റിപ്പോവുക' എന്ന അർത്ഥത്തിൽ ഈ വാക്ക് ഉപയോഗിക്കുന്നു. എത്തേണ്ടിടത്ത് എത്താതെ പോവുക! ദൈവത്തിനു നമ്മെക്കുറിച്ച് ഒരു ലക്ഷ്യമുണ്ട് ദൈവം നമ്മെ വെറുതേ ലോകത്തിലേക്ക് അങ്ങു പറഞ്ഞുവിട്ടതല്ല. ഓരോ വ്യക്തിക്കും ചെയ്തെടുക്കേണ്ടതായ ഒരു ദൈവിക ദൗത്യമുണ്ട് (mission) ആ ദൗത്യം നാം നിർവ്വഹിക്കുന്നില്ലെങ്കിൽ അതാണു പാപം.

ഒന്നുകൂടെ വ്യക്തമാക്കിയാൽ 'ലംഘന'മെന്നത് ചെയ്യരുതാത്തത് ചെയ്യുന്നതാണെങ്കിൽ, ഈ വാക്ക് ചെയ്യേണ്ടത് ചെയ്യാതിരിക്കുന്നതാണ്. 'ലംഘനം' എന്നത് അതിർത്തികടന്നു സഞ്ചരിക്കുന്നതാണെങ്കിൽ, ഇത് അതിർത്തിക്കുള്ളിൽ അലസനായിരിക്കുന്നതാണ്. ഒരു മകൻ അനുസരണക്കേടു കാട്ടുന്നത് അപ്പൻ ചെയ്യരുതെന്ന് പറഞ്ഞ കാര്യങ്ങൾ ചെയ്യുമ്പോൾ മാത്രമല്ല, ചെയ്യണമെന്നു പറഞ്ഞ കാര്യങ്ങൾ ചെയ്യാതിരിക്കുമ്പോഴുമാണ്. മത്സരിയായി ദൈവനിഷേധ പ്രവൃത്തികൾ ചെയ്യുന്നതു പോലെ തന്നെയാണ് മത്സരിയായിരുന്നുകൊണ്ട് ദൈവമേൽപ്പിച്ച ഉത്തരവാദിത്തം നിർവ്വഹിക്കാതെ 'വെറുതെ'യിരിക്കുന്നതും! ഒരു വ്യക്തി, ദൈവത്തിന് അവനെക്കുറിച്ചുള്ള ലക്ഷ്യത്തിൽ എത്തിച്ചേരുന്നില്ലെങ്കിൽ അവൻ പാപിയാണ്.

അകൃത്യം: (aw-vone) വ്യതിചലനം (perversion) എന്ന അർത്ഥത്തിലാണ് ഈ വാക്ക് ഉപയോഗിച്ചിരിക്കുന്നത്. ന്യായമല്ലാത്തത്, നീതിയല്ലാത്തത്, യോഗ്യമല്ലാത്തത് എന്നൊക്കെ ഇതിന് അർത്ഥം കൽപിക്കാം. ചെയ്യേണ്ട കാര്യങ്ങളൊക്കെ മറന്ന് മറ്റുചില കാര്യങ്ങൾ ചെയ്യുക, ചെയ്യേണ്ട കാര്യങ്ങൾ വേറെ രീതീയിൽ ചെയ്യുക എന്നിവയും ഈ ഗണത്തിൽ പെടും.

ഈ തലമുറ, വക്രതയുള്ള, കാര്യങ്ങളെ വളച്ചൊടിച്ചു കാണുന്ന തലമുറയാണെന്നു നമുക്കറിയാം. കാര്യങ്ങളെ ദൈവത്തിന്റെ കണ്ണുകളിലൂടെ കാണുന്നില്ലെങ്കിൽ സ്വാർത്ഥതയുടെയും, സ്വാശ്രയത്തിന്റെയും, ലൗകികതയുടെയും കണ്ണുകളിലൂടെയാണ് നാം കാര്യങ്ങൾ കാണുന്നതെങ്കിൽ, ചെയ്യുന്നതെങ്കിൽ... അത് 'അകൃത്യം' ആണ്.

ദൈവം ചെയ്യരുത് എന്നു പറഞ്ഞത് ചെയ്താൽ അത് ലംഘനം. ദൈവം ചെയ്യാൻ കൽപിച്ചത് ചെയ്തില്ലെങ്കിൽ അത് പാപം. ദൈവം ചെയ്യാൻ കൽപിച്ചതു തന്നെ, ദൈവത്തിന്റെ വഴിവിട്ട് സ്വന്തവഴിയിൽ ചെയ്താൽ അത് അകൃത്യം.

അടുത്തത് ആത്മാവിലെ കാപട്യം: (rem-ee-yaw) വഞ്ചനയെ കാണിക്കാന ാണ് ഈ വാക്ക് ഉപയോഗിക്കുന്നത്. എന്നാൽ ഇത് മറ്റൊരു മനുഷ്യനെ വഞ്ചിക്കുകയല്ല, തന്നെത്തന്നെ വഞ്ചിക്കുകയാണ്. ഇവിടെ പാപം ചെയ്ത വ്യക്തി പാപം ചെയ്തിട്ടില്ലാത്തവൻ എന്നപോലെ ഇടപെടുകയാണ്. ഒരു പക്ഷെ മറ്റെല്ലാ പാപങ്ങളെക്കാളും അപകടകാരി ഇതാണെന്നു പറയാം.

“ഞാൻ എന്റെ ഹൃദയത്തിൽ അകൃത്യം കരുതിയിരുന്നുവെങ്കിൽ കർത്താവു കേൾക്കയില്ലായിരുന്നു.” (സങ്കീർത്തനം 66:18) അപ്പോൾ, ഹൃദയത്തിൽ അകൃത്യം കരുതിക്കൊണ്ടുതന്നെ പ്രാർത്ഥിക്കുന്നവരുണ്ട്, ശുശ്രൂഷിക്കുന്നവരുണ്ട്, പ്രവർത്തിക്കുന്നവരുണ്ട്, പ്രവചിക്കുന്നവരുണ്ട്... എന്തു ചിന്തിച്ചാണ് അവരതു ചെയ്യുന്നത്? ദൈവം അറിയുന്നില്ലെന്നു ചിന്തിച്ചോ? ആത്മാവിൽ ആത്മാർത്ഥതയില്ലാത്തവർ, തങ്ങൾ രക്ഷപെട്ടിരിക്കുന്നു എന്നു ചിന്തിക്കുന്നതിലൂടെ തങ്ങളെത്തന്നെ വഞ്ചിക്കുകയാണ്.

പാപത്തിന്റെ വ്യത്യസ്തമുഖഭാവങ്ങളെയാണു നാം കണ്ടത്. ഇവയെല്ലാത്തിൽനിന്നും നാം വിടുതൽ പ്രാപിച്ചേ പറ്റൂ. ദൈവം വിടുതൽ നൽകും, പാപക്ഷമ നൽകും, എന്നാൽ, അനുതാപമില്ലാതെ, ഏറ്റുപ റച്ചിലില്ലാതെ പാപക്ഷമയില്ല.

സങ്കീർത്തകന്റെ അനുതാപത്തിന്റെ തീവ്രതയാണ് മൂന്നും നാലും വാക്യങ്ങളിൽ കാണുന്നത്. “ഞാൻ മിണ്ടാതെയിരുന്നപ്പോൾ നിത്യമായ ഞരക്കത്താൽ എന്റെ അസ്ഥികൾ ക്ഷയിച്ചുപോയി. രാവും പകലും നിന്റെ കൈ എന്റെമേൽ ഭാരമായിരുന്നു. എന്റെ മജ്ജ വേനൽക്കാലത്തെ ഉഷ്ണത്താൽ എന്നപോലെ വറ്റിപ്പോയി” (വാക്യം 3, 4)

“ഞാൻ മിണ്ടാതെയിരുന്നപ്പോൾ” എന്ന് ഇവിടെ പറഞ്ഞിരിക്കുന്നത്, “പാപം ഏറ്റുപറയാതിരുന്നപ്പോൾ” എന്ന അർത്ഥത്തിലാണ്. എന്തുകൊണ്ട് അവൻ പാപം ഏറ്റുപറഞ്ഞില്ല? ഒരുപക്ഷെ, “ഇതൊന്നും അത്രകാര്യമല്ല” എന്നവൻ ചിന്തിച്ചുകാണും. “എല്ലാവരും ഇങ്ങനെയൊക്കെ ചെയ്യാറുണ്ട്” എന്നു പറഞ്ഞ് അവൻ തന്റെ തെറ്റിനെ ന്യായീകരിച്ചുകാണും, അതല്ലെങ്കിൽ “ഓ, ഈ ‘കുറ്റബോധം’ എന്നൊക്കെ പറയുന്നത് ഒരു സൈക്കോളജിക്കൽ ഇഷ്യൂ ആണ്. കുറെക്കഴിയുമ്പോൾ അത് തനിയെ ശമിച്ചുകൊള്ളും” എന്ന്

ആശ്വസിച്ചുകാണും എന്തായാലും, കുറ്റമേറ്റുപറഞ്ഞ് ക്ഷമ പ്രാപിക്കു ന്നതിനു പകരം അവൻ തന്റെ കുറ്റത്തെ മറയ്ക്കാനാണ് പരിശ്രമിക്കുന്നത്.

മലയാളത്തിൽ 'ക്രിസ്ത്യാനികൾ' നടത്തുന്ന ഒരു പോപ്പുലർ വാരിക "ആധുനിക തലമുറയ്ക്ക് 'കുറ്റബോധം' നൽകി മതം അവരെ വിഷമിപ്പിക്കുന്നു" എന്ന് ഒരിക്കൽ പറയുകയുണ്ടായി. അവിഹിത ബന്ധത്തിലേർപ്പെടുന്ന യുവതീയുവാക്കളുടെ 'മാനസിക ആരോഗ്യത്തെ' ഈ 'കുറ്റബോധം' തകരാറിലാക്കുന്നുവത്രെ. "അവിഹിതബന്ധം ആകാം, കുറ്റബോധം പാടില്ല" എന്നാണ് ആ പത്രലേഖകന്റെ മതം!

പ്രിയമുള്ളവരെ, ഈ കുറ്റബോധമില്ലായ്മയാണ് ഇന്നത്തെ തലമുറയുടെ ഏവും വലിയ പ്രശ്നം എന്നു നിങ്ങൾ തിരിച്ചറിയുമോ? കുറ്റം ചെയ്യുമ്പോൾ മനസ്സിലുണ്ടാകുന്ന വേദനയുണ്ടല്ലോ, ആ തകർച്ച! അതാണ് മനുഷ്യന്റെ ഏറ്റവും വലിയ സ്വത്ത്! അതു നഷ്ടപ്പെട്ടാൽ മനുഷ്യൻ തകർന്നു; മനുഷ്യസംസ്കാരം തകർന്നു; മനുഷ്യകുലം തകർന്നു!

"വേദനയാണ് മനുഷ്യന്റെ ഏറ്റവും വലിയ അനുഗ്രഹം" എന്ന് സുപ്ര സിദ്ധ ഭിഷഗ്വരനായ പോൾ ബ്രാന്റ് പറഞ്ഞിട്ടുണ്ട്. പല വൈദ്യശാസ്ത്ര കണ്ടുപിടുത്തങ്ങളും നടത്തിയിട്ടുള്ള ഡോ. ബ്രാന്റ് കുഷ്ഠരോഗികളിൽ നടത്തിയ പരീക്ഷണങ്ങളിലൂടെ തിരിച്ചറിഞ്ഞ ഒരു സത്യം, കുഷ്ഠരോഗം കൊണ്ടല്ല അവരുടെ വിരലുകളും ശരീരത്തിന്റെ അഗ്രഭാഗങ്ങളും അറ്റു പോകുന്നത് എന്നാണ്. കുഷ്ഠരോഗികളിൽ സ്പർശനക്ഷമത നഷ്ടപ്പെടുന്നു. അതിനാൽ വേദനയോ, ചൂടോ, തണുപ്പോ ഒന്നും അവരുടെ വിരലുകളിൽ അനു ഭവപ്പെടുന്നില്ല. ചൂടുപാത്രങ്ങളിലും മറ്റും കയറിപ്പിടിക്കുമ്പോൾ അവർ പൊള്ളലറിയുന്നില്ല, മുറിവുണ്ടായാലും തിരിച്ചറിയുന്നില്ല. ക്രമേണ മുറിവുകളും പൊള്ളലുകളും ഇൻഫെക്ടഡ് ആകുന്നു. അതും അവർക്കു വേദന നൽകുന്നില്ല. ഒടുവിൽ ഇത് മരണകാരണമായിപ്പോലും ഭവിക്കുന്നു. "അതുകൊണ്ട് വേദനയാണ് ദൈവം നമുക്കു നൽകിയ ഏറ്റവും വലിയ അനുഗ്രഹം" ഡോക്ടർ പോൾ ബ്രാന്റ് പറയുന്നു.

ഒരു പാപം ചെയ്യുമ്പോൾ നമ്മുടെ ഹൃദയം വേദനിക്കുന്നെങ്കിൽ നമുക്കു തകർച്ചയുണ്ടാകുന്നുവെങ്കിൽ... അതിനായി നമുക്കു ദൈവത്തിനു സ്തോത്രം പറയാം. ദൈവം നമ്മെ പൂർണ്ണമായി കൈവിട്ടിട്ടില്ലെന്നതിന്റെ തെളിവാണ് അത്.

പാപബോധം ഈ സങ്കീർത്തകന് എത്ര ആഴമായ തകർച്ച നൽകുന്നു വെന്നു ശ്രദ്ധിക്കുക! "നിത്യമായ ഞരക്കത്താൽ എന്റെ അസ്ഥികൾ ക്ഷയിച്ചുപോയി!"

നിത്യമായ ഞരക്കം...! നിലവിളി എന്ന വാക്കാണ് ചില ഭാഷാന്തരത്തിൽ... "എന്റെ ദൈവമെ എന്റെ ദൈവമെ നീ എന്നെ കൈവിട്ടതെന്ത്" എന്നു 'നിലവിളിച്ചു'– ഞരക്കത്തെക്കാൾ തുടർമാനമായ നിലവിളി...

മൂത്തമ്പാക്കൽ സാധു കൊച്ചുകുഞ്ഞുപദേശിയുടെയും മറ്റും ഉണർവ്വു യോഗങ്ങളിൽ പാപബോധമുണ്ടായ വ്യക്തികൾ അലറിക്കരയുന്നത് ഒരു സാധാരണ സംഭവമായിരുന്നു. അക്കാലത്ത് രക്ഷാനുഭവം പ്രാപിച്ച ഒരു വ്യക്തിയുടെ ഒരു അനുഭവം എന്റെ സുഹൃത്ത് ജോൺ മാത്യൂ വിവരിച്ചത് ഓർക്കുന്നു. മദ്ധ്യവയസ്കനായ ഒരു കൃഷീവലന്റേതാണ് അനുഭവം. രക്ഷിക്കപ്പെട്ടതോടെ അദ്ദേഹം 'പുകയില' തീറ്റി ഉൾപ്പെടെ എല്ലാ ദുഃശീലങ്ങളും ഉപേക്ഷിച്ചു. ഒരു ദിവസം അദ്ദേഹം 'ചെല്ലം' (പഴയകാലത്ത് അനുദിന ആവശ്യത്തിനുള്ള ചില്ലറ പണവും മറ്റും സൂക്ഷിക്കുന്ന ചെറിയ അലംകൃത പെട്ടി– അതിൽ പുകയിലയുടെ തുണ്ടുകളും മറ്റും സൂക്ഷിച്ചിരുന്നു) പരിശോധിച്ചപ്പോൾ പണിക്കാർക്കു കൊടുക്കാനിട്ടിരുന്ന പുകയിലയുടെ പഴയൊരു തുണ്ടം കണ്ടെത്തി. അതിന്റെ ഘ്രാണം (പുകയിലമണം) നശിച്ചോ എന്നറിയാൻ അദ്ദേഹം അതൊന്നു മണത്തു നോക്കി, അതിന്റെ രസം തീർന്നു പോയോ എന്നറിയാൻ അദ്ദേഹം അതെടുത്ത് വായിലിട്ടു ചവച്ചുനോക്കി. പഴയതെങ്കിലും അതിന് ഇപ്പോഴും രുചിയുണ്ട്... അതിന്റെ രസം അദ്ദേഹം നുണഞ്ഞിറക്കി.

"അയ്യോ ഞാനെന്താ ചെയ്തത്! ഞാൻ പുകയില ഉപേക്ഷിച്ചതല്ലെ! ഇതാ ഞാനത് വായിലിട്ട് ചവച്ചു രസിച്ചല്ലോ, അയ്യോ, ഞാനെന്താ കാണിച്ചത്" എന്നു പറഞ്ഞ് അദ്ദേഹം പെട്ടെന്നത് തുപ്പിക്കളഞ്ഞു.

അദ്ദേഹത്തിന് ദുഃഖമടക്കാനായില്ല. പതിയെ അദ്ദേഹം വിതുമ്മിക്കരയാനാരംഭിച്ചു, ഒടുവിലത് ഏങ്ങലടിച്ചുള്ള നിലവിളയായി! ഭവനത്തിലെത്തിയതും അദ്ദേഹം പൊട്ടിക്കരയാൻ തുടങ്ങി. ഭാര്യയും മക്കളും ഓടിവന്നു "എന്തു പറ്റി" എന്ന അവരുടെ ചോദ്യത്തിന് അദ്ദേഹത്തിനു മറുപടി പറയാൻ കഴിഞ്ഞില്ല. വാക്കുകൾ പുറത്തോട്ടു വരുന്നില്ല... കരച്ചിലോടു കരച്ചിൽ! ഒടുവിൽ സന്ധ്യയോടെ അദ്ദേഹം ഒരുവിധത്തിൽ ഇത്രയും പറഞ്ഞു. "ഞാനൊരു പുകലഞെട്ട് വായിലിട്ട് ചവച്ചു രസിച്ചുപോയി!" ഇതു പറഞ്ഞ് അദ്ദേഹം വീണ്ടും കരയാൻ തുടങ്ങി.

ഇതുകേട്ട് വീട്ടുകാർക്കും നാട്ടുകാർക്കും അത്ഭുതം "ശ്ശെടാ, ഇതാരെങ്കിലും ചെയ്യാത്തതാണോ! ഇതിനാണോ ഇത്രയും കരഞ്ഞത്... ഞങ്ങളോർത്തല്ലോ ഏതാണ്ടു കാര്യമുള്ള കാര്യം പറ്റിയെന്ന്!" നാട്ടുകാർ പറഞ്ഞു.

നാട്ടുകാർക്ക് അത് കാര്യമുള്ള കാര്യമല്ലായിരിക്കാം എന്നാൽ കുഞ്ഞൂട്ടിക്ക് (അങ്ങനെയായിരുന്നു അദ്ദേഹത്തിന്റെ പേര്) അത് വലിയ കാര്യമാണ്. താൻ ദൈവത്തോടു ചെയ്ത ഉടമ്പടി താൻ തന്നെ ലംഘിച്ചിരിക്കുന്നു. ഇനി എങ്ങനെ താൻ ദൈവസന്നിധിയിൽ പ്രാഗത്ഭ്യത്തോടെ നിൽക്കും?

കുഞ്ഞൂട്ടിയുടെ നിലവിളി അന്ന് അടങ്ങിയിട്ടില്ല, പിറ്റേന്നും അടങ്ങിയില്ല. മൂന്നാം ദിവസവും അതു നീണ്ടപ്പോൾ വീട്ടുകാർക്ക് ആധിയായി "അപ്പാ, ഒരു പ്രാവശ്യമെ അങ്ങനെ പറ്റിയൊള്ളല്ലോ. ഇനി അപ്പൻ പുകയില തിന്നണ്ട... സാരമില്ല..." മക്കൾ ആശ്വസിപ്പിച്ചു നോക്കി. ആശ്വാസം കൈക്കൊൾവാൻ മനസ്സില്ലാത്തവനായി അദ്ദേഹം വിലപിച്ചുകൊണ്ടിരുന്നു. അദ്ദേഹത്തിന്റെ ബന്ധുക്കളുടെ വാക്കുകളും ആശ്വാസമായില്ല. താൻ പുകയില വായിലിട്ടതുകൂടാതെ അതിൽ രസിച്ചുപോയി എന്നതായിരുന്നു അദ്ദേഹത്തിന്റെ വിഷമം. ഒടുവിൽ ഒരു ബന്ധു എത്തി. അദ്ദേഹം പറഞ്ഞു "കുഞ്ഞൂട്ടി... നീ ചെയ്തതു തെറ്റാണ്, എന്നാൽ കർത്താവതു ക്ഷമിക്കും... നീ പാപമേറ്റുപറഞ്ഞ് കർത്താവിൽനിന്നു ക്ഷമ പ്രാപിക്കുക!" അദ്ദേഹം മുട്ടിൻമേൽ വീണു കരഞ്ഞു. ദൈവസന്നിധിയിൽ അനുതാപത്തോടെ പാപമേറ്റുപറഞ്ഞ് അദ്ദേഹം ദൈവത്തിൽനിന്ന് ആശ്വാസം പ്രാപിച്ചു.

ഇന്ന് നാമിതുകേൾക്കുമ്പോൾ തമാശയായിത്തോന്നത്തക്ക നിലയിൽ പാപബോധം നമ്മിൽ നിന്ന് അകന്നിരിക്കുന്നു. സ്വയന്യായീകരണങ്ങൾ നമ്മുടെ വേദനയെന്ന അനുഗ്രഹത്തെ തല്ലിക്കെടുത്തിക്കളഞ്ഞിരിക്കുന്നു! പാപബോധത്തിന്റെ വേദന സ്വാഭാവികമായി അടങ്ങുന്നില്ലെങ്കിൽ അതിനെ അടക്കാൻ ചില വേദനസംഹാരികൾ കഴിക്കാനും നമുക്കു മടിയില്ല. അവിശ്വാസികൾ കുറ്റബോധത്തെ മദ്യപാനത്തിലും, രാവേറെ ചെല്ലുന്ന പാർട്ടിയിലും അരാജകത്വ ജീവിതത്തിലുമൊക്കെ മുക്കിക്കളയാൻ പരിശ്രമിക്കുന്നു. രാത്രിയിൽ 'ഓഫാ'യിവന്നു കിടന്നാലേ അവർക്ക് ഉറങ്ങാൻ പറ്റൂ. എഴുന്നേറ്റാൽ പിന്നെ അമിത ജോലിയിലും അമിത ഭാരങ്ങളിലും തിരക്കുള്ളവരായി അവർ കുറ്റബോധത്തെ പുറകിലെറിയുന്നു. വിശ്വാസികളെന്ന് പറയുന്നവർ ഒരു പക്ഷെ മദ്യപാനത്തിനും മറ്റും പോകുന്നില്ലായിരിക്കാം. അവർ 'ലഹരി' കണ്ടെത്തുന്നത് ആത്മീയരായി അഭിനയിക്കുന്നതിലാണ്. ഭക്തിയുടെ ശക്തിയില്ലെങ്കിലും അവർ ഭക്തിയുടെ വേഷം കെട്ടിയാടും. പള്ളിയിലും പള്ളിക്കാര്യങ്ങളിലും തിരക്കുള്ളവരായി അവർ ഉണർന്നെഴുന്നേറ്റുവരുന്ന കുറ്റബോധത്തെ തല്ലിക്കെടുത്തും. വേദനസംഹാരികളുടെ ഈ അമിത ഉപഭോഗം പലപ്പോഴും അവരുടെ ജീവകോശങ്ങളെയാകെ നശിപ്പിച്ച് നിത്യമരണത്തിലേക്കു തള്ളിയിടുകയാകും ചെയ്യുന്നത്!

കുറ്റം ചെയ്താൽ പാപബോധമുണ്ടാകാത്ത അവസ്ഥയാണ് ഏറ്റവും വലിയ ആത്മീയ ദുരന്തം! കുറ്റം ചെയ്താൽ അതേറ്റുപറയും വരെ നിരന്തര മായ നിലവിളിയാണ് ആവശ്യമായിരിക്കുന്നത്! നമ്മുടെ "അസ്ഥികളെ ക്ഷയിപ്പിക്കുന്ന" നിലവിളിയാവണം അത്. വേദനയുടെ ആധിക്യത്താലാണ് അസ്ഥി ക്ഷയിക്കുന്നത്.

എന്താണ് സങ്കീർത്തകനെ ഇത്ര വേദനിപ്പിക്കുന്നത്? "രാവും പകലും നിന്റെ കൈ എന്റെ മേൽ ഭാരമായിരുന്നു; എന്റെ മജ്ജ വേനൽക്കാലത്തിലെ ഉഷ്ണത്താൽ എന്നപോലെ വറ്റിപ്പോയി" (വാക്യം 4)

ദൈവത്തിന്റെ കരം എന്നത് പലപ്പോഴും അവന്റെ സാന്നിധ്യത്തെയും ആശ്വാസത്തെയും കാണിക്കാനാണ് ഉപയോഗിക്കുന്നത്. എന്നാലിപ്പോൾ അവന്റെ കരം (സാന്നിധ്യം) സങ്കീർത്തകന് ഭാരമാകുന്നു. നേരത്തെ അവന്റെ കരങ്ങളിലേക്ക്- സാന്നിധ്യത്തിലേക്ക് ഓടിയണഞ്ഞിരുന്നു. ഇപ്പോൾ അവന്റെ കരം കാണുന്നതു തന്നെ പേടിയോടെയാണ്. അതിനു കാരണമൊന്നേയുള്ളൂ. ഇവന് ദൈവത്തെ നന്നായി അറിയാം. പാപത്തെ കൺവെട്ടത്തു കാണാനിഷ്ടമില്ലാത്ത തീഷ്ണവാനായ ദൈവത്തെയാണ് അവൻ സേവിക്കുന്നത് എന്ന തിരിച്ചറിവാണ് സങ്കീർത്തകനിൽ ദൈവഭീതി നിറയ്ക്കുന്നത്. യഹോവയെ പിൻപറ്റുവാൻ വികാരപരമായി തീരുമാന മെടുത്ത യിസ്രായേൽ ജനത്തോട് തന്റെ മരണകാലത്തിനുമുമ്പ് യോശുവ പറയുന്നത്, "അതത്ര എളുപ്പമുള്ള കാര്യമല്ല" എന്നാണ്. "അവൻ പരിശുദ്ധദൈവം, അവൻ തീഷ്ണതയുള്ള ദൈവം, അവൻ നിങ്ങളുടെ അകൃത്യങ്ങളെയും, പാപങ്ങളെയും ക്ഷമിക്കയില്ല" (യോശുവ 24:19) എന്നാണ്.

യഹോവയെ വിളിച്ചപേക്ഷിക്കുന്ന നിർമ്മലഹൃദയന് യഹോവയുടെ കരം- അവന്റെ സാന്നിധ്യം ആശ്വാസമായിരിക്കുന്നുവെങ്കിൽ, അകൃത്യത്തിലും പാപത്തിലും മുഴുകുന്നവന് യഹോവയുടെ കരം ഭാരമായിരിക്കുമെന്നും നാം തിരിച്ചറിയണം

"എന്റെ സകലലംഘനങ്ങളിൽ നിന്നും എന്നെ വിടുവിക്കേണമേ... നിന്റെ ബാധ എങ്കൽ നിന്നു നീക്കണമെ... നിന്റെ കയ്യുടെ അടിയാൽ ഞാൻ ക്ഷയിച്ചിരിക്കുന്നു." (സങ്കീർത്തനം 39:8-11)

ദൈവഭയമില്ലാത്ത ഒരുവനെ നിങ്ങൾ കണ്ടെത്തുന്നുവെങ്കിൽ തിരിച്ചറിയുക, അവർ ദൈവത്തെക്കുറിച്ചു പരിജ്ഞാനമില്ലാത്തവനാണ്. പാപത്തെ തീഷ്ണ നയനങ്ങളോടെ നോക്കുന്നവനാണു ദൈവം എന്ന ജ്ഞാനം അവനില്ല!

അവന്റെ കോപത്തിൽ നിന്നു വിടുവിക്കപ്പെടാൻ എന്താണു മാർഗ്ഗം?

സങ്കീർത്തകന്റെ അവസ്ഥയെ നമുക്കൊന്നു വിഭാവന ചെയ്തുനോക്കാം. ഇപ്പോഴിവൻ പാപത്തെ 'മറച്ചിരി'ക്കുകയാണ്. പാപം അവന്റെ 'ഉള്ളി'ലാണ്. ദൈവകണ്ണുകൾ പാപത്തിന്റെമേൽ തീ പായിക്കുകയാണ്. പാപം ഉള്ളിലായതിനാൽ ദൈവകോപാഗ്നി അവന്റെ ഉള്ളിലേക്ക് പാഞ്ഞു ചെല്ലുന്നു; അവന്റെ അസ്ഥികളെ ക്ഷയിപ്പിക്കുന്നു, മജ്ജയെ വറ്റിച്ചു കളയുന്നു.

ദൈവത്തിന്റെ കോപം 'പാപ'ത്തോടാണ്, പാപിയോടല്ല. അപ്പോൾ ദൈവകോപാഗ്നിയിൽ നിന്നു വിടുവിക്കപ്പെടുക ലളിതമായൊരു കാര്യമാണ്– അവന്റെ കോപത്തിന്റെ ഇരയായ പാപത്തെ ഉള്ളിൽ നിന്നു പുറത്തെടുത്ത് ദൈവസന്നിധിയിൽ ഇട്ടുകൊടുക്കുക! അപ്പോൾ ക്രോധത്തിന്റെ അഗ്നി പാപത്തെ ദഹിപ്പിച്ച് ദൈവനീതിയെ സംതൃപ്തമാക്കും!

സങ്കീർത്തകൻ അതു മനസ്സിലാക്കി, "ഞാൻ എന്റെ പാപം നിന്നോടറിയിച്ചു... അപ്പോൾ നീ എന്റെ പാപത്തിന്റെ കുറ്റം ക്ഷമിച്ചുതന്നു!" (വാക്യം 5)

മറച്ചു വെച്ചപ്പോൾ വേദനയായി, ഞരക്കമായി; വെളിച്ചത്ത് കൊണ്ടു വന്നപ്പോൾ, ഏറ്റുപറഞ്ഞപ്പോൾ വേദനമാറി അനുഗ്രഹീതാ വസ്ഥയിലേക്കു പ്രവേശിക്കുന്നു.

അവന്റെ പാപം അവൻ മറച്ചപ്പോൾ ദൈവം അത് ചികഞ്ഞെടുത്തു. എന്നാൽ, അവൻ പാപത്തെ ഏറ്റു പറഞ്ഞപ്പോൾ ദൈവം അതിനെ മറയ്ക്കുന്നു.

പാപത്തിന്റെ വ്യത്യസ്തമുഖങ്ങളെ വിവരിക്കാൻ സങ്കീർത്തകൻ വ്യത്യസ്തവാക്കുകളെ ഉപയോഗിക്കുന്നതുപോലെ, ഏറ്റുപറഞ്ഞ കുറ്റത്തെ ദൈവം നീക്കിക്കളയുന്ന രീതികൾ വിവരിക്കാനും വ്യത്യസ്തവാക്കുകൾ ഉപയോഗിക്കുന്നു: ലംഘനം ക്ഷമിക്കുന്നു; പാപം മറയ്ക്കുന്നു; അകൃത്യം കണക്കിടാതിരിക്കുന്നു; കാപട്യം ഇല്ലാതെയാക്കുന്നു! എന്നാൽ ഇതെല്ലാം ഒരുപോലെ അന്യോന്യബന്ധിതമാണ്.

"ലംഘനം ക്ഷമിച്ചും പാപം മറച്ചും കിട്ടിയവൻ ഭാഗ്യവാൻ..." (വാക്യം 1). പാപം മറയ്ക്കപ്പെടാതെ ലംഘനം ക്ഷമിക്കപ്പെടുകയില്ല.

പാപക്ഷമ ലളിതമായ കാര്യമാണെന്നാണ് പലപ്പോഴും ആളുകൾ കരുതുന്നത്! എന്നാൽ ദൈവത്തിനു വലിയൊരു വില അതിന് കൊടുക്കേണ്ടി വന്നുവെന്നത് നാം മറന്നുകൂടാ.

നിങ്ങളുടെ വീടിന്റെ സ്വീകരണമുറിയുടെ ഭിത്തിയാകെ ഒരു ദിവസം നിങ്ങളുടെ മകൻ കുത്തിവരച്ചു വൃത്തികേടാക്കിയെന്നു ചിന്തിക്കുക. കഴുകിക്കളയാൻ പാകത്തിൽ കരികൊണ്ടല്ല, പെർമനന്റ് മാർക്കറിലൊഴിക്കുന്ന മാഞ്ഞുപോകാത്ത കറുത്ത മഷികൊണ്ടാണ് അവൻ 'കരവിരുത്' കാണിച്ചിരിക്കുന്നത്.

താൻ ചെയ്തത് തെറ്റിപ്പോയെന്ന് അവനുതോന്നി, ആദ്യം അവ നത് ഭീതിയിൽ മറച്ചുവെച്ചു; പിന്നീട് നിവൃത്തിയില്ലാതായപ്പോൾ അവൻ അതേറ്റുപറഞ്ഞു. "അപ്പാ, എനിക്കു തെറ്റുപറ്റി, എന്നോടു ക്ഷമിക്കണേ" എന്ന് കരഞ്ഞു പറഞ്ഞു.

മകനാണ്; തെറ്റുചെയ്തെങ്കിലും അവൻ ഏറ്റുപറഞ്ഞു; ക്ഷമയ്ക്കായി അപേക്ഷിച്ചു; നിങ്ങളുടെ മനസ്സലിഞ്ഞു... നിങ്ങൾ അവനോടു ക്ഷമിച്ചു; എന്നാൽ നിങ്ങൾ ക്ഷമിച്ചാലും ഭിത്തിയിലെ വൃത്തികെട്ട വരകൾ അവിടെ തുടരും. അതുമായ്ക്കാൻ നിങ്ങൾ പെയ്ന്റു വാങ്ങി ചായമടിച്ച് മകന്റെ 'വികൃതിവര'കളെ 'മറച്ചേ'പറ്റൂ. 'ക്ഷമിച്ചു' എന്നൊരു വാക്കുകൊണ്ട് ക്ഷമ പൂർണ്ണമാകുന്നില്ല. അത് പൂർത്തിയിലെത്താൻ നിങ്ങൾ 'ചെലവു' ചെയ്തേ പറ്റൂ.

ഞാനും നിങ്ങളും പാപം ചെയ്യുമ്പോൾ ഇതുപോലെ നമ്മുടെ ജീവിതത്തിന്മേൽ വൃത്തികെട്ട വരകൾ കോറിയിടുകയാണ്. "ക്ഷമിച്ചു" എന്നൊരു വാക്കുകൊണ്ട് എല്ലാം തീരുന്നില്ല. പാപം വികൃതമാക്കിയ നമ്മുടെ ജീവിതത്തെ അതിന്റെ വൈകൃതത്തെ മറച്ച് നവീകരിക്കാൻ ഒരു 'പെയ്ന്റിംഗ്' ആവശ്യമാണ്, ആ പെയ്ന്റ്- പാപത്തെ മറയ്ക്കുന്ന ഒരേ ഒരു പെയ്ന്റ്- യേശുവിന്റെ രക്തമാണ്! അതുകൊണ്ടാണ് പാപക്ഷമ 'വിലയേറിയത്' ആകുന്നത്! യേശുവിന്റെ രക്തത്താൽ പാപം മറയ്ക്കപ്പെടാത്തവന്റെ ലംഘനത്തെ ദൈവത്തിനു ക്ഷമിക്കാൻ കഴിയില്ല!

അടുത്തത്, 'അകൃത്യം കണക്കിടപ്പെടാതി'രിക്കുകയാണ്. കണക്കിടാതിരിക്കുക എന്നാൽ അതിനർത്ഥം കണക്കാക്കാനുള്ള അവകാശമുണ്ട്; എന്നാൽ അത് വേണ്ടെന്നു വെയ്ക്കുകയാണ്. കൊടുത്തുവീട്ടാൻ കഴിവില്ലാത്തവന്റെ കടം ബാങ്ക് എഴുതിത്തള്ളുന്നു. എന്നാൽ ആ പണം ബാങ്ക് വേറെയെവിടെനിന്നെങ്കിലും കണ്ടെത്തിയേ പറ്റൂ. ഇവിടെ യേശു എന്റെ കടം കൊടുത്തു വീട്ടുകയാണ്, ഡെബിറ്റ് കോളത്തിൽ എന്റെ പാപം കുന്നുകൂടിക്കിടന്നപ്പോൾ, ക്രെഡിറ്റ് കോളത്തിൽ യേശു അവന്റെ രക്തത്തിന്റെ വിലയിട്ട് എന്റെ ബാലൻസ് ടാലി ആക്കി അക്കൗണ്ട് ക്ലോസ്സു ചെയ്യുകയാണ്. ക്ഷമിക്കപ്പെട്ടവന്റെ പാപം ദൈവത്തിന്റെ ദൃഷ്ടിയിൽ ക്ലോസ്സു ചെയ്ത അക്കൗണ്ട് പോലെയാണ്!

എന്നാൽ, ക്ഷമാപ്രക്രിയയിൽ ദൈവം ചെയ്യുന്ന പ്രവൃത്തി എന്നിൽ വെളിപ്പെടുന്നത്, ആത്മാവിലെ കാപട്യത്തെ ഇല്ലാതെയാക്കുന്നതിലാണ്. ബാക്കിമൂന്നു കര്യങ്ങളും– ക്ഷമിക്കുക, മറയ്ക്കുക, കണക്കിടാതിരിക്കുക– ദൈവം അവിടുത്തെ ദിവ്യനീതിയെ സംതൃപ്തമാക്കാൻ ചെയ്യുമ്പോൾ ഇക്കാര്യം– ആത്മാവിന്റെ കാപട്യത്തെ ഇല്ലാതെയാക്കുന്നത്– നമ്മുടെ തുടർന്നുള്ള ജീവതത്തെ വിശുദ്ധമാക്കാനായി അവിടുന്നു നിർവ്വഹിക്കുന്നു. പാപം ക്ഷമിക്കപ്പെട്ട അവസ്ഥയിൽ തുടർന്നുപോകാൻ നമുക്ക് ഹൃദയത്തിൽ കാപട്യമില്ലാതിരുന്നേ പറ്റൂ.

ക്ഷമിക്കപ്പെടുന്നവന്റെ അനുഗ്രഹീതാവസ്ഥ! അത് അനുഭവിച്ചറിയേണ്ടതാണ് ഉപരിതലത്തിൽ ഓളംതല്ലി ജീവിക്കുന്നവന് അതു തിരിച്ചറിയാനാവില്ല!

19

സങ്കീർത്തനം 8

"നീ അവനെ ദൈവത്തേക്കാൾ അൽപം മാത്രം താഴ്ത്തി; തേജസ്സും ബഹുമാനവും അവനെ അണിയിച്ചരിക്കുന്നു. (സങ്കീർത്തനം 8:5)

# തേജസ്സിന്റെ കർത്താവ്

മനുഷ്യതയുടെ ആഴമറിഞ്ഞിട്ടാണോ, "മനുഷ്യൻ എത്ര സുന്ദരമായ പദം" എന്നു കവി പറഞ്ഞത് എന്നു നമുക്കറിഞ്ഞുകൂടാ. എന്നാൽ വേദപുസ്തകചിന്തയിൽ 'മനുഷ്യൻ' അനന്യൻ തന്നെയാണ്.

ദൈവത്തിന്റെ എല്ലാ സൃഷ്ടിയും മനോഹരം തന്നെ. മനോഹരമെന്നു മാത്രമല്ല, വിസ്മയകരവും. ദൈവത്തിന്റെ അദൃശ്യലക്ഷണങ്ങളായ നിത്യശക്തിയും ദൈവത്വവും വെളിപ്പെടുത്തുന്ന സൃഷ്ടിയെ (റോമർ 1:20) അമ്പരപ്പോടെ നോക്കി നിൽക്കാനേ മനുഷ്യന് കഴിയൂ. എന്നാൽ ദൈവത്തിന്റെ എല്ലാ സൃഷ്ടിയെയും അതിശയിക്കുന്ന വിസ്മയമാണ് മനുഷ്യ സൃഷ്ടിയിൽ നാം കാണുന്നത്.

"അങ്ങയുടെ വിരലുകളുടെ പണിയായ ആകാശത്തെയും അവിടുന്നു സൃഷ്ടിച്ച ചന്ദ്രനെയും നക്ഷത്രങ്ങളെയും നോക്കുമ്പോൾ, മർത്യനായ മനുഷ്യനെ അവിടുന്ന് ഓർക്കുവാൻ തക്കവണ്ണം അവൻ എന്തുള്ളൂ? മനുഷ്യപുത്രനെ സന്ദർശിക്കാൻ തക്കവണ്ണം അവൻ എന്തുമാത്രം? (സങ്കീർത്തനം 8:3, 4).

മനുഷ്യന്റെ ശരാശരി ആയുസ്സ് 70 വയസ്സിനു മുകളിൽ വരില്ല. 70 ബില്യൻ ട്രില്യൻ വർഷങ്ങൾ ആയുസ്സുള്ള സൂര്യനും നക്ഷത്രങ്ങളും

അവിടുത്തെ സൃഷ്ടിയിൽ പെടും. എന്നാൽ, 70 വർഷം പോലും ആയുസ്സു തികയ്ക്കാത്ത മനുഷ്യനെ ദൈവം ശ്രദ്ധിക്കുന്നു. എത്ര അത്ഭുതമാണത് എന്നാണ് സങ്കീർത്തകൻ പറയുന്നത്.

സൃഷ്ടിയിലെ മനുഷ്യന്റെ സ്ഥാനം അദ്വിതീയമാണ്. സൂര്യനെയും നക്ഷത്രങ്ങളെയും ജീവജാലങ്ങളെയും ദൈവം ഒരു വാക്കുകൊണ്ട് വിളിച്ചു വരുത്തി. എന്നാൽ, മനുഷ്യനെ അവിടുന്നു മെനഞ്ഞെടുത്തു; തന്റെ സ്വരൂപവും സാദൃശവും അവിടുന്ന് മനുഷ്യനു കൊടുത്തു. മറ്റൊരു സൃഷ്ടിക്കും അവിടുന്ന് അത് ചെയ്തു കൊടുത്തില്ല. തന്റെ 'ശ്വാസ'ത്തെ, ആത്മാവിനെ –തന്നെത്തന്നെ ദൈവം മനുഷ്യന് പകർന്നുകൊടുത്തു. മനുഷ്യൻ "ജീവനുള്ള ദേഹി"യായിത്തീർന്നു: അതെ, മനുഷ്യനിൽ തുടിക്കുന്ന ഒരു ദൈവിക ജീവനുണ്ട്.

"അവിടുന്നു മനുഷ്യനെ ദൈവത്തെക്കാൾ അൽപം മാത്രം താഴ്ത്തി, തേജസ്സും ബഹുമാനവും അവനെ അണിയിച്ചിരിക്കുന്നു." (വാക്യം 5)

ദൈവികതയിൽനിന്ന് അൽപം താഴെയുള്ള ഒരു അവസ്ഥ! അതാണ് ദൈവം മനുഷ്യനു നൽകിയിരിക്കുന്ന സ്ഥാനം. എല്ലാ സൃഷ്ടിയുടെയും മുകളിലാണത്! സൃഷ്ടിയുടെ മകുടമാണ് മനുഷ്യൻ!

ദൈവം മനുഷ്യന് നൽകിയത് 'മകന്റെ' സ്ഥാനമാണ്. "ആദം ദൈവത്തിന്റെ മകൻ" എന്നാണ് വചനം. (ലൂക്കോസ് 3:38) മകൻ പിതാവിനെക്കാൾ "അൽപം മാത്രം" താഴെയാണ്.

ഒരു കുഞ്ഞ് ജനിക്കുമ്പോൾ അവന് എന്തൊക്കെ ആവശ്യമുണ്ടാകാമോ അതെല്ലാം, അവന്റെ ജനനത്തിനു മുമ്പുതന്നെ മാതാപിതാക്കൾ ഒരുക്കിവെയ്ക്കുന്നു... കുഞ്ഞുടുപ്പുകൾ, കുട്ടിത്തലയിണ, ചെറുമെത്ത, പുതപ്പ്, പൊന്നൂഞ്ഞാൽ, ശിശുഭക്ഷണം... എല്ലാം! ദൈവവും അതുതന്നെ ചെയ്തു. ആദമിനെ സൃഷ്ടിക്കും മുമ്പ്, അവന്റെ ജീവിതത്തിന് ആവശ്യമായി വരാവുന്ന എല്ലാ കാര്യങ്ങളും ദൈവം ഒരുക്കി. മനുഷ്യനുവേണ്ടി സൂര്യനെയും ചന്ദ്രനെയും സമുദ്രത്തെയും ചെടികളെയും ഫലവൃക്ഷങ്ങളെയും മൃഗങ്ങളെയും പക്ഷികളെയും എല്ലാം കരുതിയിട്ടാണ് ദൈവം അവനെ സൃഷ്ടിച്ചത്.

മണ്ണിലെ പൊടിയിൽനിന്ന് ഉണർന്നെണീറ്റ ആദമിനെ നോക്കി ദൈവം പറഞ്ഞു; "എന്റെ സ്വരൂപത്തിലും സാദൃശത്തിലും സൃഷ്ടിക്കപ്പെട്ട എന്റെ മകനെ, സ്വാഗതം. നിന്നിൽ വ്യാപരിക്കുന്നത് എന്റെ ജീവനാണ്, നിന്നെ ആവരണം ചെയ്തിരിക്കുന്നത് എന്റെ തേജസ്സാണ്. ഇതാ, നിനക്കുവേണ്ടി ഞാൻ ഒരു ലോകം ഒരുക്കിയിട്ടുണ്ട്. വിശാലമായ ഒരു ലോകം. സമുദ്രത്തിൽ

മത്സ്യങ്ങൾ, ആകാശത്തിൽ പറവകൾ, ഭൂമിയിൽ ചരിക്കുന്ന ജന്തുക്കൾ... ഭൂമിയിലെങ്ങും വിത്തുള്ള വൃക്ഷങ്ങൾ... എല്ലാം നിനക്കു ഞാൻ തരുന്നു. അവയുടെ മേൽനോട്ടം ഞാൻ നിന്നെ ഏൽപിച്ചിരിക്കുന്നു," (ഉൽപത്തി 1:28,29)

സങ്കീർത്തകൻ ഈ യാഥാർത്ഥ്യത്തെ ഏറ്റു പറയുന്നു: "അങ്ങയുടെ കൈകളുടെ പ്രവൃത്തികൾക്ക് അവിടുന്ന് മനുഷ്യനെ അധിപതിയാക്കി, സകലത്തെയും അവന്റെ കാൽക്കീഴെയാക്കിയിരിക്കുന്നു. ആടുകളെയും കാളകളെയും, കാട്ടിലെ മൃഗങ്ങളെയൊക്കെയും ആകാശത്തിലെ പക്ഷികളെയും സമുദ്രത്തിലെ മത്സ്യങ്ങളെയും എല്ലാ ജീവികളെയും തന്നെ..." (സങ്കീർത്തനം 8:6, 7)

ദൈവം അവരെ (ആദമിനെയും ഹവ്വയെയും) അനുഗ്രഹിച്ചു. (ഉൽപത്തി 1:28) " അനുഗ്രഹിച്ചു" എന്ന വാക്ക് ഇവിടെ വളരെ അർത്ഥസമ്പുഷ്ടമാണ്. സാധാരണപോലെയുള്ള ഒരു ഒഴുക്കൻ അനുഗ്രഹമല്ല ഇത്. പിതാവ് മകന് പൈതൃകാവകാശം കൈമാറ്റം ചെയ്യുന്നതിനു തുല്യമായ ഒരു വാക്കാണിത്.

അതെ, ആദം ദൈവത്തിന്റെ മകൻ! ദൈവത്തിന്റെ ജീവനും സ്വരൂപവും സാദൃശവും പേറുന്ന മകൻ! അവിടുന്ന് മനുഷ്യനെ തേജസ്സും ബഹുമാനവും അണിയിച്ചു. ഈ വാക്കുകൾക്കുമുണ്ട് പ്രത്യേകത: തേജസ്സ് ഇവിടെ അധികാരമാണ്-പുത്രാധികാരം. ബഹുമാനം എന്നത് അനന്യമായ സൗന്ദര്യമാണ്. അനന്യതകൊണ്ടാണല്ലോ ബഹുമാനമുണ്ടാവുന്നത്!

എന്നാൽ, തേജസ്സിനെ മനുഷ്യൻ അധികനാൾ സൂക്ഷിച്ചുവെച്ചില്ല. അതിന്റെ മഹത്വം തിരിച്ചറിയാതെ അവനതിനെ ഉപേക്ഷിച്ചു. തേജസ്സിന്റെ ലോകത്തിലേക്ക് അന്ധകാരം നുഴഞ്ഞു കയറേണ്ടതിന് അവൻ അനുസരണക്കേടിന്റെ വിള്ളലുണ്ടാക്കിക്കൊടുത്തു. സകല ജന്തുക്കളെയും ദൈവം അവന്റെ കാൽകീഴാക്കിയിരുന്നു. എന്നാൽ ചതുരതയോടെ വന്ന സർപ്പം കാൽക്കീഴിൽ കിടക്കേണ്ടതിനു പകരം ചെവിയിൽ ദുർമന്ത്രണം നടത്തിയപ്പോൾ മനുഷ്യൻ അതിനെ കീഴടക്കിയില്ല.

സർപ്പത്തിന്റെ കൗശലവാക്കുകൾക്ക് മനുഷ്യൻ ചെവികൊടുത്തപ്പോൾ അവന്റെ തേജസ്സിന്റെ ആവരണത്തിന് കീറലുണ്ടായി. എല്ലാം കീഴടക്കിയിരുന്നവൻ ഇപ്പോൾ കീഴടങ്ങുന്നവനായി. "ആ വൃക്ഷഫലം തിന്മാൻ നല്ലതും കാൺമാൻ ഭംഗിയുള്ളതും ജ്ഞാനം പ്രാപിപ്പാൻ കാമ്യവും എന്നു സ്തീ കണ്ട് പഴം പറിച്ചുതിന്നു. ഭർത്താവിനും കൊടുത്തു, അവനും തിന്നു" (ഉൽപത്തി 3:6). മനുഷ്യൻ അവന്റെ ചെവിയിൽ കേട്ട ശബ്ദത്തിനു കീഴടങ്ങി, രുചിതരുന്ന നാവിനു കീഴടങ്ങി, കാഴ്ച കാണിക്കുന്ന കണ്ണിനു കീഴടങ്ങി, അവന്റെ ഭാവനകൾക്കു കീഴടങ്ങി!!

പരാജിതന് അധികാരമില്ല, തേജസ്സെന്നാൽ അധികാരമാണ്. ദൈവിക ശബ്ദത്തോട് മറുതലിച്ച് മനുഷ്യൻ പിശാചിന്റെ ശബ്ദത്തിനു കീഴടങ്ങി. കീഴടങ്ങുന്നവന് തേജസ്സില്ല. പാപത്തിന്റെ മുറിപ്പാട് മനുഷ്യന്റെ തേജസ്സിനെ കീറിയെറിഞ്ഞു, അവൻ ആവരണമില്ലാത്തവനായി- നഗ്നനായി!

പാപിയായിത്തീർന്ന മനുഷ്യൻ പെട്ടെന്ന് ആ യാഥാർത്ഥ്യം മനസ്സിലാക്കി- താൻ നഗ്നനാണെന്ന യാഥാർത്ഥ്യം! അത് അവനെ വിഹ്വലനാക്കി. "അയ്യോ! എന്നെ പൊതിഞ്ഞിരുന്ന തേജസ്സിന്റെ ആവരണം എനിക്കു നഷ്ടപ്പെട്ടിരിക്കുന്നു. ഞാൻ എവിടെപോയി ഒളിക്കും? ദൈവത്തിന്റെ സന്നിധിയിലേക്ക് എനിക്കു പോകാനാവില്ല. ഞാൻ നഗ്നനാണ്-വെറും മനുഷ്യൻ! പുത്രത്വം നഷ്ടപ്പെടുത്തിയ മനുഷ്യൻ!!"

സ്വന്തം അനാവൃതാവസ്ഥ കണ്ട് മനുഷ്യൻ പകച്ചുനിന്നു. ദൈവികത നഷ്ടപ്പെട്ട മനുഷ്യാവസ്ഥ ഭീകരംതന്നെ! " എങ്ങനെയും എനിക്ക് ദൈവിക തേജസ്സ് മടക്കികിട്ടണം... ഈ അനാവൃതാവസ്ഥ ഒരു ദുരന്തമാണ്. എങ്ങനെ ഇതിനെ മറയ്ക്കാൻ പറ്റും?" മനുഷ്യൻ വിലപിച്ചു, അവൻ അത്തിയില കൂട്ടിക്കെട്ടി ഉടുപ്പുണ്ടാക്കാൻ നോക്കി.

അത്തിയില ശാരീരിക നഗ്നത മറച്ചേക്കാം. അല്ലെങ്കിൽ ഒരു മരവുരി അതു നിർവ്വഹിച്ചേക്കാം, എന്നാൽ അത്തിയിലയുടെ മറവിലും അവൻ മനുഷ്യൻ മാത്രമാണ്-ദൈവിക പുത്രത്വം നഷ്ടപ്പെട്ട തേജസ്സില്ലാത്ത വെറും മനുഷ്യൻ! നഷ്ടപ്പെട്ട തേജസ്സിന്റെ ആവരണത്തിനു പകരമല്ല അത്തിയിലയുടെ ഉണക്കവസ്ത്രം!

തേജസ്സു നഷ്ടപ്പെട്ട മനുഷ്യൻ എന്നും വിലപിക്കുന്നു. എനിക്ക് ഒരു ആവരണം വേണം, എന്റെ മാനുഷികതയെ, പരാജയത്തെ, തകർച്ചയെ, പാപത്തെ മൂടുന്ന ഒരു ആവരണം...

നിർഭാഗ്യവശാൽ തേജസ്സിന്റെ ആവരണത്തിനു പകരം മനുഷ്യൻ പരീക്ഷിക്കുന്നത് ഉണങ്ങിയ അത്തിയിലകൾ മാത്രമാണ്!. യാഗം, യോഗം, നീതികർമ്മം, പരിത്യാഗം, ഭോഗം, ഭക്തി, തത്ത്വചിന്ത, സോമം, മദിര, ധ്യാനം, തപസ്സ്, തിരക്ക്, കർമ്മം, ധനം, തീർത്ഥാടനം... നഷ്ടപ്പെട്ട തേജസ്സ് മടക്കിക്കിട്ടാൻ മനുഷ്യൻ പരീക്ഷിക്കുന്ന അത്തിയിലകൾ എത്രയെത്ര! എന്നാൽ എല്ലാം ഉണങ്ങുന്ന അത്തിയിലകൾ മാത്രം!

തേജസ്സിന്റെ ആവരണം മനുഷ്യന് മടക്കിക്കൊടുക്കാൻ ദൈവത്തിന് മാത്രമേ കഴിയൂ. അതിനായി ദൈവം ഒരു മാർഗ്ഗം ഒരുക്കിയിരുന്നു എന്നതാണ് വാസ്തവം.

"ദൈവം ലോകസൃഷ്ടിക്കു മുമ്പെ നമ്മുടെ തേജസ്സിനായി മുൻ നിയമിച്ചതും മറഞ്ഞിരുന്നതുമായ ദൈവത്തിന്റെ ജ്ഞാനമത്രെ മർമ്മമായി ഞങ്ങൾ പ്രസ്താവിക്കുന്നു. അത് ഈ ലോകത്തിന്റെ പ്രഭുക്കന്മാർ ആരും അറിഞ്ഞില്ല. അറിഞ്ഞിരുന്നു എങ്കിൽ അവർ തേജസ്സിന്റെ കർത്താവിനെ ക്രൂശിക്കുകയില്ലായിരുന്നു." (1 കൊരിന്ത്യർ 2:7, 8)

"നമ്മുടെ തേജസ്സിനായി ദൈവം ഒരുക്കിയ മാർഗ്ഗമാണ് യേശു" എന്നാണ് പൗലോസ് പറയുന്നത്. തേജസ്സിന്റെ പുനരാവരണം നൽകാൻ യേശുവിന് മാത്രമേ കഴിയൂ എന്നത് ബുദ്ധിപരമായി മനസ്സിലാക്കാൻ ഈ ലോകത്തിന്റെ പ്രഭുക്കന്മാരുടെ ജ്ഞാനത്തിന് കഴിയുമായിരുന്നില്ല. (വാക്യം 8) അതറിഞ്ഞിരുന്നെങ്കിൽ അവർ "തേജസ്സിന്റെ കർത്താവിനെ" ക്രൂശിക്കയില്ലായിരുന്നു.

ദൈവത്തിന്റെ പദ്ധതി എത്ര വിസ്മയകരം! മനുഷ്യന്റെ വീഴ്ചയെയും ദൈവതേജസ്സിന്റെ നഷ്ടത്തെയും മുന്നറിഞ്ഞ ദൈവം "ലോക സൃഷ്ടിക്കു മുമ്പെ" അതിനു മറുമരുന്നൊരുക്കിയിരുന്നു!

ദൈവസ്നേഹം എത്ര അഗാധം! ദൈവത്തോടു മറുതലിച്ച് പാപം ചെയ്ത നാം ദൈവതേജസ്സ് നഷ്ടപ്പെടുത്തിയതാണ്. (റോമർ 3:23). പുത്രത്വവും തേജസ്സും നാം നഷ്ടപ്പെടുത്തിയെങ്കിലും ദൈവം എന്നും നമ്മുടെ പിതാവായിരുന്നു. അവിടുന്നു നിത്യപിതാവാണ്. നിത്യസ്നേഹത്താൽ അവിടുന്നു നമ്മെ സ്നേഹിച്ചു. മത്സരികളായിരുന്നിട്ടും അവിടുന്ന് നമ്മെ സ്നേഹിച്ചു. (റോമർ 5:8)

നമ്മുടെ തേജസ്ക്കരണം ഒരു യാഥാർത്ഥ്യമാകേണ്ടതിന് ദൈവം യേശുവിനെ ഭൂമിയിലേക്കയച്ചു. കുഴിയിൽ വീണു കിടക്കുന്ന ഒരുവനെ രക്ഷിക്കാൻ രക്ഷകൻ കുഴിയിലേക്ക് ഇറങ്ങിവരുന്നതുപോലെ, നമ്മെ രക്ഷിക്കാൻ യേശു 'താണ' ലോകത്തിലേക്ക് ഇറങ്ങിവന്നു. തന്റെ തേജസ്സോടെയുമല്ല, പ്രത്യുത തേജസ്സ് ഉരിഞ്ഞുവെച്ചാണ് അവിടുന്ന് ഭൂമിയിലേക്ക് ഇറങ്ങിവന്നത്. (ഫിലിപ്യർ 2:6–8)

മനുഷ്യൻ ദൈവത്തെക്കാൾ "അൽപം താഴ്ചയുള്ളവൻ" ആയതിനാൻ യേശു "ദൈവത്തോടുള്ള സമത്വം" മുറുകെ പിടിച്ചുകൊണ്ടിരിക്കാതെ "ദൈവത്തെക്കാൾ അൽപം താഴ്ചയുള്ള" മനുഷ്യന്റെ വേഷം തന്നെ സ്വീകരിച്ചു. നമ്മെ തേജസ്സു ധരിപ്പിക്കേണ്ടതിന് അവിടുന്ന് തേജസ്സ് ഉരിഞ്ഞുവെച്ചു.

എന്നാൽ അവിടം കൊണ്ടും കാര്യങ്ങൾ തീർന്നില്ല. തേജസ്സിന്റെ ആവരണം തകർന്നുപോയ മനുഷ്യന്റെ ഏറ്റവും വലിയ നഷ്ടം "ജീവനാ"

യിരുന്നു- ദൈവ സംസർഗ്ഗത്തിൽ കഴിയാൻ മനുഷ്യനെ പ്രാപ്തനാക്കേണ്ടതിന് ദൈവം അവന്റെ മൂക്കിൽ ഊതിക്കൊടുത്ത ദൈവിക ജീവൻ! അതിന്റെ നഷ്ടമാണ് മനുഷ്യന്റെ മരണം. "അതു തിന്നുന്ന നാളിൽ നീ മരിക്കും" (ഉൽപത്തി 2:17) എന്നു ദൈവം ആദമിനോടു പറഞ്ഞതും ഈ ജീവന്റെ ന്ഷടത്തെപ്പറ്റിയാണ്. എന്നാൽ ദൈവസംസർഗ്ഗം നഷ്പ്പെട്ട മനുഷ്യനെ ശാരീരിക മരണവും പിടികൂടിയിരുന്നു.

തേജസ്സു നഷ്ടപ്പെട്ട മനുഷ്യനെ മരണം വാപിളർന്നു വിഴുങ്ങി. പാതാളത്തിൽ അവൻ ബന്ധിതനായി, അവനെ രക്ഷിക്കാൻ യേശുവിനും മരണവാതിലിലൂടെ പാതാളത്തിലെത്തിയേ മതിയാകുമായിരുന്നുള്ളൂ. അതുകൊണ്ട് യേശുവിന് മരണം ആസ്വദിക്കേണ്ടിയിരുന്നു.

മരണം മനുഷ്യനു മാത്രമുള്ളതാണ്-ദൂതന്മാർക്കുപോലുമില്ല. അതുകൊണ്ട് യേശു "ദൈവത്തെക്കാൾ" മാത്രമല്ല ''ദൂതന്മാരെക്കാളും അൽപം കൂടെ താണു" വന്നു.

"എങ്കിലും ദൈവകൃപയാൽ എല്ലവർക്കും വേണ്ടി മരണം ആസ്വദിപ്പാൻ ദൂതന്മാരിലും അൽപം ഒരു താഴ്ച വന്നവനായ യേശു മരണം അനുഭവിച്ചതുകൊണ്ട് അവനെ മഹത്വവും ബഹുമാനവും അണിഞ്ഞവനായി നാം കാണുന്നു." (എബ്രായർ 2:9)

മരണത്തിന് യേശുവിനെ പിടിച്ചുവെയ്ക്കുവാൻ കഴിയുമായിരുന്നില്ല (അപ്പൊസ്തല പ്രവൃത്തികൾ 2:24) മരണ വാതിലിലൂടെ കയറിയിറങ്ങിയ യേശു തേജസ്സും ബഹുമാനവും അണിഞ്ഞവനായി ഇറങ്ങിവന്നു. കാരണം, അവിടുന്ന് തേജസ്സു "നഷ്ടപ്പെട്ട'’വനല്ലായിരുന്നു, "ഉരിഞ്ഞുവെച്ച"വനായിരുന്നു. കിണറ്റിൽ വീണ മനുഷ്യനെ രക്ഷിക്കാൻ രക്ഷകൻ കിണറ്റിലേക്കു ചാടും മുമ്പ് തന്റെ മേലുള്ള വസ്ത്രം കരയിൽ ഉരിഞ്ഞു വെയ്ക്കുന്നതു പോലെ...! ഉയിർത്തെഴുന്നേറ്റ യേശു തേജസ്സും ബഹുമാനവും അണിഞ്ഞവനായിരുന്നു.

രക്ഷകൻ കുഴിയിൽ നിന്നു കയറുന്നത് വീണുപോയവരെ രക്ഷിച്ചുകൊണ്ടായിരിക്കുമല്ലോ. ഉയിർത്തെഴുന്നേറ്റ യേശു തേജസ്സും ബഹുമാനവും അണിഞ്ഞുവെന്നു മാത്രമല്ല, ബഹുമനുഷ്യരെ അവിടുന്ന് തേജസ്സിലേക്കു നടത്തുകയും ചെയ്തു.

"സകലത്തിനും ലാക്കും സകലത്തിനും കാരണഭൂതനുമായവൻ അനേകം പുത്രന്മാരെ തേജസ്സിലേക്കു നടത്തുമ്പോൾ, അവരുടെ രക്ഷാനായകനെ കഷ്ടാനുഭവങ്ങളാൽ തികഞ്ഞവനാക്കുന്നത് യുക്തമായിരുന്നു." (എബ്രായർ 2:10)

"പുത്രന്മാരെ" എന്നവാക്ക് ശ്രദ്ധിക്കുക. തേജസ്സ് പുത്രനു മാത്രമുള്ളതാണ്. ജീവൻ നഷ്ടപ്പെട്ട പുത്രന്മാർക്ക് തന്റെ മരണത്താൽ ജീവൻ നൽകി (എബ്രായർ 2:14,15) യേശു അവരെ തേജസ്സിലേക്കു നടത്തി.

ആദം ദൈവത്തിന്റെ മകൻ, ആദമിനു ജീവൻ നൽകിയത് ദൈവം. തേജസ്സു നഷ്ടപ്പെട്ട മനുഷ്യൻ മരിച്ചവനാണ്. ജീവൻ നൽകി യേശു അവരെ "പുത്രന്മാരാക്കി".

യേശു ജന്മം നൽകിയ പുത്രന്മാരെ-നമ്മെ-തേജസ്സിലേക്ക്, ദൈവസം സർഗ്ഗത്തിലേക്ക് നടത്തുമ്പോൾ അവിടുന്നു പറയുന്നത് "ഇതാ ഞാനും ദൈവം എനിക്കു തന്ന മക്കളും" എന്നാണ് (എബ്രായർ 2:13)

യേശു മകനാണ്, നാം യേശുവിന്റെ മക്കളാണ്. എന്നാൽ തേജസ്സിലേക്കു മടങ്ങിവരുമ്പോൾ നാം ദൈവത്തിന്റെയും മക്കളാണ്. അങ്ങനെ യേശുവും നാമും ദൈവത്തിന്റെ മക്കളായിത്തീരുന്നതിനാൽ യേശു നമ്മെ "സഹോദരങ്ങൾ" എന്നു വിളിക്കാൻ മടിക്കുന്നില്ല! (എബ്രാ യർ 2:11,12)

യേശു നമ്മുടെ മൂത്ത സഹോദരൻ, എന്നാൽ ഒന്നാമത് അവിടുന്നു നമ്മുടെ ദൈവം, അവിടുത്തെ സൃഷ്ടിയാണ് എല്ലാം. എന്നാൽ അവിടുന്ന് നമ്മെ അളവില്ലാതെ സ്നേഹിക്കുന്നതിനാൽ അവിടുത്തെ കരുണയിൽ നമ്മെ സന്ദർശിച്ചു. വിസ്മയം വിടാതെ ഒരിക്കലൂടെ നമുക്ക് ഏറ്റുപാടാം:

"നിന്റെ വിരലുകളുടെ പണിയായ ആ ആകാശത്തെയും, നീ ഉണ്ടാക്കിയ ചന്ദ്രനെയും നക്ഷത്രങ്ങളെയും നോക്കുമ്പോൾ... മനുഷ്യനെ നീ ഓർക്കേണ്ടതിന് അവൻ എന്ത്? മനുഷ്യപുത്രനെ സന്ദർശിക്കേണ്ടതിന് അവൻ എന്തുമാത്രം!" (സങ്കീർത്തനം 8:3, 4)

# സങ്കീർത്തന കിരണങ്ങൾ

ധ്യാനിക്കാനും, പ്രസംഗിക്കാനും



സാജു ജോൺ മാത്യൂ

സങ്കീർത്തനങ്ങളുടെ അകക്കാമ്പ് തേടിയുള്ള തീർത്ഥാടനമാണ് ഈ കൃതി.

ഓരോ വാക്യങ്ങളിലും ഒളിഞ്ഞും തെളിഞ്ഞും നിറഞ്ഞുനിൽക്കുന്ന സന്ദേശം ലളിതമായ ഭാഷയിൽ വ്യക്തമാക്കുകയാണ് സാജു. മനസ്സിന്റെ ആഴങ്ങളിലേക്ക് തുളച്ചുകയറുന്ന ദൈവവചനത്തിന്റെ തീവ്രാനുഭൂതി പുസ്തകത്താളിലെങ്ങുമുണ്ട്.

സങ്കീർത്തന വ്യാഖ്യാനങ്ങളെക്കുറിച്ചുള്ള ധാരണകൾ മാറ്റിമറിക്കുന്ന അപൂർവ്വസുന്ദരമായ ഗ്രന്ഥം.

ISBN: 978-81-922375-2-7

SANCTUARY
Word Media Publishing Pvt. Ltd.
26/150A, Avee's Building,Toll Junction
Edapally, Cochin-24, Kerala, India.
Tel. 0484-2557606, Email:sanctuarywm@gmail.com

Rs. 70/-